# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കൊയിലാണ്ടി മുനിസിപ്പാലിറ്റി

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ.കെ.കെ.ഡി.പി9/2178/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 07/03/2023
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ജോയിന്റ് ഡയറക്ടർ

ചെയർപേഴ്സൺ (സെക്രട്ടറി മുഖേന)
കൊയിലാണ്ടി മുനിസിപ്പാലിറ്റി

സർ,

വിഷയം : കൊയിലാണ്ടി മുനിസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൊയിലാണ്ടി മുനിസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

1. സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
3. നഗരകാര്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
4. റീജിയണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യ വകുപ്പ്, കോഴിക്കോട്
5. കാര്യാലയ പ്രതി

നമ്പർ: കെ.എസ്.എ.കെ.കെ.ഡി.പി9/2178/22 തീയ്യതി: 07/03/2023

## കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി മുനിസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി മുനിസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 14-07-2022 മുതൽ 18-09-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 43 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.സിനി.എം.വി | ജോയിന്റ് ഡയറക്ടർ | 19-09-2022 | 07-10-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 19-09-2022 | 07-10-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.ഹരി. കെ.പി, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ.)
ശ്രീ.കെ.സതീഷ് കുമാർ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീ.ഗിരീശൻ പാറപ്പൊയിൽ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീ.ജയകുമാർ പാലോളി, അസി. ഓഡിറ്റ് ഓഫീസർ
ശ്രീമതി.ജിഷ സാമുവൽ, അസി. ഓഡിറ്റ് ഓഫീസർ
ശ്രീമതി ലത.ടി.കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.ജിഷ.പി, ഓഡിറ്റർ.(3.10.22 വരെ)

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.സുധ കിഴക്കെപ്പാട്ട് | ചെയർപേഴ്സൺ | 01-04-2021 | 31-03-2022 |
| ശ്രീ.സുരേഷ് കുമാർ എൻ | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.അരവിന്ദൻ.എൻ.ടി | മുൻസിപ്പൽ എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീമതി.ദിൽന.ഡി.എസ് | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷെറീസ് | 01-04-2021 | 31-03-2022 |
| ശ്രീ.സുധീഷ് കുമാർ.വി.കെ | വ്യവസായ വികസന ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി.ശുഭശ്രീ.എസ് | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ.അനിൽ കുമാർ | സീനിയർ വെറ്ററിനറി സർജൻ | 01-04-2021 | 30-09-2021 |
| ഡോ.ഷിനോജ് | വെറ്ററിനറി സർജൻ | 01-10-2021 | 31-03-2022 |
| ശ്രീമതി.വിചിത്ര.എൻ.ഇ | പട്ടികജാതി വികസന ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീ.രമേശൻ കെ പി | ഹെൽത്ത് ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ.ആനി.ടി.എ | മെഡിക്കൽ ഓഫീസർ ഹോമിയോ | 01-04-2021 | 31-03-2022 |
| ഡോ.പ്രതിഭ.പി | മെഡിക്കൽ ഓഫീസർ | 01-04-2021 | 30-06-2021 |
| ഡോ.ഷീല ഗോപാലകൃഷ്ണൻ | മെഡിക്കൽ ഓഫീസർ | 01-07-2021 | 31-03-2022 |
| ശ്രീമതി.ഷൈനി.ഇ.കെ | പ്രിൻസിപ്പാൾ ഗവ ഹയർ സെക്കണ്ടറി സ്കൂൾ | 01-04-2021 | 31-03-2022 |
| ശ്രീമതി.സബിത.സി | ഐ .സി .ഡി .എസ് സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ശ്രീ.പ്രസാദ്.കെ.എം | പ്രൊജക്റ്റ് ഓഫീസർ | 01-04-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | സാമ്പത്തിക വിശകലനം | 1-2 |
| 3 | ഫണ്ട് വിനിയോഗം | 1-3 |
| 4 | ഗ്രാന്റ് വിനിയോഗപത്രികയിലെ അപാകത | 1-3-1 |
| 5 | വാർഷിക കണക്കിലെ അപാകതകൾ | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | ക്യാഷ് പരിശോധന | 1-6 |
| 8 | ക്ഷേമപദ്ധതികൾ | 1-7 |
| 9 | തറ നിർമ്മിതിയുടെ അടിസ്ഥാനത്തിൽ വർദ്ധനവ് വരുത്താത്തതിനാൽ തനത് ഫണ്ട് നഷ്ടപ്പെടുന്നു. | 1-8 |
| 10 | വസ്തുനികുതി നിർണ്ണയം - റോഡിന്റെ തരം രേഖപ്പെടുത്തുന്നതിലെ അപാകതകൾ | 1-9 |
| 11 | അനധികൃത നിർമ്മാണം തുടർനടപടികൾ സ്വീകരിച്ചില്ല. | 1-10 |
| 12 | നഗരസഭ പരിധിയിലുള്ള കച്ചവട സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകിയതിന്റെ തുടർനടപടികൾ സ്വീകരിച്ചതിന്റെ വിവരം ലഭ്യമല്ല. | 1-11 |
| 13 | വ്യവസായങ്ങൾക്കും, ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭങ്ങൾക്കും ലൈസൻസ് നൽകൽ - ഡിമാന്റ് പൂർണ്ണമല്ല. | 1-12 |
| 14 | തൊഴിൽ നികുതി -അപാകതകൾ | 1-13 |
| 15 | ഡെപ്പോസിറ്റ് രജിസ്റ്ററിൽ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല | 1-14 |
| 16 | വാടക-അപാകതകൾ | 1-15 |
| 17 | ഡയറികളും പുസ്തകങ്ങളും വാങ്ങിയത് - ആവശ്യകത,വിതരണം എന്നിവയിൽ വ്യക്തതയില്ല | 1-16 |
| 18 | എം.സി.എഫ് സ്ഥാപിച്ചതിൽ അപാകത | 1-17 |
| 19 | ഹരിത സഹായ സംഘത്തിന് തുക നല്കിയത് സേവനത്തിന് അനുസൃതമല്ല | 1-18 |
| 20 | ഫോഗിംങ് മെഷീൻ വാങ്ങിയത് -ആവശ്യകത വ്യക്തമല്ല | 1-19 |
| 21 | ആരോഗ്യമേഖലയിലെ വാങ്ങലുകൾ -ഒരേ സ്ഥാപനത്തിന് തന്നെ ടെണ്ടർ ലഭിച്ചു | 1-20 |
| 22 | മാലിന്യം നീക്കം ചെയ്യൽ-അളവ് ക്രമാതീതം-മറ്റ് അപാകതകൾ | 1-21 |
| 23 | സമഗ്ര മാലിന്യ പരിപാലനം-വാങ്ങലുകൾ ആവശ്യത്തിലധികം-മറ്റ് അപാകതകൾ | 1-22 |
| 24 | വാട്ടർ എ ടി എം വാങ്ങിയത് -നാളിതുവരെ സ്ഥാപിക്കപ്പെട്ടില്ല | 1-23 |

| | | |
|---|---|---|
| 25 | നാപ്കിൻ വെൻഡിംഗ് മെഷനും ഡിസ്പോസറും വാങ്ങിയത്-ഉപകരണങ്ങൾ കമ്മീഷൻ ചെയ്തില്ല | 1-24 |
| 26 | കുടിവെള്ള വിതരണം - ടെണ്ടർ നടപടികളിൽ സുതാര്യതയില്ലായ്മയും മറ്റപാകതകളും | 1-25 |
| 27 | വരക്കുന്ന് ഖരമാലിന്യ സംസ്കരണ പ്ലാന്റ് മെഷീൻ നവീകരണം പദ്ധതി ലക്ഷ്യം കൈവരിച്ചില്ല. | 1-26 |
| 28 | കോടതിവിധി നടപ്പിലാക്കുന്നതിന് കാലതാമസം - കോടതി അലക്ഷ്യ നടപടിയ്ക്ക് വക്കീൽ ഫീസ് നൽകേണ്ടി വന്നു. | 1-27 |
| 29 | ക്ഷേത്ര മഹോത്സവം - ചെലവ് തുക തിരികെ ഈടാക്കിയില്ല | 1-28 |
| 30 | ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂൾ ഹൈമാസ്റ്റ് ലൈറ്റ് - നഗരസഭ ബാദ്ധ്യത ഏറ്റ് വാങ്ങി | 1-29 |
| 31 | മഴക്കാലപൂർവ്വ ശുചീകരണം - പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-30 |
| 32 | ടേക്ക് എ ബ്രേക്ക് - ഡപ്പോസിറ്റ് തുക ഒടുക്കുന്നതിൽ കാലതാമസം | 1-31 |
| 33 | താലൂക്ക് ആശുപത്രി ഗേറ്റും ചുറ്റമതിൽ നിർമ്മാണവും - ഉത്തരവാദിയായവരിൽ നിന്ന് ചെലവ് തുക ഈടാക്കിയിട്ടില്ല. | 1-32 |
| 34 | തെരുവ് വിളക്ക് പരിപാലനം-എഎംസി പദ്ധതിനടത്തിപ്പിലെ അപാകതകൾ. | 1-33 |
| 35 | പട്ടികജാതി വികസന ഓഫീസർ വിവിധ പദ്ധതികളിൽ വാങ്ങിയ സാധനങ്ങൾ മുഴുവനായും വിതരണം ചെയ്തില്ല. | 1-34 |
| 36 | മത്സ്യതൊഴിലാളികളുടെ മക്കൾക്ക് ഫർണിച്ചർ-സ്പെസിഫിക്കേഷൻ പ്രകാരമല്ലാത്ത കസേരകൾ വിതരണം നടത്തി. | 1-35 |
| 37 | മത്സ്യതൊഴിലാളികളുടെ വിദ്യാർത്ഥികളായ മക്കൾക്ക് ലാപ്പ്ടോപ്പ് പദ്ധതി -നാളിതുവരെയായും ലാപ്പ്ടോപ്പുകൾ ലഭിച്ചില്ല. | 1-36 |
| 38 | ഹോമിയോ ആശുപത്രിക്ക് മരുന്നും റീഏജന്റ്സും വാങ്ങൽ -മുഴുവൻ മരുന്നും ലഭിച്ചില്ല. | 1-37 |
| 39 | തെരുവുവിളക്ക് പരിപാലനം എ.എം.സി(സ്പിൽഓവർ) - കരാറുകാർക്ക് അർഹമായതിലും അധികം തുക നൽകി | 1-38 |
| 40 | പദ്ധതി ആസൂത്രണം കാര്യക്ഷമമല്ല – ആറു പ്രോജക്ടുകൾ രൂപീകരിച്ചിട്ടും പദ്ധതിലക്ഷ്യം കൈവരിച്ചില്ല | 1-39 |
| 41 | സർക്കാർ നിർദ്ദേശം പാലിക്കാതെ പദ്ധതി ആസൂത്രണം/രൂപീകരണം - പദ്ധതികൾ നിർവ്വഹണം നടത്താതെ ഒഴിവാക്കുന്നു | 1-40 |
| 42 | ഡെപ്പോസിറ്റ് പ്രവൃത്തിയ്ക്ക് നൽകിയ തുക തിരികെ ലഭിച്ചത് തനതുഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നു | 1-41 |
| 43 | ഇന്ധന ചെലവുകൾ - യന്ത്രങ്ങളുടെ ഇന്ധനക്ഷമത ഉറപ്പു വരുത്താതെ തുക അനുവദിക്കുന്നു | 1-42 |

| | | |
|---|---|---|
| 44 | ടേക്ക് എ ബ്രേക്ക് - പ്രവൃത്തി പൂർത്തീകരിച്ചിട്ടും സ്ഥലം ആർജ്ജിച്ചില്ല/ ലീസിനെടുത്തില്ല | 1-43 |
| 45 | ടൗൺ ഹാൾ ട്രാൻസ്ഫോർമർ റിപ്പയർ - തുടർച്ചയായ ചെലവുകൾ - എ.എം.സി. നടപടി സ്വീകരിച്ചില്ല | 1-44 |
| ഭാഗം **2** | | |
| 1 | തറ നിർമ്മിതിയുടെ അടിസ്ഥാനത്തിൽ വർദ്ധനവ് വരുത്താത്തതിനാൽ തനത് ഫണ്ട് നഷ്ടപ്പെടുന്നു. | 2-1 |
| ഭാഗം **3** | | |
| 1 | തെരുവുവിളക്ക് പരിപാലനം എ.എം.സി(സ്പിൽഓവർ) - കരാറുകാർക്ക് അർഹമായതിലും അധികം തുക നൽകി | 3-1 |
| 2 | കുടിവെള്ള വിതരണം - ടെണ്ടർ നടപടികളിൽ സുതാര്യതയില്ലായ്മയും മറ്റപാകതകളും | 3-2 |
| 3 | ആറു പ്രോജക്ടുകൾ രൂപീകരിച്ചിട്ടും പദ്ധതിലക്ഷ്യം കൈവരിച്ചില്ല-അനാവശ്യ ഇനത്തിന് തുക നൽകിയതു മൂലം അധിക ചെലവ് | 3-3 |
| 4 | മാലിന്യം നീക്കം ചെയ്യൽ-അളവ് ക്രമാതീതം-മറ്റ് അപാകതകൾ | 3-4 |
| 5 | സമഗ്ര മാലിന്യ പരിപാലനം-വാങ്ങലുകൾ ആവശ്യത്തിലധികം-മറ്റ് അപാകതകൾ | 3-5 |
| 6 | കോടതിവിധി നടപ്പിലാക്കുന്നതിന് കാലതാമസം - കോടതി അലക്ഷ്യ നടപടിയ്ക്ക് വക്കീൽ ഫീസ് നൽകേണ്ടി വന്നു. | 3-6 |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

| | |
|---|---|
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

26.3.2022 ലെ തീരുമാനപ്രകാരം അംഗീകരിച്ച 2021-22 വർഷത്തെ ബജറ്റിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 77795895 |
| വരവ് | 652819260 |
| ആകെ | 730615155 |
| ചെലവ് | 690260196 |
| നീക്കിയിരിപ്പ് | 40354959 |

## 1-2 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 169305130.67 |
| വരവ് | 339328572 |
| ആകെ | 508633702.67 |
| ചെലവ് | 340710442 |
| നീക്കിയിരിപ്പ് | 167923260.67 |

## 1-3 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട് -ജനറൽ (ACR പ്രകാരം) | 0 | 58445867 | 58445867 | 58445867 | 0 |
| വികസന ഫണ്ട്- എസ്.സി.പി (ACR പ്രകാരം) | 0 | 19297000 | 19297000 | 16397846 | 2899154 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 30983340 | 30983340 | 10278068 | 20705272 |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 26503860 | 26503860 | 16222676 | 10281184 |

| | | | | | |
|---|---|---|---|---|---|
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | 0 | 6171718 | 6171718 | 4094786 | 2076932 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്(പി.എഫ്.എം.എസ്) | 0 | 27484000 | 27484000 | 23286614 | 4197386 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ പെർഫോമൻസ് ഗ്രാന്റ് (ACR പ്രകാരം) | 0 | 37328604 | 37328604 | 13288863 | 24039741 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് ടൈഡ് (പി.എഫ്.എം.എസ്) | 0 | 41227000 | 41227000 | 18990317 | 22236683 |

## 1-3-1 ഗ്രാന്റ് വിനിയോഗപത്രികയിലെ അപാകത

വിവിധ ഫണ്ടിനങ്ങളുടെ വ്യത്യസ്ത മേഖലയിലെ അലോക്കേഷൻ തുക സുലേഖ ചെലവ് പത്രികയിൽ നിന്നും വ്യത്യാസപ്പെട്ടിരിക്കുന്നു. വിശദാംശം ചുവടെ കൊടുക്കുന്നു.

| ഫണ്ടിനം | മേഖല | സുലേഖയിലെ അലോക്കേഷൻ | ഗ്രാന്റ് യൂട്ടിലൈസേഷൻ പത്രികയിലെ അലോക്കേഷൻ |
|---|---|---|---|
| വികസനഫണ്ട് ജനറൽ | ഉത്പാദനം | 11182325 | 41221775 |
| | സേവനം | 48349499 | 317280432 |
| | പശ്ചാത്തലം | 22967309 | 26724771 |
| വികസനഫണ്ട് എസ്.സി.പി. | സേവനം | 13635547 | 102923527 |
| സംരക്ഷണഗ്രാന്റ് റോഡിതരം | ഉത്പാദനം | 700000 | 2200000 |
| | സേവനം | 22966878 | 117406713 |

ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം വികസന ഫണ്ട് ജനറൽ ഇനത്തിലെ ചെലവ് തുകയും എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിലെ ചെലവ് തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

മേൽ വ്യത്യാസത്തിനുള്ള കാരണം വ്യക്തമാക്കേണ്ടതാണ്.

## 1-4 വാർഷിക കണക്കിലെ അപാകതകൾ

1. വാർഷിക കണക്കിലെ തുകയും എ.സി.ആർ ലെ തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മെയിന്റനൻസ് ഫണ്ട്(നോൺ റോഡ്) ഇനത്തിലെ വരവ് RP-6 പ്രകാരം 1,62,22,676/- രൂപയും എ.സി.ആർ പ്രകാരം 1,73,97,342/- രൂപയുമാണ്.
2. ബാങ്ക് റീകൺസീലിയേഷൻ പത്രികകൾ പ്രതിമാസം സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.
3. ഫെസ്റ്റിവൽ അഡ്വാൻസ് രജിസ്റ്ററിൽ വാർഷിക സംക്ഷിപ്തം എഴുതി സെക്രട്ടറി

സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഫെസ്റ്റിവൽ അഡ്വാൻസ് രജിസ്റ്റർ, മിസല്ലേനിയസ് അഡ്വാൻസ് രജിസ്റ്റർ എന്നിവയിൽ മുൻവർഷങ്ങളിലെ അഡ്വാൻസ് തുക ക്രമീകരിക്കാതെ അവശേഷിക്കുന്നു.

4. ബാലൻസ് ഷീറ്റ് ബി7 പ്രകാരം വിവിധ ഡെപ്പോസിറ്റ് ഇനങ്ങളിലായി 4,91,11,497/-രൂപ അവശേഷിക്കുന്നുണ്ട്. ഇത് പരിശോധിക്കുന്നതിനാവശ്യമായ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

5. ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കിയിട്ടില്ല.

6. ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം വികസന ഫണ്ട് ജനറൽ ഇനത്തിലെ ചെലവ് തുകയും എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിലെ ചെലവ് തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

7. മുനിസിപ്പാലിറ്റി നൽകിയിട്ടുള്ളതും മൂന്ന് മാസത്തിലധികമായി ക്യാഷ് ചെയ്യാത്തതുമായ താഴെ പറയുന്ന ചെക്കുകൾ Liability In Respect Of Stale Cheque എന്ന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല.

| അക്കൗണ്ട് | വൗച്ചർ നം.,തിയ്യതി | ചെക്ക് നം, തീയതി | തുക |
|---|---|---|---|
| ഇൻഡ്യൻ ബാങ്ക്(അയ്യങ്കാളി)<br>A/c No.6177715130 | 22000587/25.9.2020 | 508874/25.9.2020 | 280 |
| പഞ്ചാബ് നാഷണൽ ബാങ്ക്<br>A/c No. 4343001100000019 | 29.10.2009 | 296289 | 240 |
| | 21.1.2010 | 300811 | 1232 |
| | 18.3.2010 | 303819 | 3790 |

8. ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ, വാടക രജിസ്റ്റർ എന്നിവയിൽ സംക്ഷിപ്തം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

9. അക്കൗണ്ട്സ് പ്രകാരം ഡി&ഒ ലൈസൻസ് ഇനത്തിലെ വരവും രജിസ്റ്റർ പ്രകാരമുള്ള വരവും പൊരുത്തപ്പെടുന്നില്ല.

| | ഡിമാന്റ് | കലക്ഷൻ | ബാലൻസ് |
|---|---|---|---|
| AFS പ്രകാരം | 2508500 | Adv.2074255<br>362745 | 71500 |
| രജിസ്റ്റർ പ്രകാരം | 1767385 | 1767385 | 0 |

10. തൊഴിൽ നികുതി രജിസ്റ്ററിൽ വാർഷിക സംക്ഷിപ്തം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

11. വസ്തുനികുതി ഇനത്തിലെ ഡിമാന്റ്, കലക്ഷൻ, ബാലൻസ് തുകകൾ എ.എഫ്.എസ് ലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

| | ഡിമാന്റ് | കലക്ഷൻ | ബാലൻസ് |
|---|---|---|---|
| AFS പ്രകാരം | 17603058 | 12560734 | 5922477 |
| ഡി.സി.ബി സ്റ്റേറ്റ്മെന്റ് പ്രകാരം | 18176411 | 12300991 | 6014918 |

ഡി.സി.ബി ഇനങ്ങളിലെ കുടിശ്ശിക ഡിമാന്റ്, കലക്ഷൻ, ബാലൻസ് എന്നിവയുടെ സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല. ആയതിനാൽ അക്കൗണ്ട്സിലെ കുടിശ്ശിക ഇനത്തിലെ തുകയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

12. AFS പ്രകാരമുള്ള വസ്തുനികുതി ഡിമാന്റ് (17603058) – കലക്ഷൻ (12560734) = ബാലൻസ് (5042324). എന്നാൽ B15 പ്രകാരം ബാലൻസ് തുക 5922477 ആണ്. ആയത് പൊരുത്തപ്പെടുന്നില്ല.

13. ബാലൻസ് ഷീറ്റ് ബി-15 പ്രകാരം State Govt. Cess/levies In Property Taxes ലെ തുക ബി 15 ലെ Receivables For Property Taxes ന്റെ 5% തുകയ്ക്ക് തുല്യമല്ല.

14. ബാലൻസ് ഷീറ്റ് ബി-1 ഷെഡ്യൂൾ പ്രകാരമുള്ള 'Excess Of Income Over Expenditure' ഇനത്തിലെ ബാലൻസ് ട്രയൽ ബാലൻസ് 310900100 ലെ നീക്കിയിരിപ്പ് തുകയുമായി പൊരുത്തപ്പെടുന്നില്ല.

15. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-5 പദ്ധതി അവലോകനം

സ്ഥാപനത്തിന്റെ ഓഡിറ്റ് വർഷത്തെ വാർഷിക പദ്ധതി വകയിരുത്തലും അതിൽ നിന്നുള്ള ചെലവും താഴെ പറയും പ്രകാരമാണ്.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) |
|---|---|---|---|---|
| 423 | 503586979 | 296 | 195179751 | 127 |

## 1-6 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27.9.2022 ന് സ്ഥാപന തലവന്റെ/ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1,83,593/- രൂപ ക്യാഷ് നീക്കിയിരിപ്പ് ബോദ്ധ്യപ്പെട്ടു.

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം മുനിസിപ്പാലിറ്റി നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 3,240 | 2 |
| കർഷകതൊഴിലാളി പെൻഷൻ | 1,49,51,800 | 39 |
| വിധവാപെൻഷൻ | 4,33,17,500 | 140 |
| വാർദ്ധക്യകാലപെൻഷൻ | 7,43,32,600 | 673 |
| വികലാംഗപെൻഷൻ | 1,22,74,700 | 50 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 51,37,200 | 14 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 6,90,000 | 23 |
| മിശ്രവിവാഹധനസഹായം | 30,000 | 1 |

## 1-8 തറ നിർമ്മിതിയുടെ അടിസ്ഥാനത്തിൽ വർദ്ധനവ് വരുത്താത്തതിനാൽ തനത് ഫണ്ട് നഷ്ടപ്പെടുന്നു.

1994 – ലെ കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 230, 2011 – ലെ കേരള

മുനിസിപ്പാലിറ്റി (വസ്തുനികുതിയും, സേവന ഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങളിൽ അതതു നഗരസഭാ പ്രദേശത്തുള്ള കെട്ടിടങ്ങൾക്ക് വസ്തുനികുതി ചുമത്തുന്നതിനെ കുറിച്ച് പ്രതിപാദിക്കുന്നു. പ്രസ്തുത ചട്ടപ്രകാരം തറവിസ്തീർണം അടിസ്ഥാനമാക്കിയാണ് വസ്തുനികുതി കണക്കാക്കുന്നത്. ഇതിലെ ചട്ടം 2 (എഫ്) പ്രകാരം തറവിസ്തീർണം എന്നാൽ ഒരു കെട്ടിടത്തിന്റെ ഓരോ നിലയുടെയും മേൽക്കൂരയുള്ള ഭാഗത്തിന്റെ ചുമർ ഉൾപ്പെടെയുള്ള തറനിരപ്പിന്റെ ആകെ വിസ്തീർണം ആകുന്നു. പ്രസ്തുത ചട്ടങ്ങളിലെ പട്ടിക 6 കെട്ടിടത്തിന്റെ തറ നിർമ്മിതിയുടെ അടിസ്ഥാനത്തിലുള്ള നികുതി ഇളവ്/വർദ്ധനവിനെ കുറിച്ചാണ്. ഇതിൽ തറ നിർമ്മിതിയുടെ അടിസ്ഥാനത്തിൽ മേൽത്തരം തടി, ഇറ്റാലിയൻ മാർബിൾ, ഗ്രാനൈറ്റ് തുടങ്ങിയവയ്ക്ക് 15% വർദ്ധനവുണ്ട്. സഞ്ചയയിൽ നിന്ന് ലഭ്യമായ ഫോറം 6 പ്രകാരം ഒരു ഉടമസ്ഥന്റെ ഒരേ ഉപയോഗത്തിന് ഉപയോഗിക്കുന്ന ഒരു കെട്ടിടത്തെ വ്യത്യസ്ത നമ്പർ നൽകി നികുതി നിർണ്ണയിക്കപ്പെട്ടതിനാലും, സഞ്ചയ സോഫ്റ്റ് വെയറിൽ 250 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് മാത്രമേ ഇത്തരത്തിലുള്ള വർദ്ധനവ് ബാധകമാവുകയുള്ളൂ എന്നതിനാലും തറ നിർമ്മിതിയുടെ അടിസ്ഥാനത്തിൽ 15% നികുതി വർദ്ധനവ് വരുത്തിയതായി കാണുന്നില്ല. മേൽ കാരണത്താൽ 2021-22 സാമ്പത്തിക വർഷം നികുതി നഷ്ടം സംഭവിച്ച കെട്ടിടത്തിന്റെ ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട ഉടമയുടെ പേര് | കെട്ടിട നം | കെട്ടിടത്തിന്റെ വിസ്തീർണ്ണം | ഉപയോഗ ക്രമം | തറ നിർമ്മിതിയുടെ നികുതി വർദ്ധനവ് 15% |
|---|---|---|---|---|
| സായൂജ്,സിയൂഷ് ഇറ്റൻചേരി ചെങ്ങോട്ട്കാവ് കൊയിലാണ്ടി | 32/323, 32/324 32/325 32/326 32/326 A 32/326 B | 520.41ച.മീ | ലോഡ്ജ് | 520.41X50+15% = 3903 വസ്തുനികുതി = 3903 ഗ്രന്ഥശാലാവരി = 195 |
| പ്രമോദ് പി.വി പുതിയ വളപ്പിൽ തിക്കോടി | 10/127 A,B,C,D | 537.28 ച.മീ | വാണിജ്യാവശ്യത്തിനുള്ള 100 ച.മീ മുകളിൽ ഉള്ള കെട്ടിടം | 537.28X70+15% = വസ്തുനികുതി = 5642 ഗ്രന്ഥശാലാവരി = 282 |
| അബ്ദുൾ റഷീദ് അൽതൗഫ | 39/210 C മുതൽ T വരെ | 413.35ച.മീ | വാണിജ്യാവശ്യത്തിനുള്ള 100 ച.മീ മുകളിൽ ഉള്ള കെട്ടിടം | 413.35X70+15% = വസ്തുനികുതി = 4340 ഗ്രന്ഥശാലാവരി = 217 |

| | | | | |
|---|---|---|---|---|
| ആകെ നഷ്ടം | | | | വസ്തുനികുതി = 13885<br>ഗ്രന്ഥാശാലാവരി = 694 |

വസ്തുനികുതി നിർണ്ണയം സംബന്ധിച്ചുള്ള സെക്രട്ടറിയുടെ ചുമതലകളിൽ (ചട്ടം 12) ഏതൊരു കെട്ടിടത്തെ സംബന്ധിച്ചും ബന്ധപ്പെട്ട സ്ഥലത്ത് പോയി വിവരങ്ങൾ ശേഖരിച്ച് അന്വേഷണം നടത്തുവാൻ സെക്രട്ടറി ഒരു ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തേണ്ടതാണ്. കൂടാതെ ചട്ടങ്ങൾക്ക് അനുസൃതമായി വസ്തുനികുതി നിർണ്ണയം നടത്തേണ്ടത് സെക്രട്ടറിയുടെ ചുമതലയാണ്.
250 ചതുരശ്ര മീറ്ററിനു മുകളിലുള്ള കെട്ടിടങ്ങൾ വാണിജ്യാവശ്യം/പാർപ്പിടാവശ്യം ഉൾപ്പെടെ പരിശോധിച്ച് തറ നിർമ്മിതി സാധാരണ തറയാണോ എന്ന് ഉറപ്പ് വരുത്തേണ്ടതാണ്. അല്ലാത്ത പക്ഷം തറ നിർമ്മിതിയുടെ അടിസ്ഥാനത്തിൽ മേൽത്തരം തടി/ ഇറ്റാലിയൻ മാർബിൾ/ ഗ്രാനൈറ്റ്/ തുടങ്ങിയവയ്ക്ക് ചുമത്താവുന്ന 15% വർദ്ധനവ് ചുമത്തി നികുതി നിർണ്ണയിച്ച് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരി ക്കേണ്ടതാണ്. കൂടാതെ ഒരു ഉടമസ്ഥന്റെ കെട്ടിടത്തിന് വ്യത്യസ്ത ഉപയോഗ ത്തിനല്ലാത്ത പക്ഷവും, വ്യക്തമായ കാരണം ഇല്ലാതെയും ഓരോ മുറികൾക്ക് പ്രത്യേകം നമ്പർ നൽകി നികുതി നിർണ്ണയിക്കുന്നത് ശരിയായ നടപടിയല്ല. തനത് ഫണ്ടിന് നഷ്ടം സംഭവിക്കുന്നതിനുള്ള സാഹചര്യം വരുന്നതിനും, മേൽ അപാകതയ്ക്കും മറുപടി ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി ( നം 6/21 – 22 / തീയതി - 30.09.2022) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

വസ്തുനികുതിയിനത്തിൽ മേൽ ഡിമാന്റുകളിൽ ഒരു വർഷത്തിൽ നഷ്ടം വന്ന 13855/-രൂപയും, ഗ്രന്ഥാശാലാവരിയിനത്തിൽ നിന്ന് നഷ്ടം വന്ന 694/-രൂപയും നാളിതുവരെയുള്ളത് ഉത്തരവാദികളിൽ നിന്ന് ഈടാക്കി തനത് ഫണ്ടിൽ അടവാക്കേണ്ടതാണ്. കൂടാതെ തനത് ഫണ്ട് ചോർച്ച സംഭവിക്കാനിടയുള്ള സാഹചര്യങ്ങൾ കൃത്യമായ സ്ഥലപരിശോധന നടത്തി ഒഴിവാക്കേണ്ടതാണ്.

## 1-9 വസ്തുനികുതി നിർണ്ണയം - റോഡിന്റെ തരം രേഖപ്പെടുത്തുന്നതിലെ അപാകതകൾ

സഞ്ചയ സോഫ്റ്റ് വെയർ ഉപയോഗിച്ച് നടത്തി വരുന്ന വസ്തുനികുതി നിർണ്ണയത്തിൽ അപാകതയ്ക്ക് സാധ്യതയുണ്ടെന്ന് നികുതി നിർണ്ണയ നടപടിക്രമം പരിശോധിച്ചതിൽ ബോധ്യപ്പെട്ടിട്ടുണ്ട്. സോഫ്റ്റ് വെയറിൽ സ്ഥാപനത്തിലെ 472 റോഡുകളുടെ പേരുവിവരം രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും (സെക്രട്ടറിയുടെ ലോഗിനിൽ) നികുതി നിർണ്ണയിക്കുമ്പോൾ ഓരോ വാർഡിലേയും റോഡുകളുടെ പേരുകൾ ഫീൽഡിൽ ഓപ്ഷനായി വരുന്നില്ല. ചില വാർഡുകളുടെ കാര്യത്തിൽ ഒറ്റ റോഡും വരാതിരിക്കുമ്പോൾ ചില വാർഡുകളുടെ കാര്യത്തിൽ ഒന്നോ രണ്ടോ റോഡ് മാത്രം ഓപ്ഷനായി വരുന്നു. ഇത്തരം സാഹചര്യത്തിൽ നികുതി നിർണ്ണയം നടത്തുന്ന ക്ലാർക്കമാർ 'മറ്റുള്ളവ' എന്ന് ഓപ്ഷൻ തെരഞ്ഞെടുക്കുകയും അവിടെ റോഡിന്റെ പേര് മാന്വലായി രേഖപ്പെടുത്തുകയും ചെയ്യുന്നു. ഇത്തരം മാന്വൽ ഇൻപുട്ടാണ് 90% നികുതി നിർണ്ണയത്തിലും നടക്കുന്നത്. ഇതിനു താഴെയായി വരുന്ന റോഡിന്റെ തരം എന്ന ഫീൽഡിൽ നാലു ഓപ്ഷനുകൾ വരുന്നുണ്ട്. വീതി അഞ്ച് മീറ്ററിന് മുകളിൽ, ഒന്നര മീറ്ററിനും അഞ്ച് മീറ്ററിനും ഇടയിൽ, ഒന്നര മീറ്ററിൽ കുറവ്, പൊതുവഴി ഇല്ലാത്തത് എന്നിവയാണ് ഈ ഓപ്ഷനുകൾ. നികുതി നിർണ്ണയം നടത്തുന്ന ജീവനക്കാർ, ആദ്യ ഫീൽഡിൽ രേഖപ്പെടുത്തിയ റോഡ്, മേല്പറഞ്ഞതിൽ ഏതു തരമാണെന്ന് ഒന്നുകിൽ സ്വയം തീരുമാനിക്കുകയോ, അല്ലെങ്കിൽ സമർപ്പിച്ച സൈറ്റ് പ്ലാനിൽ രേഖപ്പെടുത്തിയ വീതി സ്വീകരിക്കുകയോ ചെയ്യുന്നതായി നേരിൽ അന്വേഷിച്ചതിൽ മനസ്സിലായിട്ടുണ്ട്. മിക്ക റോഡുകളും ഒന്നര മീറ്ററിനും അഞ്ച് മീറ്ററിനും ഇടയിൽ എന്ന ഓപ്ഷനാണ് തെരെഞ്ഞെടുക്കപ്പെടുന്നതെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. റോഡിന്റെ യഥാർത്ഥ വീതി, നീളം എന്നിവ ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തിയതായിരിക്കും എന്നത് ഇവിടെ പ്രസക്തമാണ്. ഇപ്രകാരം റോഡിന്റെ തരം നിശ്ചയിക്കുന്നത് സ്ഥാപനത്തിന് വൻ നികുതി നഷ്ടം വർഷാവർഷം സംഭവിക്കുന്നതിന് കാരണമാകുന്നുണ്ടെന്ന് കാണാം. 2011ലെ കേ.പ.രാജ് വസ്തു നികുതിയും സേവന ഉപനികുതിയും ചട്ടങ്ങൾ,

ചട്ടം 6, പട്ടിക 2 പ്രകാരം അഞ്ച് മീറ്ററിൽ കൂടിയ റോഡുകളിൽ നിന്ന് പ്രവേശനമുള്ള കെട്ടിടങ്ങളുടെ അടിസ്ഥാന നികുതിക്ക് മേൽ 20 ശതമാനത്തിന്റെ വർദ്ധന ഉണ്ടാകും എന്നതാണ് ഇതിന് കാരണം. കൂടാതെ ഒന്നര മീറ്ററിൽ കുറവുള്ള റോഡുകൾ, പൊതുവഴിയില്ലാത്തവ എന്നിവ പ്രസക്തമാകുന്ന കെട്ടിടങ്ങൾക്ക് അടിസ്ഥാന നികുതിയിൽ നിന്നും യഥാക്രമം 10 ശതമാനത്തിന്റേയും 20 ശതമാനത്തിന്റേയും കുറവ് വരുന്നുമുണ്ട്. യഥാർത്ഥത്തിൽ സ്വീകരിക്കേണ്ട അഞ്ച് മീറ്ററിൽ കൂടതലുള്ള റോഡുകൾക്ക് പകരം, അതിൽ താഴെയുള്ള ഇനങ്ങൾ തെരഞ്ഞെടുക്കുമ്പോൾ 20 ശതമാനത്തോളം നികുതി നഷ്ടം സംഭവിക്കുന്നതായി കാണാം. നികുതി നിർണ്ണയത്തെ സമൂലമായി ബാധിക്കുന്നതും സ്ഥാപനത്തിന് നഷ്ടം വരുത്തുന്നതുമായ സാങ്കേതിക പ്രശ്നം ജീവനക്കാരുടേയോ, മേൽനോട്ട ചുമതലയുള്ള ഉദ്യോഗസ്ഥരുടേയോ ശ്രദ്ധയിൽ പെടാത്തത് ഗുരുതരമായ വീഴ്ചയാണ്.

റോഡുകൾ രേഖപ്പെടുത്തിയതിലും പൂർണ്ണതയില്ല

സഞ്ചയ സോഫ്റ്റ് വെയറിൽ റോഡ് മാസ്റ്ററിൽ രേഖപ്പെടുത്തിയ റോഡുകളുടെ എണ്ണം 472 ആണ്. സ്ഥാപനത്തിന്റെ ആസ്തി രജിസ്റ്റർ പ്രകാരം 1053 (ആസ്തി രജിസ്റ്റർ കാലികമല്ല) റോഡുകൾ സ്ഥാപനത്തിലുണ്ട്. ഇവ കൂടാതെ ബ്ലോക്ക്, ജില്ലാപഞ്ചായത്തുകൾ, സ്റ്റേറ്റ്, സെന്ട്രൽ എന്നീ സ്ഥാപനങ്ങളുടെ അധീനതയിലുള്ള റോഡുകളും നിലവിലുള്ളതായി കാണാം. മേല്പറഞ്ഞ എല്ലാ റോഡുകളും സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തിയോയെന്ന് പരിശോധിക്കേണ്ടതുണ്ട്. സഞ്ചയ സോഫ്റ്റ് വെയറിൽ 472 റോഡുകളിൽ എത്ര എണ്ണം 5 മീറ്ററിൽ കൂടുതലുള്ളതാണ് എന്ന് ഉറപ്പ് വരുത്തുന്നതിന് സഞ്ചയ സോഫ്റ്റ് വെയറിൽ ലോഗിൻ ഫെസിലിറ്റി ലഭ്യമല്ലാത്തതിനാൽ ഓഡിറ്റിന് സാധിച്ചിട്ടില്ല. എന്നാൽ ആസ്തി രജിസ്റ്റർ പരിശോധിച്ചതിൽ 77 റോഡുകൾ ഈ ഗണത്തിൽ പെടുന്നതാണെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. ഇക്കാര്യങ്ങൾ പരിഗണിക്കുമ്പോൾ സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തിയ റോഡുകളുടെ വിവരം പോലും ശരിയല്ലെന്ന് കാണാം.

2021 - 22 ൽ 520 ഫയലുകളിൽ 570 കെട്ടിട നമ്പറുകൾ നൽകിയിട്ടുണ്ട്. ആയതിൽ ബഹുഭൂരിപക്ഷം കെട്ടിട നമ്പറുകളും ഉൾപ്പെടുന്നത് ദ്വിതീയ മേഖലയിലും, ഒന്നര മീറ്ററിനും അഞ്ച് മീറ്ററിനും ഇടയിലും ഉള്ള റോഡിന്റെ തരത്തിലുമാണ്. കൂടാതെ അനധികൃത നിർമ്മാണവുമായി ബന്ധപ്പെട്ടുള്ള ഫയൽ പരിശോധിച്ചതിൽ സിറ്റി ടവർ എന്ന സ്ഥാപനം സ്ഥിതി ചെയ്യുന്നത് കൊയിലാണ്ടി എൻ.എച്ചിനോട് ചേർന്നാണ് എന്നിരുന്നിട്ടും പ്രസ്തുത സ്ഥാപനത്തിന്റെ നികുതി സഞ്ചയ സോഫ്റ്റ് വെയർ ഉൾപ്പെടുത്തിയിട്ടുള്ളത് 1.5 മീറ്റർ കൂടുതൽ എന്ന ഗണത്തിലും, 5 മീറ്റർ കൂടുതൽ എന്ന ഗണത്തിലും രണ്ട് തരത്തിൽ ഉൾപ്പെടുത്തിയാണ്. അബ്ദുൾ റഷീദ് അൽതൗഫ എന്ന വ്യക്തിയുടെ വാണിജ്യകെട്ടിടം സ്ഥിതിചെയ്യുന്നത് മുബ്ബാറക്ക് റോഡ് സൈഡിൽ ആണ് പ്രസ്തുത റോഡിന്റെ വീതി ഡ്രോയിംഗ്സിൽ 6.20 മീറ്ററെന്നും, ആസ്തി രജിസ്റ്ററിൽ 5 മീറ്റർ വീതിയെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ നികുതി നിർണ്ണയ ഫോറം 6 -ൽ 1.5 മീറ്റർ കൂടുതൽ എന്ന നിലയിലുമാണ്.

മേല്പറഞ്ഞതിൽ നിന്നും നാളിതുവരെ വൻനികുതി നഷ്ടം സംഭവിച്ചിരിക്കാനുള്ള സാധ്യത വെളിവാകുന്നുണ്ട്. ആകയാൽ സോഫ്റ്റ് വെയറിൽ ഉള്ള സാങ്കേതികമായ പ്രശ്നങ്ങൾ അടിയന്തിരമായി പരിശോധിച്ച് പരിഹരിക്കേണ്ടതും, ആസ്തി രജിസ്റ്റർ കാലികമായ വിവരങ്ങൾ ഉൾപ്പെടുത്തി പരിഷ്കരിക്കേണ്ടതും, പ്രസ്തുത വിവരങ്ങൾ നികുതി നിർണ്ണയ സോഫ്റ്റ് വെയർ സഞ്ചയയിലെ റോഡ് മാസ്റ്റർ എന്ന മൊഡ്യൂളിൽ രേഖപ്പെടുത്തി കാലികമാക്കേണ്ടതുമാണ്. കൂടാതെ 2011ലെ ചട്ടങ്ങൾക്ക് ശേഷം നികുതി നിർണ്ണയിച്ച പുതിയ കെട്ടിടങ്ങളുടെ നികുതിനിർണ്ണയം എല്ലാം തന്നെ പുന:പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്. ഇക്കാര്യത്തിലുള്ള പുരോഗതിയും, വീഴ്ചയ്ക്കുള്ള വിശദീകരണവും സഹിതം ഓഡിറ്റിന് ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി (21/2021 – 22/07.10.22)ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ അപാകതകൾ പരിഹരിച്ച് തനത് വരുമാന ചോർച്ച ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-10 അനധികൃത നിർമ്മാണം തുടർനടപടികൾ സ്വീകരിച്ചില്ല.

ഫയൽ നമ്പർ - TP1-2244/22 /09/03/22

കൊയിലാണ്ടി സ്റ്റേറ്റ് ബാങ്കിന് സമീപമുള്ള സിറ്റി ടവർ എന്ന സ്ഥാപനത്തിൽ (കെട്ടിട നമ്പർ 39/120 മുതൽ 39/128 വരെ 39/127 Aയും, 39/130 മുതൽ 39/181 വരെ 39/153 Aയും) അനധികൃത നിർമ്മാണം നടത്തുന്നതുമായി ബന്ധപ്പെട്ട് അറിയിപ്പ് ലഭിച്ചതനുസരിച്ച് നഗരസഭ എഞ്ചിനീയറിംഗ് വിഭാഗം അന്വേഷണം നടത്തിയിട്ടുണ്ട്. പ്രസ്തുത സ്ഥലപരിശോധനയിൽ കെട്ടിടത്തിന്റെ പലഭാഗങ്ങളിലും നിർമ്മാണ പ്രവൃത്തികൾ നടക്കുന്നതായി കാണുന്നുവെന്നും, ടി കെട്ടിടത്തിന്റെ തെക്ക് ഭാഗത്തായി പുതുതായി 1.5 മീറ്ററോളം വീതിയിൽ കെട്ടിടത്തിന്റെ രണ്ടാം നിലയിലേക്ക് നേരിട്ട് കയറുന്നതിനായി സ്റ്റെയർകേസ് പണിയുന്നതായി കാണുന്നുവെന്നും ഈ നിർമ്മാണം അനധികൃതനിർമ്മാണം ആയിട്ടാണ് മനസ്സിലാവുന്നതെന്നും ഉൾഭാഗത്തും നിർമ്മാണ പ്രവൃത്തികൾ നടക്കുന്നതായി കാണുന്നുവെന്നും നഗരസഭാ എഞ്ചിനീയറിംഗ് വിഭാഗം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

അനധികൃത നിർമ്മാണം കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ നിർമ്മാണം നിർത്തിവെയ്ക്കാനും, നിർമ്മാണത്തിന് നഗരസഭയിൽ നിന്നും അനുമതി ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കാനും, അനധികൃതമായാണ് നിർമ്മാണം നടത്തിയതെങ്കിൽ ആയവ 7 ദിവസത്തിനകം പൊളിച്ചുനീക്കണമെന്ന് ആവശ്യപ്പെട്ട് TP1-2244/22 /09/03/22, നമ്പർ നോട്ടീസ് പ്രകാരം കെട്ടിട ഉടമസ്ഥനായ ശ്രീ മുസ്തഫ, ഫൈസ് വില്ല, പൂമരം പറമ്പ്, കൊയിലാണ്ടി എന്നിവർക്ക് നോട്ടീസ് നൽകിയിട്ടുണ്ട്.

മേൽ നോട്ടീസിന് ശ്രീ മുസ്തഫ, ഫൈസ് വില്ല നൽകിയ മറുപടിയിൽ കെട്ടിടത്തിന് പുറമേയ്ക്ക് നേരിട്ട് ഇറങ്ങാൻ സാധിക്കുന്ന സ്റ്റേയർകേസ് നിർമ്മിക്കാൻ ഫയർ&റസ്ക്യൂ വിഭാഗം ആവശ്യപ്പെട്ടത് അനുസരിച്ചാണ് ആയത് നിർമ്മിച്ചതെന്നും, ഇത് മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നില്ലെന്നും ആയതിനാൽ ഇതിന്റെ പേരിൽ തുടർനടപടികൾ സ്വീകരിക്കരുതെന്നും ബോധിപ്പിച്ചിട്ടുണ്ട്.

06.05.2022 ന് അസി.എഞ്ചിനീയർ നടത്തിയ സ്ഥപരിശോധനയിൽ അനധികൃതമായാണ് നിർമ്മാണം നടത്തുന്നത് എന്ന് ശ്രദ്ധയിൽപെട്ടതിനെ തുടർന്ന് നിർമ്മാണ പ്രവൃത്തി നിർത്തിവെയ്ക്കുന്നതിന് നേരിട്ടും നോട്ടീസ് മുഖേനയും അറിയിച്ചിട്ടുള്ളതായി ഫയൽ പ്രകാരം മനസ്സിലാവുന്നു. കൂടാതെ അനധികൃത നിർമ്മാണം തടയുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനായി ഹൗസിംഗ് ഓഫീസർ, കൊയിലാണ്ടി പോലീസ് സ്റ്റേഷന് കത്ത് നൽകിയിട്ടുള്ളതായി കാണുന്നു.

മേൽ കെട്ടിടത്തെ സംബന്ധിച്ച കെട്ടിട നിർമ്മാണം, വസ്തുനികുതി നിർണ്ണയം എന്നിവ സംബന്ധിച്ച ഫയൽ നേരിട്ട് ആവശ്യപ്പെട്ടിരുന്നുവെങ്കിലും ഫയൽ ലഭ്യമായിട്ടില്ല. ആയതിനാൽ പ്രസ്തുത കെട്ടിടത്തെ സംബന്ധിച്ച് വസ്തുനികുതി നിർണ്ണയ സോഫ്റ്റ് വെയറായ സഞ്ചയയിൽ നിന്ന് ലഭ്യമായ ഫോറം 6 പരിശോധിച്ചതിൽ നിന്നും, പ്രസ്തുത കെട്ടിടം 2013 ന് മുൻപ് നിലവിലുണ്ടായിരുന്ന കെട്ടിടമാണെന്നും, വാർഷിക വാടകയുടെ അടിസ്ഥാനത്തിൽ നികുതി നിർണ്ണയം നടത്തിയ കെട്ടിടമാണെന്നും മനസ്സിലാക്കുന്നു. എന്നാൽ നികുതി നിർണ്ണയത്തിൽ ചില അപാകതകൾ ഉള്ളതായി കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| കെട്ടിട നം | ഉപയോഗം | തറവിസ്തീർണ്ണം | വാർഷിക വാടകയുടെ അടിസ്ഥാനത്തിൽ ഈടാക്കിയ നികുതി | പരിഷ്കരിച്ച് ഈടാക്കുന്ന നികുതി | |
|---|---|---|---|---|---|
| 39/120 | വാണിജ്യാവശ്യത്തിനുള്ള 200മീറ്ററിന് മുകളിൽ തറവിസ്തീർണ്ണം ഉള്ള സൂപ്പർമാർക്കറ്റ്,ഷോപ്പിംഗ് മാളുകൾ | 16.5 ച.മീ | 740 | 1480 | 74 |

| | | | | | |
|---|---|---|---|---|---|
| | (റോഡ് -5 $M^2$ കൂടുതൽ) നികുതി നിരക്ക് - 90/ച.മീ | | | | |
| 39/121 | ” | 16.5 ച.മീ | 740 | 1480 | 74 |
| 39/122 | ” | 16.5 ച.മീ | 740 | 1480 | 74 |
| 39/123 | ” | 16.5 ച.മീ | 740 | 1480 | 74 |
| 39/124 | ” | 16.5 ച.മീ | 740 | 1480 | 74 |
| 39/125 | ” | 18 ച.മീ | 820 | 1640 | 82 |
| 39/126 | ” | 18 ച.മീ | 820 | 1640 | 82 |
| 39/127 | ” | 18 ച.മീ | 820 | 1640 | 82 |
| 39/128 | ” | 15 ച.മീ | 660 | 825 | 42 |
| 39/127 A | വാണിജ്യാവശ്യത്തിനുള്ള 100മീറ്റർ വരെ യുള്ള തറവിസ്തീർണ്ണം ഉള്ള ഷോപ്പുകൾ (റോഡ് -1.5 മീറ്റർ കൂടുതൽ) നികുതി നിരക്ക് - 50/ച.മീ | 15 ച.മീ | 660 | 825 | 42 |
| 39/130 | വാണിജ്യാവശ്യത്തിനുള്ള 200മീറ്ററിന് മുകളിൽ തറവിസ്തീർണ്ണം ഉള്ള സൂപ്പർമാർക്കറ്റ്,ഷോപ്പിംഗ് മാളുകൾ (റോഡ് -5 $M^2$ കൂടുതൽ) നികുതി നിരക്ക് - 90/ച.മീ ” | 15 ച.മീ | 660 | 825 | 42 |
| 39/131 | ” | 15 ച.മീ | 660 | 825 | 42 |
| 39/132 | ” | 15 ച.മീ | 660 | 825 | 42 |
| 39/133 | ” | 15 ച.മീ | 660 | 825 | 42 |
| 39/134 | ” | 15 ച.മീ | 660 | 825 | 42 |
| 39/135 | ” | 15 ച.മീ | 660 | 825 | 42 |
| 39/136 | വാണിജ്യാവശ്യത്തിനുള്ള 100മീറ്റർ വരെ യുള്ള തറവിസ്തീർണ്ണം ഉള്ള ഷോപ്പുകൾ (റോഡ് - 5 മീറ്റർ കൂടുതൽ) നികുതി നിരക്ക് - 50/ച.മീ | 30.88 ച.മീ | 441 | 882 | 45 |
| 39/137 | ” | 30.88 ച.മീ | 441 | 882 | 45 |
| 39/138 | ” | 30.88 ച.മീ | 441 | 882 | 45 |
| 39/139 | ” | 30.88 ച.മീ | 441 | 882 | 45 |
| 39/140 | ” | 30.88 ച.മീ | 441 | 882 | 45 |
| 39/141 | ” | 30.88 ച.മീ | 441 | 882 | 45 |
| 39/142 | ” | 30.88 ച.മീ | 441 | 882 | 45 |
| 39/143 | ” | 30.88 ച.മീ | 441 | 882 | 45 |
| 39/144 | ” | 45 ച.മീ | 1176 | 2352 | 118 |
| 39/145 | ” | 73.92 ച.മീ | 490 | 980 | 49 |

| | | | | | |
|---|---|---|---|---|---|
| 39/146 | വാണിജ്യാവശ്യത്തിനുള്ള 200മീറ്ററിന് മുകളിൽ തറവിസ്തീർണ്ണം ഉള്ള സൂപ്പർമാർക്കറ്റ്,ഷോപ്പിംഗ് മാളുകൾ (റോഡ് -5 $M^2$ കൂടുതൽ) നികുതി നിരക്ക് - 90/ച.മീ ” | 21.84 ച.മീ | 784 | 1568 | 79 |
| 39/147 | വാണിജ്യാവശ്യത്തിനുള്ള 100മീറ്റർ വരെ യുള്ള തറവിസ്തീർണ്ണം ഉള്ള ഷോപ്പുകൾ<br>(റോഡ് - 5 മീറ്റർ കൂടുതൽ) നികുതി നിരക്ക് - 50/ച.മീ | 29.08ച.മീ | 1280 | 1520 | 76 |
| 39/148 | ” | 29.08ച.മീ | 800 | 1520 | 76 |
| 39/149 | ” | 29.08ച.മീ | 800 | 1520 | 76 |
| 39/150 | ” | 29.08ച.മീ | 800 | 1520 | 76 |
| 39/151 | ” | 165.03ച.മീ | 1280 | 2432 | 122 |
| 39/152 | ” | 65 ച.മീ | 1760 | 3344 | 168 |
| 39/153 | ” | 65 ച.മീ | 1760 | 3344 | 168 |
| 39/153A | ” | 38.19 ച.മീ | 640 | 1280 | 64 |
| 39/154 | ” | 167 ച.മീ | 1840 | 3496 | 175 |
| 39/155 | ” | 80 ച.മീ | 1440 | 2736 | 137 |
| 39/156 | ” | 109.23ച.മീ | 384 | 768 | 39 |
| 39/157 | ” | 60 ച.മീ | 768 | 1383 | 70 |
| 39/158 | ” | 58.8 ച.മീ | 768 | 1383 | 70 |
| 39/160 | ” | 88.2 ച.മീ | 960 | 1728 | 87 |
| 39/161 | ” | 60 ച.മീ | 768 | 1383 | 70 |
| 39/162 | ” | 185 ച.മീ | 1440 | 2592 | 130 |
| 39/163 | ” | 71 ച.മീ | 768 | 1383 | 70 |
| 39/164 | ” | 37.25 ച.മീ | 576 | 1037 | 52 |
| 39/165 | ” | 37.25 ച.മീ | 576 | 1037 | 52 |
| 39/166 | ” | 167 ച.മീ | 1152 | 2074 | 104 |
| 39/167 | ” | 80ച.മീ | 768 | 1383 | 70 |
| 39/168 | ” | 109.23ച.മീ | 288 | 519 | 26 |
| 39/169 | ” | 169ച.മീ | 540 | 972 | 49 |
| 39/170 | ” | 109.23ച.മീ | 240 | 432 | 22 |
| 39/171 | ” | 32.49ച.മീ | 440 | 792 | 40 |
| 39/172 | ” | 88 ച.മീ | 768 | 1306 | 66 |
| 39/173 | ” | 40ച.മീ | 240 | 408 | 21 |
| 39/174 | ” | 57.71ച.മീ | 480 | 816 | 41 |
| 39/175 | ” | 57.71 ച.മീ | 480 | 816 | 41 |
| 39/176 | ” | 185 ച.മീ | 1152 | 1959 | 98 |

| | | | | | |
|---|---|---|---|---|---|
| 39/177 | ” | 71ച.മീ | 768 | 1306 | 66 |
| 39/178 | ” | 57.2ച.മീ | 768 | 1306 | 66 |
| 39/179 | ” | 52.67 ച.മീ | 640 | 1088 | 55 |
| 39/180 | ” | 52.67ച.മീ | 640 | 1088 | 55 |
| 39/181 | ” | 52.67ച.മീ | 640 | 1088 | 55 |
| | ആകെ | 3429.15 | 46830 | 83635 | 4211 |

1994 – ലെ കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 230, 2011 – ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും, സേവന ഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങളിൽ അതതു നഗരസഭാ പ്രദേശത്തുള്ള കെട്ടിടങ്ങൾക്ക് വസ്തുനികുതി ചുമത്തുന്നതിനെ കുറിച്ച് പ്രതിപാദിക്കുന്നു.

വസ്തുനികുതി നിർണ്ണയം സംബന്ധിച്ചുള്ള സെക്രട്ടറിയുടെ ചുമതലകളിൽ (ചട്ടം 12) ഏതൊരു കെട്ടിടത്തെ സംബന്ധിച്ചും ബന്ധപ്പെട്ട സ്ഥലത്ത് പോയി വിവരങ്ങൾ ശേഖരിച്ച് അന്വേഷണം നടത്തുവാൻ സെക്രട്ടറി ഒരു ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തേണ്ടതാണ്. ചട്ടം 9(4) സി പ്രകാരം തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ വാണിജ്യാവശ്യത്തിനുള്ളതും, നിലവിലുള്ളതുമായ ഒരു കെട്ടിടത്തിന്റെ വാർഷിക വസ്തുനികുതി ആദ്യമായി നിശ്ചയിക്കുമ്പോൾ, തൊട്ട് മുൻപ് നിലവിലുണ്ടായിരുന്ന വാർഷിക വസ്തു നികുതിയിൽ ഏറ്റവും കുറഞ്ഞത് 25% വർദ്ധനവ് വരുത്തിയിരിക്കേണ്ടതും 150 ശതമാനത്തിൽ അധികരിക്കാൻ പാടില്ലാത്തതുമാണ്. എന്നാൽ ചട്ടം 9(4) ഡി പ്രകാരം ഏറ്റവും ഒടുവിൽ നടത്തിയ വാർഷിക വസ്തുനികുതി പുനർനിർണ്ണയത്തിനുശേഷം പ്രസ്തുത കെട്ടിടത്തിന് എന്തെങ്കിലും, കൂട്ടിചേർക്കലോ, ഘടനപരമായ മെച്ചപ്പെടുത്തലോ വരുത്തിയിട്ടുണ്ടെങ്കിൽ മേൽ പറഞ്ഞ ചട്ടം ബാധകമായിരിക്കുകയില്ല.

ആയതിനാൽ മേൽ പ്രതിപാദിച്ച കെട്ടിടത്തിന് മുൻപ് നിലവിലുണ്ടായിരുന്ന വാർഷിക വസ്തുനികുതിയിൽ 70% വർദ്ധനവാണ് വരുത്തിയിട്ടുള്ളത്. എന്നാൽ അനധികൃത നിർമ്മാണം നടക്കുന്നതുകൊണ്ടു തന്നെ ചട്ടം 9(4) സി ബാധക മാക്കേണ്ടതില്ല.

കൂടാതെ ശ്രീ മുസ്തഫ, ഫൈസ് വില്ല എന്നവരുടെ പ്രസ്തുത കെട്ടിടം വാണിജ്യാവശ്യത്തിന് മാത്രമാണ് ഉപയോഗിക്കുന്നതെങ്കിലും നികുതി നിർണ്ണയം നടത്തിയിട്ടുള്ളത് വാണിജ്യാവശ്യത്തിനുള്ള 200മീറ്ററിന് മുകളിൽ തറവിസ്തീർണ്ണം ഉള്ള സൂപ്പർമാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ (റോഡ് -5 $M^2$ കൂടുതൽ) നികുതി നിരക്ക് - 90/ച.മീ. വാണിജ്യാവശ്യത്തിനുള്ള 100മീറ്റർ വരെയുള്ള തറവിസ്തീർണ്ണം ഉള്ള ഷോപ്പുകൾ (റോഡ് - 5 മീറ്റർ, 1.5 മീറ്റർ കൂടുതൽ) നികുതി നിരക്ക് - 50/ച.മീ, എന്നിങ്ങനെയാണ്. കൂടാതെ മേൽ പട്ടിക പരിശോധിച്ചാൽ വാർഷിക വാടകയുടെ അടിസ്ഥാനത്തിൽ നികുതി നിർണ്ണയിച്ചതിലും അപാകതയുള്ളതായി കാണുന്നു. ഇത്തരത്തിലുള്ള നികുതി പരിഷ്കരണം തനത് വരുമാനത്തിൽ നികുതി ചോർച്ച ഉണ്ടാക്കാൻ ഇടയാക്കുന്നു.

കൂടാതെ അനധികൃത നിർമ്മാണത്തിനെതിരേയുള്ള നോട്ടീസിനുള്ള ടിയാന്റെ മറുപടിയിൽ കെട്ടിടത്തിന് പുറമേയ്ക്ക് നേരിട്ട് ഇറങ്ങാൻ സാധിക്കുന്ന സ്റ്റേയർകേസ് നിർമ്മിക്കാൻ ഫയർ&റസ്ക്യൂ വിഭാഗം ആവശ്യപ്പെട്ടത് അനുസരിച്ചാണ് സ്റ്റെയർകേസ് നിർമ്മിച്ചതെന്നും അറിയിച്ചിട്ടുണ്ട്. ഇതിൽ നിന്നും തന്നെ അഗ്നിസുരക്ഷ ആവശ്യമായ കെട്ടിടമാണെന്നും, അനധികൃത നിർമ്മാണം നടക്കുന്നുണ്ടെന്നും മനസ്സിലാവുന്നു.

മേൽ കാര്യങ്ങൾ സൂചിപ്പിക്കുന്നത് കെട്ടിട പെർമിറ്റ് നൽകുന്ന അവസരത്തിലും, നികുതി നിർണ്ണയ വേളയിലും കൃത്യമായ സ്ഥലപരിശോധന നടത്താതെയും, ചട്ടങ്ങൾ പാലിക്കാതെയുമാണ് കെട്ടിടനിർമ്മാണാനുമതിയും നികുതിനിർണ്ണയവും നടത്തിയിട്ടുള്ളത് എന്നാണ്. അനധികൃത നിർമ്മാണത്തിനെതിരേ സ്വീകരിച്ച നടപടികളുടെ വിവരവും, പുരോഗതി വിവരവും അറിയിക്കേണ്ടതാണ്. കൂടാതെ നികുതി നിർണ്ണയത്തിലുണ്ടായ അപാകതയ്ക്കും മറുപടി ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി (നം 12/21 – 22 / തീയതി - 01.10.2022)യ്ക്ക് മറുപടി

ലഭ്യമാക്കിയിട്ടില്ല.

കെട്ടിട പെർമിറ്റ് നൽകുന്ന അവസരത്തിലും നികുതി നിർണ്ണയ വേളയിലും കൃത്യമായ സ്ഥലപരിശോധന നടത്തി നിയമങ്ങളും, ചട്ടങ്ങളും പാലിച്ചാണ് കെട്ടിടനിർമ്മാണാനുമതിയും നികുതിനിർണ്ണയവും നടത്തിയിട്ടുള്ളത് എന്ന് സെക്രട്ടറിയും ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിയും ഉറപ്പ് വരുത്തേണ്ടതാണ്. മേൽ അപാകതയ്ക്ക് കൃത്യമായ സ്ഥലപരിശോധന നടത്തി അനധികൃത നിർമ്മാണത്തിനെതിരേയുള്ള തുടർനടപടി സ്വീകരിച്ച് അറിയിക്കേണ്ടതുമാണ്.

1-11 നഗരസഭ പരിധിയിലുള്ള കച്ചവട സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകിയതിന്റെ തുടർനടപടികൾ സ്വീകരിച്ചതിന്റെ വിവരം ലഭ്യമല്ല.

തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 02/05/2022 ലെ ഡബ്ല്യൂ.എം1/262/2022 തസ്വഭവ നമ്പർ പരിപത്രത്തിൽ നഗരസഭ പരിധിയിൽ അനധികൃതമായി പ്രവർത്തിച്ച് വരുന്ന ഭക്ഷണം പാകം ചെയ്തും അല്ലാതെയും വില്ക്കുന്ന കച്ചവട സ്ഥാപനത്തിനെതിരെ നടപടിയെടുക്കുന്നതിന് നിർദ്ദേശിച്ചിരുന്നു. ആയതിൻ പ്രകാരം 6/05/2022, 07/05/22, 09/05/22, 11/05/2022, 20/05/2022 എന്നീ തീയതികളിൽ നഗരസഭയിലെ ഹെൽത്ത് വിഭാഗം പരിശോധന നടത്തുകയും, നഗരസഭയുടെ 43-ാം വാർഡിലെ പാറപ്പള്ളി ഭാഗത്ത് നിരവധി വഴിയോര കച്ചവടക്കാർക്ക് അനുവദിച്ച ഐഡന്റിറ്റി കാർഡ് മാത്രം കൈവശം വെച്ച് അനധികൃതമായി കെട്ടിടം നിർമ്മിച്ച്, ഹെൽത്ത് കാർഡ്, വെള്ളം പരിശോധന റിപ്പോർട്ട് എന്നിവ ഇല്ലാതെയും, യാതൊരു മാനദണ്ഡവും പാലിക്കാതെയും ഭക്ഷണ പദാർത്ഥങ്ങൾ നിർമ്മിച്ച് വില്പന നടത്തുന്നതായി കണ്ടെത്തിയതിനെ തുടർന്ന് സ്ഥാപനങ്ങൾക്ക് അപാകത പരിഹരിക്കുന്നതിനായി നോട്ടീസ് നൽകിയിട്ടുണ്ട്. ഏതാനും സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട ഉടമസ്ഥന്റെ പേര്, വിലാസം | കച്ചവട സ്ഥാപനം | റിമാർക്സ് |
|---|---|---|---|
| 1 | ആരിഫ, കെട്ടുതാഴെ, മൂടാടി | മദീന വനിതാ ഹോട്ടൽ | 06/05/2022 ൽ നടത്തിയ പരിശോധന, കേരള മുനിസിപ്പാലിറ്റി നിയമം 447 -ാം വകുപ്പിന്റെ ലംഘനത്തിനെതിരേയും, അനധികൃത നിർമ്മാണത്തിനെതിരേയും നടപടി സ്വീകരിക്കുന്നതിന് ശുപാർശ ചെയ്തിട്ടുണ്ട്. |
| 2 | നജീർ S/o ഉമ്മർ കണിയാം കുളത്തിൽ,മൂടാടി | പെട്ടിക്കട | |
| 3 | ഇസ്മയിൽ നാണംകണ്ടി, മനമംഗലം | ---------- | |
| 4 | ഷെരീഫ് S/oഖാദർ ലക്ഷം വീട് , | പങ്കായം ഹോട്ടൽ | |

| | | | |
|---|---|---|---|
| | മൂടാടി | | |
| 5 | പദ്മാനാഭൻ, തെക്കേപറമ്പിൽ കുറവങ്ങാട് | ജിധിൻ സ്റ്റോർ | 07/05/2022 ൽ നടത്തിയ പരിശോധന, കേരള മുനിസിപ്പാലിറ്റി നിയമം 447 -ാം വകുപ്പിന്റെ ലംഘനത്തിനെതിരേ സ്വീകരിക്കുന്നതിന് ശുപാർശ ചെയ്തിട്ടുണ്ട്. |
| 6 | ബിനു ടി.പി S/o ഗോപാലൻ തെക്കേ പറമ്പിൽ | ഡിലു സ്റ്റേഷനറി, ചായ,കടി | |
| 7 | ശ്രീധരൻ ഒതയോത്ത് മീത്തൽ ,കുറവങ്ങാട്, കൊയിലാണ്ടി | റോയൽ ഹോട്ടൽ | |
| 8 | വിജയൻ, വലിയവീട്ടിൽ, കുറവങ്ങാട് | ------------- | |
| 9 | ബഷീർ കുന്നമ്മൽ കുറവങ്ങാട് | കോഴിക്കട | |
| 10 | സുരേഷ് S/o രാഘവൻ കൊരട്ടിക്കുന്നമ്മൽ | ----------- | |
| 11 | ബാബു S/o രാമൻകുട്ടി വളാഞ്ചേരി മീത്തൽ | ബാബുഹോട്ടൽ | |
| 12 | നാരായണൻ നായർ അരയിടത്ത് മീത്തൽ | ടേസ്റ്റി ഹോട്ടൽ | |
| 13 | ശ്രീമതി ഉണ്ണിമായ | ഹോട്ടൽ മന.വെജ് | 09/05/2022 ൽ നടത്തിയ പരിശോധന, കേരള മുനിസിപ്പാലിറ്റി നിയമം 447 -ാം വകുപ്പിന്റെ ലംഘനത്തിനെതിരേ സ്വീകരിക്കുന്നതിന് ശുപാർശ ചെയ്തിട്ടുണ്ട്. |
| 14 | ഷൗക്കത്ത്, കൊമത്ത്കര | ഫിഷ് സ്റ്റാൾ | |
| 15 | ശ്രീ ചന്ദ്രൻ S/o പാപ്പച്ചൻ | ശ്രീ വള്ളി ഹോട്ടൽ | |
| 16 | ശ്രീ നാരായണൻ S/o കണ്ണൻ , കോതമംഗലം | കൂൾബാർ | |
| 17 | ശ്രീ വിനോദൻ S/o കുഞ്ഞിരാമൻ ,കോതമംഗലം | സ്റ്റേഷനറി ((33/619,620) | |
| 18 | ശ്രീ വിനോദൻ S/o കുഞ്ഞിരാമൻ ,കോതമംഗലം | ചിക്കൻസറ്റാൾ (32/493) | |

| | | | |
|---|---|---|---|
| 19 | ശ്രീ വത്സൻ, ഈസ്റ്റ് റോഡ് | ഹൽവ സ്റ്റാൾ (33/556) | |
| 20 | ശ്രീ ഗണേശൻ പിലാക്കണ്ടി മീത്തൽ | ഐശ്വര്യ ഹോട്ടൽ (33/587) | |
| 21 | ശ്രീ ശശി എ.വി | ശ്രീദേവി ബേക്കറി (33/603) | |
| 22 | ശ്രീമതി സുബൈദ D/o അബൂബക്കർ | സുഫീറ മെറ്റൽസ് (33/589) | |
| 23 | ഷംസീർ പി.വി | TEA BREAK Tea SHOP | 11/05/22ൽ നടത്തിയ സ്ഥലപരിശോധന ലൈസൻസ് ഇല്ല |

മേൽ സ്ഥാപനങ്ങൾക്കും, 11/05/22 സ്ഥല പരിശോധന നടത്തിയ 12 സ്ഥാപനങ്ങൾക്ക് ഉൾപ്പെടെ നോട്ടീസ് നൽകിയിട്ടുണ്ട്. എന്നാൽ സ്ഥാപനത്തിനെതിരേ സ്വീകരിച്ച തുടർ നടപടികളുടെ വിവരം, അനധികൃത നിർമ്മാണതിനെതിരേ സ്വീകരിച്ച നടപടികളുടെ വിവരം, ലൈസൻസ് ഇല്ലാതെ പ്രവർത്തിച്ച സ്ഥാപനത്തിനെതിരേ സ്വീകരിച്ച നടപടികളുടെ വിവരം, ഓരോ സ്ഥാപനവും പ്രവർത്തിക്കുന്ന കെട്ടിടം നമ്പർ, ലൈസൻസ് നമ്പർ എന്നിവ സഹിതം ഓഡിറ്റിന് മറുപടി ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി (നം 27/21 – 22 / തീയതി - 07.10.2022 ) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

കച്ചവട സ്ഥാപനങ്ങളിൽ കൃത്യമായ ഇടവേളകളിൽ പരിശോധന നടത്തേണ്ടതും, അനധികൃതമായി കെട്ടിടം നിർമ്മിച്ച് പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെയും, ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെയും നിയമപരമായ നടപടികൾ സ്വീകരിക്കേണ്ടതും, തുടർനടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-12 വ്യവസായങ്ങൾക്കും, ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭങ്ങൾക്കും ലൈസൻസ് നൽകൽ - ഡിമാന്റ് പൂർണ്ണമല്ല.

1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം സെക്ഷൻ 437 പ്രകാരം മനുഷ്യന്റെ ജീവനോ ആരോഗ്യത്തിനോ വസ്തുവകകൾക്കോ അപകടകരമോ, അസഹ്യതയുണ്ടാക്കുന്നതോ ആയേക്കാനിടയുള്ളതുമായ ഏതെങ്കിലും കാര്യങ്ങൾക്ക് സെക്രട്ടറി നൽകിയ ലൈസൻസ് കൂടാതെയും ആ ലൈസൻസിൽ പറഞ്ഞിട്ടുള്ള നിബന്ധനകൾക്ക് അനുസരണമല്ലാതെയും പ്രദേശത്ത് യാതൊരു സ്ഥലവും, ഉപയോഗിക്കാൻ പാടില്ലാത്തതാകുന്നു.
2020 ലെ കേരള മുനിസിപ്പാലിറ്റി (വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ഭേദഗതി ചട്ടങ്ങൾ – ചട്ടം 4 പ്രകാരം ഇക്കാര്യം നഗരസഭ പരസ്യപ്പെടുത്തേണ്ടതാണ്. ചട്ടം 5 പ്രകാരം 1-ാം പട്ടികയിൽ പറഞ്ഞ കാര്യങ്ങൾക്ക് ഉപയോഗിക്കുന്ന ഏതൊരു സ്ഥലത്തിന്റെയും ഉടമസ്ഥനോ കൈവശക്കാരനോ അങ്ങനെയുള്ള ആവശ്യത്തിന് അങ്ങനെയുള്ള സ്ഥലം ഉപയോഗിക്കുന്നതിന് മുൻപ് പരസ്യം പ്രസിദ്ധപ്പെടുത്തി 30 ദിവസത്തിനകം അപേക്ഷ നൽകേണ്ടതുമാണ്. എന്നാൽ നഗരസഭയിൽ നിന്ന് ലഭ്യമായ വിവരങ്ങൾ പ്രകാരം വാണിജ്യാവശ്യങ്ങൾക്കായി നമ്പർ നൽകിയിട്ടുള്ള കെട്ടിടങ്ങളിൽ പകുതിയും ലൈസൻസില്ലാതെ പ്രവർത്തിക്കുന്നതായി ചുവടെ പറയുന്ന കാര്യങ്ങൾ സാക്ഷ്യപ്പെടുത്തുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

നഗരസഭയിൽ വാണിജ്യാവശ്യങ്ങൾക്കായി നമ്പർ നൽകിയിട്ടുള്ള കെട്ടിടങ്ങളുടെ വിവരങ്ങൾ (സഞ്ചയ പ്രകാരം) താഴെ ചേർക്കുന്നു

| | |
|---|---|
| വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെയുള്ള കെട്ടിടങ്ങളുടെ എണ്ണം | 6158 |
| വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിലുള്ള കെട്ടിടങ്ങളുടെ എണ്ണം | 725 |
| വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീറ്റർ വരെയുള്ള കെട്ടിടങ്ങളുടെ എണ്ണം | 53 |
| വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീറ്റർ മുകളിലുള്ള കെട്ടിടങ്ങളുടെ എണ്ണം | 757 |
| ബങ്കുകൾ, പെട്ടികടകൾ, കമ്പ്യൂട്ടർ സെന്ററുകൾ | 28 |

| | |
|---|---|
| അസംബ്ലികെട്ടിടം ,കൺവെൻഷൻ സെന്റർ മുതലായവ | 90 |
| കൈത്തറി ഷെഡ്, കയർ പിരിഷെഡ് മുതലായവ | 23 |
| ഇതര വ്യവസായാവശ്യത്തിനുള്ളവ | 32 |
| | 7866 |

നഗരസഭയിൽ വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ നിലവിൽ പ്രവർത്തിക്കുന്ന കച്ചവട സ്ഥാപനങ്ങൾ, മുൻവർഷം പ്രവർത്തിച്ചിരുന്നതിൽ തൻവർഷം പ്രവർത്തന രഹിതമായ, പുതുതായി പ്രവർത്തനം തുടങ്ങിയ സ്ഥാപനങ്ങൾ, ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ എന്നിവ സംബന്ധിച്ച പൂർണ്ണമായ വിവരങ്ങൾ മുനിസിപ്പാലിറ്റിയിൽ ലഭ്യമല്ല. മുനിസിപ്പാലിറ്റിയിൽ ലഭ്യമായ വിവരങ്ങൾ പ്രകാരം വസ്തു നികുതി പരിഷ്കരണം പൂർത്തിയാവാതെ തന്നെ നഗരസഭ സെക്രട്ടറി സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം ലഭ്യമാക്കിയ കണക്ക് പ്രകാരം നഗരസഭ പരിധിയിൽ 7866 വാണിജ്യ കെട്ടിടങ്ങൾ ഉണ്ട്. 2021 – 22 ൽ വാണിജ്യ ആവശ്യത്തിനുള്ള മേൽ കെട്ടിടങ്ങളിൽ 344 എണ്ണം വേക്കൻസി റമിഷനായി അപേക്ഷിച്ചിട്ടുണ്ട്. തൻ വർഷം നഗരസഭയിലെ 44 വാർഡുകളിലായി ആകെ 3280 കെട്ടിടങ്ങൾ/മുറികളിൽ പ്രവർത്തിക്കുന്ന 2548 കച്ചവട/വ്യാപാര സ്ഥാപനങ്ങൾ മാത്രമാണ് ലൈസൻസിനായി അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. ഇതിൽ നിന്നും മുനിസിപ്പാലിറ്റിയിലെ വാണിജ്യ കെട്ടിടങ്ങളായി നിർമ്മിച്ചിരിക്കുന്ന കെട്ടിടങ്ങളിൽ പകുതി എണ്ണം മാത്രമാണ് കച്ചവട/വ്യാപാര ലൈസൻസ് എടുത്തു പ്രവർത്തിച്ചു വരുന്നത് എന്ന് കാണുന്നു. വാണിജ്യ ആവശ്യങ്ങൾക്കായി നിർമ്മിച്ച് നികുതി നിർണ്ണയിക്കുന്ന കെട്ടിടങ്ങൾ പൂർണ്ണമായും കച്ചവട സ്ഥാപനങ്ങളായി പ്രവർത്തിക്കുന്നില്ല എന്ന് കണക്കാക്കിയാലും നൽകിയ ലൈസൻസുകളുടെ എണ്ണവും കെട്ടിടങ്ങളുടെ എണ്ണവും തമ്മിൽ പൊരുത്തപ്പെടുന്നില്ല. ഇത് കാരണം ജനങ്ങളുടെ ജീവനും സ്വത്തിനും ഭീഷണിയാവുന്ന തരത്തിലുള്ള ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങളെ മുനിസിപ്പാലിറ്റിക്ക് പൂർണ്ണമായി നിയന്ത്രിക്കാൻ കഴിയാതെ വരികയും ലൈസൻസ് ഫീ ഇനത്തിൽ ലഭിക്കുമായിരുന്ന വരുമാനത്തിൽ ഭീമമായ കുറവുണ്ടാകുന്നതിന് കാരണമാകുകയും ചെയ്യുന്നു. ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് എതിരെ സ്വീകരിച്ച നടപടികളുടെ വിവരങ്ങൾ ലഭ്യമാക്കേണ്ടതും, ട്രേഡേഴ്സ് ലിസ്റ്റ് പൂർണ്ണമാക്കാത്തതിനും കാരണം വ്യക്തമാക്കേണ്ടതാണ്.

2. ലൈസൻസ് അനുവദിക്കുന്നതിൽ കാലതാമസം

2020 ലെ കേരള മുനിസിപ്പാലിറ്റി (വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ഭേദഗതി ചട്ടങ്ങൾ – ചട്ടം 5 (1എ) പ്രകാരം ചട്ട പ്രകാരമുള്ള അപേക്ഷ അനുബന്ധ രേഖകൾ സഹിതം ലഭിക്കുന്നതിന്മേൽ സെക്രട്ടറിയോ അല്ലെങ്കിൽ അദ്ദേഹം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ അപേക്ഷയും, അനുബന്ധ രേഖകളും പരിശോധിക്കേണ്ടതും, സമർപ്പിക്കാൻ വിട്ടുപോയ രേഖകൾ ഏതെങ്കിലും ഉണ്ടെങ്കിൽ ഉടനെ അപേക്ഷകനെ രേഖാമൂലം അറിയിക്കേണ്ടതുമാണ്. (1ബി) പ്രകാരം രേഖകൾ എല്ലാം ലഭ്യമാകുന്ന പക്ഷം 5 ദിവസത്തിനകം ഉത്തരവ് വഴി തനിക്ക് യുക്തമെന്ന് തോന്നുന്ന അപ്രകാരമുള്ള വ്യവസ്ഥകൾക്കും, നിബന്ധനങ്ങൾക്കും വിധേയമായി വ്യവസായങ്ങളോ ഫാക്ടറികളോ സംരംഭക പ്രവർത്തനങ്ങളോ മറ്റ് സേവനങ്ങളോ നടത്തുന്നതിനായി സ്ഥലം ഉപയോഗിക്കാൻ ലൈസൻസ് നൽകേണ്ടതാണ്. കൂടാതെ ചട്ടം 6(4) പ്രകാരം അപേക്ഷ ലഭിച്ച് മുപ്പത് ദിവസത്തിനകം സെക്രട്ടറിയോ അല്ലെങ്കിൽ അദ്ദേഹം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ ആയത് തീർപ്പ് കൽപ്പിക്കേണ്ടതാണ്. എന്നാൽ മേൽ ചട്ടത്തിന് വിരുദ്ധമായി പുതിയതും, പുതുക്കുന്നതും ഉൾപ്പെടെ 1000 അധികം അപേക്ഷകൾ പരിശോധിച്ചതിൽ പുതിയ സംരംഭങ്ങളുടെ ലൈസൻസ് അനുവദിക്കുന്നതിലും, ലൈസൻസി അപേക്ഷ സമർപ്പിക്കുന്നതിലും, കൂടാതെ ലൈസൻസ് പുതുക്കുന്നതിനും കാലതാമസം നേരിട്ടുണ്ട്. ആയതിനുള്ള ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഉടമസ്ഥന്റെ പേര് | കെട്ടിട നമ്പർ | വ്യാപാരം | അപേക്ഷ തീയതി/ | സ്ഥാപനം പ്രവർത്തനം ആരംഭിച്ച തീയതി | ലൈസൻസ് നം./തീയതി |
|---|---|---|---|---|---|---|
| 1 | സഹദ് ടി.എം.കെ സൗഭാഗ്യ | 32/1140 | സ്വർണ്ണം, വെള്ളി വില്പന | 26/04/21 | ------ | 53/2021/21-22 06/07/21 |
| 2 | അനൂപ് പി.വി | 32/1774 C-14 | ജോബ് കൺസൾട്ടൻസി | 06/09/21 | 07.09.21 | 152/2021/21-22 08/10/21 |
| 3 | അഭിലാഷ് | 32/1776 C-7 | ഫോട്ടോ, വിഡീയോ ആക്സസറീസ് | 29/10/21 | 05.11.21 | 16/22/ 21-22 10/01/22 |
| 4 | നയന പി.കെ | 32/820/ A-9, A-10 | ഫീസിയോ തെറാപ്പി ക്ലീനിക്ക് | 15/10/21/ | 15.11.21 | 187/22/21-22 29/04/22 |
| 5 | സനൂപ് ആർ.എസ് | 32/1475/ A-9, A-35 | സ്പോർട്സ് ഐറ്റംസ് | 03/12/21/ | 01.01.2022 | 265/21/21-22 30/12/21 |
| 6 | അശ്വിൻ ബി.ബി | 32/348 J | ഫോട്ടോ, വിഡീയോ എഡിറ്റിംഗ് | 13/12/21/ | 30.12.21 | 267/21/21-22 21/12/21 |
| 7 | രാജൻ കെ.കെ | 32/1774 C-18 | എഡ്യൂക്കേഷന് കൺസൾട്ടൻസി | 01/02/22 | 15.02.22 | 81/22/ 21-22 08.03.22 |
| 8 | സജിത്ത് കമൽ. പി. അർജ്ജുൻ .ആർ | 32/1475 A4 | മെഡിക്കൽ എക്യൂപെൻസ്, ആക്സസറീസ് | 03.02.22 | 07.02.22 | 64/22/ 21-22 14.02.22 |
| 9 | അസറുദ്ദീൻ എം.പി | 22/440 ബി | പലചരക്ക്, സ്റ്റേഷനറി | 12.07.21 | 15.07.21 | 128/21/21-22 18.07.21 |
| 10 | മുഹമ്മദ് എൻ | 23/201 | ആയുർവേദ ഫാർമസി | 24.08.21 | 15.09.21 | 138/21/21-22 25.09.21 |
| 11 | മൈമൂനത്ത് | 39/597 | ധാന്യപ്പൊടികളും, മസാല പ്പൊടികളും | 20.10.21 | 25.10.21 | 220/21 21-22 22.11.2021 |

| | | | | | | |
|---|---|---|---|---|---|---|
| 12 | ഡോ.അബ്ദുൽ ഹാരീസ് | 39/896 B2 | ഡെൻ്റൽ ക്ലിനിക്ക് | 10.09.21 | 20.09.21 | 11/22/ 21-22 06/01/22 |
| 13 | സജ്ജീഷ്കുമാർ കൊല്ലം തൊടി | 27/221(old) New -39 | എ.സി &റഫ്രിജ റേഷൻ സർവ്വീസ് | 15/01/21 | 25/01/20 | 21/22/ 21-22 11/01/22 |
| 14 | റഹീം പി.വി | 39/804 | ഫാൻസി, അക്വേറിയം | 06/02/21 5 വർഷത്തേക്ക് ഫീസ് അടവാക്കി യിട്ടുണ്ട്. | | ലൈസ ൻസ് വിവരം ലഭ്യമല്ല |
| 15 | രാജലക്ഷ്മി | 40/451-462 വരെ | ട്യൂട്ടോറിയൽ | 04/01/21 5 വർഷത്തേക്ക് ഫീസ് അടവാക്കി യിട്ടുണ്ട് | 01/02/21 | ലൈസ ൻസ് വിവരം ലഭ്യമല്ല |
| 16 | നൗഫൽ ഇ.കെ | 42/406, 407 | മേശ, കസേര വാടകയ്ക്ക് നൽകൽ | 28/04/21 5 വർഷത്തേക്ക് ഫീസ് അടവാക്കി യിട്ടുണ്ട് | 30.05.21 | ലൈസ ൻസ് വിവരം ലഭ്യമല്ല |

പുതിയ സംരംഭങ്ങളുടെ ലൈസൻസ് അനുവദിക്കുന്നതിലും, ലൈസൻസി അപേക്ഷ സമർപ്പിക്കുന്നതിലും, കൂടാതെ ലൈസൻസ് പുതുക്കുന്നതിനും കാലതാമസം നേരിട്ടതിന് കാരണം വ്യക്തമല്ല. ക്രമനം.15,16 ൽ സൂചിപ്പിച്ച സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും ലഭ്യമാക്കേണ്ടതാണ്.

ലൈസൻസ് അനുവദിക്കുന്നതിലെ പൊതു അപാകതകൾ

1. 2020 ലെ കേരള മുനിസിപ്പാലിറ്റി (വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ഭേദഗതി ചട്ടത്തിലെ പട്ടിക III പ്രകാരം ലൈസൻസ് ഫീ ഈടാക്കേണ്ടത് മൂലധനം നിക്ഷേപം അടിസ്ഥാനപ്പെടുത്തിയാണ്. എന്നാൽ നഗരസഭയിൽ 2021-22 കാലഘട്ടത്തിൽ ലൈസൻസ് ഫീ ഈടാക്കിയിട്ടുള്ളത് എന്ത് അടിസ്ഥാന ത്തിലാണെന്ന് വ്യക്തമല്ല. ലൈസൻസിനുള്ള അപേക്ഷയിലോ, ഉദ്യോഗസ്ഥരുടെ അന്വേഷണ റിപ്പോർട്ടിലോ മൂലധനം നിക്ഷേപത്തെക്കുറിച്ച് പരാമർശിക്കുന്നില്ല.

2. ലൈസൻസിനായുള്ള അപേക്ഷ സ്ഥാപനത്തിൽ സമർപ്പിക്കുന്നുണ്ടെങ്കിലും, ലൈസൻസ് ഫീ അടവാക്കിയതിനു ശേഷം രസീത് മാത്രമേ നൽകുന്നുള്ളൂ. അപേക്ഷകൻ ആവശ്യപ്പെടുന്ന സാഹചര്യത്തിൽ മാത്രമേ ലൈസൻസ് അനുവദിക്കുന്നുള്ളൂ. ലൈസൻസ് അനുവദിക്കുന്നതിൽ കാലതാമസം നേരിടുന്ന സാഹചര്യത്തിൽ ആയതിനുള്ള കാരണം അപേക്ഷയിലോ, ഉദ്യോഗസ്ഥരുടെ അന്വേഷണ റിപ്പോർട്ടിലോ രേഖപ്പെടുത്തുന്നില്ല.

3.നഗരസഭയുടെ ഷോപ്പിംഗ് കോംപ്ലക്സ്, ബസ്സ്സ്റ്റാന്റ് ബിൽഡിംഗ് എന്നിവയിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങൾക്കും ലൈസൻസ് ഇല്ല.

4. ലൈസൻസ് രജിസ്റ്ററിൽ ഡിമാന്റ്, കലക്ഷൻ, ബാലൻസ് എന്നിവ രേഖപ്പെടുത്തി വാർഷിക സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

നഗരസഭയിൽ നിന്ന് ലഭ്യമായ വിവരങ്ങൾ പ്രകാരം സ്ഥാപനത്തിന്റെ ഉടമസ്ഥതയിലുള്ള 4 കെട്ടിടങ്ങളിലായി 213 മുറികൾ വാടകയ്ക്ക് നൽകുന്നുണ്ട്. എന്നാൽ ഇവയിൽ പ്രവർത്തിക്കുന്ന 133 സ്ഥാപനങ്ങൾ മാത്രമേ ലൈസൻസോടെ പ്രവർത്തിക്കുന്നുള്ളൂ. ബാക്കി 80 മുറികളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ലൈസൻസ് എടുത്തതിന്റെ വിവരം ലഭ്യമല്ല. നഗരസഭയുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ പോലും ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്ന സ്ഥിതിവിശേഷമാണ് കാണുന്നത് . ഇത് ശരിയായ നടപടിയല്ല.

മേൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി (നം 7/21 – 22 / തീയതി - 30.09.2022) യ്ക്ക് മറുപടി ലഭിച്ചിട്ടില്ല. ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി തനത് വരുമാനത്തിന്റെ മുഖ്യ പങ്ക് വഹിക്കുന്ന വ്യവസായങ്ങൾക്കും, ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭങ്ങൾക്കും ലൈസൻസിനത്തിൽ മുഴുവൻ സ്ഥാപനങ്ങളെയും ഡിമാന്റ് ചെയ്യാത്തതിനും, ലൈസൻസ് അനുവദിക്കുന്നതിൽ കാലതാമസത്തിനും വ്യക്തമായ മറുപടി ലഭ്യമാക്കേണ്ടതാണ്. കൂടാതെ തനത് വരുമാന ചോർച്ചയ്ക്ക് ഇടയാക്കുന്ന മേൽ അപാകതകളിലേയ്ക്ക് സെക്രട്ടറിയും, ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയും ഭരണസമിതിയും പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതും, ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരേ നിയമപരമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-13 തൊഴിൽ നികുതി -അപാകതകൾ

1994 ലെ മുനിസിപ്പാലിറ്റി ആക്റ്റ് 245-ാം വകുപ്പ്, 2005 ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ നഗരസഭയിൽ തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട് സൂക്ഷിക്കുന്ന രജിസ്റ്ററുകൾ, റിട്ടേണുകൾ എന്നിവ പരിശോധിച്ചപ്പോൾ ശ്രദ്ധയിൽ പെട്ട അപാകതകൾ താഴെ നൽകുന്നു.

1. നികുതി ഡിമാന്റ് ചെയ്യുന്നില്ല

1994 ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് 245-ാം വകുപ്പ് പ്രകാരം ഓരോ നഗരസഭാ പ്രദേശത്തും ഓരോ അർദ്ധവർഷവും 60 ദിവസത്തിൽ കുറയാതെ ഇടപാടുകൾ നടത്തുന്ന ഓരോ സ്ഥാപനങ്ങളുടേയും, ആകെ 60 ദിവസത്തിൽ കുറയാതെ നഗരസഭാ പ്രദേശത്ത് തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ഏതൊരാളുടെയും മേൽ തൊഴിൽ നികുതി ചുമത്തുന്നതിനും പിരിച്ചെടുക്കുന്നതിനും നഗരസഭക്ക് അധികാരമുണ്ട്. കൊയിലാണ്ടി മുനിസിപ്പാലിറ്റിയിൽ 2021-22 സാമ്പത്തിക വർഷം 2548 സ്ഥാപനങ്ങൾക്കാണ് ലൈസൻസ് അനുവദിച്ചിട്ടുള്ളത്. മേൽ സ്ഥാപനങ്ങളിലൊന്നും തന്നെ ജീവനക്കാരുടെ എണ്ണത്തിന് അനുസരിച്ച് തൊഴിലുടമയിൽ നിന്നും റിട്ടേൺ വാങ്ങി തൊഴിൽ നികുതി ഈടാക്കുന്നില്ല. തൊഴിൽ നികുതി പിരിച്ചെടുക്കാൻ മേൽപ്പറഞ്ഞ നിയമങ്ങളും ചട്ടങ്ങളും നിലവിലുണ്ടെങ്കിലും തൊഴിൽ നികുതി നൽകാൻ ബാദ്ധ്യസ്ഥരായ അനേകം സ്ഥാപനങ്ങളുടെയും വ്യക്തികളുടെയും തൊഴിൽ നികുതി ഡിമാന്റ് ചെയ്യുകയോ പിരിക്കുകയോ ചെയ്തിട്ടില്ല. ഉദാഹരണം :

ചട്ടം 3(2) പ്രകാരം സ്വയം തൊഴിൽ ചെയ്യുന്ന സ്വകാര്യ ഡോക്ടർമാർ, പാരാമെഡിക്കൽ വിദഗ്ദ്ധർ, അഭിഭാഷകർ, സഹകരണം സംഘം ആക്റ്റ് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള സംഘങ്ങൾ, ബാങ്കർമാർ തുടങ്ങിയവർക്ക് നിശ്ചയിച്ച പരമാവധി അർധവാർഷിക തൊഴിൽ നികുതി 1250/- രൂപയാണ്. എന്നാൽ ഈ ഗണത്തിൽ പെടുന്ന താഴെ പറയുന്ന മുഴുവൻ പേരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുകയോ ഡിമാന്റ് ചെയ്യുകയോ ചെയ്തിട്ടില്ല.

1. നഗരസഭയിൽ വിവിധ ഭാഗങ്ങളിൽ പ്രാക്ടീസ് ചെയ്യുന്ന അഭിഭാഷകർ, ഡോക്ടർമാർ

2. പെട്രോൾ, ഡീസൽ പമ്പുകൾ, സർവ്വീസ് സ്റ്റേഷൻ എന്നിവ നടത്തുന്നവർ

2. രജിസ്റ്റർ/റിട്ടേണുകളുടെ സൂക്ഷിപ്പ്

വ്യക്തികൾ/സ്ഥാപനങ്ങൾ സമർപ്പിക്കുന്ന റിട്ടേണുകൾ (ഫോറം IV) ശരിയായ രീതിയിൽ സൂക്ഷിച്ചിട്ടില്ല. റിട്ടേണുകൾ ഡിമാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തുന്ന മുറയ്ക്ക് ക്രമനമ്പർ നൽകി

സൂക്ഷിക്കേണ്ടതാണ്.

വാർഷിക ധനകാര്യ പത്രിക പ്രകാരം (B-15 ഷെഡ്യൂൾ) കുടിശ്ശികയിനത്തിൽ 252729/- രൂപ പിരിക്കാൻ ബാക്കിയുണ്ടെങ്കിലും ആയത് സംബന്ധിച്ചുള്ള കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കുകയോ, കുടിശ്ശിക പിരിച്ചെടുക്കാൻ യാതൊരു നടപടികളും സ്വീകരിക്കുകയോ ചെയ്തിട്ടില്ല. പിരിച്ചെടുക്കാതെ ബാക്കിയായ തുക കുടിശ്ശിക ഡിമാന്റ് രജിസ്റ്ററിൽ ചേർത്ത് സൂക്ഷിക്കാത്തതിനാൽ കുടിശ്ശിക നികുതി പിരിവ് ശ്രദ്ധിക്കാൻ നഗരസഭയ്ക്ക് കഴിഞ്ഞിട്ടില്ല. മാത്രമല്ല 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ്, വകുപ്പ് 539 പ്രകാരം പിരിച്ചെടുക്കാതെ ബാക്കിയായ കുടിശ്ശിക മൂന്ന് വർഷം കഴിയുമ്പോൾ യാതൊരു നടപടിയും സ്വീകരിക്കാൻ കഴിയാതെ കാലഹരണപ്പെടുകയും ചെയ്യും.

രജിസ്റ്ററുകളിൽ തൻവർഷത്തെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

3. റിട്ടേണുകൾ സമർപ്പിക്കുന്നില്ല.

2005 ലെ കേരളാ മുനിസിപ്പാലിറ്റി തൊഴിൽ നികുതി ചട്ടങ്ങളിലെ ചട്ടം 4(2)(3), ചട്ടം 9 എന്നിവ പ്രകാരമുള്ള ഫോറം VI പ്രകാരമുള്ള നോട്ടീസ് പല സ്ഥാപനങ്ങൾക്കും നൽകുകയോ സ്ഥാപനങ്ങൾ റിട്ടേൺ സമർപ്പിക്കുകയോ ചെയ്തിട്ടില്ല.

രണ്ടായിരത്തിലധികം സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന നഗരസഭയിലെ എത്ര സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകി എന്ന വിവരം ലഭ്യമാക്കിയിട്ടില്ല. ഓരോ സ്ഥാപനത്തിലും എത്ര പേർ ജോലി ചെയ്യുന്നുണ്ടെന്നും അവരിൽ നിന്നും നികുതി ഈടാക്കുന്നുണ്ടോ എന്നൊന്നും വ്യക്തമല്ല. ഒന്നിലധികം പേർ ജോലി ചെയ്യുന്ന പല വ്യാപാരസ്ഥാപനത്തിൽ നിന്നും തൊഴിലാളികളുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

4. കെട്ടിട ഉടമകളിൽ നിന്നും റിട്ടേൺ ആവശ്യപ്പെടുന്നില്ല.

2005 ലെ കേരള മുനിസിപ്പാലിറ്റി തൊഴിൽ നികുതി ചട്ടങ്ങളിലെ ചട്ടം 5 പ്രകാരം ഏതെങ്കിലും പാർപ്പിടേതര കെട്ടിടത്തിന്റെ ഉടമസ്ഥനോ കൈവശക്കാരനോടോ ഫാറം 1 ൽ സെക്രട്ടറി നോട്ടീസ് നൽകുകയും ആവശ്യമായ വിവരങ്ങൾ ഫാറം 2 ൽ നഗരസഭയിൽ സമർപ്പിക്കുകയും വേണം.

ചട്ടം 6 പ്രകാരം ഏതെങ്കിലും തൊഴിലുടമയോ അവരുടെ പ്രതിനിധികളോടോ ഫാറം 3 പ്രകാരം നോട്ടീസ് നൽകുകയും തൊഴിലാളികളുടെ ലിസ്റ്റും വരുമാനത്തെ സംബന്ധിച്ച സ്റ്റേറ്റ്മെന്റും 4ാം നമ്പർ ഫോറത്തിൽ സമർപ്പിക്കുകയും വേണം.

എന്നാൽ ചട്ടം 5 പ്രകാരമുള്ള നോട്ടീസ് സെക്രട്ടറി നൽകിയിട്ടില്ല. ചട്ടം 6 പ്രകാരമുള്ള നോട്ടീസ് ചില സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ടെങ്കിലും ആരും ഫാറം 4 ൽ റിട്ടേൺ സമർപ്പിച്ചിട്ടില്ല.

ഉദാ: വാർഡ് 32 (18) ലെ ഏതാനും ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു

| | |
|---|---|
| 1 | Essess ഗോൾഡ് & ഡൈമണ്ട് |
| 2 | തങ്ക് ഹോം അപ്ലയൻസ് |
| 3 | സുധമിത്രം ഡിജിറ്റൽ ഹബ് മാർബിൾസ് സെയിൽസ് |
| 4 | സഹാറ ഗോൾഡ് |
| 5 | മമ്മാസ് കിച്ചൺ &റസ്റ്റോറന്റ് |
| 6 | മൻഹ ജ്വല്ലറി |
| 7 | ഇന്ത്യൻ ബേക്കറി ഹോട്ടൽ ,മൊബൈൽ റീചാർജ് |
| 8 | സെന്റർ ഫ്രഷ് വെജി ഹോട്ടൽ |
| 9 | ട്രന്റ്സ് |
| 10 | റോയൽ എൻഫീൽഡ് |

| | |
|---|---|
| 11 | തക്കാര/ഗാമ ഹോട്ടൽ |
| 12 | സൈബ ഡയമണ്ട് |

നഗരസഭയിൽ ലൈസൻസിനായി നൽകുന്ന അപേക്ഷയിൽ എത്ര ജീവനക്കാരുണ്ടെന്ന വിവരം രേഖപ്പെടുത്തുന്നില്ല. പുതിയ ലൈസൻസിനായി അപേക്ഷിക്കുന്നവരുടെ വിവരങ്ങൾ ന്യൂ ട്രേഡ് ലൈസൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നുണ്ട്. 2021-22 ന്യൂ ട്രേഡ് ലൈസൻസ് രജിസ്റ്റർ പ്രകാരം 87 പുതിയ ലൈസൻസുകളാണ് അനുവദിച്ചിട്ടുള്ളത്. എന്നാൽ ഈ സ്ഥാപനങ്ങൾ ട്രേഡേഴ്സ് ലിസ്റ്റിൽ യഥാസമയം ഉൾപ്പെടുന്നുണ്ടെന്നും സ്ഥാപനനികുതിയും ജീവനക്കാരുടെ എണ്ണത്തിനനുസൃതമായി തൊഴിൽ നികുതിയും ഡിമാന്റ് ചെയ്യുകയും ഈടാക്കുകയും ചെയ്യുന്നുണ്ടെന്ന് ഉറപ്പു വരുത്തുവാനുള്ള സംവിധാനം സ്ഥാപനത്തിൽ നിലവിലില്ല.

ടെയിഡേഴ്സിന്റെ കാര്യത്തിൽ, പിരിച്ചെടുത്ത നികുതി, ചട്ടങ്ങളിൽ പ്രതിപാദിച്ച നടപടിക്രമങ്ങളിലൂടെയല്ല നികുതി കണക്കാക്കി ഈടാക്കിയത്. സ്ഥാപന ഉടമയിൽ നിന്നും സ്ഥാപനത്തിന്റെയും, തൊഴിലാളികളുടെയും വരുമാനം സംബന്ധിച്ച് റിട്ടേൺ വാങ്ങിയാണ് നികുതി കണക്കാക്കി ഡിമാന്റ് ചെയ്യേണ്ടത്. ബിസിനസ് സ്ഥാപനങ്ങളുടെ വരുമാനം ടേൺ ഓവർ അടിസ്ഥാനപ്പെടുത്തിയാണ് കണക്കാക്കേണ്ടത്. എന്നാൽ ഒരു മാനദണ്ഡവുമില്ലാതെ ഒരു നിശ്ചിത തുക ഈടാക്കുന്ന രീതിയാണ് നടന്നു വരുന്നത്. ഇത് വരുമാനചോർച്ചയ്ക്ക് ഇടയാക്കുന്നു എന്നതു പോലെ ചട്ടങ്ങളുടെ ലംഘനവുമാണ് .

മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ ഇത് സംബന്ധിച്ച് പരാമർശമുണ്ടായിരുന്നെങ്കിലും (2019-20 (ഖ.1-12), 2017-18(ഖ.2.5)) യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. മുനിസിപ്പാലിറ്റിയിലെ സ്ഥാപനങ്ങളിൽ ഫീൽഡ് പരിശോധന നടത്തി ട്രേഡേഴ്സ് ലിസ്റ്റ്, സ്ഥാപന രജിസ്റ്റർ എന്നിവ കാലികമാക്കിയിട്ടില്ല. മാത്രമല്ല ലൈസൻസ് എടുത്ത പുതിയ സ്ഥാപനങ്ങളുൾപ്പെടെ നഗരസഭാ പരിധിക്കുള്ളിൽ തൊഴിൽ, വ്യാപാരം, വ്യവസായം, മറ്റ് വരുമാന മാർഗ്ഗങ്ങളിൽ ഏർപ്പെടുന്നവർ എന്നിങ്ങനെ തൊഴിൽ നികുതി ഒടുക്കാൻ ബാധ്യതപ്പെട്ടവർ മുഴുവൻ നികുതി പരിധിക്കുള്ളിൽ വന്നുവെന്ന് സ്ഥാപനം ഉറപ്പു വരുത്തിയിട്ടില്ല. രജിസ്റ്ററുകളുടെ പരിപാലനത്തിലെയും തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നതിലുള്ള നടപടിക്രമങ്ങളിലെയും വീഴ്ചകൾ ഇത് വ്യക്തമാക്കുന്നു. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 20/2021-22 തിയ്യതി 6.10.2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. നികുതി അടയ്ക്കാൻ ബാദ്ധ്യസ്ഥരായ മുഴുവൻ പേരിൽ നിന്നും മേൽ നിർദ്ദേശിച്ച പ്രകാരം നികുതി ഡിമാന്റ് ചെയ്ത് ഈടാക്കാൻ നടപടികൾ സ്വീകരിച്ച് രേഖകൾ സഹിതം വിവരം ലഭ്യമാക്കേണ്ടതാണ്.

### 1-14 ഡെപ്പോസിറ്റ് രജിസ്റ്ററിൽ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല

വാർഷിക ധനകാര്യ പത്രികയിലെ ബാലൻസ് ഷീറ്റ് ബി7 പ്രകാരം വിവിധ ഡെപ്പോസിറ്റ് ഇനങ്ങളിലായി 4,91,11,497/-രൂപ അവശേഷിക്കുന്നുണ്ട്. എന്നാൽ ഡെപ്പോസിറ്റ് തുകകൾ സംബന്ധിച്ച വിശദ വിവരങ്ങൾ മുൻവർഷത്തെ ബാലൻസ് തുക, തൻവർഷം ലഭിച്ച തുക, തൻവർഷത്തെ ബാലൻസ് തുക എന്നിവ പരിശോധിക്കുന്ന തിനാവശ്യമായ രജിസ്ററർ രേഖപ്പെടുത്തൽ വരുത്തി സൂക്ഷിക്കുന്നില്ല. രജിസ്റ്ററിൽ കൃത്യമായ രേഖപ്പെടുത്തൽ വരുത്തി ഓഡിറ്റിന് ഹാജരാക്കേണ്ടതാണെന്ന് മുൻവർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിരുന്നുവെങ്കിലും നാളിതുവരെ രജിസ്റ്ററിൽ കൃത്യമായി വിവരങ്ങൾ രേഖപ്പെടുത്തി ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ഡെപ്പോസിറ്റ് രജിസ്റ്റർ കൃത്യമായ രേഖപ്പെടുത്തൽ വരുത്തി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

### 1-15 വാടക-അപാകതകൾ

കൊയിലാണ്ടി നഗരസഭയ്ക്ക് ബസ് സ്റ്റാന്റ് ബിൽഡിംങ്ങ്, ബസ് സ്റ്റാന്റ് അനക്സ് ബിൽഡിംങ്ങ്, മത്സ്യ മാർക്കറ്റ്, ടൗൺ ഹാൾ എന്നിവിടങ്ങളിലെ വാടക കെട്ടിടങ്ങളിൽ നിന്നായി വാടക ഇനത്തിൽ വരുമാനം

ലഭിക്കുന്നുണ്ട്. എന്നാൽ 2021-22 വർഷം എല്ലാ മുറികളിൽ നിന്നും വാടക ഈടാക്കിയിട്ടില്ല. വാടക അടവാക്കാത്തവരുടെ വിശദ വിവരങ്ങളും ലഭിക്കാൻ അവശേഷിക്കുന്ന തുകയുടെ വിവരവും താഴെ കൊടുക്കുന്നു.

| ക്രമ നം | ലൈസൻസിയുടെ പേര് | മുറി നം | മാസ വാടക | ലഭിക്കാനുള്ള തുക (2021-22 വർഷത്തെ) |
|---|---|---|---|---|
| 1 | സുജല | 18/497 A | 6870 | 6870 |
| 2 | ബിനിൽ | 18/497 B3,B4 | 6744 | 6744 |
| 3 | പവിത്രൻ | 18/498 A32 | 7810 | 39050 |
| 4 | മുസ്തഫ കെ .കെ | 18/498 B11 | 3629 | 3629 |
| 5 | രമേഷ് ബാബു | 18/498 B26 | 3500 | 3500 |
| 6 | സെക്രട്ടറി<br>സർഗ്ഗം ഫാൻസി | 18/498 C5, C20 | 2077 | 24924 |
| 7 | ഗോൾഡ് ഫിഷ് | 18/498 C1,C18 | 2507 | 2507 |
| 8 | സരോജ | 18/498 C 11 | 1250 | 12500 |
| 9 | രേഷ്മ | 18/498 C 13 | 1250 | 15000 |
| 10 | സതി | 19/182 B5 | 600 | 7200 |
| 11 | മുഹസിന | 19/182 B6 | 1252 | 15024 |
| 12 | പത്മനാഭൻ.കെ.ടി | 19/182 B11 | 864 | 5184 |
| 13 | അബ്ദുള്ള .എം.കെ | 19/182 D10 | 2205 | 4410 |
| 14 | ഉഷ | 19/182 E9 | 5320 | 5320 |
| 15 | ഇന്ദുലാൽ/<br>രാധാകൃഷ്ണൻ.പി.കെ | 19/182 E10 | 2304 | 4608 |
| 16 | സതീഷ് കുമാർ | 19/182 E12 | 5251 | 5251 |
| 17 | ഗോപാലൻ<br>CITU Office | 19/182 F1 | 900 | 2700 |

| | | | | |
|---|---|---|---|---|
| 18 | അമ്പാടി കുടുബശ്രീ | 19/182 F2 | 834 | 2502 |
| 19 | സെക്രട്ടറി,ആദി ഫൗണ്ടേഷൻ | 19/182 F3 | 1252 | 15024 |
| 20 | കുമാരൻ മാസ്റ്റർ | 19/182 F5 | 600 | 1800 |
| 21 | സെക്രട്ടറി, CPM<br>സൗത്ത് ബ്രാഞ്ച് | 19/182 F6 | 864 | 2592 |
| 22 | കെ.എസ്.ടി.എ | 19/182 F7 | 695 | 2780 |
| 23 | ബഷീർ.ടി.പി | 19/182 F11 | 793 | 4758 |
| 24 | വികാസ് | 19/182 F13 | 720 | 2160 |
| 25 | സരള | 19/182 F16 | 864 | 8640 |
| 26 | ശ്യാം മനോഹർ | 25/406 B | 5168 | 62016 |
| 27 | മണി.ടി.കെ | 25/406 K | 2978 | 35736 |
| 28 | ഗണേശൻ | 25/406 P | 4464 | 13392 |
| 29 | നൗഫൽ | 25/406 A5 | 3334 | 16670 |
| 30 | കുഞ്ഞബ്ദുള്ള | 18/404 M1 | 4200 | 4200 |
| 31 | രതീഷ് കുമാർ.വി.കെ | 18/404 M10 | 6000 | 18000 |
| 32 | പവിത്രൻ.യു.കെ | 18/404 M16 | 4000 | 48000 |
| 33 | സത്യൻ പടിഞ്ഞാറയിൽ/<br>സജിനി.പി,<br>അനുഷ.കെ.വി | 18/404 M17 | 4200 | 21000 |
| 34 | ശ്രീരാഗ് | 18/404 M 19 | 5040 | 10080 |
| 35 | രോഷിത്ത്.എ.കെ | 18/404 M 20 | 4200 | 4200 |
| 36 | ഷജീഷ് കുമാർ | 18/405 M 21 | 4000 | 4000 |
| 37 | ഹരിതം<br>കുടുംബശ്രീ കാന്റീൻ | | 6300 | 6300 |
| | | | | 4,48,271 |

<u>എഗ്രിമെന്റ് ഹാജരാക്കിയില്ല</u>

മത്സ്യമാർക്കറ്റിലെ കെട്ടിട നമ്പർ 19/182 E 15 വാടകയ്ക്ക് എടുത്ത ശ്രീ. അശോകൻ.വി.കെ യുടെ വാടക എഗ്രിമെന്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. വാടക രജിസ്റ്റർ പ്രകാരം 1.1.22 മുതൽ 31.12.25 വരെയാണ് വാടക കരാർ കാലാവധി.

ഓഡിറ്റിന് ലഭ്യമാക്കിയ രേഖകൾ പരിശോധിച്ചതിൽ വാടകയിനത്തിൽ തൻവർഷം 4,48,271/-രൂപയും, കുടിശ്ശികയും സ്ഥാപനത്തിന് ലഭിക്കാനുള്ളതായി കാണുന്നു. അക്കൗണ്ട്സ് പ്രകാരം ടൗൺഹാൾ, ഷോപ്പിങ്ങ് കോംപ്ലക്സ് എന്നിവിടങ്ങളിൽ നിന്നും വാടക ഇനത്തിലെ തൻവർഷ ഡിമാന്റ് 1,29,32,481/-രൂപയാണ്. എന്നാൽ ഇവയിൽ നിന്നും കുടിശ്ശിക ഇനത്തിൽ ലഭിക്കാനുള്ള തുക ബി 15 ൽ പ്രസ്തുത ഹെഡിൽ ഉൾപ്പെടുത്തിയിട്ടില്ല. ഇതിന് വിശദീകരണം നല്കേണ്ടതാണ്. കൂടാതെ, മേൽ പ്രതിപാദിച്ച തുകകൾ ഈടാക്കാൻ സ്വീകരിച്ച നടപടികളുടെ വിവരവും, ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. ക്രമ നമ്പർ 1 മുതൽ 5 വരെയും ക്രമ നം. 7, 14, 15, 33, 34, 37 എന്നീ മുറികളുടെയും വാടക ഈടാക്കിയതായി രസീതി നമ്പർ സഹിതം 16/21-22 /3.10.2022 ലെ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. അടവാക്കിയതിന്റെ കൃത്യത അടുത്ത ഓഡിറ്റിൽ പരിശോധിക്കുന്നതാണ്. കൂടാതെ ക്രമനമ്പർ 10 മുറിയുടെ വാടക ഡെപ്പോസിറ്റ് തുകയിൽനിന്ന്

ഈടാക്കിയതായും ക്രമ നമ്പർ 26, 27 എന്നീ മുറികളുടെ വാടക ഈടാക്കുന്നതായും അറിയിച്ചിട്ടുണ്ട്. ഈടാക്കിയ തുക പ്രസ്തുത മുറിയുടെ വാടകയിനത്തിൽ വകയിരുത്തിയും ഈടാക്കാത്ത തുക ഈടാക്കിയും വാടക ഡിമാന്റ് രജിസ്റ്റർ കാലികമാക്കേണ്ടതാണ്. കൂടാതെ ക്രമനമ്പർ 28, 30 എന്നിവയിൽ ഈടാക്കിയതിന്റെ വിവരം രേഖപ്പെടുത്തിയിട്ടുള്ളത് 25.9.2022 ലെ 121010105402 പ്രകാരമെന്നാണ്. ആയതിന്റെ കൃത്യത ഉറപ്പ് വരുത്തേണ്ടതാണ്. ക്രമനമ്പർ 6, 8, 9, 11, 12, 13, 16, 17, 18, 19, 20, 21, 22, 23, 24, 25, 29, 31, 32, 35, 36 വരെയുള്ള കുടിശ്ശിക വരുത്തിയവർക്ക് വാടക അടവാക്കുന്നതിന് പല ഘട്ടങ്ങളായി നോട്ടീസ് നൽകിയിട്ടുള്ളതാണെന്നും നിലവിൽ ഓഡിറ്റ് പരാമർശപ്രകാരം കുടിശ്ശിക അടവാക്കുന്നതിന് കക്ഷികൾക്ക് അറിയിപ്പ് നൽകിയിട്ടുള്ളതാണെന്നും കുടിശ്ശിക വിവരം ഈടാക്കി ഓഡിറ്റിനെ രേഖാമൂലം അറിയിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഈടാക്കാൻ അവശേഷിക്കുന്ന ക്രമനമ്പർ 6, 8, 9, 11, 12, 13, 16, 17, 18, 19, 20, 21, 22, 23, 24, 25, 29, 31, 32, 35, 36 ലെ വാടക 216119/- രൂപ ഈടാക്കി, രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-16 ഡയറികളും പുസ്തകങ്ങളും വാങ്ങിയത് - ആവശ്യകത,വിതരണം എന്നിവയിൽ വ്യക്തതയില്ല

ഓഡിറ്റ് വർഷത്തിൽ തനത് ഫണ്ടിൽ നിന്നും തുക വിനിയോഗിച്ച് മുനിസിപ്പൽ ആക്ട്, തദ്ദേശകം ഡയറി, ചെയർമാൻ ചേംബർ ഡയറി എന്നിവ വാങ്ങിയിട്ടുണ്ട്. ഇവ വാങ്ങുന്നതിന്റെ ആവശ്യകത വ്യക്തമാക്കാതെയാണ് വാങ്ങിയിരിക്കുന്നത്. കൂടാതെ, ആർക്കൊക്കെ ഇവ വിതരണം ചെയ്തുവെന്ന വ്യക്തമായ രേഖ ഓഡിറ്റിന് ഹാജരാക്കിയിട്ടുമില്ല. ഓരോ ഇനം വാങ്ങിയതിന്റെ വിശദാംശവും വാങ്ങിയതിലെ അപാകതകളും താഴെ കൊടുക്കുന്നു.

1) കേരള മുനിസിപ്പാലിറ്റി നിയമങ്ങളും ചട്ടങ്ങളും വാല്യം 1&2

വൌച്ചർ നം-22100096/27.4.21

ചെലവു തുക-58905/-

ഫയൽ നം-H2/CL/1132/21

കേരള മുനിസിപ്പാലിറ്റി നിയമങ്ങളും ചട്ടങ്ങളും എന്ന പുസ്തകത്തിന്റെ വാല്യം 1 ന്റെ 50 കോപ്പികളും വാല്യം 2 ന്റെ 5 കോപ്പികളും വാങ്ങിയ ഇനത്തിലാണ് 58905/- രൂപ ചെലവഴിച്ചിരിക്കുന്നത്. ഒരു പകർപ്പിന് 1190/- രൂപ നിരക്കിലാണ് പുസ്തകം വാങ്ങിയിരിക്കുന്നത്. ഈ പുസ്തകങ്ങൾ വില്പനയ്ക്ക് തയ്യാറായെന്നും ഇത് ചെയർമാൻ, കൌൺസിലർമാർ, ഓഫീസിലെ വിവിധ വകുപ്പുകൾ എന്നിവർക്ക് ഉപകാരപ്പെടുമെന്നും ആകയാൽ സ്ഥാപനത്തിൽ ആവശ്യമുള്ള കോപ്പികൾ, സപ്ലൈ ഓർഡർ നല്കുന്ന മുറയ്ക്ക് അയച്ചുതരുമെന്നുമുള്ള പ്രസാധകരായ ലോ ബുക്സിന്റെ 22.1.22 ലെ കത്തിന്റെ അടിസ്ഥാനത്തിലാണ് പുസ്തകം വാങ്ങാനുള്ള നടപടികൾ സ്ഥാപനത്തിൽ ആരംഭിച്ചതെന്ന് ഫയലിൽ നിന്നും വ്യക്തമാകുന്നു. ആകെ 55 കോപ്പികൾ അയച്ചുതരണമെന്ന 2.2.21 ലെ കത്തിലെ ആവശ്യത്തെത്തുടർന്ന് അത്രയും പകർപ്പുകൾ ലോ ബുക്സ് ലഭ്യമാക്കുകയും മേൽ വൌച്ചർ പ്രകാരം തുക നല്കിയതുമാകുന്നു. ഈ ബുക്കുകൾ എന്തിനു വാങ്ങിയെന്നോ എത്രയാണ് ആവശ്യമെന്നോ ആർക്കാണ് നല്കിയതെന്നോ വ്യക്തമല്ല. മുനിസിപ്പൽ നിയമവും പ്രധാനപ്പെട്ട ചട്ടങ്ങളും എൽ എസ് ജി ഡി യുടെ സൈറ്റിൽ(സഞ്ചിതാ സോഫ്റ്റ്‌വെയർ പ്രകാരമുള്ളത്) ലഭ്യമായിരിക്കെ ഇത്രയും ബുക്കുകൾ വലിയ വില നല്കി വാങ്ങിയതിന്റെ ഉദ്ദേശ്യം വ്യക്തമാക്കേണ്ടതുണ്ട്. റഫറൻസ് ആവശ്യത്തിനാണെങ്കിൽ മുനിസിപ്പൽ ലൈബ്രറി, ഓഫീസ് തുടങ്ങിയ ഇടങ്ങളിൽ ആവശ്യത്തിന് ഇവ ലഭ്യമാക്കിയാൽ മതിയായിരുന്നു എന്നത് ശ്രദ്ധേയമാണ്.

2) തദ്ദേശകം ഡയറി 2021

വൌച്ചർ നം-22100232/2.6.21

ചെലവു തുക-27900/-

ഫയൽ നം-CL/4672/21

ഗ്രാമലക്ഷ്മി മുദ്രാലയം പ്രിന്റ് ചെയ്ത തദ്ദേശകം ഡയറിയുടെ 150 കോപ്പികൾ വാങ്ങിയ ഇനത്തിലാണ് 27900/- രൂപ വിനിയോഗിച്ചിരിക്കുന്നത്. ഒരെണ്ണത്തിന് 186/-രൂപ നിരക്കിലാണ് ഡയറി വാങ്ങിയത്. നിയമ പുസ്തകം വാങ്ങിയ കാര്യത്തിലെന്ന പോലെ, ഡയറികൾ വാങ്ങുന്നത് എന്തിനാണെന്നും, ആവശ്യകത എത്രയെന്നും നിർണ്ണയിക്കപ്പെട്ടിട്ടില്ലെന്ന് ഫയൽ വ്യക്തമാക്കുന്നു. കൂടാതെ ഇവ ആർക്കൊക്കെ വിതരണം ചെയ്തെന്നും വ്യക്തമല്ല.

3) ചെയർമാൻ ചേംബർ ഡയറി

വൌച്ചർ നം-22101083/11.1.22

ചെലവു തുക-25000/-

ഫയൽ നം-CL/12687/15

ചേംബർ ഓഫ് മുനിസിപ്പൽ ചെയർമാൻ പ്രസിദ്ധീകരിച്ച 2022 ലെ ഡയറി വാങ്ങിയ കാര്യത്തിലും മേൽ അപാകതകൾ ആവർത്തിച്ചിട്ടുണ്ട്. 250/-രൂപ വിലയുള്ള ഡയറി 100 എണ്ണം വാങ്ങിയ ഇനത്തിലാണ് 25000/-രൂപ വിനിയോഗിച്ചിരിക്കുന്നത്. ഡയറികൾ ആർക്ക് വേണ്ടി വാങ്ങി, ആവശ്യകത എത്ര എന്നീ കാര്യങ്ങളിൽ വ്യക്തതയില്ല. കൂടാതെ ഡയറികൾ ആർക്കൊക്കെ വിതരണം ചെയ്തുവെന്നും വ്യക്തമല്ല. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി നല്കിയിട്ടില്ല. മറുപടി ലഭ്യമാക്കേണ്ടതാണ്. അപാകതകളുടെ അടിസ്ഥാനത്തിൽ 111805/- രൂപയുടെ (58905+27900+25000) ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-17 എം.സി.എഫ് സ്ഥാപിച്ചതിൽ അപാകത

നിർവ്വഹണം - ഹെൽത്ത് ഇൻസ്പെക്ടർ

പ്രൊജക്ട് നം. SO 199/22-വിവിധ സ്ഥലങ്ങളിൽ മിനി എം സി എഫ്

പ്രൊജക്ട് അടങ്കൽ-18 ലക്ഷം രൂപ (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

ചെലവ് തുക- 1733400-(Bill Ref. No.21160447001001520591/30.3.22)

നഗരസഭയുടെ വിവിധ വാർഡുകളിൽ 100 മിനി എം സി എഫ് യൂണിറ്റുകൾ

സ്ഥാപിക്കുന്നതിനുള്ളതാണ് മേൽ പ്രൊജക്ട്. മുൻവർഷം രൂപീകരിച്ച പ്രൊജക്ട് സ്പിൽ ഓവറായി ഓഡിറ്റ് വർഷം നടപ്പിലാക്കുക യായിരുന്നു. പ്രൊജക്ട് നിർഹണത്തിൽ താഴെ പറയുന്ന അപാകതകൾ സംഭവിച്ചതായി ഫയലും,ഇതുമായി ബന്ധപ്പെട്ട സ്ഥല പരിശോധനയും സാക്ഷ്യപ്പെടുത്തുന്നു.

1) പ്രവൃത്തി പൂർത്തീകരിക്കാതെയാണ് ചെലവുതുക അനുവദിച്ചിരിക്കുന്നത്.പ്രവൃത്തിയുടെ കരാർ എടുത്ത സാൻസ് കോർപ്പ് ഇൻഡ്യാ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനം 15.3.22 തീയതിയിൽ 100 യൂണിറ്റുകൾക്കുള്ള ബിൽ സമർപ്പിച്ചതിനെ തുടർന്ന് ഇക്കാര്യത്തിൽ റിപ്പോർട്ട് സമർപ്പിക്കാൻ ഹെൽത്ത് ഇൻസ്പെക്ടർ ആവശ്യപ്പെടുകയും 50 യൂണിറ്റുകൾ മാത്രമാണ് പൂർത്തീകരിച്ചതെന്ന് 21.3.22 ന് ജെ എച്ച് ഐ റിപ്പോർട്ട് നൽകിയതുമാകുന്നു. എന്നാൽ ബിൽ തുകയുടെ 25% റിട്ടൻഷൻ പിടിച്ച് തുക നൽകാൻ ഹെൽത്ത് ഇൻസ്പെക്ടർ നിർദ്ദേശിച്ചതിനെ തുടർന്ന് 433350/-രൂപ റിട്ടെൻഷനായി പിടിച്ച് 1300050/-രൂപ കരാറുകാരന് നൽകുകയായിരുന്നു. കൂടാതെ , 2020-21 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി, വനിതാ പരിശീലന കേന്ദ്രത്തിൽ പ്രവർത്തിച്ചുവരുന്ന സഹയോഗ് കുടുംബശ്രീ ഗ്രീൻകവർ യൂണിറ്റിന്റെ പ്രവർത്തനം പരിശോധിക്കുന്നതിനായി സ്ഥാപനം സന്ദർശിച്ചതിൽ ,പരിശീലനകേന്ദ്രം കോമ്പൗണ്ടിൽ പണിപൂർത്തീകരിച്ചതും, പൂർത്തികരിക്കാത്തതുമായ 50 ഓളം ബോട്ടിൽ കളക്ഷൻ യൂനിറ്റുകളും നിർമ്മാണ സാമഗ്രികളും ഉപേക്ഷിക്കപ്പെട്ട നിലയിൽ കണ്ട കാര്യവും , സ്ഥലപരിശോധനക്കായി ഓഡിറ്റ് ടീമിനെ അനുഗമിച്ച സെക്രട്ടറി ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥനായ ജെ.എച്ച്.ഐ ,ഇവ 2021-22 വർഷത്തെ പദ്ധതിയുടെ ഭാഗമായി നിർമ്മാണം നടക്കുന്നവയാണെന്ന് വ്യക്തമാക്കിയ കാര്യവും 20-21 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക1-10 ൽ പ്രതിപാദിച്ചിട്ടുമുണ്ട്. 17.2.22 ന് H1/3276/20 നമ്പരായി സ്ഥാപനത്തിന് അയച്ച സെലക്ഷൻ നോട്ടീസിൽ ,നോട്ടീസ് കൈപ്പറ്റി 7 ദിവസത്തിനകം സാധനങ്ങൾ ഓഫീസിൽ വിതരണം ചെയ്യേണ്ടതാണെന്ന് നിബന്ധന വച്ചിട്ടുണ്ട് എന്നത് ഇവിടെ പ്രസക്തമാണ്. പാതി പോലും പൂർത്തീകരിക്കാത്ത യൂണിറ്റുകൾക്ക് പ്രൊജക്ട് കോസ്റ്റിന്റെ 75% തുക അനുവദിച്ചതിന് കാരണം വിശദമാക്കേണ്ടതാണ്. കൂടാതെ ,ചെലവ് വന്നതിന് ശേഷം മാത്രമേ സർക്കാർ ഗ്രാന്റുകൾ കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നും പിൻവലിക്കാവൂ എന്നിരിക്കെ പ്രൊജക്ട് കോസ്റ്റിന്റെ 25% തുക റിട്ടൻഷനായി പിൻവലിച്ച് തനത് ഫണ്ടിൽ സൂക്ഷിച്ചതിനും വിശദീകരണം നല്കേണ്ടതാണ്.

2) സാൻസ് കോർപ്പിന് അയച്ച സെലക്ഷൻ നോട്ടീസിൽ കരാർ വെക്കേണ്ട കാര്യം സൂചിപ്പിച്ചിട്ടില്ല. കൂടാതെ സ്ഥാപനവുമായി യാതൊരു കരാറുമില്ലാതെയാണ് നഗരസഭ 17.39 ലക്ഷം രൂപയുടെ വാങ്ങൽ നടത്തിയിരിക്കുന്നത്.

3) ആവശ്യകതാ നിർണ്ണയം നടത്താതെയാണ് പ്രൊജക്ട് തയ്യാറാക്കിയത്.2020-21 വർഷം അംഗീകാരം വാങ്ങിയ പ്രൊജക്ടിന് ടെണ്ടർ നടപടികൾ സ്വീകരിക്കാമെന്ന് ജെ എച്ച് ഐ റിപ്പോർട്ട് ചെയ്യുകയും സ്പെസിഫിക്കേഷൻ തയ്യാറാക്കാനും ടെണ്ടർ നടപടികൾ സ്വീകരിക്കാനും 29.6.20 ന് ഹെൽത്ത് ഇൻസ്പെക്ടർ നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട് . തുടർന്ന് ഇക്കാര്യത്തിൽ യാതൊരു നടപടിയും സ്ഥാപനം മേൽ വർഷം സ്വീകരിച്ചിട്ടില്ല. ഓഡിറ്റ് വർഷത്തിൽ 15.7. 21ന് പദ്ധതിക്ക് സ്പിൽ ഓവറായി കൌൺസിൽ അംഗീകാരം ലഭിച്ചതിനുശേഷം 11.11.21 നാണ് ( ഇക്കാര്യത്തിൽ ഒന്നരവർഷത്തോളം കാലതാമസം കാണാം) ടെണ്ടർ നടപടികൾ സ്വീകരിക്കാൻ അനുമതിക്കായി സെക്ഷൻ ഫയൽ സമർപ്പിക്കുന്നത്. ഇതേ കാര്യത്തിനായി (100 ബോട്ടിൽ യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് ) 2019-20 വർഷത്തിൽ പ്രൊജക്ട്" രൂപീകരിക്കുകയും 20-21 വർഷത്തിൽ അത് നിർവ്വഹിച്ചതുമാണെന്ന കാര്യം ഇവിടെ ശ്രദ്ധേയമാണ്.പ്രൊജക്ടിനുള്ള ആവശ്യകത 20-21 വർഷത്തെ വർക്കിംഗ് ഗ്രൂപ്പിൽ ഉയർന്നു വരികയോ പ്രൊജക്ടിൽ ഇത് വിശദമാക്കുകയോ ചെയ്തിട്ടില്ല.

4) പ്രൊജക്ട് പ്രകാരമുള്ള യൂണിറ്റുകൾ എവിടെയൊക്കെ സ്ഥാപിക്കപ്പെട്ടെന്ന് വ്യക്തമാക്കപ്പെട്ടിട്ടില്ല. ക്രമനം ഒന്നിലെ അപാകതയുടെ അടിസ്ഥാനത്തിൽ മുഴുവൻ യൂണിറ്റുകളും സ്ഥാപിച്ചിട്ടില്ലെന്ന് വ്യക്തവുമാണ്. കൂടാതെ നിർവ്വഹണം വർക്കിംഗ് ഗ്രൂപ്പോ,സ്റ്റാന്റിംഗ് കമ്മിറ്റിയോ മറ്റേതെങ്കിലും സംവിധാനമോ മോണിറ്റർ ചെയ്തിട്ടുമില്ല. നിർവ്വഹണത്തിലെ സുതാര്യതയില്ലായ്മ ഇതിൽ നിന്നും വ്യക്തമാണ്. വിശദാംശങ്ങൾ ലഭ്യമല്ലാത്തതിനാൽ, ഇവ സ്ഥാപിക്കപ്പെട്ടത് പരിശോധിക്കാൻ 2022

ഒക്ടോബർ 6,7 തീയതികളിൽ നടത്തിയ സ്ഥലപരിശോധനയിൽ വിവിധ വാർഡുകളിലായി ആകെ 76 യൂണിറ്റുകൾ സ്ഥാപിച്ചതായി ബോധ്യപ്പെട്ടു. ഇവയിൽ മിക്കതും സ്ഥലപരിശോധനയ്ക്ക് മുമ്പുള്ള ദിവസങ്ങളിൽ (രണ്ടാഴ്ച മുതൽ രണ്ട് ദിവസം വരെയുള്ള കാലയളവിൽ) സ്ഥാപിക്കപ്പെട്ടതാണെന്ന് കൌൺസിലർ ഉൾപ്പടെയുള്ള ദൃക് സാക്ഷികളുടെ പ്രതികരണങ്ങളിൽ നിന്നും വ്യക്തമായിട്ടുണ്ട്. പ്രൊജക്ടിന്റെ മുഴുവൻ ചെലവും ഓഡിറ്റ് വർഷത്തിൽ ചെലവഴിച്ചിരിക്കെ, നാളിതുവരെ മുഴുവൻ യൂണിറ്റുകളും സ്ഥാപിക്കാത്തതിന് കാരണം വിശദമാക്കേണ്ടതാണ്.

5)സാൻസ് കോർപ്പ് സമർപ്പിച്ച സാംബിൾ, ടെണ്ടറിൽ ആവശ്യപ്പെട്ട സ്പെസിഫിക്കേഷന് അനുസരിച്ചുള്ളതാണെന്ന് 4.2.22 ന് എഞ്ചിനീയറിംഗ് വിഭാഗം സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. എന്നാൽ നിർമ്മിച്ച് സ്ഥാപിച്ച യൂണിറ്റുകൾ സ്പെസിഫിക്കേഷന് അനുസരിച്ചാണോയെന്നത് പരിശോധിക്കപ്പെട്ടിട്ടില്ല. (ടെണ്ടറിൽ ആവശ്യപ്പെട്ട സ്പെസിഫിക്കേഷൻ പ്രൊജക്ട് ഫയലിൽ ലഭ്യമാണ്)

6) യൂണിറ്റിന് ടെണ്ടർ ലഭിച്ച സാൻസ് കോർപ്പ് എന്ന സ്ഥാപനം ഇവയുടെ നിർമ്മാണം നടത്തിയിരിക്കുന്നത് നഗരസഭയുടെ അധീനതയിലുള്ള വനിതാ പരിശീലന കേന്ദ്രത്തിൽ വച്ചാണെന്ന് പ്രാദേശിക പരിശോധനയിൽ വ്യക്തമായതാണ്. നഗരസഭയുടെ സ്ഥലം ,വൈദ്യുതി എന്നിവ ഈ സ്ഥാപനത്തിന് സൌജന്യമായി ഉപയോഗപ്പെടുത്തിയ കാര്യത്തിൽ വിശദീകരണം നല്കേണ്ടതാണ്.

7) യൂണിറ്റുകൾ നിർമ്മിക്കുന്നതിനായി ടെണ്ടർ ക്ഷണിച്ചതിൽ കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത ഒളവണ്ണയിലെ അസിം ഡിസൈനിംഗ്&ഇന്റീരിയേഴ്സ് എന്ന സ്ഥാപനം സാമ്പിൾ ഹാജരാക്കാൻ ആവശ്യപ്പെട്ടിട്ടും ലഭ്യമാക്കാത്തതിനാൽ രണ്ടാമത്തെ കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത സ്ഥാപനത്തെ

തെരെഞ്ഞെടുക്കുകയായിരുന്നു.വ്യവസ്ഥകൾ പാലിക്കാത്ത ഈ സ്ഥാപനത്തിന്റെ നിരതദ്രവ്യം നാളിതുവരെ തനത് ഫണ്ടിലേക്ക് മുതൽ കൂട്ടിയിട്ടില്ല.

8) യൂണിറ്റുകൾ സ്ഥാപനത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല. മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടതിന് നല്കിയ മറുപടിയിൽ 50 എണ്ണം പൂർത്തിയായ പശ്ചാത്തലത്തിലും ബാക്കിയുള്ളവ നിർമ്മാണ ഘട്ടങ്ങളിൽ ആയതുകൊണ്ടും തുക അനുവദിക്കുകയായിരുന്നെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പിന്നീട് 26 എണ്ണം കൂടി പൂർത്തിയായതിന്റെ അടിസ്ഥാനത്തിലാണ് അതിന് സമാനമായ തുക നല്കിയതെന്ന് മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ 50 എണ്ണം പൂർത്തിയാക്കിയപ്പോൾ തന്നെ മുഴുവൻ തുകയും അനുവദിച്ചതും, 2022 ഒക്ടോബറിൽ പോലും ആകെ സ്ഥാപിച്ച 76 എണ്ണത്തിൽ പെടുന്ന യൂണിറ്റുകൾ സ്ഥാപിക്കപ്പെട്ടിട്ടുണ്ടെന്നതും മറുപടി വസ്തുതാപരമല്ലെന്ന് കാണിക്കുന്നു. കൂടാതെ പ്രൊജക്ട് തുക വർഷാവസാനം നഷ്ടപ്പെടാതിരിക്കാനും കൂടിയാണ് മുഴുവൻ തുകയും ചെലവഴിച്ചതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇത് കേരള ഫിനാൻഷ്യൽ കോഡിലെ വ്യവസ്ഥകൾക്ക് വിരുദ്ധമാണെന്ന കാര്യവും ശ്രദ്ധയിൽ പെടുത്തുന്നു.

എം സി എഫ് നിർമ്മാണത്തിന് ഉപയോഗപ്പെടുത്തിയ വൈദ്യുതി തുക ടെണ്ടർ എടുത്ത സ്ഥാപനം തന്നെയാണ് ഒടുക്കിയതെന്ന് മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. നിർമ്മാണം പൂർത്തീകരിച്ച യൂണിറ്റുകൾ 7ദിവസത്തിനകം വിതരണം ചെയ്യണമെന്നാണ് വ്യവസ്ഥയെന്നിരിക്കെ നഗരസഭയുടെ സ്ഥലവും വൈദ്യുതിയും എപ്രകാരം മേൽ സ്ഥാപനത്തിന് ലഭ്യമായി എന്ന കാര്യം വ്യക്തമാക്കേണ്ടതുണ്ട്. ഭരണ സമിതിയോ, ചെയർമാൻ, വൈസ് ചെയർമാൻ എന്നിവരാരെങ്കിലുമോ ഇക്കാര്യത്തിൽ അനുമതി നല്കിയോയെന്നും വ്യക്തമാക്കേണ്ടതാണ്. അല്ലാത്ത പക്ഷം ഹെൽത്ത് ഇൻസ്പെക്ടർ സ്വന്തം നിലക്ക് ഇവ അനുവദിക്കുകയായിരുന്നെങ്കിൽ ഇതിനുള്ള അധികാരം എപ്രകാരം ലഭിച്ചുവെന്നും വ്യക്തമാക്കേണ്ടതാണ്. ടെണ്ടർ സ്വീകരിച്ച സ്ഥാപനവും നിർവ്വഹണോദ്യോഗസ്ഥനും തമ്മിലുള്ള അനാരോഗ്യകരമായ ബന്ധത്തെ ഇത് സൂചിപ്പിക്കുന്നതായി ഓഡിറ്റ് വിലയിരുത്തുന്നു. ഇക്കാര്യത്തിൽ അന്വേഷണം നടത്തി ക്രമക്കേട് കണ്ടെത്തുന്ന പക്ഷം ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്. കൂടാതെ സ്ഥലവും കറന്റും ഉപയോഗിച്ചതിന് മേൽ സ്ഥാപനത്തിൽ നിന്നും ഈടാക്കിയ തുകയുടെ വിവരങ്ങളും ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

ക്രമനമ്പർ 5 പ്രകാരമുള്ള അപാകതയ്ക്ക്, സ്പെസിഫിക്കേഷൻ അനുസരിച്ചാണോ യൂണിറ്റുകൾ നിർമ്മിച്ചതെന്ന് പരിശോധിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എഞ്ചിനീയറിംഗ്

വിഭാഗത്തെ കൊണ്ട് ഇത് പരിശോധിച്ച് വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.
ക്രമനമ്പർ 7 പ്രകാരമുള്ള അപാകതയ്ക്ക്, Msme യൂണിറ്റായതിനാൽ നിരതദ്രവ്യം സ്വീകരിച്ചിട്ടില്ല എന്ന മറുപടിയാണ് ലഭ്യമാക്കിയിരിക്കുന്നത്. ടെണ്ടറിനൊപ്പം സമർപ്പിക്കുന്ന പ്രാഥമിക കരാർ ഉടമ്പടിയിൽ ഇത്തരം സന്ദർഭങ്ങളിൽ നഷ്ടം ഈടാക്കാൻ വ്യവസ്ഥ ചെയ്തിരിക്കുമെന്നതിനാൽ അപ്രകാരം തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.
കൂടാതെ കരാർ സ്വീകരിച്ച സ്ഥാപനവുമായി വച്ച കരാർ പരിശോധനയ്ക്ക് സമർപ്പിക്കേണ്ടതും , തനത് ഫണ്ടിൽ സൂക്ഷിച്ച 25%തുക അടിയന്തിരമായി കൺസോളിഡേറ്റഡ് ഫണ്ടിലൊടുക്കി വിവരം അറിയിക്കേണ്ടതുമാണ്.
അപാകതകളുടെ അടിസ്ഥാനത്തിൽ 1733400/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഓഡിറ്റ് നിർദ്ദേശപ്രകാരമുള്ള നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-18 ഹരിത സഹായ സംഘത്തിന് തുക നല്കിയത് സേവനത്തിന് അനുസൃതമല്ല

പ്രൊജക്ട്-19/22-ഹരിതസഹായസംഘത്തിന് തുക നൽകൽ

വകയിരുത്തിയ തുക- 5ലക്ഷം രൂപ (ധനകാര്യ കമ്മീഷൻ ഗ്രാന്റ് )

ചെലവ് തുക-443100/-(BR നമ്പർ ലഭ്യമല്ല തീയതി 16.3.22 )

നിർവ്വഹണം -ഹെൽത്ത് ഇൻസ്പെക്ടർ

നഗരസഭയിലെ ഹരിത കർമ്മസേനയെ ശക്തിപ്പെടുത്തി, മാലിന്യ സംസ്കരണത്തിൽ മാതൃകകൾ സൃഷ്ടിക്കുന്നതിന് നിയമിക്കപ്പെട്ട ഏക് സാത് എന്ന ഹരിത സഹായസംഘത്തിന് 2021 ജൂലായ് മുതൽ 2022 ഫെബ്രുവരി വരെയുള്ള 8 മാസത്തെ പ്രവർത്തനത്തിന് പ്രതിമാസം 55395/-രൂപ നിരക്കിൽ 443100/- രൂപ അനുവദിച്ചിട്ടുണ്ട്. ഈ സ്ഥാപനത്തെ നിയമിച്ചതിലും അവരുടെ പ്രവർത്തനങ്ങളിലും താഴെ പറയുന്ന അപാകതകൾ സംഭവിച്ചതായി ഹരിതകർമ്മസേനയുടെ പ്രവർത്തനത്തെ വിലയിരുത്തിയതിലും ഫയൽ പരിശോധിച്ചതിലും വ്യക്തമാകുന്നു.

എ) ഈ സ്ഥാപനത്തെ എപ്രകാരം തെരെഞ്ഞെടുത്തെന്ന് ഫയലിൽ നിന്നും വ്യക്തമാകുന്നില്ല. ഇവർക്ക് പ്രതിഫലം നല്കുന്ന നടപടിക്രമം ആരംഭിച്ചു കൊണ്ടാണ് ഫയൽ തുടങ്ങുന്നത്. കൂടാതെ 8 മാസത്തെ പ്രതിഫലം ആവശ്യപ്പെട്ടുകൊണ്ട്KKD/D1/29/22 നമ്പരായി തീയതിയില്ലാതെ നല്കിയ കത്തിൽ 29.6.21 ന് ഹെൽത്ത് ഇൻസ്പെക്ടറും ഏക് സാത്ത് സെക്രട്ടറിയും തമ്മിലുള്ള ധാരണാ പത്രത്തെ കുറിച്ച് സൂചിപ്പിച്ചിട്ടുണ്ട്. എന്നാൽ ഇത്തരത്തിൽ ഒരു ധാരണാ പത്രം ഫയലിൽ ലഭ്യമല്ല.

ബി)ധാരണാ പത്രം ലഭ്യമല്ലാത്തതുകൊണ്ട് തന്നെ ഇവരുടെ പ്രവർത്തനം സംബന്ധിച്ച വ്യവസ്ഥകൾ എന്തൊക്കെയായിരുന്നെന്ന് വ്യക്തമല്ല. എന്നാൽ ഹരിതകേരള മിഷൻ മാർഗ്ഗരേഖയിൽ ഇത്തരം സ്ഥാപനങ്ങളുടെ പ്രവർത്തനം വിശദമാക്കുന്നുണ്ട്. സേനയെ സ്വയം പര്യപ്തമാക്കി സ്വന്തം നിലക്ക് പ്രവർത്തിക്കുന്നതിനുള്ള കാര്യശേഷിയുണ്ടാക്കി, മാലിന്യനിർമ്മർജ്ജന പ്രവർത്തനങ്ങൾ നഗരസഭയ്ക്ക് ബാധ്യതയാകാത്ത തരത്തിൽ നിർവ്വഹിക്കുന്ന സ്ഥിതിവിശേഷം സൃഷ്ടിക്കേണ്ടത് ഇവരുടെ കടമയാണ്. എന്നാൽ ഹരിതകർമ്മ സേനാ പ്രവർത്തകരെ നേരിൽ കേട്ടതിലും, മാലിന്യനിർമ്മാർജ്ജനത്തിന് നഗരസഭ വൻതുക മുടക്കിയ ഫയൽ പരിശോധിച്ചതിലും, മാലിന്യ നിർമ്മാർജ്ജനത്തിലെ നിലവിലെ അവസ്ഥ പരിശോധിച്ചതിലും താഴെ പറയുന്ന കാര്യങ്ങൽ വ്യക്തമാകുന്നു.

1).ഹരിതസേന ഒരുതരത്തിലും നാളിതുവരെ ശാക്തീകരിക്കപ്പെട്ടിട്ടില്ല. തങ്ങളുടെ ഉത്തരവാദിത്വങ്ങൾ, അവകാശങ്ങൾ, അധികാരങ്ങൾ എന്നിവ എന്തൊക്കെയെന്ന് ഇവർക്ക് തിരിച്ചറിയാനായിട്ടില്ല. കൂടാതെ തങ്ങൾക്ക് വിവിധ തലങ്ങളിൽ നിന്നും ലഭിക്കേണ്ട സഹായങ്ങൾ എന്തൊക്കെയെന്ന് ഇവർ തിരിച്ചറിയുകയോ അവ ലഭിക്കുകയോ ചെയ്തിട്ടില്ല. എന്റെ മാലിന്യം എന്റെ ഉത്തരവാദിത്വം എന്നതാണ് ഹരിത കേരളമിഷൻ മുദ്രാവകൃമെങ്കിലും വീടുകൾ, സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നും തുച്ഛമായ

തുക നൽകി (വീടുകൾ 50/- രൂപ മാത്രം) വൻതോതിൽ റിജക്റ്റഡ് മാലിന്യം സ്വീകരിക്കേണ്ടി വന്ന സാഹചര്യം ഇവർ വിശദമാക്കിയിട്ടുണ്ട്. കൗൺസിലർമാർ ഉൾപ്പടെയുള്ളവരെ ബോധവൽക്കരിച്ച് സംവിധാനത്തിന്റെ ഭാഗമാക്കാൻ കഴിയാത്തത് സഹായ സ്ഥാപനത്തിന്റെ വീഴ്ചയായി കാണാം. അഭിമാനത്തോടേയും ആർജ്ജവത്തോടേയും പ്രവർത്തിക്കാൻ പര്യപ്തമായ വരുമാനമോ,തൊഴിൽ സാഹചര്യമോ നാളിതുവരെ സൃഷ്ടിക്കപ്പെട്ടില്ലെന്നത് പരിതാപകരമാണ്. ഉദ്യോഗസ്ഥ തലം ഉൾപ്പടെയുള്ള അധികാര സ്ഥാനങ്ങൾ അവരുടെ പരാതികളും പ്രശ്നങ്ങളും പരിഗണിക്കുകയോ പരിഹരിക്കുകയോ ചെയ്തിട്ടില്ലെന്ന് ഇവരെ നേരിൽ കേട്ടതിൽ നിന്നും വ്യക്തമായിട്ടുണ്ട്.

2).ഹരിതകർമ്മസേന ചൂഷണത്തിന് വിധേയമാകുന്നുണ്ട്. ശേഖരിക്കപ്പെടുന്ന എല്ലാ മാലിന്യങ്ങളുടേയും ഉടമസ്ഥത ഇവർക്കാണെന്നിരിക്കെ, സ്ഥാപിക്കപ്പെട്ട 200 ബോട്ടിൽ ബൂത്തുകൾ ഇവരെ ഏല്പിച്ചിട്ടില്ല. ഈ അടുത്തകാലത്ത്മാത്രമാണ് എൺപതോളം ബൂത്തുകൾ തങ്ങളെ ഏല്പിച്ചതെന്ന് അവർ വ്യക്തമാക്കിയിട്ടുണ്ട്. അതുവരെയുള്ള മൂല്യമുള്ള മാലിന്യങ്ങൾ ആര് കൈകാര്യം ചെയ്തെന്നും, അവശേഷിക്കുന്ന 120 ബൂത്തുകൾ ആര് കൈകാര്യം ചെയ്യുന്നെന്നും വ്യക്തമാക്കേണ്ടതുണ്ട്. നാല്പതോളം ദിവസം നാല്പത്തഞ്ചോളം പേർ അധ്വാനിച്ച് വേർതിരിച്ച റീസൈക്കിൾ ചെയ്യാവുന്ന മാലിന്യത്തിന്റെ മൂല്യമോ, അതിന്റെ വിലയോ ലഭ്യമാക്കാനോ ഇക്കാര്യത്തിൽ ഇടപെടാനോ സഹായ സ്ഥാപനത്തിന് കഴിഞ്ഞിട്ടില്ലെന്നത് ശ്രദ്ധേയമാണ്.

3)ഇവർ ചുമതല ഏറ്റതിന് ശേഷം ശേഖരിക്കപ്പെട്ട മാലിന്യത്തിൽ നിന്നും വരുമാനമുണ്ടാക്കാൻ സേനയെ പ്രാപ്തമാക്കാൻ സഹായസ്ഥാപനത്തിന് കഴിഞ്ഞിട്ടില്ല. ശേഖരിച്ചതിലും എത്രയോ ടൺ മാലിന്യങ്ങൾ കയറ്റി അയച്ച ഇനത്തിൽ 27 ലക്ഷത്തോളം രൂപ നഗരസഭയ്ക്ക് ചെലവഴിക്കേണ്ടി വന്ന സാഹചര്യം ഉണ്ടായിയെന്നത് ഗുരുതരമാണ്. ഇവരുടെ പ്രവർത്തനങ്ങൾ കേവലം റിപ്പോർട്ടിംഗ് നടത്തുക എന്നല്ലാതെ ഫീൽഡിൽ കാര്യമായ മാറ്റങ്ങൾ സംഭവിച്ചിട്ടില്ലെന്ന് കാണാം.

മേൽ സാഹചര്യത്തിൽ പ്രവർത്തനങ്ങൾ വിലയിരുത്താതെ തുക നല്കിയതിനും മറ്റ് അപാകതകൾക്കും വിശദീകരണം ആവശ്യപ്പെട്ടതിന് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നല്കിയിട്ടില്ല. അപാകതകളുടെ അടിസ്ഥാനത്തിൽ 443100/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-19 ഫോഗിംങ് മെഷീൻ വാങ്ങിയത് -ആവശ്യകത വ്യക്തമല്ല

പ്രൊജക്ട്-159/22-ഫോഗിംങ് മെഷീൻ വാങ്ങൽ

വകയിരുത്തിയ തുക-163500/- രൂപ(ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

ചെലവ് തുക-143580/-(BRനമ്പർ ലഭ്യമല്ല തീയതി10.3.22 )

നിർവ്വഹണം -ഹെൽത്ത് ഇൻസ്പെക്ടർ

നഗരസഭയിൽ 3 ഫോഗിംങ് മെഷീൻ വാങ്ങുന്നതിന് തയ്യാറാക്കിയ പ്രൊജക്ട് പ്രകാരം 143580/-രൂപ വിനിയോഗിച്ചിട്ടുണ്ട്. പകർച്ചവ്യാധി തടയലാണ് പ്രൊജക്ട് ലക്ഷ്യമായി കാണിച്ചിരിക്കുന്നത്. ഉപകരണം വാങ്ങിയിരിക്കുന്നത് റെയ്ഡ്കോയിൽ നിന്നാണ്. പ്രൊജക്ട് നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ സംഭവിച്ചു കാണുന്നു.

എ) പകർച്ചവ്യാധി തടയുന്നതുമായി ബന്ധപ്പെട്ട് നഗരസഭയിൽ നിലവിലുള്ള സംവിധാനങ്ങളെന്തൊക്കെയെന്ന് പ്രൊജക്ടിൽ വ്യക്തമാക്കിയിട്ടില്ല. നിലവിൽ ഫോഗിംങ് നടത്തുന്നുണ്ടോയെന്നും ഉണ്ടെങ്കിൽ ഇതിന്റെ ചുമതല ആർക്കെന്നും എത്ര മെഷീൻ ഉണ്ടെന്നും ഇവയുടെ നിലവിലെ അവസ്ഥ എന്തെന്നും പുതിയ മെഷീൻ വാങ്ങേണ്ട സാഹചര്യം എന്തെന്നും പ്രൊജക്ടിൽ വ്യക്തമാക്കിയിട്ടില്ല. കൂടാതെ പുതിയ മെഷീൻ വാങ്ങുമ്പോൾ ഇത് ആര് കൈകാര്യം ചെയ്യും എന്ന കാര്യത്തിലും വ്യക്തത പ്രൊജക്ട് നല്കുന്നില്ല. 10.10.22ന് നടത്തിയ പ്രാദേശിക പരിശോധനയിൽ ഒരു മെഷീൻ നാളിതുവരെ (മെഷീൻ വാങ്ങി 7 മാസമായിട്ടും ) പാക്കിംഗ് പോലും പൊളിക്കാതെ സൂക്ഷിച്ചു കാണുന്നു. മറ്റൊരെണ്ണം പായ്ക്കറ്റിന് പുറത്തെടുത്തെങ്കിലും ഉപയോഗപ്പെടുത്തുന്നതായി കാണുന്നില്ല. ഇതിൽ നിന്നും ആവശ്യമില്ലാതെ വാങ്ങൽ നടത്തി പൊതുപണം വിനിയോഗിക്കുക മാത്രമാണ് പ്രൊജക്ട്

കൊണ്ട് ഉദ്ദേശിച്ചതെന്ന് വ്യക്തമാകുന്നു. പ്രൊജക്റ്റ് വെറ്റിംഗ് നടത്തിയിരിക്കുന്നത് DMO ഹെൽത്ത് ആണ്. മേല്പറഞ്ഞ അടിസ്ഥാന വിവരങ്ങൾ ഇല്ലാതെ പ്രൊജക്റ്റ് അംഗീകരിച്ച സാഹചര്യം വെറ്റിംഗ് അതോറിറ്റി വ്യക്തമാക്കേണ്ടതുമാണ്.

ബി) ആകെ 3 എണ്ണത്തിന് തുക വകയിരുത്തിയെങ്കിലും 2 മെഷീൻ മാത്രമാണ് വാങ്ങിയിരിക്കുന്നത്. ഈ സാഹചര്യത്തിൽ, പ്രൊജക്റ്റിന് എന്തെങ്കിലും ലക്ഷ്യമുണ്ടെങ്കിൽ അത് എപ്രകാരം കൈവരിക്കുമെന്ന് വിശദമാക്കേണ്ടതാണ്.

സി) മെഷീൻ സ്ഥാപനത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല

ഡി) പ്രൊജക്റ്റ് നിർവ്വഹണം മോണിറ്റർ ചെയ്യേണ്ട സംവിധാനങ്ങളൊന്നും തന്നെ നിർവ്വഹണം നിരീക്ഷിച്ചിട്ടില്ല.

മേല്പറഞ്ഞ എല്ലാ കാര്യങ്ങൾക്കും വിശദമായ മറുപടി ആവശ്യപ്പെട്ട് നല്കിയ എൻക്വയറിക്ക് നല്കിയ മറുപടിയിൽ നിലിവൽ ഒരു മെഷീൻ ഉണ്ടെന്നും ചില സമയങ്ങളിൽ കൊതുകുകളെ ഒരേ സമയം നശിപ്പിക്കുന്നതിന് ഒരേ സ്ഥലത്ത് രണ്ട് മെഷീൻ ഉപയോഗിക്കേണ്ടി വരാറുണ്ടെന്നും അതിനാലാണ് വാങ്ങിയതെന്നും വ്യക്തമാക്കിയിട്ടുണ്ട്. ഇവയിലേതെങ്കിലും കേടു വരുന്ന അവസ്ഥയിൽ ഉപയോഗിക്കാനാണ് രണ്ടെണ്ണം വാങ്ങിയതെന്നും വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ JHI യുടെ കീഴിൽ, പരിശീലനം ലഭിച്ച ശുചീകരണ തൊഴിലാളികളാണ് ഇവ ഉപയോഗിക്കുന്നതെന്നും വ്യക്തമാക്കിയിട്ടുണ്ട് . നിലവിലുള്ള മെഷീൻ കേടുവരുമ്പോൾ റിപ്പയർ ചെയ്തോ, പുതിയവ വാങ്ങിയോ പരിഹരിക്കാമെന്നിരിക്കെ, വില കൂടിയ ഉപകരണം വാങ്ങി ഉപയോഗിക്കാതെ സൂക്ഷിച്ചിരിക്കുന്നത് ആവശ്യങ്ങളുടെ മുൻഗണനാക്രമമനുസരിച്ച് പ്രൊജക്റ്റുകൾ തയ്യാറാക്കുന്നില്ല എന്നതിന് ഉദാഹരണമായി കാണാം. കൂടാതെ ദീർഘകാലം ഉപയോഗിക്കാതെ യന്ത്രം നശിക്കാനും വാറണ്ടി കാലം കഴിയാനും ഇത് ഇടയാക്കും. ക്രമ നമ്പർ സി, ഡി എന്നിവയിൽ പരാമർശിച്ച അപാകതകൾക്ക് മറുപടി നല്കിയിട്ടില്ല എന്നതും ശ്രദ്ധയിൽ പെടുത്തുന്നു. അപാകതകളുടെ അടിസ്ഥാനത്തിൽ ചെലവുതുക തടസ്സപ്പെടുത്തുന്നു.

## 1-20 ആരോഗ്യമേഖലയിലെ വാങ്ങലുകൾ -ഒരേ സ്ഥാപനത്തിന് തന്നെ ടെണ്ടർ ലഭിച്ചു

നിർവ്വഹണം -ഹെൽത്ത് ഇൻസ്പെക്ടർ

ആരോഗ്യമേഖലയിൽ നിർവ്വഹിക്കപ്പെട്ട പ്രൊജക്റ്റുകളുമായി ബന്ധപ്പെട്ട മിക്ക വാങ്ങലുകളുടേയും ടെണ്ടർ സാൻസ് കോർപ്പ് എന്ന സ്ഥാപനത്തിനാണ് ലഭിച്ചിരിക്കുന്നത്. പ്രധാനപ്പെട്ട പ്രൊജക്റ്റുകൾ താഴെ കൊടുക്കുന്നു

| ക്രമ നം | പ്രൊജക്റ്റ് | വകയിരുത്തിയ തുക | ചെലവ് തുക |
|---|---|---|---|
| 1 | 175/22-കളക്റ്റേഴ്സ് @HSS | 200000 | 130500 |
| 2 | 198/22-വാട്ടർ ATM | 1000000 | 992664 |
| 3 | 199/22-വിവിധ സ്ഥലങ്ങളിൽ മിനി MCF | 1800000 | 1733400 |
| 4 | 222/22-സമഗ്രമാലിന്യ പരിപാലനം (ശുചീകരണ തൊഴിലാളികൾക്ക് ഉപകരണങ്ങൽ വാങ്ങൽ) | 1200000 | 674277 |

നാലു പ്രൊജക്റ്റുകളും പരിശോധിക്കുമ്പോൾ വ്യത്യസ്ത സ്വഭാവമുള്ള ഉല്പന്നങ്ങൾക്കാണ് സ്ഥാപനം

ടെണ്ടർ സമർപ്പിച്ച് സാധനങ്ങൾ വിതരണം ചെയ്തിരിക്കുന്നതെന്ന് കാണാം.വാട്ടർ ATM, MCF, മൺവെട്ടി ഉൾപ്പടെയുള്ള ഉപകരണങ്ങൾ എന്നിവ ഇവയിൽ പെടുന്നുണ്ട്.ഈ സ്ഥാപനവുമായുള്ള ഇടപാടിൽ താഴെ പറയുന്ന അപാകതകൾ സംഭവിച്ച കാണുന്നു.

1) മിനി MCFന്റെ കാര്യത്തിൽ ആകെ 100 എണ്ണത്തിന് സപ്ലൈ ഓർഡർ നല്കുകയും ഓർഡർ ലഭിച്ച് 7ദിവസത്തിനകം ഇവ വിതരണം ചെയ്യണമെന്ന് നിഷ്കർഷിക്കുകയും ചെയ്തിരിക്കെ നാളിതുവരെ 76എണ്ണം മാത്രമാണ് സ്ഥാപനം ലഭ്യമാക്കിയിരിക്കുന്നത്,ഇവ തന്നെ കാലുകൾ കോൺക്രീറ്റിൽ ഉറപ്പിക്കണമെന്ന ടെണ്ടർ വ്യവസ്ഥ പാലിക്കാതെയാണ് നിർവ്വഹിച്ചിരിക്കുന്നത്. 100 എണ്ണത്തിനുള്ള മുഴവൻ തുകയും ,പാതി പോലും വിതരണം ചെയ്യാത്ത അവസ്ഥയിൽ തന്നെ നല്കിയ കാര്യം 2020-21വർഷത്തെ റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുമുണ്ട്. 2020-21വർഷത്തിലും മിനി MCF 100 എണ്ണം സ്ഥാപിച്ചിരുന്നെങ്കിലും ഇവ എവിടെയൊക്കെയന്ന് വ്യക്തമാക്കപ്പെടുകയോ ആരും മോണിറ്റർ ചെയ്യുകയോ ചെയ്തിട്ടില്ല. 992664/-രൂപ വിനിയോഗിച്ച് വാങ്ങിയ വാട്ടർ ATM കളിൽ ഒരെണ്ണം മാത്രമാണ് നാളിതുവരെ സ്ഥാപിച്ചത്. രണ്ടെണ്ണം ടൗൺ ഹാളിൽ സൂക്ഷിച്ചതായി കണ്ടെത്തിയിട്ടുണ്ട്.

2) ഏഴ ദിവസത്തിനുള്ളിൽ വിതരണം ചെയ്യണമെന്ന വ്യവസ്ഥയിൽ ഓർഡർ നല്കിയ MCF കൾ നിർമ്മാണം നടത്തിയിരിക്കുന്നത് നഗരസഭയുടെ ഉടമസ്ഥതയിലുള്ള വരകുന്ന് മാലിന്യസംസ്കരണ കേന്ദ്രത്തിന്റെ കോമ്പൗണ്ടിൽ വച്ച് നഗരസഭയുടെ കറന്റ് കണക്ഷൻ ഉപയോഗിച്ചാണെന്ന് 2020-21വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി നടത്തിയ സ്ഥലപരിശോധനയിൽ ബോധ്യപ്പെട്ടതാണ്. MSMEആയി കേന്ദ്ര സർക്കാരിന്റെ UDYAM പോർട്ടലിൽ രജിസ്റ്റർ ചെയ്ത സ്ഥാപനം ഒരു മാനുഫാക്ചറിംഗ് കമ്പനി എന്ന നിലക്കാണ് രജിസ്ട്രേഷൻ എടുത്തിരിക്കുന്നതെന്ന് മേൽ പർച്ചേസുകളുമായി ബന്ധപ്പെട്ട് സമർപ്പിക്കപ്പെട്ട ടെണ്ടറുകൾക്കൊപ്പമുള്ള സർട്ടിഫിക്കറ്റിന്റെ പകർപ്പിൽ നിന്നും വ്യക്തമാകുന്നുണ്ട്. സ്വന്തം നിർമ്മാണ സ്ഥലത്ത് നിർമ്മിച്ച് വിതരണം ചെയ്യേണ്ട ഉല്പന്നം മേല്പറഞ്ഞ തരത്തിൽ നഗരസഭാ ആസ്തി ഉപയോഗപ്പെടുത്തി നിർമ്മിച്ചിരിക്കുന്നത് എന്തുകൊണ്ടെന്ന് വ്യക്തമല്ല. കോഴിക്കോട് ഹൈലൈറ്റ് ബിസിനസ്സ് പാർക്കിൽ പ്രവർത്തിക്കുന്ന സ്ഥാപനത്തിന്റെ ഉല്പന്ന നിർമ്മാണ ഫാക്ടറി എവിടെയെന്ന് വ്യക്തമല്ല. ഇത് വിശദീകരിക്കപ്പെടേണ്ടതാണ്. ഉദ്യോഗ് ആധാർ പോർട്ടൽ രജിസ്ട്രേഷൻ സെൽഫ് ഡിക്ലറേഷൻ അടിസ്ഥാനപ്പെടുത്തിയുള്ളതിനാൽ(24.1.19ലെ GOP 2/2019/SPDഉത്തരവ് കാണുക) സ്ഥാപനത്തിന്റെ വിശ്വാസ്യത പരിശോധിക്കണമെന്ന് സർക്കാർ നിർദ്ദേശിച്ച കാര്യം ഇവിടെ പ്രസക്തമാണ്. വാട്ടർ എ ടി എം , കളക്ടേഴ്സ് @സ്കൂൾ , മൺവെട്ടി, വീൽ ബാരോ ഉൾപ്പടെയുള്ള ശുചീകരണ ഉപകരണങ്ങൾ എന്നിവ ഈ സ്ഥാപനം തന്നെ നിർമ്മിച്ചതാണോയെന്നത് വിശദീകരിക്കപ്പെടേണ്ടതുണ്ട്.ഈ സ്ഥാപനത്തെ സംബന്ധിച്ച എല്ലാ വിവരങ്ങളും അന്വേഷിച്ച് ഇക്കാര്യങ്ങളിൽ വ്യക്തത വരുത്തേണ്ടതും വിവരം അറിയിക്കേണ്ടതുമാണ്.

3) വിതരണത്തിലും, ഇൻസ്റ്റാലേഷനിലും വരുത്തിയ വീഴ്ചകൾ (MCF, വാട്ടർ ATM എന്നിവയുടെ കാര്യത്തിൽ) നഗരസഭാ പരിസരവും, കറന്റും നിർമ്മാണത്തിന് അനുവദിച്ചത്, മിക്ക ടെണ്ടറുകളിലും ഈ സ്ഥാപനം തെരെഞ്ഞെടുക്കപ്പെട്ടത് എന്നീ കാര്യങ്ങൾ പരിഗണിക്കുമ്പോൾ ഈ സ്ഥാപനവുമായി അനാരോഗ്യകരമായ ബന്ധം പർച്ചേസിംഗ് ഓഫീസർമാർക്കുണ്ടായിരുന്നോയെന്ന് ഓഡിറ്റ് സംശയിക്കുന്നു.

മേൽ കാര്യങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ട നല്കിയ എൻക്വയറിക്ക് നല്കിയ മറുപടി ക്രമ നമ്പർ ഒന്നിൽ പരാമർശിച്ച Mcf ന്റെ കാര്യം ശരിയാണെന്ന് സാക്ഷ്യപ്പെടുത്തുന്നു. Mcf കൾ അവ സ്ഥാപിക്കുന്ന കൃത്യ സ്ഥലം നിശ്ചയിക്കപ്പെടാത്തതിനാലാണ് കോൺക്രീറ്റിൽ ഉറപ്പിക്കാത്തതെന്നും , സ്ഥലം നിശ്ചയിക്കപ്പെട്ടാൽ ഉറപ്പിക്കുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ വാട്ടർ എ ടി എം സ്ഥാപിക്കാത്തതിന് മറുപടി നല്കിയിട്ടില്ല. Mcf നിർമ്മാണത്തിന് സ്ഥലവും കറന്റും അനുവദിച്ചതിന് മറുപടിയായി കറന്റ് ചാർജ്ജ് ഒടുക്കിയത് മേൽ സ്ഥാപനമാണെന്ന നിരുത്തരവാദപരമായ മറുപടിയാണ് ലഭ്യമാക്കിയത്. നഗരസഭയുടെ ആസ്തിയും സൗകര്യങ്ങളും എപ്രകാരം ഒരു സ്വകാര്യ സ്ഥാപനത്തിന് അനുവദിച്ച എന്നതിൽ വ്യക്തതയില്ല. സ്ഥാപനത്തിന്റെ വിശദാംശങ്ങൾ അന്വേഷിച്ച് വിവരം തരാമെന്നും

ക്രമ നമ്പർ രണ്ടിനുള്ള മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. സ്ഥാപനത്തെ കുറിച്ച് അന്വേഷിക്കാതെയാണ് വിവിധ പ്രൊജക്ടുകളുടെ ഭാഗമായി വൻതുകയ്ക്കുള്ള വാങ്ങൽ നടത്തിയതെന്ന് മറുപടിയിൽ നിന്നും വ്യക്തമാകുന്നു.

മേൽ സാഹചര്യത്തിൽ സാൻസ് കോർപ്പ് എന്ന സ്ഥാപനവുമായി നിർവ്വഹണ ഉദ്യോഗസ്ഥന് അനാരോഗ്യകരമായ ബന്ധമുണ്ടോയെന്ന കാര്യത്തിൽ നഗരസഭ അന്വേഷണം നടത്തേണ്ടതും വിശദാംശം ലഭ്യമാക്കേണ്ടതുമാണ്.

1-21 മാലിന്യം നീക്കം ചെയ്യൽ-അളവ് ക്രമാതീതം-മറ്റ് അപാകതകൾ

പ്രൊജക്ട് നം-517/22-റിജക്ട് മാലിന്യം നീക്കം ചെയ്യൽ

വകയിരുത്തിയ തുക-2738969/-(ധനകാര്യ കമ്മീഷൻ ഗ്രാന്റ് )

ചെലവ് തുക-2738969/-രൂപ(ബിൽ റഫ. നമ്പർ-ബില്ലിൽ രേഖപ്പെടുത്തിയിട്ടില്ല/19.1.22)

നിർവ്വഹണ ഉദ്യോഗസ്ഥൻ-ഹെൽത്ത് ഇൻസ്പെക്ടർ

ഓഡിറ്റ് വർഷം 23.4.21 മുതൽ 11.9.21 വരെയുള്ള കാലയളവിൽ 59 ലോഡുകളിലായി 225835കിലോ റിജക്ടഡ് മാലിന്യം നീക്കം ചെയ്ത വകയിൽ ക്ലീൻ കേരള കമ്പനിക്ക് പ്രൊജക്ട് പ്രകാരം 2738969/-രൂപ അനുവദിച്ചിട്ടുണ്ട്. 2020-21വർഷത്തിലും ഇതേ ഇനത്തിന് 48245 കിലോ കയറ്റി അയച്ചതിന് 574116/-രൂപയുടെ ബിൽ ക്ലീൻ കേരള കമ്പനി നല്കുകയും അതിൽ 5ലക്ഷം രൂപ നഗരസഭ അനുവദിക്കുകയും ചെയ്തിരുന്നു. ഇതിൽ അവശേഷിച്ച തുകയായ 74116/- രൂപ കൂടി ഉൾപ്പെട്ട തുകയാണ് ഓഡിറ്റ് വർഷം അനുവദിച്ചത്. സർക്കാർ നിശ്ചയിച്ച പരമാവധി നിരക്കായ കിലോയ്ക്ക് 10/-രൂപയും 18% ജി എസ് ടിയും ഉൾപ്പടെയാണ് മേൽ തുകകൾ നല്കിയിരിക്കുന്നത്. ഇരു വർഷങ്ങളിലുമായി ക്രമാതീതമായ അളവിൽ റിജക്ടഡ് മാലിന്യം കൈയ്യൊഴിഞ്ഞതിലെ അസ്വാഭാവികത മൂലം പ്രൊജക്ട് ഫയൽ വിശദമായി പരിശോധിച്ചു. കൂടാതെ മാലിന്യ ശേഖരണത്തിന് ഉത്തരവാദപ്പെട്ട ഹരിതകർമ്മ സേനയുടെ സെക്രട്ടറി,പ്രസിഡന്റ് ,ഹെൽത്ത് വിഭാഗം ഉദ്യോഗസ്ഥർ എന്നിവരെ നേരിൽ കേൾക്കുകയും ചെയ്തു.മേൽ പരിശോധനയുടേയും കൂടിക്കാഴ്ചയുടേയും അടിസ്ഥാനത്തിൽ താഴെ കൊടുത്ത കാര്യങ്ങൾ ഓഡിറ്റിന് ബോധ്യപ്പെട്ടിട്ടുണ്ട്.

1) 225.83 ടൺ മാലിന്യത്തിന്റെ ഉറവിടം വ്യക്തമല്ല

1) ഓഡിറ്റ് വർഷം കയറ്റി അയച്ച 59 ലോഡുകളുടെ ഭാരപരിശോധന നടത്തിയിരിക്കുന്നത് കൊയിലാണ്ടി ഉൾപ്പടെ താഴെ കൊടുത്ത വിവിധ സ്ഥലങ്ങളിലെ വെയിങ് ബ്രിഡ്ജുകളിൽ നിന്നാണ്. കൂടാതെ ഭാരപരിശോധനാ രേഖ ഇല്ലാത്തതും, ബില്ലിനൊപ്പം വച്ച പരിശോധനാ രേഖ വ്യക്തമല്ലാത്തതും താഴെ കൊടുത്തപ്രകാരമുണ്ട്.

| ക്രമ നം | ഭാരപരിശോധന നടത്തിയ സ്ഥാപനം | ലോഡുകളുടെ എണ്ണം | ആകെ ഭാരം |
|---|---|---|---|
| 1 | കൊയിലാണ്ടി | 18 | 57600 |
| 2 | വെസ്റ്റ് ഹിൽ | 4 | 13110 |
| 3 | പന്തലായനി | 4 | 14505 |
| 4 | കുറ്റ്യാടി | 1 | 1700 |
| 5 | രേഖയില്ലാത്തത് | 1 | 5680 |

| | | | |
|---|---|---|---|
| 6 | രേഖകൾ വ്യക്തമല്ലാത്തത് | 31 | 133240 |
| ആകെ | | 59 | 225835 |

18 ലോഡുകൾ മാത്രമാണ് കൊയിലാണ്ടിയിൽ വച്ച് ഭാരപരിശോധനയ്ക്ക് വിധേയമായിട്ടുള്ളു. മറ്റുള്ള കേന്ദ്രങ്ങൾ മാലിന്യശേഖരണ കേന്ദ്രത്തിൽ നിന്നും വിദൂരത്തിലാണെന്നതും, രേഖകളില്ലാത്തതും, രേഖകളിൽ വ്യക്തയില്ലാത്തതുമായ ലോഡുകൾ ബില്ലിൽ ഉൾപ്പെടുത്തിയെന്നതും, ബില്ലിൽ ക്ലയിം ചെയ്ത അളവിൽ മാലിന്യം നഗരസഭയിൽ നിന്നും കയറ്റി അയച്ചിട്ടില്ലെന്നതിന് തെളിവായി കാണാം.

2) മാലിന്യശേഖരണ പ്രവർത്തനങ്ങൾ മനസ്സിലാക്കുന്നതിനും വൻതുക റിജക്ടഡ് മാലിന്യം കൈയ്യൊഴിഞ്ഞതിന് ചെലവഴിക്കേണ്ടി വന്നത് സംബന്ധിച്ച വിവരങ്ങൾ ആരായുന്നതിനും 29.9.2022 തീയതിയിൽ ഹരിതകർമ്മ സേനയുടെ പ്രസിഡന്റ്, സെക്രട്ടറി എന്നിവരെ ഹെൽത്ത് ഇൻസ്പെക്ടറുടെ സാന്നിധ്യത്തിൽ നേരിൽ കേട്ടു. 2020 മാർച്ച് മാസത്തിൽ കോവിഡ് ലോക് ഡൌൺ പ്രഖ്യാപിച്ചതിനുശേഷം 2021 ജൂലായ് മാസത്തിലാണ് വീടുകളിൽ നിന്നും മറ്റ് സ്ഥാപനങ്ങളിൽ നിന്നും മാലിന്യം ശേഖരണം പുനരാരംഭിച്ചതെന്നും , ശേഖരിച്ച മാലിന്യങ്ങൾ അതാതുവാർഡുകളിലും തൊട്ടടുത്ത വാർഡുകളിലുമാണ് സൂക്ഷിച്ച് വച്ചിരുന്നതെന്നും ഇവർ വ്യക്തമാക്കിയിട്ടുണ്ട്. 2021 ജൂലായ് 10 മുതൽ ആഗസ്റ്റ് 5 വരെയുള്ള കാലയളവിൽ 23 ലോഡുകളായി ഇവ കയറ്റി അയച്ചെന്നും, 2021 ജൂലായ് മാസം മുതൽ നിയമിതരായ ഏക് സാത് എന്ന ഹരിതസഹായ സ്ഥാപനത്തിന്റെ നിർദ്ദേശപ്രകാരം ലോഡുകളുടെ എണ്ണവും കയറ്റി അയച്ച തീയതിയും കൃത്യമായി രേഖപ്പെടുത്തി വച്ചിട്ടുണ്ടെന്നും ഇവർ വിശദമാക്കി. ഈ രേഖ പരിശോധിച്ചതിൽ താഴെ പറയും പ്രകാരം ലോഡുകൾ പോയതായി കാണുന്നു.

| ക്രമ നം | തീയതി | വാർഡുകൾ | ലോഡുകളുടെ എണ്ണം |
|---|---|---|---|
| 1 | 10.7.21 | 25 | 1 |
| 2 | 11.7.21 | 1,2 | 1 |
| 3 | 12.7.21 | 26 | 1 |
| 4 | 13.7.21 | 3 | 1 |
| 5 | 14.7.21 | 27 | 1 |
| 7 | 18.7.21 | 4,5,6,28 | 3 |
| 8 | 19.7.21 | 7,8,29 | 3 |
| 9 | 23.7.21 | 30,31 | 1 |
| 10 | 24.7.21 | 32,37 | 1 |
| 11 | 25.7.21 | 8,13 | 2 |
| 12 | 28.7.21 | 17 | 1 |
| 13 | 30.7.21 | 19 | 1 |
| 14 | 31.7.21 | 14,15 | 2 |
| 15 | 2.8.21 | 19,2 | 2 |
| 16 | 5.8.21 | 43,44 | 2 |

| | ആകെ ലോഡുകൾ | | 23 |
|---|---|---|---|

എല്ലാ വാർഡുകളിൽ നിന്നും ശേഖരിക്കപ്പെട്ട മാലിന്യങ്ങൾ ചില വാർഡുകളിലെ നിശ്ചിത കേന്ദ്രങ്ങളിൽ ശേഖരിച്ചു കൊണ്ടാണ് ചില വാർഡുകളിൽ നിന്നമാത്രം ലോഡ് പോയതായി രേഖപ്പെടുത്തിയതെന്ന് സേനാംഗങ്ങൾ വ്യക്തമാക്കിയിട്ടുണ്ട്. ഇതേ കാലയളവിൽ 24 ലോഡുകൾ കയറ്റി അയച്ചതായി (ആകെയുള്ള 59 ലോഡുകളിൽ) പ്രൊജക്ട് ഫയലിലെ വിശദാംശങ്ങൾ വ്യക്തമാക്കുന്നു. ഇതിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം | തീയതി | വാഹന നം | കി.ഗ്രാം |
|---|---|---|---|
| 1 | 10.7.21 | KL12C8375 | 3990 |
| 2 | 11.7.21 | KL12C8375 | 4610 |
| 3 | 11.7.21 | KL11V1879 | 4840 |
| 4 | 12.7.21 | KL11V1537 | 4780 |
| 5 | 13.7.21 | KL11V1287 | 4440 |
| 6 | 13.7.21 | KL11V1879 | 4900 |
| 7 | 14.7.21 | KL57E4460 | 4570 |
| 8 | 18.7.21 | KL57E4460 | 4600 |
| 9 | 18.7.21 | KL11V1879 | 4880 |
| 10 | 18.7.21 | KL11N1287 | 4490 |
| 11 | 19.7.21 | KL11V1879 | 4870 |
| 12 | 19.7.21 | KL11N1287 | 4550 |
| 13 | 19.7.21 | KL12C8375 | 4860 |
| 14 | 23.7.21 | KL11N1287 | 4530 |
| 15 | 24.8.21 | KL11N1287 | 4300 |
| 16 | 25.7.21 | KL12C8375 | 4960 |
| 17 | 25.7.21 | KL11N1287 | 4390 |
| 18 | 28.7.21 | KL11V1537 | 4930 |
| 19 | 31.7.21 | KL39J373 | 2540 |
| 20 | 31.7.21 | KL57E5913 | 2480 |

| | | | |
|---|---|---|---|
| 21 | 2.8.21 | KL57E5913 | 2530 |
| 22 | 2.8.21 | KL57H964 | 2650 |
| 23 | 5.8.21 | KL07CT4128 | 2830 |
| ആകെ | | | 96520 |

അവസാനത്തെ ലോഡ് ഒഴിവാക്കി (സേനയുടെ കണക്കുമായി പൊരുത്തപ്പെടുത്താൻ) കണക്കാക്കുമ്പോൾ ആകെ 96520 കി.ഗ്രാം മാലിന്യം മാത്രമാണ് കയറ്റി അയച്ചതെന്ന് കണക്കാക്കാവുന്നതാണ്. കൂടാതെ താഴെ കൊടുത്ത വസ്തുതകൾ ഈ കണക്ക് ശരിയായിരിക്കുമെന്നത് സാക്ഷ്യപ്പെടുത്തുന്നു.

എ) ഹെൽത്ത് ഓഫീസർ നല്കിയ തുകയ്ക്ക് തുല്യമായ മാലിന്യം കയറ്റി അയച്ചെന്ന് സ്റ്റാന്റിംഗ് കമ്മിറ്റികളോ, വർക്കിംഗ് ഗ്രൂപ്പോ, വാർഡ് സഭകളോ മറ്റേതെങ്കിലും സംവിധാനങ്ങളൊ സാക്ഷ്യപ്പെടുത്തിയിട്ടില്ല. കൂടാതെ തൂക്കം നോക്കിയതിലെ അപാകതമൂലം (ക്രമ നം.1കാണുക ) രേഖാപരമായും ഇത് സാക്ഷ്യപ്പെടുത്തപ്പെടുന്നില്ല

ബി) കോവിഡിനു മുമ്പ് ശേഖരിക്കപ്പെട്ട റിജക്ടഡ് മാലിന്യം 2020-21വർഷത്തിൽ പൂർണ്ണമായും നീക്കം ചെയ്ത് 574116/-രൂപ ക്ലീൻ കേരള കമ്പനിക്ക് നല്കിയിട്ടുണ്ട്. ഇതു കൊണ്ട് തന്നെ 2021 ജൂലായ് മാസം മുതൽ ഹരിതകർമ്മസേന ശേഖരിച്ച മാലിന്യം മാത്രമേ ഓഡിറ്റ് വർഷത്തിൽ കയറ്റി അയക്കാനുണ്ടായിരുന്നുള്ളൂ. ഇത് 23 ലോഡ് മാത്രമാണെന്ന് ഹരിതകർമ്മസേന വ്യക്തമാക്കിയിട്ടുണ്ട്.

സി) അന്തിമ വാർഷിക പദ്ധതിയിൽ ഈ പ്രൊജക്ട് ഉൾപ്പെട്ടിരുന്നില്ല. 21.12.21 ൽ പദ്ധതി ഭേദഗതി വരുത്തിയപ്പോഴാണ് വാർഷിക പദ്ധതിയിൽ ഇത് ഉൾപ്പെട്ടതെന്ന് കാണാം. അതായത് 23.4.21 മുതൽ 11.9.21 വരെയുള്ള കാലയളവിൽ 59 ലോഡുകളായി മാലിന്യം കയറ്റി അയച്ചെന്ന് വരുത്തിയിതിനു ശേഷമാണ് ഇത്രയും തുകയ്ക്ക് പ്രജക്ട് തയ്യാറാക്കി അംഗീകാരം വാങ്ങിയതെന്ന് വ്യക്തമാകുന്നു. ഇത് കൊണ്ട് തന്നെ വർഷാരംഭത്തിൽ സ്ഥാപനത്തിൽ മാലിന്യം ശേഖരിക്കപ്പെട്ടിരുന്നില്ലെന്ന് കാണാം.

മേല്പറഞ്ഞ കാര്യങ്ങളിൽ നിന്നും സ്ഥാപനത്തിൽ നിന്നും കയറ്റി അയച്ച അളവിൽ മാലിന്യം സൃഷ്ടിക്കപ്പെടാനുള്ള സാധ്യതയില്ലെന്ന് കാണാം ഇക്കാര്യത്തിൽ വിശദീകരണം അടിയന്തിരമായി ലഭ്യമാക്കേണ്ടതുണ്ട്.

2) പുനരുപയോഗ അജൈവ മാലിന്യങ്ങളിൽ നിന്നുള്ള വരുമാനം അക്കൌണ്ട് ചെയ്യപ്പെട്ടിട്ടില്ല

ഹരിതകർമ്മസേന പ്രവർത്തകരെ നേരിൽ കേട്ടതിൽ 2021 ഫെബ്രുവരി മാർച്ച് മാസങ്ങളിൽ ഏകദേശം 46 ദിവസത്തോളം നാല്പതോളം ഹരിതസേനാംഗങ്ങളെ മാർക്കറ്റിലെ കെട്ടിടത്തിനു മുകളിൽ തയ്യാറാക്കിയ MCFൽ സൂക്ഷിച്ചിരുന്ന മാലിന്യങ്ങളിൽ നിന്നും പുനരുപയോഗ സാധ്യതയുള്ളവ തരം തിരിക്കുന്നതിന് നിയോഗിച്ചിരുന്നെന്ന് വ്യക്തമാക്കിയിട്ടുണ്ട് .HI, JHIപ്രസാദ്, ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കാൻ അക്കാലയളവിൽ നിയോഗിക്കപ്പെട്ട താല്കാലിക ജീവനക്കാരനായ ചന്ദ്രൻ എന്നിവർ മാലിന്യ എപ്രകാരം തരംതിരിക്കണമെന്ന് കാണിച്ചു കൊടുക്കുകയും അപ്രകാരം അവർ ജോലി നിർവ്വഹിച്ചെന്നും അവർ വ്യക്തമാക്കിയിട്ടുണ്ട്. ആകെ മാലിന്യത്തിന്റെ ഏകദേശം 40 ശതമാനത്തോളം പുനരുപയോഗ സാധ്യതയുള്ളവ വേർതിരിച്ചെന്നും എന്നാൽ ഇവ എപ്രകാരം കൈയ്യൊഴിഞ്ഞെന്ന് തങ്ങൾക്ക് വ്യക്തമല്ലെന്നും അവർ വിശദമാക്കിയിട്ടുണ്ട്. കൂടാതെ ഉപയോഗയോഗ്യമായവ വിറ്റ വകയിൽ ലഭിച്ച വരുമാനമോ, ജോലി ചെയ്ത ദിവസങ്ങളിലെ കൂലിയിനത്തിലോ യാതൊരു തുകയും തങ്ങൾക്കിതുവരെ ലഭിച്ചിട്ടില്ലെന്നും അവർ പരാതിപ്പെട്ടിട്ടുണ്ട്. തികച്ചും പ്രതികൂല സാഹചര്യങ്ങളിൽ കടുത്ത ചൂടിലും പ്രവർത്തിച്ചിട്ടും വരുമാനം ലഭിക്കാത്തതിന്റെ ദുഃഖവും അമർഷവും അവർ രേഖപ്പെടുത്തിയിട്ടുണ്ട്. ഇക്കാര്യത്തിൽ വിശദീകരണം ആവശ്യപ്പെട്ടപ്പോൾ ഈ കാര്യങ്ങൾ കൈകാര്യം ചെയ്യ്തത് JHI പ്രസാദ് ആണെന്നും തനിക്ക് കാര്യങ്ങൾ അറിയില്ലെന്നും ഹെൽത്ത് ഇൻസ്പെക്ടർ വ്യ്ക്തമാക്കിട്ടുണ്ട്. തുടർന്ന് 3.10.22ന് JHIപ്രസാദിനെ നേരിൽ കേട്ടതിൽ മാലിന്യങ്ങൾ സേനാംഗങ്ങൾ വേർതിരിച്ചതിൽ അപാകതയുള്ളതിനാൽ മുഴുവൻ മാലിന്യവും റിജക്ടഡ്

എന്ന നിലക്കാണ് കയറ്റി അയച്ചതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ നാല് ചാക്കിൽ അധികം നേരിട്ട് ഉപയോഗിക്കാവുന്ന കളിക്കോപ്പുകൾ അവിടെ വേർതിരിച്ച് വച്ചിരുന്നെന്ന് സേനാംഗങ്ങൾ നേരത്തെ വ്യക്തമായിരുന്നെന്നത് ഇവിടെ പ്രസക്തമാണ്. കൂടാതെ പുനരുപയോഗ മാലിന്യം മൂന്നിനങ്ങളായാണ് തരം തിരിച്ചതെന്നും ഏഴിനങ്ങളായി തരം തിരിക്കാത്തതു കൊണ്ടാണ് ക്ലീൻ കേരള കമ്പനി ഇവ റിജക്ടഡായി സ്വീകരിച്ചതെന്നും JHI വ്യക്തമാക്കിയിട്ടുണ്ട്. മൂന്നായി തരം തിരിക്കപ്പെട്ടവ പുനരുപയോഗ യോഗ്യമല്ലേയെന്ന കാര്യത്തിൽ വ്യക്തതവരുത്തേണ്ടതുമുണ്ട്.

2020-21 വർഷത്തിൽ സ്ഥാപിക്കപ്പെട്ട 100 ബോട്ടിൽ കളക്ഷൻ യൂണിറ്റുകളിൽ നിന്നും വരുമാനം ലഭിക്കുന്ന പുനരുപയോഗ പ്ലാസ്റ്റിക് ബോട്ടിലുകൾ ശേഖരിക്കാൻ ഹരിതകർമ്മസേനയ്ക്ക് ഇവ ഏല്പിച്ച് നല്കിയരുന്നില്ലെന്നും സേനാംഗങ്ങൾ വ്യക്തമാക്കിയിട്ടുണ്ട്. ഇതും ഹെൽത്ത് വിഭാഗം നേരിട്ട് കൈകാര്യം ചെയ്യുന്നു എന്ന് വ്യക്തമാണ്. അവസാനമായി ഈ യൂണിറ്റുകകൾ സേനയ്ക്ക് കൈമാറിയപ്പോൾ കുറഞ്ഞ യൂണിറ്റുകളിൽ നിന്നു മാത്രം ഒരു പ്രാവശ്യം ബോട്ടിലുകൾ സ്വീകരിച്ചപ്പോൾ 25000/-രൂപയിലധികം വരുമാനം ലഭിച്ചതായി സേനാംഗങ്ങൾ വ്യക്തമാക്കിയിട്ടുണ്ട്. ഈ നിരക്കില്, യൂണിറ്റുകൾ ഹെൽത്ത് വിഭാഗം നേരിട്ട് കൈകാര്യം ചെയ്തപ്പോൾ ലഭിച്ച വരുമാനം എവിടെ അക്കൌണ്ട് ചെയ്യുന്ന കാര്യത്തിലും വ്യക്തത വരേണ്ടതുണ്ട്.

3) ഹരിതസേനയ്ക്ക് പുറമേ മറ്റൊരു സംവിധാനം പ്രവർത്തിക്കുന്നു

നഗരസഭയിൽ ഹരിതസേനയ്ക്ക് പുറമേ മാലിന്യ സംസ്കരണത്തിനായി മറ്റൊരു സംവിധാനം പ്രവർത്തിക്കുന്നുണ്ടെന്ന് മേൽ കുടിക്കാഴ്ചയിൽ വ്യക്തമാക്കപ്പെട്ടിട്ടുണ്ട്. ധനശ്രീ എന്ന പേരിൽ പ്രവർത്തിക്കുന്ന ഈ സംവിധാനം വർഷങ്ങളായി ടൌണിലെ ഷോപ്പുകളിൽ നിന്നും മറ്റും ദിനം പ്രതി ജൈവ അജൈവ മാലിന്യങ്ങൾ നിശ്ചിത നിരക്കിൽ ഫീസ് വാങ്ങി ശേഖരിക്കുകയും കൈയ്യൊഴിയുകയും ചെയ്യുന്നതായി വിശദമാക്കപ്പെട്ടു. (ഈ സംവിധാനത്തിനും സുരക്ഷാ ഉപകരണങ്ങൾ സ്ഥാപനം വാങ്ങി നല്കിയിട്ടുണ്ട്) 2017 മുതൽ ഹരിതകേരളം മിഷന്റെ ഭാഗമായി ഹരിത കർമ്മസേന രൂപീകരിച്ച് പ്രവർത്തിക്കുന്ന സാഹചര്യത്തിൽ ഇത്തരത്തിൽ ഒരു സംവിധാനം നഗരസഭാ സഹായത്തോടെ നിലനിർത്തുന്നതിന്റെ സാംഗത്യം വിശദമാക്കേണ്ടതാണ്. മുൻകാലത്ത് തന്നെ രൂപീകരിച്ച സാഹചര്യത്തിൽ ഹരിതകർമ്മസേന രൂപീകരിക്കുമ്പോൾ ഈ സംവിധാനത്തിലെ അംഗങ്ങളെ സേനയുടെ ഭാഗമാക്കേണ്ടതായിരുന്നു. ഇവരുടെ പ്രവർത്തനം , വരുമാനം, ദൈനംദിന കണക്കുകൾ എന്നിവ സംബന്ധിച്ചും ജോലി സാഹചര്യം, ശേഖരിക്കുന്ന മാലിന്യം കൈകാര്യം ചെയ്യുന്ന രീതി എന്നിവ സംബന്ധിച്ച് വിശദവിവരം ലഭ്യമാക്കേണ്ടതുമാണ്.

4) മുൻകാലങ്ങളിലുള്ള ഹരിതകർമ്മസേനയുടെ വരുമാനവും അക്കൌണ്ട് ചെയ്യപ്പെട്ടിട്ടില്ല

ഹരിതകർമ്മസേന രൂപവൽക്കരിച്ചതു മുതൽ സേനയുടെ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്നതിനായി താല്ക്കാലികാടിസ്ഥാനത്തിൽ ചന്ദ്രൻ എന്നയാളെ നിയമിച്ചിരുന്നെന്നും 2021 ജൂൺ മാസം വരെ സേനയ്ക്ക് ലഭിക്കുന്ന വരുമാനം ഇയാളെ ഏല്പിക്കുകയും, ഏല്പിച്ച തുകയുടെ 20%കഴിച്ചുള്ള തുക ഇയാൾ സേനാംഗങ്ങൾക്ക് വിതരണം ചെയ്യുകയാണ് ചെയ്തതെന്നും സേനയുടെ പ്രതിനിധികൾ വ്യക്തമാക്കിയിട്ടുണ്ട്. ലഭിക്കുന്ന തുക ചന്ദ്രൻ നഗരസഭാ ഫണ്ടിൽ ഒടുക്കിയോയെന്ന കാര്യത്തിൽ വ്യക്തതയില്ലെന്നും, ഇവർക്ക് ലഭിച്ച തുക തന്നെ ചിലപ്പോൾ മാസങ്ങൾ കഴിഞ്ഞ്, പരാതിപ്പെട്ടാൽ മാത്രമാണ് ലഭിച്ചിരുന്നതന്നും അവർ വ്യക്തമാക്കിയിട്ടുണ്ട്. പിരിച്ചെടുത്തതും ചന്ദ്രന് കൈമാറിയതുമായ തുകകളുടെ കണക്കുകൾ രേഖപ്പെടുത്തിയ പുസ്തകങ്ങളും രേഖകളുമെല്ലാം ഇയാൾ കൈപ്പറ്റിയെന്നും അവർ വിശദമാക്കിയിട്ടുണ്ട്. ഇക്കാര്യത്തിൽ നേരിൽ കേൾക്കുന്നതിന് ചന്ദ്രനെ ഫോൺ വഴിബന്ധപ്പെടുകയും മെയിൽ വഴി റിക്വസിഷൻ നല്കുകയും ചെയ്തിട്ടും ഇയാൾ ഓഡിറ്റിന് മുമ്പിൽ ഹാജരായിട്ടില്ല. മേല്പറഞ്ഞ കാര്യങ്ങൾ പരിശോധിച്ച്, സേനാംഗങ്ങൾ കൈപ്പറ്റിയ തുക യഥാസമയം നഗരസഭാ ഫണ്ടിൽ ഒടുക്കിയോയെന്നും കണക്കുകളിൽ സുതാര്യതയുണ്ടെയെന്നും ഉറപ്പുവരുത്തേണ്ടതുണ്ട്.

5) ബോട്ടിൽ ബൂത്തുകൾ ഹരിതകർമ്മസേനയെ ഏല്പിച്ചില്ല

നഗരസഭയിൽ ഇരുവർഷങ്ങളിലായി സ്ഥാപിച്ച 200 ബോട്ടിൽ ബൂത്തുകളിലെ (നേരിൽ

പരിശോധിച്ചതിൽ നൂറ്റമ്പതോളം മാത്രമാണ് കാണാനായത്. ഇത് സംബന്ധിച്ച പ്രത്യേക ഖണ്ഡിക കാണുക) ബോട്ടിലുകൾ ശേഖരിക്കുന്നതിനുള്ള അധികാരം പൂർണ്ണമായും ഹരിതകർമ്മസേനയ്ക്ക് നാളിതുവരെ കൈമാറിയിട്ടില്ല. ആദ്യവർഷം സ്ഥാപിച്ച 100 എണ്ണത്തിന് പൂട്ടുകൾ വാങ്ങാൻ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രവർത്തിച്ചതിൽ ഏകദേശം എൺപതോളം എണ്ണം മാത്രമാണ് കണ്ടെത്താൻ കഴിഞ്ഞതെന്ന് സേനാ പ്രതിനിധികൾ വ്യക്തമാക്കിയിട്ടുണ്ട്.

6) ഹരിതകർമ്മസേനയെ ശക്തിപ്പെടുത്തുന്നതിൽ പരാജയം

റിജക്ടഡ് മാലിന്യം കൈയ്യൊഴിയുന്നതിന് നഗരസഭയ്ക്ക് 27.39 ലക്ഷം രൂപ വിനിയോഗിക്കേണ്ടി വന്നത് ഹരിതകേരള മിഷൻ നിലവിൽ വന്ന സാഹചര്യത്തിൽ അംഗീകരിക്കാവുന്നതല്ല. മാലിന്യത്തിൽ നിന്നുള്ള വരവിൽ നിന്നു തന്നെയാണ് റിജക്ടഡ് മാലിന്യം കൈയ്യൊഴിയാനുള്ള ചെലവും വഹിക്കേണ്ടതെന്ന് സർക്കാർ നിർദ്ദേശങ്ങളിൽ നിന്നും വ്യക്തമാണ്. വി ജി എഫ്, വളരെ അപകടകരമായ മാലിന്യങ്ങൾ നീക്കുന്നതിനുള്ള ചെലവ്, പ്രതിമാസ ഫീസ് ഹരിത കർമ്മ സേനയ്ക്ക് നല്കാൻ ശേഷിയില്ലാത്ത അതിദരിദ്രർ, അഗതികൾ തുടങ്ങിയവരുടെ വരിസംഖ്യ, വാർഡുകളിൽ നിന്നും ശേഖരിക്കുന്ന മാലിന്യം എം സി എഫിലേക്ക് മാറ്റുന്നതിനുള്ള വാഹന ചെലവ്, എന്നീ ഇനങ്ങളിൽ മാത്രമാണ് നഗരസഭയ്ക്ക് ചെലവ് വരേണ്ടത്. കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന സർക്കാർ മാർഗ്ഗരേഖകളിൽ പ്രതിപാദിക്കും വിധം ഹരിതകർമ്മ സേനയെ ശക്തിപ്പെടുത്താൻ സ്ഥാപനത്തിന് കഴിയാത്തതാണ് ഈ ഇനത്തിൽ വൻ ചെലവിന് കാരണമായതെന്ന് കാണാം.മാലിന്യശേഖരണം, കൈയ്യൊഴിയൽ എന്നിവയിലൂടെ ആർജ്ജിക്കുന്ന മുഴുവൻ വരുമാനവും സേനയ്ക്ക് ഉള്ളതാണെന്നിരിക്കെ വരുമാനത്തിന്റെ ഒരു ഭാഗം മറ്റുവിധത്തിൽ നഷ്ടപ്പെടുന്നെന്ന് കാണാവുന്നതാണ്. ഇത് നഗരസഭാ ഫണ്ടിലേക്കണോ അതോ വ്യക്തികളുടെ കൈകളിലേക്കാണോ പോയതെന്ന കാര്യത്തിൽ വ്യക്തതയില്ല. സേനയുടെ എല്ലാ കണക്കുകളും, വരുമാനവുമായി ബന്ധപ്പെട്ട ബേങ്ക് അക്കൌണ്ട് ഉൾപ്പടെ അവരുടെ ഉത്തരവാദിത്വത്തിലായിരിക്കണമെന്നിരിക്കെ നഗരസഭയിൽ ആ സ്ഥിതിവിശേഷമുണ്ടായിട്ടില്ല. കൃത്യമായ വരുമാനമില്ലാതെ പ്രവർത്തിക്കേണ്ടി വന്ന സാഹചര്യത്തിൽ പ്രചോദനം നഷ്ടപ്പെട്ട അവസ്ഥയിലാണ് സംവിധാനമുള്ളത്. മാലിന്യം,അവ സൃഷ്ടിക്കുന്നവരുടെ ഉത്തരവാദിത്വമാണെന്ന മുദ്രാവാക്യവുമായി സൃഷ്ടിക്കപ്പെട്ട മിഷന്റെ ഭാഗമാണ് സേനയെന്നിരിക്കെ , പരിമിതമായ ഫീസ് ഈടാക്കിയാണ് വൻതോതിൽ മാലിന്യം വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കപ്പെട്ടിട്ടുണ്ട്. റിജക്ടഡ് മാലിന്യത്തിന് അത് ശേഖരിക്കുന്നതിനും കൈയ്യൊഴിയുന്നതിനും (കിലോയക്ക് 10/-രൂപ നിരക്കും 5% നികുതിയും) ചെലവാകുന്ന തുക കണക്കാക്കി വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും വാങ്ങേണ്ടതുണ്ട്. അല്ലാത്തപക്ഷം ഇത് ഹരിതകർമ്മസേനയുടേയും നഗരസഭയുടേയും ബാധ്യതയായി തുടരുന്നതാണെന്ന കാര്യം ശ്രദ്ധയിൽ പെടുത്തുന്നു.

7) അമിതനിരക്കിൽ ജി എസ് ടി ഈടാക്കി

പ്ലാസ്റ്റിക് ഉൾപ്പടെയുള്ള മാലിന്യങ്ങൾ ശേഖരിക്കുന്ന സേവനത്തിന് 5% മാത്രമാണ് ജി എസ് ടി നിരക്ക് . എന്നാൽ ക്ലീൻ കേരള കമ്പനി 18% നിരക്കിലാണ് നികുതി ഈടാക്കിയിരിക്കുന്നത്. 225835 കിലോ മാലിന്യത്തിന് 10/-രൂപ നിരക്കിൽ 2258350/-രൂപയും 18% നിരക്കിൽ 406503/-രൂപ ജി എസ് ടിയും ചേർത്താണ് 2664853/-രൂപ അനുവദിച്ചിരിക്കുന്നത്. ഇത് കൊണ്ട് തന്നെ നികുതിയിനത്തിൽ 293586/- രൂപ അധികം നല്കിയതായി കാണാം.

8). മാലിന്യങ്ങൾ കയറ്റിക്കൊണ്ടുപോയ ക്ലീൻ കേരള കമ്പനി അവ ശാസ്ത്രീയമായാണ് കൈയ്യൊഴിഞ്ഞത് എന്ന് കാണിക്കുന്ന സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

മേൽ പരാമർശിച്ച കാര്യങ്ങളിൽ മറുപടി നല്കാൻ ആവശ്യപ്പെട്ട് നല്കിയ എൻക്വയറിക്ക്(നമ്പർ40/11.10.22) മറുപടി നല്കിയിട്ടില്ല. അപാകതകളുടെ അടിസ്ഥാനത്തിൽ ഹരിത കർമ്മസേന സാക്ഷ്യപ്പെടുത്തിയ ലോഡുകൾ മാത്രമാണ് സ്ഥാപനത്തിൽ നിന്നും കയറ്റി അയച്ചതായി കണക്കാക്കുന്നുള്ളൂ. അവർ സാക്ഷ്യപ്പെടുത്തിയ തീയതികളിൽ ക്രമനം 1(2) വിശദാമാക്കിയ 96520

കി.ഗ്രാം മാലിന്യത്തിന് ചെലവഴിച്ച തുക മാത്രമാണ് ഓഡിറ്റ് അംഗീകരിക്കുന്നത്. 5% ജി എസ് ടി നിരക്കിൽ 96520 കി.ഗ്രാം മാലിന്യത്തിന് ആകെ ചെലവായ 1013460/-രൂപ കഴിച്ച് 1651393/- (2664853- 1013460) രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ഈ തുക ഉത്തരവാദിയായ ഹെൽത്ത് ഇൻസ്പെക്ടർ ശ്രീ കെ പി രമേശനിൽ നിന്നും ഈടാക്കേണ്ടതാണ്. കൂടാതെ ക്രമ നം.2ൽ പ്രതിപാദിച്ച, വേർതിരിക്കപ്പെട്ട മാലിന്യവും ബോട്ടിൽ യൂണിറ്റുകളിൽ നിന്നും ശേഖരിച്ച ബോട്ടിലുകളും എപ്രകാരം കൈയ്യൊഴിഞ്ഞു എന്ന കാര്യത്തിൽ വിശദമായ അന്വേഷണം പ്രത്യേക സമിതിയെക്കൊണ്ട് നടത്തി, ക്രമക്കേട് കണ്ടെത്തേണ്ടതാണ്. കൂടാതെ ഹരിതകർമ്മ സേന വെളിവാക്കിയ കാര്യങ്ങളിൽ ബന്ധപ്പെട്ട HI,JHI എന്നീ ഉദ്യോഗസ്ഥർക്കെതിരെ അന്വേഷണം നടത്തി നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ ജി എസ് ടി ഇനത്തിൽ കഴിഞ്ഞ വർഷവും ഈടാക്കിയ അധിക നിരക്ക് കണക്കാക്കി തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-22 സമഗ്ര മാലിന്യ പരിപാലനം-വാങ്ങലുകൾ ആവശ്യത്തിലധികം-മറ്റ് അപാകതകൾ

നിർവ്വഹണം - ഹെൽത്ത് ഇൻസ്പെക്ടർ
പ്രൊജക്ട് നം . 222/22-സമഗ്ര മാലിന്യ പരിപാലനം
പ്രൊജക്ട് അടങ്കൽ-12 ലക്ഷം രൂപ (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)
ചെലവ് തുക- 674277/-( Bill Ref No. 2116044700100118977/14.2.22)

നിലവിലുള്ള തുമ്പൂർ മുഴി യൂണിറ്റിലേക്ക് ചോപ്പിംഗ് മെഷീൻ വാങ്ങിക്കൽ,മാലിന്യ സംസ്കരണം, അണുനശീകരണം ഉൾപ്പടെയുള്ള പ്രവർത്തനങ്ങൾക്ക് ഉപകരണങ്ങൾ വാങ്ങിക്കൽ, ഹരിത കർമ്മ സേനയ്ക്ക് സുരക്ഷാ ഉപകരണങ്ങൾ വാങ്ങൽ എന്നീ ആവശ്യങ്ങൾക്കായി വിഭാവനം ചെയ്തതാണ് ഈ പ്രൊജക്ട്. 2020-21 വർഷത്തിൽ വിഭാവനം ചെയ്ത പ്രൊജക്ട് ഓഡിറ്റ് വർഷത്തിൽ സ്പിൽ ഓവറായി നിർവ്വഹിക്കുകയായിരുന്നു. വിവിധ ഘടകങ്ങൾ ഉൾപ്പെട്ട ഈ പ്രൊജക്ടിൽ പൂർണ്ണമായും സാധനങ്ങളുടെ/ഉപകരണങ്ങളുടെ വാങ്ങൽ പ്രക്രിയ മാത്രമാണ് ഉൾപ്പെട്ടിരിക്കുന്നത്. പ്രൊജക്ട് ആസൂത്രണത്തിലും നിർവ്വഹണത്തിലുമായി താഴെ പറയുന്ന അപാകതകൾ സംഭവിച്ചതായി ബോധ്യപ്പെട്ടിട്ടുണ്ട്. ഇതിന്റെ വിശദാംശവും ഓരോ ഘടകത്തിന്റെ ചെലവ് വിവരവും താഴെ കൊടുക്കുന്നു.

1) ഹരിത കർമ്മ സേനയ്ക്ക് സുരക്ഷാ ഉപകരണങ്ങൾ വാങ്ങിക്കൽ
വകയിരുത്തിയത്-2 ലക്ഷം രൂപ
ചെലവഴിച്ചത്- 180000/-( Bill Ref No. 2116044700100104 5322/2.2.22)
താഴെ കൊടുത്ത സാധനങ്ങൾ/ഉപകരണങ്ങൾ വാങ്ങി നല്കിയ ഇനത്തിനാണ് തുക വിനിയോഗിച്ചത്.

| ഇനം | നിരക്ക് |
|---|---|
| ഓവർകോട്ട് | 600/- |
| ചുരിദാർ<br>24435/-രൂപ | 800/- |
| റബ്ബർ ഗ്ലൌസ് | 130/- |
| ക്യാപ് | 120/- |
| I D കാർഡ് | 60/- |
| ഷൂസ് | 290/- |

മേൽ പറഞ്ഞ ഇനങ്ങൾ 90 സെറ്റ് വാങ്ങിയ ഇനത്തിലാണ് 180000/-രൂപ വിനിയോഗിച്ചത്. Ags ക്ലിറ്ററിംഗ് യൂണിറ്റ് എന്ന സ്ഥാപനത്തെയാണ് ടെണ്ടറിലൂടെ തെരെഞ്ഞെടുത്തത്. നഗരസഭയിൽ ഹരിതകർമ്മ സേനയ്ക്ക് പുറമേ ടൗണിലെ കടകളിൽ നിന്നും ഖര,ജൈവ മാലിന്യങ്ങൾ ശേഖരിക്കുന്നതിന് ധനശ്രീ എന്ന പേരിൽ 10 പേരടങ്ങുന്ന ഒരു യൂണിറ്റ്പ്രവർത്തിക്കുന്നുണ്ടെന്നും 10 വർഷത്തിലേറെയായി പ്രവർത്തിക്കുന്ന ഈ സംഘം ഹരിതകർമ്മ സേനയുടെ ഭാഗമല്ലെന്നും ഇവർക്കും സുരക്ഷാ ഉപകരണങ്ങൾ നല്കിയെന്നും 29.9.22 ന് ഹെൽത്ത് ഇൻസ്പെക്ടറെ നേരിൽ കേട്ടപ്പോൾ വ്യക്തമാക്കിയിട്ടുണ്ട്. ഹെൽത്ത് ഇൻസ്പെക്ടറുടെ സാന്നിധ്യത്തിൽ ഇതേ ദിവസം തന്നെ ഹരിതകർമ്മസേന സെക്രട്ടറി, പ്രസിഡന്റ് എന്നിവരെ നേരിൽ കേട്ടതിൽ, അവരുടെ അംഗങ്ങളായ 61 പേർക്ക് യൂണിഫോം ലഭിച്ചെന്നും 44 പേർക്ക് മാത്രമാണ് Id കാർഡ് ലഭിച്ചതെന്നും ഷൂസുകൾ ഗുണനിലവാരമില്ലാത്തവയാകയാൽ മിക്കവരും അവ ടൌൺഹാൾ പരിസരത്ത് ഉപേക്ഷിച്ചെന്നും വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ ഗ്ലൗസുകൾ ഒറ്റത്തവണ ഉപയോഗിക്കുന്നത് മാത്രമായിരുന്നെന്നും വ്യക്തമാക്കിയിട്ടുണ്ട്. മേല്പറഞ്ഞതിൽ നിന്നും താഴെ പറയുന്ന കാര്യങ്ങളിൽ വ്യക്തത വരുത്താനാവശ്യപ്പെട്ട് സ്ഥാപനത്തിന് എൻക്വയറി നല്കിയിരുന്നു.

എ) ഹരിതകർമ്മ സേന പ്രവർത്തനസജ്ജമായ സാഹചര്യത്തിൽ നഗരസഭയിൽ മറ്റൊരു സംഘം പ്രവർത്തിക്കുന്നതെങ്ങിനെ? കൂടാതെ ഇവർക്ക് നഗരസഭ ഉപകരണങ്ങൾ വാങ്ങി നൽകുന്നതിന്റെ സാംഗത്യമെന്ത്? ഇവരുടെ സംഘാടനം പ്രവർത്തനം എന്നീ കാര്യങ്ങളിൽ നഗരസഭയുടെ ഇടപെടൽ എങ്ങിനെയാണ്? ഹരിതകർമ്മ സേനയ്ക്കുള്ള ഉപകരണങ്ങൾ ഇവർക്ക് കൂടി നല്കിയത് എപ്രകാരം?

ബി) ഇവർക്ക് നല്കിയ ഉപകരണങ്ങൾ കൂടി പരിഗണിച്ചാൽ യൂണിഫോം സെറ്റ് 71 ഉം (61+10) Id കാർഡ് 54 (44+10) എണ്ണവും മാത്രമാണ് വിതരണം ചെയ്തിരിക്കുന്നത്. വിതരണം ചെയ്യാത്തവയ്ക്ക് തുക നല്കിയത് എപ്രകാരമാണ്.

സി)തരം താണ ഷൂസ്, ഒറ്റത്തവണ ഉപയോഗിക്കുന്ന ഗ്ലൗസ് എന്നിവയ്ക്ക് വളരെ ഉയർന്ന നിരക്ക് നല്കിയതെങ്ങിനെ?

ഡി) വിതരണം ചെയ്ത ചുരിദാർ പോളിസ്റ്റർ മെറ്റീരിയലിൽ നിർമ്മിച്ചതായിരുന്നെന്ന് ഹരിതകർമ്മ സേന സെക്രട്ടറി,പ്രസിഡന്റ് എന്നിവർ വ്യക്തമാക്കിയിട്ടുണ്ട്. വിതരണം ചെയ്ത സാധനങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തിയിട്ടില്ലേ?

ഈ എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ ധനശ്രീ യൂണിറ്റ് 15 വർഷത്തോളമായി കൊയിലാണ്ടി ടൗണിൽ നിന്നും ജൈവ, അജൈവമാലിന്യങ്ങൾ ശേഖരിച്ചുവരുന്നെന്നും, കൊറോണ പശ്ചാത്തലത്തിൽ വരുമാനം കുറഞ്ഞ സാഹചര്യത്തിൽ അവർക്കു കൂടി സുരക്ഷാ ഉപകരണങ്ങൾ നല്കുകയായിരുന്നെന്നും വ്യക്തമാക്കിയിട്ടുണ്ട്. ഹരിത കർമ്മ സേന രൂപീകരിച്ചപ്പോൾ ഇവരെ എന്തുകൊണ്ട് സേനയുടെ ഭാഗമാക്കിയില്ലെന്നതിന് മറുപടി നല്കിയിട്ടില്ല. കൂടാതെ പ്രൊജക്ടിൽ ഈ യൂണിറ്റിനെ പരാമർശിച്ചിട്ടില്ലെന്നതും പ്രൊജക്ടിൽ പ്രതിപാദിക്കാത്ത യൂണിറ്റിന് ഉപകരണങ്ങൾ നല്കിയതും അംഗീകരിക്കാവുന്നതല്ല. കൂടാതെ ഇവ എപ്രകാരം പ്രവർത്തിക്കുന്നു എന്നും നഗരസഭയുമായുള്ള ബന്ധമെന്തെന്നും മറുപടിയിൽ വ്യക്തമാക്കിയിട്ടില്ല. ഈ അപാകതകൾക്ക് വിശദീകരണം ഹാജരാക്കേണ്ടതാണ്.

എല്ലാ സേനാംഗങ്ങളും വാങ്ങാത്തതിനാലാണ് യൂണിഫോം ബാക്കിയതെന്ന് മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. കുറേ കാലമായി അറുപതോളം പേർ മാത്രമാണ് സേനയിൽ പ്രവർക്കുന്നതെന്ന് ഇതിന്റെ പ്രതിനിധികൾ ഹെൽത്ത് ഇൻസ്പെക്ടർ മുമ്പാകെ ഓഡിറ്റിന് വെളിപ്പെടുത്തിയതാണ്. തന്റെ പ്രവർത്തനപരിധിയിലുള്ള സംവിധാനത്തെ കുറിച്ചുള്ള ഡാറ്റാ ഇല്ലാതെ, അനാവശ്യ വാങ്ങൽ നടത്തിയിരിക്കുന്നതിനാൽ അധികം വാങ്ങിയ യൂണിഫോമിന്റെ വില 39020/-രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.വിശദാംശം താഴെ കൊടുക്കുന്നു.

| ഇനം | ബാക്കിയായവ | നിരക്ക് | അനാവശ്യ ചെലവ് |
|---|---|---|---|
| ഓവർകോട്ട് | 19 | 600/- | 11400 |
| ചുരിദാർ | 19 | 800/- | 15200 |

| | | | |
|---|---|---|---|
| റബ്ബർ ഗ്ലൌസ് | 19 | 130/- | 2470 |
| ക്യാപ് | 19 | 120/- | 2280 |
| I D കാർഡ് | 36 | 60/- | 2160 |
| ഷൂസ് | 19 | 290/- | 5510 |
| ആകെ | | | 39020/- |

യൂണിഫോമുകൾ ഗുണനിലവാരമില്ലാത്ത കാര്യത്തിൽ നഗരസഭ വിശദമായ അന്വേഷണം നടത്തി വസ്തുത പരിശോധിക്കേണ്ടതും റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

2)മാലിന്യം സംസ്കരണം അണുനശീകരണം ഉൾപ്പടെയുള്ള പ്രവർത്തനങ്ങൾക്ക് ഉപകരണങ്ങൾ വാങ്ങിക്കൽ

വകയിരുത്തിയത്-5 ലക്ഷം രൂപ

ചെലവ്-1) 147600/-( Bill Ref No. 211604470010014927 26/27.3.22)ഡ്രീം ഹോം ഫർണ്ണിച്ചർ

29520/-രൂപ നിരക്കിൽ 5 സ്പ്രെയർ, ടെണ്ടർ ലഭിച്ച ഡ്രീം ഹോം ഫർണ്ണിച്ചർ എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ നികുതികൾ ഉൾപ്പടെ 24633/-രൂപയാണ് മേൽ സ്ഥാപനം ഉപകരണത്തിന് ക്വോട്ട് ചെയ്തതെന്ന് കാണുന്നു. അതായത് ബിൽ തുക നൽകിയപ്പോൾ ഒരെണ്ണത്തിന് 4887/-രൂപ അധികം നല്കിയിട്ടുണ്ട്. ഇതേ തീയതിയിൽ ഈ മോഡൽ ഉപകരണത്തിന്റെ വില വെബ് സൈറ്റിൽ പരിശോധിച്ചതിൽ 25000/- രൂപയെന്നാണ് കാണുന്നത്. കൂടാതെ 11.10.22 ന് നേരിൽ പരിശോധിച്ചതിൽ 2 എണ്ണം മാത്രമാണ് നാളിതുവരെ ഉപയോഗിച്ചതായി കാണുന്നുള്ളൂ. ബാക്കി 3 എണ്ണം പായ്ക്കറ്റ് പൊളിക്കാത്ത നിലയിൽ സൂക്ഷിച്ചിട്ടുണ്ട്.

2).199000/- ( Bill Ref No. 211604470010018 6065/23.2.22) സാൻസ് കോർപ്പ് ഇൻഡ്യ പ്രൈവറ്റ് ലിമിറ്റഡ് താഴെ പറയുന്ന ഉപകരണങ്ങൾ വാങ്ങിയാണ് തുക നൽകിയത്.

ഇതിൽ ക്രമ നം 9 പ്രകാരമുള്ള വീൽ ബാരോ 2 എണ്ണവും ക്രമനം 10 പ്രകാരമുള്ളത് 3 എണ്ണവും നഗരസഭാ ഓഫീസിലും ക്രമ നം 11 പ്രകാരമുള്ളത് നാളിതുവരെ ഉപയോഗിക്കാതെ സൂക്ഷിച്ചിരിക്കുകയാണ്. ബാക്കിയുള്ളവയിൽ ഭൂരിഭാഗവും ഉപയോഗിക്കാതെ നഗരസഭയിൽ സൂക്ഷിച്ചിരിക്കുകയാണ്.

3) 147677/-( Bill Ref No. 211604470010013126 08/14.3.22) ഷിബു ഡിസ്ട്രിബ്യൂട്ടേഴ്സ് താഴെ കൊടുത്ത ഉപകരണങ്ങൾ വാങ്ങിയ ഇനത്തിലാണ് തുക ചെലവഴിച്ചത്.

| ക്രമ നം | ഇനം | എണ്ണം | നിരക്ക് |
|---|---|---|---|
| 1 | അണുനശീകരണത്തിനുള്ള രാസവസ്തുക്കൾ | - | 98179 |
| 2 | പവർസ്പ്രെയർ | 5 | 24500 |
| 3 | സാനിറ്റൈസർ ഫോഗിംഗ് മെഷീന് | 5 | 25000 |

മേല്പറഞ്ഞതിൽ പവർസ്പ്രെയർ സാനിറ്റൈസർ ഫോഗിംഗ് മെഷീൻ എന്നിവ നാളിതുവരെ ഉപയോഗിക്കാതെ സൂക്ഷിച്ചിരിക്കുന്നു. ആവശ്യകത കണക്കാക്കാതെ സാധനങ്ങൾ /ഉപകരണങ്ങൾ വാങ്ങിക്കൂട്ടുന്ന പ്രവണതയാണ് ഇത്തരത്തിൽ നിഷ്ക്രിയ ആസ്തികൾ സൃഷ്ടിക്കാൻ കാരണമെന്ന് കാണാം. പ്രൊജക്ടുകളിലൊന്നും തന്നെ ആവശ്യകതയ്ക്ക് അടിസ്ഥാനമാക്കിയ ഡാറ്റാ ലഭ്യമല്ല എന്നത് ശ്രദ്ധേയമാണ്. മുൻകാലങ്ങളിൽ ഇത്തരം ഉപകരണങ്ങൾ വാങ്ങിയതിന്റെ നിലവിലെ അവസ്ഥയും വ്യക്തമല്ല.

മേൽ വാങ്ങലുകൾക്ക്, വിതരണം ചെയ്ത സ്ഥാപനങ്ങളുമായി കരാർ വയ്ക്കാത്തതും, ഉപകരണങ്ങൾ സ്ഥാപനത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്താത്തതും മറ്റ് അപാകതകളാണ്. കൂടാതെ പ്രൊക്യർമെന്റ് മാന്വലിലെ നിർദ്ദേശങ്ങൾ ഈ വാങ്ങലുകളിലും പാലിച്ചിട്ടില്ല.

മേൽ പറഞ്ഞ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ എൻക്വയറിക്ക് ക്രമ നം 1 ൽ പ്രതിപാദിച്ച സ്പ്രെയറിന്(ഒരെണ്ണത്തിന്) 4887/- രൂപ അധികം നല്കിയ കാര്യത്തിൽ ഒരു മറുപടിയും ഹെൽത്ത് ഇൻസ്പെക്ടർ നല്കിയിട്ടില്ല. 5 എണ്ണത്തിന് ആകെ നല്കിയ 24435/-രൂപ ഓഡിറ്റിൽ

അംഗീകരിക്കുന്നില്ല. മുൻവർഷത്തിലും തയ്യിൽ മെഷീൻ വാങ്ങിയപ്പോൾ ഏറ്റവും കുറഞ്ഞനിരക്ക് ക്വോട്ട് ചെയ്ത് ടെണ്ടർ ലഭിച്ചയാൾക്ക് ക്വോട്ട് ചെയ്യപ്പെട്ട ഏറ്റവും ഉയർന്ന നിരക്ക് നല്കിയ കാര്യം പരാമർശിച്ചിട്ടുണ്ട്. ഈ വസ്തുതകൾ ബോധപൂർവ്വമായ ക്രമക്കേട് വാങ്ങലുകളിൽ നടത്തിയതിന് തെളിവായി ഓഡിറ്റ് വിലയിരുത്തുന്നു. ഇക്കാര്യത്തിലും വിശദമായ അന്വേഷണം സ്ഥാപനം നടത്തേണ്ടതാണ്.

കോവിഡ് പോലുള്ള സാഹചര്യങ്ങൾ ഒഴിവാക്കുന്നതിനാണ് വൻതുക ചെലവഴിച്ച് ഉപകരണങ്ങൾ വാങ്ങിയതെന്ന് ക്രമനമ്പർ 2ലെ മറ്റ് അപാകതകൾക്ക് മറുപടി നല്കിയിട്ടുണ്ട്. ഇത് അംഗീകരിക്കാവുന്നതല്ല. ദീർഘകാലം ഉപയോഗിക്കാത്ത ഉപകരണങ്ങൾ നശിക്കുമെന്ന വസ്തുത പരിഗണിക്കാതെ അനാവശ്യമായി ഉപകരണങ്ങൾ വാങ്ങിക്കൂട്ടിയത് നഗരസഭാ ഫണ്ടിൽ നിന്നുള്ള അനാവശ്യചെലവായി ഓഡിറ്റ് കാണുന്നു. ഇത്തരത്തിൽ മുൻകാലങ്ങളിൽ വാങ്ങിക്കൂട്ടിയ പല ഉപകരണങ്ങളും നഗരസഭാ ഓഫീസിലും ടൗൺഹാളിലും കെട്ടിക്കിടക്കുന്നതായി സ്ഥലപരിശോധനയിൽ ബോധ്യപ്പെട്ട കാര്യം ഇവിടെ പ്രസക്തമാണ്. ആവശ്യങ്ങൾ മുൻഗണന നല്കി പ്രൊജക്ടുകൾ രൂപീകരിക്കുന്നതിന് പകരം ഇത്തരത്തിൽ ഉപകരണങ്ങൾ വാങ്ങിക്കൂട്ടി നഗരസഭാഫണ്ടിൽ നിന്നും അനാവശ്യ ചെലവ് നടത്തിയതിനും ഉപകരണങ്ങൾ ഉപയോഗപ്പെടുത്താത്ത കാര്യത്തിലും വിശദീകരണം നല്കേണ്ടതാണ്.

അപാകതകളുടെ അടിസ്ഥാനത്തിൽ നിരാകരിച്ച 63455/-രൂപ (39020+24435) കിഴിച്ചുള്ള 610822/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-23 വാട്ടർ എ ടി എം വാങ്ങിയത് -നാളിതുവരെ സ്ഥാപിക്കപ്പെട്ടില്ല

പ്രൊജക്ട് നം ,പേര്-198/22(സ്പിൽ ഓവർ)
വകയിരുത്തിയ തുക-10 ലക്ഷം രൂപ(ധനകാര്യ കമ്മീഷൻ ഗ്രാന്റ്)
ചെലവുതുക-992664/-രൂപ ( ബിൽ റഫ. നമ്പർ-2116044700100 തീയതി 27/3/2022)
നിർവ്വഹണം- ഹെൽത്ത് ഇൻസ്പെക്ടർ

നഗരസഭയിൽ വാട്ടർ എ ടി എം സ്ഥാപിക്കുന്നതിനുള്ള പ്രൊജക്ടിനായി 992664/-രൂപ ഹെൽത്ത് ഇൻസ്പെക്ടർ വിനിയോഗിച്ചിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിൽ താഴെ പറയുന്ന വീഴ്ചകൾ സംഭവിച്ചതായി ഇതുമായി ബന്ധപ്പെട്ട ഫയലും മറ്റ് രേഖകളും പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു.

1).സാൻസ് കോർപ്പ് ഇൻഡ്യാ പ്രൈവറ്റ് ലിമിറ്റഡ് എന്ന് സ്ഥാപനത്തിൽ നിന്നും ലഭ്യമാക്കിയ മൂന്ന് വാട്ടർ എ ടി എമ്മുകളിൽ ഒരെണ്ണം നഗരസഭയുടെ ഫ്രണ്ട് ഓഫീസിൽ സ്ഥാപിച്ചിട്ടുണ്ട്.ഇത് നിലവിൽ പ്രവർത്തിക്കുന്നമുണ്ട്. മറ്റ് രണ്ടെണ്ണം സ്ഥാപനത്തിന്റെ ഉടമസ്ഥതയിലുള്ള ടൌൺ ഹാളിന്റെ പാർക്കിംഗ്ഏരിയയിൽ സൂക്ഷിച്ചിരിക്കുന്നതായി 10.10.2022 ന് നടത്തിയ സ്ഥലപരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്. 15.3.2022 തീയതിയിലെ ബിൽ പ്രകാരം വിതരണം ചെയ്ത എ ടി എം ഏകദേശം ഏഴുമാസത്തോളമായിട്ടും ഉദ്ദ്യേശിച്ച സ്ഥലത്ത് സ്ഥാപിക്കാത്തത് വിശദികരിക്കപ്പെടേണ്ടതാണ്.

2) സ്റ്റാറ്റസ് റിപ്പോർട്ട്, വർക്കിംഗ് ഗ്രൂപ്പ് മിനിട്സ്, പ്രൊജക്ട് പ്രഫോർമ എന്നിവയിലൊന്നും തന്നെ ഇത്തരം ഒരു പ്രൊജക്ട് നിർവ്വഹിക്കേണ്ടതിന്റെ ആവശ്യകത വ്യക്തമാക്കപ്പെട്ടിട്ടില്ല. കൂടാതെ ഏതൊക്കെ സ്ഥലങ്ങളിലാണ് ഇവ സ്ഥാപിക്കേണ്ടതെന്നും, അത്തരം സ്ഥലങ്ങളിൽ കുടിവെള്ളത്തെ ആശ്രയിക്കുന്ന ആളുകളുടെ പ്രതിദിന ശരാശരി എണ്ണം എത്രയെന്നും എവിടേയും വ്യക്തമാക്കപ്പെട്ടിട്ടില്ല. എ ടി എം സ്ഥാപിക്കുന്നതിനുള്ള അടിസ്ഥാന സൌകര്യങ്ങൾ (വെള്ളം, വൈദ്യുതി ഉൾപ്പടെ) ഒരുക്കുന്നത് സംബന്ധിച്ച് നിശബ്ദമായ പ്രൊജക്ട് പ്രഫോർമയിൽ, നിർബന്ധമായും ഉൾച്ചേർക്കേണ്ട ഒരു വിശദാംശവും ഉൾപ്പെടുത്തിയിട്ടുമില്ല. ഇത് കൊണ്ട് തന്നെ എ ടി എമ്മിന്റെ ആവശ്യകതയെന്തെന്ന് സാധൂകരിക്കപ്പെട്ടിട്ടില്ല. ഇത്തരം അടിസ്ഥാന വിവരങ്ങളില്ലാതെ പ്രൊജക്ടിന് ഭരണാനുമതി നല്കിയ സെക്രട്ടറിയും,പ്രൊജക്ട് വെറ്റ്ചെയ്ത അസി. എക്സിക്യൂട്ടിവ് എഞ്ചിനീയർ ശ്രീ രവീന്ദ്രൻ ടി യും ഇക്കാര്യത്തിൽ വിശദീകരണം നല്കേണ്ടതാണ്. 2020-21 വർഷത്തിൽ രൂപീകരിച്ച പ്രൊജക്ട് പ്രകാരമുള്ള

വാങ്ങൽ ഓഡിറ്റ് വർഷത്തിന്റെ അവസാന കാലഘട്ടത്തിൽ നടത്തിയതും നാളിതുവരെ രണ്ട് എ ടി എം പ്രവർത്തനക്ഷമമാകാത്തതും ഈ പ്രൊജക്ട് അത്യാവശ്യമായിരുന്നില്ലെന്ന് വ്യക്തമാക്കുന്നുണ്ട്.

3)ആവശ്യകതയ്ക്ക് അനുസരിച്ചുള്ള സ്പെസിഫിക്കേഷൻ തയ്യാറാക്കി പരസ്യപ്പെടുത്തിയാണ് ടെണ്ടർ ക്ഷണിക്കേണ്ടത്. ആവശ്യകത, ഉപയോഗപ്പെടുത്തുന്നവരുടെ ശരാശരി എണ്ണം എന്നിവ നിർണ്ണയിക്കപ്പെട്ടിട്ടില്ലാത്തതിനാൽ സ്പെസിഫിക്കേഷൻ ഏതെന്ന് നിശ്ചയിക്കാൻ കഴിയുന്നതുമല്ല. മേൽ പ്രൊജക്ടിന്റെ കാര്യത്തിൽ സ്പെസിഫിക്കേഷൻ നിശ്ചയിക്കപ്പെടാത്തതും എ ടി എമ്മിനുള്ള പരസ്യത്തിൽ ഇത്പരസ്യപ്പെടുത്താത്തതുമാകുന്നു. സ്പെസിഫിക്കേഷൻ നിശ്ചയിക്കാതെ ടെണ്ടർ ക്ഷണിച്ചതിനാൽ (ടെണ്ടർ നോട്ടീസിന്റെ കരടിൽ നിന്നും ഇത് വ്യക്തമാകുന്നു) സമർപ്പിക്കപ്പെട്ട ടെണ്ടറുകൾ വ്യത്യസ്ത സ്പെസിഫിക്കേഷനിലാവുകയും ടെണ്ടറുകൾക്ക് മത്സരക്ഷമത നഷ്ടപ്പെടുകയും ചെയ്തു. ടെണ്ടറിൽ പങ്കെടുത്ത രണ്ട് പേരിൽ വാട്ടർ വേൾഡ് എന്ന സ്ഥാപനം ടെണ്ടറിൽ അവരുടെ ഉപകരണത്തിന്റെ സ്പെസിഫിക്കേഷൻ കൃത്യമായി പ്രതിപാദിക്കുകയും മുൻകാല പ്രവർത്തനങ്ങളുടെ വിശദമായ റിപ്പോർട്ട് ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ കുറഞ്ഞ നിരക്ക് എന്ന പരിഗണനയിൽ തെരെഞ്ഞെടുക്കപ്പെട്ട സാൻസ് കോർപ്പ്സ്പെസിഫിക്കേഷൻ വ്യക്തമാക്കുകയോ ,ഈ മേഖലയിലെ അവരുടെ പ്രവർത്തന പരിചയം വിശദമാക്കുകയോ ചെയ്തിട്ടില്ല.ഇത്തരം വിവരങ്ങൾ ഇല്ലാതെ മേൽ സ്ഥാപനത്തെ തെരെഞ്ഞെടുത്തതെങ്ങിനെയെന്ന് വ്യക്തമാക്കേണ്ടതാണ്.

4) സ്പെസിഫിക്കേഷൻ വ്യക്തമല്ലാത്ത എ ടി എം, ഒന്നിന് 330888/-രൂപ നിരക്കിലാണ് സ്ഥാപനംലഭ്യമാക്കിയത്. നഗരസഭയിൽ സ്ഥാപിച്ച എ ടി എം പരിശോധിച്ചതിൽ ബ്രാന്റ് നെയിമോ മറ്റ് വിശദാംശങ്ങളോ ഇതിൽ രേഖപ്പെടുത്തിയിട്ടില്ലെന്ന് കണ്ടു. സ്പെസിഫിക്കേഷന്റേയും വെള്ളത്തിന്റെ ഗുണനിലവാര സർട്ടിഫിക്കറ്റിന്റേയും അഭാവത്തിൽ നല്കിയ തുകയക്ക് അനുസൃതമായ ഉപകരണമാണോ ലഭിച്ചതെന്ന് വ്യക്തമല്ല . ഈ ഉപകരണം ഒരു സാങ്കേതിക വിദഗ്ദനെകൊണ്ട് പരിശോധിപ്പിച്ച് ഗുണനിലവാരം ഉറപ്പുവരുത്തിയിട്ടുമില്ല. കൂടാതെ ഉപകരണം സ്ഥാപിക്കുന്നതിൽ സ്ഥാപനത്തിന് ISO സർട്ടിഫിക്കേഷനും ഇല്ലായെന്ന് കാണുന്നു.

5).ഉപകരണം വാങ്ങുന്നതിന് ടെണ്ടർ ക്ഷണിച്ചപ്പോൾ അത് പത്രത്തിൽ പരസ്യപ്പെടുത്തിയോയെന്ന് വ്യക്തമല്ല.

6). 10.3.21 ന് സ്ഥാപനം നല്കിയ നെഗോസിയേഷൻ ലെറ്ററിനുള്ള മറുപടിയിൽ ഒരുവർഷത്തേക്ക്
ആവശ്യമായ പേപ്പർ ഗ്ലാസ്സുകളുടെ എണ്ണം തിട്ടപ്പെടുത്തിക്കൊടുത്താൽ അത്രയും ഗ്ലാസ്സ് സൌജന്യമായി മെഷീനൊപ്പം നല്കാമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ നഗരസഭ ആവശ്യകത വ്യക്തമാക്കുകയോ,സ്ഥാപനം ഗ്ലാസ്സുകൾ നല്കുകയോ ചെയ്തിട്ടില്ല.

7).സ്റ്റാന്റിംഗ് കമ്മിറ്റി,വർക്കിംഗ് ഗ്രൂപ്പ്,വാർഡ് സഭകൾ,കൌൺസിലർമാർ എന്നിവരിലാരുതന്നെ പ്രൊജക്ട് നിർവ്വഹണം നിരീക്ഷിക്കുകയോ വീഴ്ചകൾ ചൂണ്ടിക്കാട്ടുകയോ ചെയ്തിട്ടില്ല.

8). സ്ഥാപനത്തിന്റെ ആസ്തിരജിസ്റ്ററിൽ ഉപകരണങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടതിന് നല്കിയ മറുപടിയിൽ നഗരസഭാ ഓഫീസ്, ബസ് സ്റ്റാന്റ്, താലൂക്ക് ആശുപത്രി എന്നിവിടങ്ങളിൽ പൊതുജനങ്ങൾക്കും സാധാരണക്കാർക്കും കുടിവെള്ളം ലഭ്യമാക്കുന്നതിനാണ് പദ്ധതി ആവിഷ്കരിച്ചതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. വാങ്ങി എട്ടു മാസത്തോളമായിട്ടും ഇവ സ്ഥാപിക്കാത്തതിനാൽ ലക്ഷ്യം എപ്രകാരം നേടുമെന്ന് വ്യക്തമാക്കേണ്ടതുണ്ട്. ആശുപത്രിയിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്നതിനാലും, ബസ് സ്റ്റാന്റിൽ ഡ്രയിൻ കണക്ഷൻ ഇല്ലാത്തതിനാലുമാണ് രണ്ടെണ്ണം സ്ഥാപിക്കാത്തതെന്ന് മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. ഇത്തരം അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയതിനുശേഷം വാങ്ങേണ്ട ATM , വൻ തുക വിനിയോഗിച്ച് മാസങ്ങളായി വാങ്ങി വച്ചതെന്തിനെന്ന് വ്യക്തമാക്കേണ്ടതാണ്. ക്രമ നമ്പർ 4 പ്രകാരമുള്ള പരാമർശത്തിന് നല്കിയ മറുപടിയിൽ വെള്ളത്തിന്റെ ഗുണനിലവാരം പരിശോധിച്ചിട്ടുണ്ടെന്നും ഐ.എസ്.ഐ നിലവാരത്തിലുള്ള ഉപകരണങ്ങളാണ് സ്ഥാപിച്ചതെന്നും വ്യക്തമാക്കിയിട്ടുണ്ട്. രേഖകൾ ഹാജരാക്കാതെയുള്ള മറുപടി സ്വീകാര്യമല്ല. കൂടാതെ ISO നിലവാരത്തിലുള്ള നിരവധി ഉപകരണങ്ങൾ വളരെ കുറഞ്ഞ നിരക്കിൽ നിരവധി ലഭ്യമാണെന്നിരിക്കെ ഐ.എസ്.ഐ നിലവാരത്തിലുള്ള ഉപകരണം

വൻ വില നല്കി വാങ്ങിയത് അംഗീകരിക്കാവുന്നതല്ല. ക്രമനമ്പർ 2, 3, 5, 7, 8 എന്നിവ പ്രകാരമുള്ള അപാകതകൾക്ക് മറുപടി നല്കിയിട്ടുമില്ല. അപാകതകളുടെ അടിസ്ഥാനത്തിൽ ആകെ ചെലവഴിച്ച 992664/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-24 നാപ്കിൻ വെൻഡിംഗ് മെഷനും ഡിസ്ട്രോയറും വാങ്ങിയത്-ഉപകരണങ്ങൾ കമ്മീഷൻ ചെയ്തില്ല

നിർവ്വഹണം - ഹെൽത്ത് ഇൻസ്പെക്ടർ

പ്രൊജക്ട് നം . 188/22-നാപ്കിൻ വെൻഡിംഗ് മെഷൻ ആന്റ് ഡിസ്ട്രോയർ

പ്രൊജക്ട് അടങ്കൽ-2 ലക്ഷം രൂപ (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

ചെലവ് തുക- 172500/-( Bill Ref No. 2116044700100118977/14.2.22)

നഗരസഭാ ഓഫീസിലും പെൺകുട്ടികൾ പഠിക്കുന്ന ഹയർ സെക്കന്ററി സ്കൂളുകളിലും ഷീ ടോയ് ലെററിലും നാപ്കിൻ പാഡ് ലഭ്യമാക്കുന്നതിനും ഉപയോഗം കഴിഞ്ഞത് സംസ്കരിക്കുന്നതിനും ഉദ്ദ്യേശിച്ചുള്ള പ്രൊജക്ടിനായി 172500/- രൂപ വിനിയോഗിച്ചിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ സംഭവിച്ചതായി ഫയൽ പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു.

1) 10000/-രൂപ യൂണിറ്റ് കോസ്റ്റിൽ ആകെ ആകെ 10 മെഷീനുകൾ വാങ്ങാനാണ് പ്രൊജക്ട് പ്രകാരം ലക്ഷ്യമിട്ടത്. എന്നാൽ രണ്ട് ഇനത്തിനും കൂടി 34500/-രൂപ നിരക്കിൽ 5 എണ്ണം മാത്രമാണ് വാങ്ങിയത്. പ്രൊജക്ടിന്റെ ലക്ഷ്യപ്രാപ്തി ഇത് മൂലം കൈവരിച്ചിട്ടില്ല.

2) സ്റ്റാന്റിംഗ് കമ്മിറ്റി,വർക്കിംഗ് ഗ്രൂപ്പ്,വാർഡ് സഭകൾ,കൌൺസിലർമാർ എന്നിവരിലാരും തന്നെ പ്രൊജക്ട് നിർവ്വഹണം മോണിറ്റർ ചെയ്തിട്ടില്ല. പണം നല്കിയതല്ലാതെ മെഷീനുകൾ ലഭ്യമായോ, എവിടെയൊക്കെ സ്ഥാപിച്ചു, പ്രവർത്തനക്ഷമമായോ എന്നീ കാര്യങ്ങളിൽ യാതൊരു വ്യക്തതയും ഫയലിൽ നിന്നും ലഭ്യമല്ല. ഇത് കൊണ്ട് തന്നെ 10.10.22 ന് നഗരസഭാ ഉദ്യോഗസ്ഥരുടെ സാന്നിധ്യത്തിൽ, സ്ഥാപിക്കപ്പെട്ട മെഷീനുകൾ നേരിൽ പരിശോധിച്ചതിൽ താഴെ പറയുന്ന കാര്യങ്ങൾ ബോധ്യപ്പെട്ടു.

എ) ഹയർ സെക്കന്ററി സ്കൂളുകളിൽ ഒരിടത്തും തന്നെ മെഷീൻ സ്ഥാപിച്ചിട്ടില്ല.നഗരസഭാ ഓഫീസ്,ബസ് സ്റ്റാന്റിലെ രണ്ട് വനിതാ ടോയ് ലെറ്റുകൾ, കൊല്ലത്തുള്ള നഗരസഭാ പാർക്ക്, ടെയ്ക്ക് എ ബ്രേക്ക് എന്നിവിടങ്ങളിൽ മാത്രമാണ് ഇവസ്ഥാപിക്കപ്പെട്ടിട്ടുള്ളത്.

ബി) വെന്റിംഗ് മെഷീൻ ഒന്നും തന്നെ നിലവിൽ ഉപയോഗപ്പെടുത്തുന്നില്ല. മിക്കതിനും സാങ്കേതിക പ്രശ്നം ഉള്ളതായി കാണുന്നു. ടെയ്ക്ക് എ ബ്രേക്കിൽ സ്ഥാപിച്ച ഡിസ്ട്രോയറിന് മാത്രമാണ് പവർകണക്ഷൻ ലഭ്യമായത് മറ്റിടങ്ങളിൽ ഇവ സ്ഥാപിക്കപ്പെട്ടതല്ലാതെ പവർകണക്ഷനുള്ള യാതൊരു സാധ്യതയും നിലവിലില്ല. ഫലത്തിൽ ഒരു ഡിസ്ട്രോയർ അല്ലാതെ മറ്റൊരു ഉപകരണവും നാളിതുവരെ ഉപയോഗപ്പെട്ടിട്ടില്ല. പ്രൊജക്ട് പ്രകാരം ഉദ്ദേശിച്ച എല്ലാ ഇടങ്ങളിലും, പ്രത്യേകിച്ച് ഹയർ സെക്കന്ററി സ്കൂളുകളിൽ, മെഷീനുകൾ സ്ഥാപിക്കാത്തതും, ഉപകരണങ്ങൾ വാങ്ങി എട്ടു മാസത്തോളമായിട്ടും ഇവ ഉപയോഗപ്പെടാത്തതിനും വിശദീകരണം നല്കേണ്ടതാണ്.

3) ഉപകരണങ്ങൾ സ്ഥാപിക്കപ്പെട്ടാൽ അവയുടെ പരിപാലനം എപ്രകാരമെന്നും ആർക്കാണ് ചുമതലയെന്നും പ്രൊജക്ടിൽ വ്യക്തമാക്കിയിട്ടില്ല. വെൻഡിംഗ് മെഷീനിൽ പാഡുകൾ നിറയ്ക്കേണ്ടതും , ഇതിന് 5 രൂപ നിരക്കിൽ നാണയം ലഭ്യമാകുമെന്നതും പ്രധാനപ്പെട്ട കാര്യങ്ങളായതിനാൽ ഇക്കാര്യത്തിൽ വ്യക്തതയില്ലാത്തത് വിശദീകരിക്കപ്പെടേണ്ടതാണ്.

4) രണ്ട് മെഷീനുകൾക്കും ഒരു വർഷത്തെ ഗ്യാരന്റിയാണുള്ളത്. സ്ഥാപിച്ച് 8 മാസമായിട്ടും ഇവ പ്രവർത്തിക്കാത്തതിനാൽ ഇത് നശിക്കുകയാണ്.

5) ടെണ്ടറിൽ കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത ഹെഡ്കോ എന്ന സ്ഥാപനം സാമ്പിൾ ഹാജരാക്കാത്തതിനാൽ ഇവരെ ഒഴിവാക്കി രണ്ടാമത്തെ കുറഞ്ഞ നിരക്ക് കാണിച്ച മരിയ ഹൈജീൻ സൊല്യൂഷൻസ് എന്ന സ്ഥാപനത്തെ തെരെഞ്ഞെടുക്കുകയായിരുന്നു. ഹെഡ്കോ എന്ന സ്ഥാപനത്തിന്റെ ഇ എം ഡി തനത് ഫണ്ടിലേക്ക് മുതൽ കൂട്ടിയോയെന്ന് വ്യക്തമാക്കേണ്ടതാണ്.

6) സ്ഥാപനത്തിന്റെ ആസ്തിരജിസ്റ്ററിൽ ഉപകരണങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ മറുപടിയിൽ ഹയർ സെക്കന്ററി സ്കൂളുകളിൽ പുതിയ കെട്ടിടത്തോട് അനുബന്ധിച്ച് മെഷീനുകൾ സ്ഥാപിച്ചതിനാലാണ് ഇവ ഒഴിവാക്കപ്പെട്ടതെന്ന് മറുപടി നല്കിയിട്ടുണ്ട്. കൂടാതെ എല്ലാ മെഷീനുകളും ഉടനടി പ്രവർത്തനക്ഷമമാക്കുമെന്നും വെന്റിംഗ് മെഷീനുകളുടെ ചുമതല JHI ഷിജിനയ്ക്ക് നല്കിയെന്നും വ്യക്തമാക്കിയിട്ടുണ്ട്. ആവശ്യകത കൃത്യമായി കണക്കാക്കാതെയാണ് പ്രൊജക്റ്റ് രൂപീകരിച്ചതെന്ന് മറുപടി വ്യക്തമാക്കുന്നുണ്ട്. കൂടാതെ മെഷീന്റെ ചുമതല കൈമാറിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടുമില്ല. ഉപകരണങ്ങൾ നാളിതുവരെ ഉപയോഗിക്കാത്തതിനാൽ ചെലവുതുക പാഴായിരിക്കുകയാണ്.

MSME യൂണിറ്റായതിനാൽ EMD ഈടാക്കിയിട്ടില്ലെന്നാണ് ക്രമ നം. 5 ന് മറുപടി നല്കിയത്. പ്രാഥമിക ഉടമ്പടിയിലെ വ്യവസ്ഥകൾ പാലിച്ച് നഷ്ടതുക ഈടാക്കി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്. കൂടാതെ ക്രമനം 2,4,6 എന്നിവ പ്രകാരമുള്ള പരാമർശങ്ങൾക്ക് മറുപടി നല്കിയിട്ടുമില്ല. അപാകതകളുടെ അടിസ്ഥാനത്തിൽ ചെലവു തുക 172500/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-25 കുടിവെള്ള വിതരണം - ടെണ്ടർ നടപടികളിൽ സുതാര്യതയില്ലായ്മയും മറ്റപാകതകളും

വരൾച്ചാ ദുരിതാശ്വാസത്തിന്റെ ഭാഗമായി കുടിവെള്ളക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ കുടിവെള്ള വിതരണത്തിനായി 15.2.2021 ലെ സർക്കാർ ഉത്തരവ്(സാധാ)446/2021/ത.സ്വ.ഭ.വ. പ്രകാരം 2021 വർഷത്തിൽ മാർച്ച് മാസം മുതൽ മെയ് മാസം വരെ കുടിവെള്ള വിതരണത്തിനായി സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ നഗരസഭാ പരിധിയിൽ ടെണ്ടർ നടപടികളിലൂടെ വരൾച്ചാ ദുരിതാശ്വാസത്തിന്റെ ഭാഗമായി കുടിവെള്ളം വിതരണം ചെയ്തതിന് 18,73,500/- രൂപ ഹെൽത്ത് ഇൻസ്പെക്ടർ നിർവ്വഹണോദ്യോഗസ്ഥനായി ധനകാര്യകമ്മീഷൻ ഗ്രാന്റിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. (ആകെ 7085000 ലിറ്റർ വെള്ളം വിതരണം ചെയ്തതിന് 27 പൈസ നിരക്കിൽ 1912950/-രൂപ കരാറുകാരൻ ആവശ്യപ്പെട്ടിരുന്നെങ്കിലും അടങ്കൽ തുകയിൽ പരിമിതപ്പെടുത്തിയാണ് തുക നൽകിയത്) പദ്ധതി ഫയൽ പരിശോധിച്ചതിൽ ടെണ്ടർ നടപടികളിൽ സുതാര്യതയില്ലായ്മയും, മറ്റും ശ്രദ്ധയിൽപെട്ടു. വിശദാംശം ചുവടെ കൊടുക്കുന്നു,

ഈ പദ്ധതിയ്ക്കു വേണ്ടി ഇ-ടെണ്ടർ നടപടി സ്വീകരിക്കുന്നതിനായി 14.2.21ന് ഹെൽത്ത് ഇൻസ്പെക്ടർ നിർദ്ദേശിച്ചതിനെ തുടർന്ന് 17.2.21ന് ബന്ധപ്പെട്ട സെക്ഷൻ(H1) ടെണ്ടർ നോട്ടീസ് തയ്യാറാക്കി സമർപ്പിച്ചത് ഹെൽത്ത് ഇൻസ്പെക്ടർ അന്നു തന്നെ അംഗീകരിച്ചിട്ടുണ്ട്. ടെണ്ടർ നോട്ടീസ് പ്രസിദ്ധീകരിക്കുന്നതിനായി ജനയുഗം ദിനപത്രം പത്രാധിപർക്ക് അന്നുതന്നെ നൽകിയ കത്തിന്റെ (സെക്രട്ടറി ഒപ്പിട്ടത്)പകർപ്പ് ഫയലിൽ ലഭ്യമാണ്. ഇത് പത്രാധിപർക്ക് നൽകിയിരുന്നോയെന്ന് വ്യക്തമല്ല. ഇ-മെയിൽ മുഖാന്തിരമാണ് നൽകിയതെന്ന് ബന്ധപ്പെട്ട സെക്ഷൻ അറിയിച്ചുവെങ്കിലും ആയതിന്റെ പകർപ്പ് ആവശ്യപ്പെട്ടിട്ടും ലഭ്യമാക്കിയില്ല. ടെണ്ടർ പരസ്യം പ്രസിദ്ധപ്പെടുത്തിയ പത്രവും പരിശോധനയ്ക്ക് ലഭിച്ചില്ല.

ഇ-ടെണ്ടർ പോർട്ടലിൽ നിന്നും 17.2.2021ന് പ്രിന്റെടുത്ത ടെണ്ടർ ഡിറ്റെയിൽസ് റിപ്പോർട്ട് ഫയലിൽ ലഭ്യമാണ്. 2021_UAD_416141_1നമ്പർ ടെണ്ടർ ഐ.ഡി.യിലുള്ള ഈ ടെണ്ടറിന്റെ വിശദാംശങ്ങൾ താഴെ പറയും വിധമാണ്,

| | |
|---|---|
| പബ്ലിഷ് ഡേറ്റ് | 18.2.21 , 11 AM |
| ഡോക്യുമെന്റ് ഡൗൺലോഡ്/സെയിൽ സ്റ്റാർട്ട് ഡേറ്റ് | 18.2.21 , 11 AM |

| | |
|---|---|
| ബിഡ് ഓപ്പനിംഗ് ഡേറ്റ് | 26.2.2021, 3.05PM |
| ഡോക്യുമെന്റ് ഡൗൺലോഡ്/സെയിൽ എൻഡ് ഡേറ്റ് | 25.2.2021, 3.00PM |
| ബിഡ് സബ്മിഷൻ എൻഡ് ഡേറ്റ് | 25.2.2021, 3.00PM |

26.2.21 ന് സെക്ഷൻ തയ്യാറാക്കിയ കുറിപ്പിൽ മൂന്ന ടെണ്ടറുകൾ ലഭ്യമായ വിവരം അറിയിച്ചു കൊണ്ട് ഹെൽത്ത് ഇൻസ്പെക്ടർക്ക് ഫയൽ സമർപ്പിച്ചു. ടെണ്ടറുകൾ ടാബുലേറ്റ് ചെയ്ത് സമർപ്പിക്കാൻ നിർദ്ദേശിച്ചതനസരിച്ച് അന്നതന്നെ സെക്ഷൻ വിവരം തയ്യാറാക്കി സമർപ്പിച്ചു. ഇതു പ്രകാരം ടെണ്ടറിൽ പങ്കെടുത്തവരുടെ വിശദാംശം ചുവടെ കൊടുക്കുന്നു,

| ക്ര.നം | കരാറുകാരന്റെ പേര് | ക്വാട്ട് ചെയ്ത നിരക്ക് |
|---|---|---|
| 1 | അഭിലാഷ് പി.പി. | 27 Paise/litre |
| 2 | ബിജേഷ് പി.പി. | 19 Paise/litre |
| 3 | ബാലൻനായർ | 31 Paise/litre |

മേൽ പട്ടികയിലെ ക്രമ നമ്പർ 1,3 എന്നിവർ മാത്രമേ മതിയായ രേഖകൾ സമർപ്പിച്ചിട്ടുള്ളൂവെന്ന് കുറിപ്പ ഫയലിൽ സെക്ഷൻ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഏതൊക്കെ രേഖകളാണ് ലഭ്യമല്ലാത്തതെന്ന് വ്യക്തമാക്കിയിട്ടില്ല. ഫയലിൽ ലഭ്യമായ കരട് ടെണ്ടർ നോട്ടീസിൽ ഇത്തരത്തിൽ ടെണ്ടറിനൊപ്പം സമർപ്പിക്കേണ്ട രേഖകളെ കുറിച്ച് പരാമർശിച്ചിട്ടില്ല. ടെണ്ടർ സംബന്ധിച്ച കൂടുതൽ വിവരങ്ങൾ വെബ്സൈറ്റിൽ ലഭ്യമാണെന്ന് കരട് ടെണ്ടർ നോട്ടീസിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഇവയുടെ പകർപ്പുകളൊന്നും ഫയലിൽ ലഭ്യമല്ല. ഈ വിഷയവുമായി ബന്ധപ്പെട്ട ഓഡിറ്റ് എൻക്വയറിയിലും ആയത് ആവശ്യപ്പെട്ടെങ്കിലും പരിശോധനയ്ക്ക് ലഭിച്ചില്ല.

മാനദണ്ഡങ്ങൾ പാലിച്ച് കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ക്രമ നമ്പർ ഒന്ന് കരാറുകാരനമായി നെഗോസിയേഷൻ നടത്താൻ കത്ത് തയ്യാറാക്കാൻ ഹെൽത്ത് ഇൻസ്പെക്ടർ നിർദ്ദേശിച്ചതിനെ തുടർന്ന് സെക്ഷൻ കത്ത് തയ്യാറാക്കിയതും, കരാറുകാരൻ തനിക്ക് നിരക്ക് കുറക്കാൻ നിർവ്വഹമില്ലെന്ന് കാണിച്ച് നൽകിയ മറുപടിയും ഫയലിലുണ്ട്. ഇതെല്ലാം ഒരേ ദിവസം തന്നെയാണ് നടന്നിട്ടുള്ളത്(26.2.21ന്). കരാറുകാരൻ നൽകിയ മറുപടിയിൽ 26.2.21ന് 2 PM ന് ചെയർപേഴ്സന്റെ ചേമ്പറിൽ വച്ച് നെഗോസിയേഷൻ നടന്നതായി രണ്ടിടത്ത് രേഖപ്പെടുത്തിയിട്ടുണ്ട്. നെഗോസിയേഷന് ശേഷം അഭിലാഷ് പി.പി. എന്നയാൾക്ക് ടെണ്ടർ അനുവദിച്ച് വർക്ക് ഓർഡർ നൽകി (കുടിവെള്ള വിതരണം അടിയന്തിരമായി ചെയ്യേണ്ടതിനാൽ ചെയർപേഴ്സന്റെ മുൻകൂർ അനുമതി വാങ്ങി 4.3.21 നാണ് വർക്ക് ഓർഡർ നൽകിയത്).

ടെണ്ടർ നടപടികളുമായി ബന്ധപ്പെട്ട മേൽ വിവരിച്ച രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കാൻ ഓഡിറ്റ് എൻക്വയറിയിലൂടെ ആവശ്യപ്പെട്ടതിന് ഹെൽത്ത് ഇൻസ്പെക്ടർ നൽകിയ മറുപടി ടെണ്ടർ പരസ്യം പത്രത്തിൽ പരസ്യപ്പെടുത്തിയിരുന്നുവെന്നും, 26.2.21 ന് നിയമസഭാ തെരെഞ്ഞെടുപ്പ് വിജ്ഞാപനം വരാൻ സാധ്യതയുണ്ടെന്ന് അറിഞ്ഞതിനാലാണ് ടെണ്ടർ നടപടികൾ അന്ന തന്നെ പൂർത്തീകരിച്ചതെന്നും, തൊട്ടടുത്ത ദിവസം തന്നെ കുടിവെള്ള വിതരണം തുടങ്ങിയെന്നും, നെഗോസിയേഷൻ നടന്ന സമയം തെറ്റായി 2 PM എന്ന് രേഖപ്പെടുത്തിപ്പോയതാണെന്നുമാണ്. കുടിവെള്ളം പരിശോധിച്ച രേഖ, പ്രഥമിക എഗ്രിമെന്റ് എന്നിവ ബിജേഷ് എന്നയാൾ സമർപ്പിക്കാതിരുന്നതിനാലും, പ്രസ്തുത രേഖകൾ അന്ന തന്നെ സമർപ്പിക്കാൻ സാധിക്കില്ലെന്ന് ഇയാൾ അറിച്ചതിനാലുമാണ് ഇദ്ദേഹത്തെ പരിഗണിക്കാതിരുന്നതെന്നും മറുപടിയിൽ വിശദീകരിക്കുന്നു. മേൽ രേഖകൾ ടെണ്ടറിനൊപ്പം സമർപ്പിക്കണമെന്ന നിബന്ധന ടെണ്ടർ നോട്ടീസിൽ ഉണ്ടായിരുന്നോയെന്ന പരിശോധിക്കുന്നതിനും, ടെണ്ടർ പരസ്യം ചെയ്തതിനും സംബന്ധിച്ച രേഖകൾ മറുപടിക്കൊപ്പം ഹാജരാക്കാത്തതിനാൽ മേൽ മറുപടി പരിഗണിക്കാൻ സാധ്യമല്ല. കൂടാതെ ടെണ്ടറിനൊപ്പം അഭിലാഷ് എന്നവർ സമർപ്പിച്ച കുടിവെള്ള പരിശോധനാഫലം ഒരു മാസത്തിലധികം പഴക്കമുള്ളതും, ആയത് പാർട്ടി തന്നെ നേരിട്ട് പരിശോധിപ്പിച്ച സാമ്പിളുമാണ്. വെള്ളത്തിന്റെ സ്രോതസ്സിനെ സംബന്ധിച്ചും

ആയതിൽ പരാമർശിച്ചിട്ടില്ല. കുടിവെള്ളം പരിശോധിക്കുന്നതിന് വ്യക്തമായ മാനദണ്ഡം നിശ്ചയിക്കാതെ വെള്ളത്തിന്റെ ഗുണമേന്മ എപ്രകാരം ഉറപ്പുവരുത്തിയെന്നും, മേൽ വിധത്തിൽ ടെണ്ടറിൽ പങ്കെടുത്തയാളുടെ പരിശോധനാഫലം അംഗീകരിക്കുകയും ചെയ്തത് എന്തടിസ്ഥാനത്തിലാണെന്ന് വ്യക്തമല്ല. ടെണ്ടർ നടപടികളിൽ കൃത്യതയും, സൂക്ഷ്മതയും പുലർത്തേണ്ട നിർവ്വഹണോദ്യോഗസ്ഥൻ നെഗോസിയേഷൻ കത്തിൽ സമയം തെറ്റായി എഴുതിപ്പോയതാണെന്ന് വിശദീകരിച്ചത് അംഗീകരിക്കാവുന്നതല്ല. ധൃതി പിടിച്ച ടെണ്ടർ നടപടി സ്വീകരിച്ചിട്ടും കുടിവെള്ള വിതരണം ആരംഭിക്കുന്നത് മൂന്നാഴ്ചകൾക്ക് ശേഷമാണെന്ന് ഫയലിൽ വ്യക്തമാണ്. അതുകൊണ്ട് കുടിവെള്ള വിതരണത്തിന് അടിയന്തിരാവസ്ഥയില്ലായിരുന്നെന്ന് വ്യക്തമാണ്.

ടെണ്ടർ നടപടികളുമായി ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാലും, ഇ-ടെണ്ടർ ഓപ്പനിംഗ് സമയത്തിനു മുമ്പേ നടന്ന ടെണ്ടർ ഉറപ്പിക്കൽ നടപടികളിൽ നിന്നും താഴെ ചേർക്കുന്ന നിഗമനങ്ങളിൽ ഓഡിറ്റ് എത്തുന്നു.

- 18.2.2021 ന് ഇ-ടെണ്ടർ പോർട്ടലിൽ ടെണ്ടർ പരസ്യം ഓപ്പനാവുകയും, അന്നു മുതൽ ഡോക്യുമെന്റ് ഡൗൺലോഡ്/സെയിൽ തുടങ്ങുകയും ചെയ്യും. 17.2.21നു പത്രാധിപർക്ക് പരസ്യം പ്രസിദ്ധപ്പെടുത്താൻ അറിയിപ്പ് നൽകിയാൽ തന്നെ 18.2.21നോ അതിനു ശേഷമുള്ള ഏതെങ്കിലും ദിവസമായിരിക്കും അതു പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടാവുക. അതു കൊണ്ടുതന്നെ ടെണ്ടർ അറിയിപ്പിന് വേണ്ടത്ര സമയം അനുവദിച്ചിട്ടില്ല. ഇതിൽ നിന്നും ഇ-ടെണ്ടർ പരസ്യം പ്രസിദ്ധപ്പെടുത്തിയിരുന്നില്ല അല്ലെങ്കിൽ യഥാസമയം പത്രത്തിൽ പരസ്യപ്പെടുത്തിയിരുന്നില്ല എന്ന നിഗമനത്തിലെത്തുന്നു.
- മുൻവർഷം ബിജേഷ് ആണ് നഗരസഭയിൽ കുടിവെള്ള വിതരണം നടത്തിയിട്ടുള്ളത്. മുൻവർഷത്തിൽ പരാതികളില്ലാതെ പ്രവൃത്തി നടത്തിയ വ്യക്തിയായിരുന്നിട്ടും ആവശ്യമായ രേഖകൾ സമർപ്പിക്കാൻ പ്രസ്തുത വ്യക്തിയെ അറിയിക്കുകയോ, അവസരം നൽകുകയോ ചെയ്തതിന് ഫയലിൽ രേഖകളില്ല. മേൽ രേഖകൾ സമർപ്പിക്കേണ്ടതാണെന്ന് ടെണ്ടർ നിബന്ധനയിലുണ്ടായിരുന്നെങ്കിൽ, മുൻവർഷം കുടിവെള്ള വിതരണം നടത്തിയ ആളായതു കൊണ്ടുതന്നെ ആയത് സമർപ്പിക്കാൻ അദ്ദേഹം പ്രത്യേകം ശ്രദ്ധിക്കുമായിരുന്നു. മേൽ വിവരിച്ച വിധം ധൃതി പിടിച്ച് 26.2.21നു തന്നെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചത് അദ്ദേഹം ക്വാട്ട് ചെയ്ത കുറഞ്ഞ നിരക്ക് പരിഗണിക്കാതിരിക്കാനാണെന്ന് വ്യക്തമാണ്.
- ടെണ്ടറിൽ പങ്കെടുത്ത ബിജേഷ്.പി.പി, അഭിലാഷ്.പി.പി. എന്നിവർ അടുത്ത ബന്ധുക്കളാണ്. (വിലാസം-പാറപ്പുറത്ത് വീട്, മുചുകുന്ന്, കൊയിലാണ്ടി)അടുത്ത ബന്ധുക്കളായതിനാൽ തന്നെ ഇവർ തമ്മിലും, നിർവ്വഹണോദ്യോഗസ്ഥനുമായും ആരോഗ്യകരമല്ലാത്ത ഇടപെടൽ നടന്നിട്ടുണ്ടെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. മുൻവർഷം കുടിവെള്ള വിതരണം നടത്തിയത് 28 Paise/lr എന്ന നിരക്കിലാണ്. അതുകൊണ്ടു ബന്ധുക്കളായ ഇവരിൽ ഒരാൾ തൊട്ടടുത്ത കുറഞ്ഞ നിരക്ക് (27 Paise)ക്വാട്ട് ചെയ്യുകയും, ഇവർക്കു പുറമെ മറ്റൊരാൾ ഇതിലും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്യുകയാണെങ്കിൽ അതിനു തടയിടാനെന്ന വിധം രണ്ടാമത്തെയാൾ വളരെ കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്യുകയും ചെയ്തു. മൂന്നാമതായി പങ്കെടുത്തയാൾ 31 Paise ക്വാട്ട് ചെയ്തതിനാൽ കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ടെണ്ടർ മതിയായ രേഖകളില്ലെന്ന വ്യാജേന പരിഗണിക്കാതിരിക്കുകയും, 27 പൈസ ക്വാട്ട് ചെയ്ത അഭിലാഷിന് ടെണ്ടർ ഉറപ്പിക്കുകയും ചെയ്തു.
- ഇ-ടെണ്ടർ പോർട്ടലിൽ നിന്നും 17.2.21നും ഓഡിറ്റ് സമയവും പ്രിന്റെടുത്ത ടെണ്ടർ ഡിറ്റെയിൽസിൽ ബിഡ് ഓപ്പനിംഗ് സമയം 26.2.21 ന് 3.05 PMനാണ്. എന്നാൽ ടെണ്ടർ നടപടികളെല്ലാം ആ സമയത്തിനു മുമ്പേ ഫയൽ പ്രകാരം നടന്നിട്ടുണ്ട്. ടെണ്ടർ അനുവദിച്ച കരാറുകാരനുമായി നെഗോസിയേഷൻ നടന്നതും അതേ ദിവസം 2 PM നാണ്. ഇതിൽ നിന്നും ഇ-ടെണ്ടർ നടപടി വെറും പ്രഹസനമായിരുന്നെന്നും, ടെണ്ടർ അഭിലാഷിനു നൽകുന്നതിന് ബോധപൂർവ്വമായ ശ്രമങ്ങൾ നിർവ്വഹണോദ്യഗസ്ഥന്റെ ഭാഗത്തു നിന്നുണ്ടായിട്ടുണ്ടെന്നും ഓഡിറ്റ് വിലയിരുത്തുന്നു.

മേൽ വിവരിച്ച പ്രകാരമുള്ള തെറ്റായ നടപടികൾ മൂലം 19 Paise നിരക്കിൽ ലഭ്യമാക്കാമായിരുന്ന

കുടിവെള്ളത്തിന് വൻതുക അധികം കണ്ടെത്തേണ്ടി വന്നു. 19 പൈസ നിരക്കിൽ വേണ്ടി വരുമായിരുന്ന 13,46,150/- രൂപയ്ക്ക് പകരം അധികം ചെലവഴിച്ച 5,27,350/- (1873500 – 1346150) രൂപ ഓഡിറ്റ് അംഗീകരിക്കുന്നില്ല. ഈ തുക മന:പൂർവ്വമായി ടെണ്ടർ നടപടികളിൽ കൃത്രിമം കാണിച്ച ഹെൽത്ത് ഇൻസ്പെക്ടറിൽ നിന്നും ഈടാക്കേണ്ടതാണ്. കുടിവെള്ള വിതരണവുമായി ബന്ധപ്പെട്ട മറ്റപാകതകൾ ചുവടെ ചേർക്കുന്നു,

1)കുടിവെള്ളം വിതരണം നടത്തിയ കരാറുകാരനിൽ നിന്നും ജി.എസ്.ടി. ഈടാക്കിയില്ല

കുടിവെള്ള വിതരണത്തിന്റെ തുക കരാറുകാരന് അനുവദിച്ചപ്പോൾ ഇൻകം ടാക്സ് ഈടാക്കിയെങ്കിലും ജി.എസ്.ടി. ഇനത്തിൽ തുക ഈടാക്കിയില്ല. വൻതുകയ്ക്കുള്ള സേവനം കരാറുകാരൻ ലഭ്യമാക്കിയ സാഹചര്യത്തിലും കരാറുകാരന് ജി.എസ്.ടി. രജിസ്ട്രേഷൻ ഉണ്ടായിരുന്നോയെന്ന് നിർവ്വഹണോദ്യോഗസ്ഥൻ ഉറപ്പ് വരുത്തിയതായി കാണുന്നില്ല. സേവന ദാതാവിൽ നിന്നും ജി.എസ്.ടി. ഇനത്തിൽ തുക ഈടാക്കാതിരുന്നത് വിശദീകരിക്കേണ്ടതും, കരാറുകാരന്റെ ജി.എസ്.ടി. രജിസ്ട്രേഷൻ വിശദാംശം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

2) സർക്കാർ നിർദ്ദേശിച്ചതിലും കൂടുതൽ തുക ചെലവഴിച്ചു

മേൽ ഉത്തരവ് പ്രകാരം മാർച്ച് 31 വരെ 11ലക്ഷം രൂപയും ഏപ്രിൽ മാസം മുതൽ മെയ് മാസം വരെ 16.5ലക്ഷം രൂപയും വരൾച്ച പ്രഖ്യാപിച്ച പ്രദേശങ്ങളിൽ കുടിവെള്ള വിതരണത്തിനായി ചെലവഴിക്കുന്നതിനാണ് സർക്കാർ അനുമതി നൽകിയിട്ടുള്ളത്. നിശ്ചയിച്ചിട്ടുള്ള പരമാവധി തുക അധികരിക്കുന്ന രീതിയിലുള്ള കുടിവെള്ള വിതരണ പ്രവർത്തനങ്ങൾ യാതൊരു കാരണവശാലും ഏറ്റെടുക്കാൻ പാടില്ല എന്ന വ്യവസ്ഥ യോടെയാണ് കുടിവെള്ള ക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ ജലവിതരണം നടത്തുന്നതിന് സർക്കാർ അനുവാദം നൽകിയിട്ടുള്ളത്. എന്നാൽ ഉത്തരവിലെ ഈ വ്യവസ്ഥ ലംഘിച്ചുകൊണ്ട് അനുവദനീയമായതിലും അധികം തുക ഇതിനായി നൽകിയിട്ടുണ്ട്. 2021 ഏപ്രിൽ മുതൽ മെയ് 31വരെ ഈയിനത്തിൽ വിനിയോഗിക്കാവുന്ന പരമാവധി തുക 16.5ലക്ഷം രൂപയാണെന്നിരിക്കെ 17,60,400/-രൂപ ചെലവഴിച്ചു.

3) കുടിവെള്ള വിതരണത്തിന്റെ ചെലവ് തുക ദുരന്ത നിവാരണ നിധിയിൽ നിന്ന് തിരികെ ലഭിയ്ക്കാൻ നടപടി സ്വീകരിച്ചില്ല

കേരള മുനിസിപ്പാലിറ്റി നിയമം 30(1)-ാം വകുപ്പ് ഒന്നാം പട്ടിക പ്രകാരം പരമ്പരാഗത കുടിവെള്ള സ്രോതസ്സുകൾ സംരക്ഷിക്കുക, കുളങ്ങളും മറ്റ് ജലസംഭരണികളും സംരക്ഷിക്കുക എന്നത് നഗരസഭയുടെ അനിവാര്യ ചുമതലയും ജലവിതരണ പദ്ധതി സംവിധാനമുണ്ടാക്കലും, അവയുടെ നടത്തിപ്പും മേഖലാടിസ്ഥാനത്തിലുള്ള ചുമതലയുമാണ്. വരൾച്ചാ കാലത്ത് കുടിവെള്ള വിതരണം എന്നത് നഗരസഭയുടെ ചുമതലയിൽ ഉള്ള കാര്യമല്ല. 23.12.2017 ലെ (സാധാ) 787/2017/ത.സ്വ.ഭ.വ. നം. ഉത്തരവ് പ്രകാരം റവന്യൂ വകുപ്പിൽ നിക്ഷിപ്തമായിട്ടുള്ള ഉത്തരവാദിത്തമാണ് ഇത്. 20.06.2019 ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഡിനേഷൻ കമ്മിറ്റിയുടെ യോഗതീരുമാനം നം 3.12 പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾ വരൾച്ച മുതലായ അടിയന്തിര സാഹചര്യങ്ങളിൽ കുടിവെള്ള വിതരണം നടത്തുമ്പോൾ അതിന്റെ ബിൽ തുക ജില്ല കളക്ടർമാർക്ക് നൽകി റീക്ലൂപ്പ് ചെയ്ത് കിട്ടുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ചെലവായ തുക ലഭ്യമാക്കാനുള്ള നടപടികളൊന്നും നഗരസഭ കൈക്കൊണ്ടിട്ടില്ല.

കുടിവെള്ള വിതരണത്തിന് തടസ്സമുണ്ടാകരുത് എന്ന കാരണത്താലാണ് കുടിവെള്ള വിതരണത്തിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വികസന/തനത് ഫണ്ട് ചെലവഴിക്കാൻ സർക്കാർ യഥേഷ്ടാനുമതി നൽകുന്നത്. ഈ തുക ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

4) ജി.പി.എസ് ഘടിപ്പിച്ച ടാങ്കറുകളിൽ കുടിവെള്ള വിതരണം നടത്തണമെന്ന നിബന്ധന പാലിച്ചില്ല

ജില്ലാതല റവന്യൂ അധികാരികൾക്ക് കുടിവെള്ള വിതരണം സംബന്ധിച്ച് മോണിറ്ററിങ്ങ്

നടത്തുന്നതിന് GPS ട്രാക്കിങ്ങിനുള്ള സംവിധാനം നിർബന്ധമായും തദ്ദേശ മേധാവികൾ ഏർപ്പെടുത്തണം . GPS ലോഗും വാഹന ലോഗും പരിശോധന നടത്തി സുതാര്യത ഉറപ്പുവരുത്തിയാണ് തദ്ദേശ സ്വയംഭരണ അധികാരികൾ തുക വിനിയോഗിക്കേണ്ടത്. വാഹനങ്ങളിൽ ജി.പി.എസ്. ഘടിപ്പിക്കാനുള്ള നടപടിക്കായി സെക്രട്ടറി കത്ത് നൽകിയത് ഫയലിലുണ്ടെങ്കിലും തുക നൽകുന്നതിനായി ജി.പി.എസ്. ലോഗ് പരിശോധിച്ചതായി കാണുന്നില്ല. വാഹനങ്ങളുടെ ജി.പി.എസ്. ലോഗ് ഫയലിൽ ലഭ്യമല്ല.

5). ജലവിതരണത്തിനുള്ള നിരക്ക് നിശ്ചയിച്ചത് സർക്കാർ നിർദ്ദേശ പ്രകാരമല്ല

23.02.2017ലെ (സാധാ) 787/2017/എൽ.എസ്.ജി.ഡി നമ്പർ സർക്കാർ ഉത്തരവ് ഖണ്ഡിക.4(g) പ്രകാരം ജല വിതരണത്തിന് കിലോമീറ്റർ അടിസ്ഥാനത്തിലാണ് റേറ്റ് നിർണ്ണയിക്കേണ്ടതെന്നും ജില്ലാകലക്ടർ നിർണ്ണയിക്കുന്ന നിരക്കിനേക്കാളും കുറഞ്ഞ നിരക്കിൽ ആണ് തദ്ദേശ സ്ഥാപനഹങ്ങൾ ജലവിതരണം നടത്തേണ്ടത് എന്നും നിർദ്ദേശിക്കുന്നുണ്ട്. എന്നാൽ മേൽ സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ചല്ല ദർഘാസ് പരസ്യം നൽകിയത്. ടെണ്ടറിൽ പെങ്കടുത്തവർ അവർക്ക് അനുയോജ്യമായ നിരക്കാണ് രേഖപ്പെടുത്തിയത്.

6).വിതരണം ചെയ്ത കുടിവെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പു വരുത്തിയില്ല.

2006 ലെ ഫുഡ് സേഫ്റ്റി & സ്റ്റാൻഡേർഡ് നിയമം വകുപ്പ് 3 (ജെ) പ്രകാരം കുടിവെള്ളം ആഹാരത്തിന്റെ നിർവ്വചനത്തിൽ ഉൾപ്പടുന്നതാണ്. ടാങ്കർ ലോറികളിലും മറ്റ് വാഹനങ്ങളിൽ ഘടിപ്പിച്ചിട്ടുള്ള വാട്ടർ ടാങ്കിലും കുടിവള്ളം വിതരണം ചെയ്യുന്നവർ ഫുഡ് സേഫ്റ്റി & സ്റ്റാൻഡേർഡ് (ലൈസൻസിംഗ് & രജിസ്ട്രേഷൻ) റഗുലേഷൻ നിയമം 2011 പ്രകാരം എഫ്.ബി.ഒ. (FBO- Food Business Operator) ലൈസൻസ് എടുക്കണം. ഇത്തരം ലൈസൻസുള്ള ടാങ്കർ ലോറികളിൽ/ടാങ്കുകളിൽ മാത്രമേ സംസ്ഥാനത്ത് കുടിവള്ളം വിതരണം /വിൽപ്പന നടത്താൻ പാടുള്ളൂ. കുടിവള്ള വിതരണത്തിനായി ഏതെങ്കിലും വ്യക്തി ഒന്നിൽ കൂടുതൽ വാഹനങ്ങൾ ഉപയോഗിക്കുന്നുണ്ടെങ്കിൽ ഈ വാഹനങ്ങളുടെ രജിസ്ട്രേഷൻ നമ്പറുകളെ ലൈസൻസിൽ രേഖപ്പെടുത്തി പ്രത്യേകം ലൈസൻസ് എടുത്തിരിക്കണം. കുടിവള്ളം വിതരണം ചെയ്യുന്ന ടാങ്കർ ലോറികളിലും മറ്റു വാഹനങ്ങളിൽ ഘടിപ്പിച്ചിട്ടുള്ള വാട്ടർ ടാങ്കിലും എഫ്.ബി.ഒ. ലൈസൻസ് നമ്പർ രേഖപ്പെടുത്തണം.

എന്നാൽ കുടിവള്ളം വിതരണം നടത്തിയ വാഹനങ്ങൾക്ക് എഫ്.ബി.ഒ. ലൈസൻസ് എടുത്തതിന്റെ വിശദാംശങ്ങൾ നഗരസഭയിൽ നിന്നും ആവശ്യപ്പെടുകയോ, കരാറുകാർ ഹാജരാക്കുകയോ ചെയ്തിട്ടില്ല. കരാറുകാരൻ കുടിവെള്ള വിതരണം നടത്തുന്നതിനായി മൂന്ന് വാഹനങ്ങൾ ഉപേയാഗിച്ചിട്ടുണ്ട്. ഫുഡ് സേഫ്റ്റി & സ്റ്റാൻഡേർഡ് നിയമം പ്രകാരം കുടിവള്ളം ശേഖരിക്കുന്ന ടാങ്കറുകളുടെ ഉൾവശം ബിറ്റുമിനാസ്റ്റിക്ക് കോട്ടിങ്ങോ മറ്റ് അനുവദേനീയ കോട്ടിങ്ങോ ഉള്ളവയായിരിക്കണം. ആയത് സംബന്ധിച്ച പരിശാധന റിപ്പോർട്ടുകൾ ഫയലിൽ ലഭ്യമാക്കിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടതിന് അധികമായി തുക ചെലവിട്ടതിന് സർക്കാർ അംഗീകാരം ലഭ്യമാക്കുന്നതാണെന്നും, കുടിവെള്ള വിതരണത്തിന് ചെലവഴിച്ച തുക ദുരന്ത നിവാരണ നിധിയിൽ നിന്നും ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമെന്നുമാണ്. മറുപടി ലഭ്യമാക്കിയത് ജി.പി.എസ്. ലോഗ് ഫയലിൽ ഉണ്ടായിരുന്നുവെന്ന് മറുപടിയിൽ പറയുന്നുണ്ടെങ്കിലും ആയത് ഓഡിറ്റ് സമയം പരിശോധനയ്ക്ക് ലഭിച്ചിട്ടില്ല. കുടിവെള്ളം അനുവദനീയമായ ടാങ്കറുകളിലാണ് വിതരണം നടത്തിയതെന്ന് ഉറപ്പാക്കിയിട്ടുണ്ടെന്ന് മറുപടിയിൽ വിവരിക്കുന്നുവെങ്കിലും എപ്രകാരം ഉറപ്പാക്കിയെന്നും, ഇതു സംബന്ധിച്ച രേഖകളും സമർപ്പിച്ചിട്ടില്ല. വിതരണത്തിന്റെ നിരക്ക് സർക്കാർ നിർദ്ദേശപ്രകാരം നടത്താൻ ഭാവിയിൽ ശ്രദ്ധിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്.

മറുപടിയിൽ വിശദീകരിക്കുന്ന കാര്യങ്ങൾ അംഗീകരിക്കുന്നതിന് ബന്ധപ്പെട്ട രേഖകൾ ഹാജരാക്കേണ്ടതാണ്. ടെണ്ടർ നടപടികളിലെ അപാകത മൂലമുണ്ടായ അധിക ചെലവ് നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതുമാണ്.

1-26 വരക്കുന്ന് ഖരമാലിന്യ സംസ്കരണ പ്ലാന്റ് മെഷീൻ നവീകരണം പദ്ധതി ലക്ഷ്യം കൈവരിച്ചില്ല.

ഫയൽ നമ്പർ - PW2/369/12(H1)

ശുചിത്വ മിഷന്റെ മാർഗ്ഗ നിർദ്ദേശങ്ങളുടെയും, നഗരസഭയുടെ 43 ലക്ഷം രൂപയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിലാണ് നഗരസഭയുടെ പരിധിയിലുള്ള വരക്കുന്നിൽ നിലവിലുള്ള മാലിന്യ സംസ്കരണ പ്ലാന്റിന്റെ Upgradation പ്രവൃത്തികൾ നടത്തുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. പ്രസ്തുത പദ്ധതി നടപ്പിലാക്കാനായി ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ ഉത്തരവ് പ്രകാരം (SM/C2/66/2009 Dtd 23/03/2012) 34,18,240/- രൂപയും, (SM/C2/66/2009 Dtd 01/02/2013) പ്രകാരം 881760/- രൂപയും ഉൾപ്പെടെ ആകെ 43 ലക്ഷം രൂപ സ്ഥാപനത്തിന് ലഭ്യമാക്കിയിട്ടുണ്ട്.

ശുചിത്വ മിഷൻ ഡയറക്ടറുടെ 06/08/21 ലെ 951/സി2/2019/എസ്.എം കത്ത് പ്രകാരം സർക്കാർ പണം ഉപയോഗിക്കാതെ ദീർഘകാലം സൂക്ഷിക്കുന്നത് ധനവിനിയോഗ ചട്ടങ്ങളുടെ ലംഘനമായി ധനകാര്യവകുപ്പ് കണ്ടെത്തിയിട്ടുണ്ടെന്നും, ആയതിനാൽ ടി പദ്ധതിയുടെ കൃത്യമായ ( നിർമ്മാണ പ്രവൃത്തിക്ക് നഗരസഭാ അസി എഞ്ചിനീയർ പാസ്സാക്കിയ ബിൽ സഹിതം) വിനിയോഗ വിശദാംശങ്ങൾ നിശ്ചിത പെർഫോർമയിൽ ലഭ്യമാക്കുന്നതിനും, തിരിച്ചടയ്ക്കാൻ തുക അവശേഷിക്കുന്ന പക്ഷം മുതലും ,പലിശയും (18% നിരക്കിൽ ) തിരിച്ചടയ്ക്കുന്നതിന് നടപടി സ്വീകരിക്കുന്നതിന് അറിയിച്ചിട്ടുണ്ട്.

പി.ഡബ്ല്യൂഡി കോൺട്രാക്ടറായ ശ്രീ എസ് ശെൽവരാജ് 125/16-17/07.10.2016 കരാറുടമ്പടി പ്രകാരം പദ്ധതി ഏറ്റെടുക്കുകയും, നാളിതുവരെ 30,10,472/- രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുള്ളതായി പദ്ധതി ഫയലിൽ നിന്നും 09/09/21 ൽ പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റിയുടെ അജണ്ട പ്രകാരവും,ടിയാന്റെ അപേക്ഷ പ്രകാരവും മനസ്സിലാവുന്നു. പ്രസ്തുത അജണ്ടയിൽ ബാക്കി പ്രവൃത്തികൾ നാട്ടുകാരുടെ എതിർപ്പ് മൂലം പൂർത്തീകരിക്കുന്നതിന് സാധിച്ചിട്ടില്ല എന്നും, ഇതുവരെ ചെയ്ത പ്രവൃത്തികൾ വെച്ച് ബിൽ ക്ലോസ് ചെയ്യുന്നതിനും ടിയാൻ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

43 ലക്ഷം രൂപ ലഭ്യമാക്കിയതിൽ നാളിതുവരെ പൂർത്തികരിച്ച 30,10,472/- രൂപ കിഴിച്ച് തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന 12,89,528/- രൂപ പലിശ സഹിതം തിരിച്ചടയ്ക്കുന്നതിനുള്ള തീരുമാനത്തിനായും അജണ്ട സമർപ്പിച്ചിട്ടുണ്ട്. എന്നാൽ തുടർനടപടികൾ ഫയലിൽ ലഭ്യമല്ല.

തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന 12,89,528/- രൂപ പലിശ സഹിതം തിരിച്ചടച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും, വരക്കുന്ന് ഖരമാലിന്യ സംസ്കരണ പ്ലാന്റ് മെഷീൻ നവീകരണം പ്രവർത്തിയുടെ നിലവിലെ സ്ഥിതിയും അറിയിക്കേണ്ടതാണ്. കൂടാതെ പ്ലാന്റ് പ്രവർത്തനക്ഷമമാക്കിയിട്ടില്ലെങ്കിൽ ആയതിന്റെ കാരണവും വ്യക്തമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം 22 /21 – 22 / തീയതി - 07.10.2022 ) മറുപടി ലഭ്യമാക്കിയിട്ടില്ല. തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന 12,89,528/- രൂപ പലിശ സഹിതം തിരിച്ചടച്ച് തുടർ വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതും, വരക്കുന്ന് ഖരമാലിന്യ സംസ്കരണ പ്ലാന്റ് മെഷീൻ നവീകരണം പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതിന് ഭരണസമിതി പ്രത്യേകം ശ്രദ്ധചെലുത്തേണ്ടതുമാണ്.

## 1-27 കോടതിവിധി നടപ്പിലാക്കുന്നതിന് കാലതാമസം - കോടതി അലക്ഷ്യ നടപടിയ്ക്ക് വക്കീൽ ഫീസ് നൽകേണ്ടി വന്നു.

നഗരസഭയിലെ ബീച്ച്, ചുങ്കം റോഡ് പ്രവൃത്തിയുടെ ഭാഗമായി കോൺട്രാക്ടർ രാമകൃഷ്ണൻ കെ.പി എന്നവർ നഗരസഭ സെക്രട്ടറിയെ എതിർകക്ഷിയാക്കി W.P(c) 25908/21 നമ്പർ കേസ് ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുണ്ട്. 22.12.2021 ലെ ഈ കേസിന്റെ വിധി പ്രകാരം പരാതിക്കാരൻ ഒരു റിവൈസ്ഡ് ബിൽ എസ്റ്റിമേറ്റ് സഹിതം എതിർകക്ഷിയ്ക്ക് രണ്ടാഴ്ച്ചക്കകം നൽകുകയും, അത് ലഭിച്ച് ഒരു മാസത്തിനകം ബിൽ പരിശോധിച്ച് പേമെന്റ് നൽകാൻ സെക്രട്ടറിയോട് ഉത്തരവായി.

കരാറുകാരന് പണം ലഭിക്കാത്തതിനാൽ 08.03.2022 ന് കോടതി അലക്ഷ്യത്തിന് കേസ് ഫയൽ ചെയ്യുകയും (സി.ഒ.സി നമ്പർ 610/2020, W.P(c) No.25908/21), ഇതിന്റെ അടിസ്ഥാനത്തിൽ

കരാറുകാരന് തുക അനുവദിക്കുകയും ചെയ്തു. ഇത് കൺടംപ്റ്റ് ഓഫ് കോർട്ടിൽ കേസിനായി ചെക്ക് നമ്പർ 31372/23.3.22 പ്രകാരം 15000 രൂപ വക്കീലിന് നൽകി.

യഥാസമയം കരാറുകാരന് അതായത് 22.12.2021 ലെ വിധി വന്നതിന് ശേഷം, അപ്പീൽ സ്റ്റോപ്പ് ഉണ്ടോ എന്ന് വക്കീലിനോട് ആരാഞ്ഞ് കോടതി നിർദ്ദേശിച്ച സമയത്തിനുള്ളിൽ അതായത് 22.12.21 ന് ശേഷം 45 ദിവസത്തിനുള്ളിൽ (04.02.22 നകം) തുക കരാറുകാരന് നൽകിയെങ്കിൽ, ഒരു കോടതി അലക്ഷ്യ നടപടി ഒഴിവാക്കാമായിരുന്നു. ഒപ്പം വക്കീൽ ഫീസ് നൽകുന്നത് (15000/-) ഒഴിവാക്കാമായിരുന്നു. തുക അനുവദിക്കേണ്ടി വന്നത് യഥാസമയം നടപടി സ്വീകരിക്കാത്ത തിനാലാണ്. തുക ഉത്തരവാദിയായവരിൽ നിന്ന് തിരികെ ഈടാക്കി മുനിസിപ്പൽ ഫണ്ടിൽ തിരിച്ചടക്കേണ്ടതാണ്.

## 1-28 ക്ഷേത്ര മഹോത്സവം - ചെലവ് തുക തിരികെ ഈടാക്കിയില്ല

കൊല്ലം പിഷാരികാവ് ക്ഷേത്രത്തിലെ 2021 വർഷത്തെ കാളിയാട്ട മഹോത്സവം 30.03.2021മുതൽ 06.04.2021 വരെയും 2022 ലെ മഹോത്സവം 29.03.2022 മുതൽ 05.04.2022 വരെയും നടത്തിയിട്ടുണ്ട്. ഉത്സവകാലത്ത് പതിനായിരക്കണക്കിന് ഭക്തന്മാർ ക്ഷേത്രത്തിൽ എത്തിച്ചേരാറുണ്ട്. ക്ഷേത്രത്തിന്റെ ചുറ്റുപാടുമുള്ള ഇടവഴികൾ വൃത്തിയാക്കാൻ സൗകര്യം ഒരുക്കി തരുവാൻ വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് ദേവസ്വം ബോർഡ് സെക്രട്ടറി നഗരസഭ സെക്രട്ടറിയ്ക്ക് 04.03.2021 ന് 25.02.2022 നും അപേക്ഷിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി റോഡുകളും ഇടവഴികളും ശുചീകരണം ചെയ്യുന്നതിന് 8 ദിവസം 9 പേർ വീതം 2021 ലെ ഉത്സവത്തിനും 10 പേരെ 2022 ലെ ഉത്സവത്തിനും നിയമിച്ചു. ഇതിന്റെ ഭാഗമായി 2021, 2022 ൽ യഥാക്രമം 47520 രൂപയും (ചെക്ക് നമ്പർ 818904/18.05.21), 37800 രൂപയും അനുവദിച്ചു.

1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 333 പ്രകാരം ഒരു ക്ഷേത്രം മുനിസിപ്പൽ പ്രദേശത്ത് സ്ഥിതി ചെയ്യുകയും, വലിയ ജനക്കൂട്ടത്തെ ആകർഷിക്കുന്ന വിധത്തിൽ പരിപാടികൾ ചെയ്യുമ്പോൾ പൊതുജനാരോഗ്യത്തിന് ആവശ്യമായ ഏർപ്പാടുകൾ മുനിസിപ്പാലിറ്റി ചെയ്യേണ്ടതും, ആ പ്രദേശത്തിന് മേൽ നിയന്ത്രണമുള്ള ട്രസ്റ്റിയോട് സർക്കാർ ആ മുനിസിപ്പാലിറ്റിയുടെ നിധിയിലേയ്ക്ക് നിശ്ചയിക്കുന്ന അംശദായം നൽകുന്നതിന് ആവശ്യപ്പെടാവുന്നതുമാകുന്നു.

2021-22 വർഷം 47250 രൂപയും 2022-23 വർഷം 37800 രൂപയും നഗരസഭ ക്ഷേത്ര ഉൽസവത്തിന്റെ ഭാഗമായി ശുചീകരണം ചെയ്തതിന്റെ ചെലവ് വഹിച്ചെങ്കിലും പ്രസ്തുത തുക ട്രസ്റ്റിയോട് തിരികെ നൽകാൻ ആവശ്യപ്പെട്ടിട്ടില്ല. തുക തിരികെ ലഭിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-29 ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂൾ ഹൈമാസ്റ്റ് ലൈറ്റ് - നഗരസഭ ബാദ്ധ്യത ഏറ്റ് വാങ്ങി

ഫയൽ നമ്പർ - പി.ഡബ്ല്യു 1/8095/21

ഫയൽ നമ്പർ - പി.ഡബ്ല്യു 1/1166/21

കൊയിലാണ്ടി ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂൾ ഹൈമാസ്റ്റ് സോളാർ ലൈറ്റ് കുറച്ച് കാലമായി കത്തുന്നില്ല എന്നും, അതിന്റെ ബാറ്ററി മാറ്റാൻ വലിയ തുക വേണ്ടി വരുമെന്നും 29.09.2021 -ൽ സ്കൂൾ ഹെഡ്മിസ്ട്രസ് നഗരസഭയ്ക്ക് കത്ത് നൽകിയിട്ടുണ്ട്. ഫിഷറീസ് വകുപ്പിന്റെ അതീനതയിലുള്ള സ്കൂളിന്റെ നിയന്ത്രണം നഗരസഭയ്ക്ക് ആണെന്നും, അതിനാൽ പ്രവർത്തന ചെലവുകൾ ജനറൽ പർപ്പസ് ഗ്രാന്റിൽ നിന്നും വഹിക്കണമെന്ന ഫിഷറീസ് ഡയറക്ടറുടെ 02.11.12 -ലെ കത്തിന്റെ അടിസ്ഥാനത്തിൽ സോളാർ ഹൈമാസ്റ്റ് ലൈറ്റ്, ബാറ്ററി കേടായതിനാൽ, വാറന്റ് പീരീഡ് 09.11.2018 ന് അവസാനിച്ചതിനാലും, സ്കൂളിലെ വൈദ്യുതി ഉപയോഗിച്ച് കത്തിക്കുന്നതിന് വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് അനുമതി നൽകി. ഇതിന്റെ അടിസ്ഥാനത്തിൽ 16.06.2022 ന് ക്വട്ടേഷൻ ക്ഷണിച്ചു. ഫയൽ പരിശോധിച്ചതിൽ താഴെ കൊടുത്ത അപാകത കാണുന്നു.

ഹൈമാസ്റ്റ് സോളാർ ലൈറ്റിന്റെ ബാറ്ററി കേടായത് നന്നാക്കേണ്ടതിന് പകരം സ്കൂളിലെ മെയിൻ സ്വിച്ചിൽ നിന്നും സിംഗിൾ ഫേസ് ലൈൻ വലിച്ച് ടൈമറും ഇ.എൽ.സി.ബിയും സ്ഥാപിച്ച് കണക്ഷൻ

നൽകി. സോളാർ ബാറ്ററി നന്നായി ഉപയോഗിച്ചിരുന്നെങ്കിൽ ഈ ഇനത്തിൽ വൈദ്യുതി ചാർജ് ഒന്നും തന്നെ അടവാക്കേണ്ടിവരില്ല. അത്തരത്തിൽ പ്രവർത്തിക്കാതെ സിംഗിൾ ഫേസ് കണക്ഷൻ കൊടുക്കുന്നതിലൂടെ ഭാവിയിലെ വൈദ്യുതി ചാർജ് നഗരസഭയുടെ ബാദ്ധ്യതയായി മാറുകയാണ്. ഇതിലൂടെ പുതിയൊരു സാമ്പത്തിക ബാദ്ധ്യത കൂടി നഗരസഭ ഏറ്റെടുത്തിരിക്കുകയാണ്. സാളാർ ലാമ്പ് കേടായത് നന്നാക്കി, അമിത സാമ്പത്തിക ബാധ്യത ഒഴിവാക്കേണ്ടതാണ്.

## 1-30 മഴക്കാലപൂർവ്വ ശുചീകരണം - പദ്ധതി നടത്തിപ്പിലെ അപാകതകൾ

മഴക്കാലപൂർവ്വ ശുചീകരണം എന്ന പേരിൽ 2 പദ്ധതികൾ നഗരസഭയിൽ നടപ്പിലാക്കുന്നുണ്ട്. 2018-19 മുതൽ അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്നവയും, 2020-21 മുതൽ മേൽ പദ്ധതി കൂടാതെ ഹെൽത്ത് ഇൻസ്പെക്ടർ നിർവ്വഹണ ഉദ്യോഗസ്ഥനായി വേറൊരു പദ്ധതിയും നടപ്പാക്കുന്നു. ഇതിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| വർഷം | പദ്ധതിയുടെ ചെലവ് (തൊഴിലുറപ്പ് പദ്ധതിയിൽ ) | ഹെൽത്ത് ഇൻസ്പെക്ടർ നിർവ്വഹണം ചെയ്യുന്നതിന്റെ ചെലവ് |
|---|---|---|
| 2018-19 | 3506773 | - |
| 2019-20 | 3909200 | - |
| 2020-21 | 4966911 | 733000 |
| 2021-22 | 3453756 | 666000 |
| | 15836640 | 1399000 |

ഈ ഇനത്തിൽ 2 കോടിയ്ക്ക് അടുത്ത തുക കഴിഞ്ഞ നാല് വർഷത്തിലായി ചെലവഴിച്ചു. 2020-21 ൽ 5699911 രൂപയും 2021-22 ൽ മാത്രം 4119756 രൂപയുമാണ് ചെലവ് വന്നിട്ടുള്ളത്. പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ താഴെ കൊടുത്ത അപാകതകൾ കാണുന്നു.

1) വലിയ തുക അടങ്കൽ വെച്ച് വർഷങ്ങളായി തൊഴിലുറപ്പ് പദ്ധതിയായി മേൽ പ്രവൃത്തി ചെയ്ത് വരുന്നുണ്ട്. അതിനിടയിൽ 2020-21, 2021-22 വർഷത്തിൽ ഇത്തരത്തിലൊന്നും സമാന്തരമായി മറ്റൊരു പദ്ധതി തയ്യാറാക്കി ഹെൽത്ത് ഇൻസ്പെക്ടർ നിർവ്വഹണം ചെയ്തതെന്തിനാണെന്ന് വിശദീകരിക്കേണ്ടതാണ്.

2) 37 ഓടകളിൽ നിന്ന് ചെളിമണ്ണ് വാരിയതിനാണ് 666000 രൂപ നിർവ്വഹണ ഉദ്യോഗസ്ഥൻ 18 തൊഴിലാളികൾക്ക് കൂലി ഇനത്തിൽ നൽകുകയാണ് ഉണ്ടായത്. എന്നാൽ ഇതിൽ നിന്നും ലഭിച്ച 3858.675 എം$^3$ (എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയ രേഖ പ്രകാരം) മണ്ണ്, എം.ബുക്കിൽ അളന്ന് രേഖപ്പെടുത്തി അധികാരികൾ സാക്ഷ്യപ്പെടുത്തിയതായി കാണുന്നില്ല.

3) തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി 44 വാർഡുകളിലെ ഓടകളിൽ നിന്ന് ചെളി നീക്കം ചെയ്തിട്ടുണ്ട്. എന്നാൽ 38, 39, 42 വാർഡുകളിൽ ഈ പ്രവൃത്തി ചെയ്തതായി കാണുന്നില്ല. ഹെൽത്ത് ഇൻസ്പെക്ടർ നിർവ്വഹണം ചെയ്തത് പ്രധാനമായും ടൗൺ വാർഡുകൾ ആണ്. അതായത് വാർഡ് 32, 33, 44, 43

എന്നിവയാണ്. ഈ വാർഡുകൾ തൊഴിലുറപ്പ് പദ്ധതി പ്രകാരവും പ്രവൃത്തി ചെയ്തതായി കാണുന്നു. ഒരേ സ്ഥലത്ത് തന്നെ രണ്ട് പ്രാവശ്യം ഒരേ പ്രവൃത്തി ചെയ്യാനിടവരുത്തുന്നതാണ് ഈ നടപടികൾ

4) തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി 41 എം ബുക്കുകൾ പ്രകാരം ( 44 കൗൺസിൽ വാർഡുകളിൽ 3 വാർഡിൽ പ്രവൃത്തി ചെയ്യാതിരുന്നതിനാൽ ആകെ 41 എം ബുക്കുകൾ) 28978.48 എം$^3$ മണ്ണ് ആണ് ഓടകളിൽ നിന്ന് കോരിയെടുത്തത്. ഹെൽത്ത് ഇൻസ്പെക്ടർ നിർവ്വഹണം ചെയ്ത പദ്ധതി പ്രകാരം 3858.675എം$^3$ മണ്ണും കോരിയെടുത്തിട്ടുണ്ട്. 2021-22 ൽ ഇത്തരത്തിൽ ആകെ 32837.155 ഘന മീറ്റർ മണ്ണ് അതായത് 10946 ടിപ്പർ ലോഡ് മണ്ണ് ആണ് ഓടകളിൽ നിന്ന് കോരിയെടുത്തത്. ഇതിന്റെ ഡിസ്പോസൽ അറിയിക്കേണ്ടത്.

5) ഓടകളിൽ നിന്ന് കോരിയെടുത്ത മണ്ണ് ഓടകളുടെ ഇരുവശത്തും നിക്ഷേപിക്കുകയാണ് ചെയ്തതെന്ന് തൊഴിലുറപ്പ് പദ്ധതിയുടെ അസിസ്റ്റന്റ് എഞ്ചിനീയർ വിശദീകരിച്ചിട്ടുണ്ട്. മഴ ശക്തമാകുമ്പോൾ ഈ മണ്ണ് വീണ്ടും ഓടകളിലേയ്ക്ക് ഒലിച്ചിറങ്ങുന്ന സാഹചര്യം ഉണ്ടാകുന്നു. അടുത്ത വർഷം ഇതേ തുക ചെലവഴിച്ച് ഇത്രയും ഓടകളിൽ വീണ്ടും മണ്ണ് നീക്കം ചെയ്യേണ്ടുന്ന സാഹചര്യം ഇതുകൊണ്ട് സംജാതമാകുന്നു.

മേൽ കാര്യത്തിൽ നിന്നും താഴെ കൊടുത്ത കാര്യങ്ങൾ ശുപാർശ ചെയ്യുന്നു.

1. വ്യത്യസ്ത ഫണ്ട് ഉപയോഗിച്ച് ഒരേ ഇനം പദ്ധതികൾ തയ്യാറാക്കുന്നത് ഒഴിവാക്കേണ്ടതാണ്.
2. ഓടകളിൽ നിന്ന് കോരിയെടുക്കുന്ന മണ്ണ് എത്രയെന്ന് എം.ബുക്കിൽ രേഖപ്പെടുത്തി, ആയത് സാക്ഷ്യപ്പെടുത്തി അതിന്റെ ഡിസ്പോസൽ കാണിക്കേണ്ടതാണ്.
3. ഒരേ വാർഡിൽ ഒരേ ഓടകൾ വ്യത്യസ്ത സമയങ്ങളിൽ വൃത്തിയാക്കുന്നത് ഒഴിവാക്കേണ്ടതാണ്.

ഈ കാര്യങ്ങൾ പരിശോധിച്ച് നഗരസഭ മേൽ കാര്യങ്ങളിൽ സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ്.

### 1-31 ടേക്ക് എ ബ്രേക്ക് - ഡപ്പോസിറ്റ് തുക ഒടുക്കുന്നതിൽ കാലതാമസം

നഗരസഭ ടാക്സി സ്റ്റാന്റിൽ സമീപത്തായി നിർമ്മാണം പൂർത്തിയായ ടേക്ക് എ ബ്രേക്ക് കെട്ടിടം നടത്തിപ്പിനായി 29.12.2021 ന് ലേലം ചെയ്തതിൽ ശ്രീ.ഷമീം.എൻ എന്നവരുടെ ലേലം 13.01.2022 ലെ കൗൺസിൽ തീരുമാനം പ്രകാരം അംഗീകരിച്ചിട്ടുണ്ട്. 7.5 ലക്ഷം രൂപ ഡെപ്പോസിറ്റ് തുകയും പ്രതിമാസം 40,000/- രൂപ വാടകയുമാണ് ലേലം കൊണ്ടയാൾ ക്വാട്ട് ചെയ്തത്. ലേല നിബന്ധനകൾ 4 പ്രകാരം ലേലം കൊണ്ടയാൾ ഡെപ്പോസിറ്റ് തുകയുടെ 25% വരുന്ന 187500 രൂപ ഉടനെത്തന്നെ അടവാക്കേണ്ടതും, ലേലം കൗൺസിൽ അംഗീകരിച്ച് 7 ദിവസത്തിനകം ഒറ്റ ഗഡുവായി ബാക്കി തുക കാഷ് ആയോ ഡി.ഡി ആയോ നഗരസഭയുടെ ഓഫീസിൽ ഒടുക്കിയിരിക്കേണ്ടതാണ്. 1,87,500/- രൂപ ലേല ദിവസം തന്നെ ഒടുക്കിയിട്ടുമുണ്ട്.

ഫയൽ പരിശോധിച്ചതിൽ താഴെ കൊടുത്ത അപാകതകൾ കാണുന്നു.

1. ഡെപ്പോസിറ്റ് തുക ഒടുക്കിയതിന്റ വിശദാംശം താഴെ കൊടുക്കുന്നു.

| രസീത് നമ്പർ/തീയതി | തുക |
|---|---:|
| 121010110280/29.12.21 | 25,000 |
| 121010110370/29.12.21 | 25,000 |
| 121790900038/29.12.21 | 1,37,500 |

| | |
|---|---|
| 121010112321/08.02.22 | 2,00,000 |
| 121010113463/21.02.22 | 20,000 |
| | 5,87,500 |

ഡെപ്പോസിറ്റ് സംഖ്യയായ 7.5 ലക്ഷം രൂപ ലേലം ഉറപ്പിച്ച് 7 ദിവസത്തിനകം ഒടുക്കണമെന്നാണ് ലേല നിബന്ധന, ആദ്യ ഗഡുവായ 25% തുക കൃത്യമായി ലേലതീതിയിൽ ഒടുക്കിയെങ്കിലും, തുടർന്ന് ലേലമുറപ്പിച്ച 13.01.2022 ന് ശേഷം 7 ദിവസം കഴിയുമ്പോൾ അവശേഷിക്കുന്ന തുകയായ 562500 രൂപ സമയത്ത് അടവാക്കിയിട്ടില്ല. 20.01.2022 ന് തുക ഒടുക്കേണ്ടതിന് പകരം 2 ലക്ഷം രൂപ വീതം 08.02.22 നം, 21.02.22 നമാണ് ഒടുക്കിയത്. ഡെപ്പോസിറ്റ് തുകയിൽ ഇനിയും 162500 രൂപ ഒടുക്കാൻ ബാക്കി നിൽക്കുന്നു. 17.03.2022 ന് ടേക്ക് എ ബ്രേക്ക് കെട്ടിടത്തിന്റെ പ്രവർത്തനം/ഉദ്ഘാടനം കഴിഞ്ഞിട്ടുണ്ട്. ഉദ്ഘാടനം കഴിഞ്ഞിട്ടും അവശേഷിക്കുന്ന തുകയായ 162500 രൂപ ലേലം കൊണ്ടയാൾ ഒടുക്കിയിട്ടില്ല. തുക ഈടാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. നിലവിൽ ടേക്ക് എ ബ്രേക്കിന്റെ സെപ്റ്റംബർ മാസത്തെ വാടക ഒടുക്കാനുണ്ട്. കൂടാതെ കരാർ പ്രകാരം ഷമീം.എൻ -ന് കെട്ടിടം ഫിബ്രവരി മാസം ഒന്നാം തീയതി മുതൽ ഏൽപ്പിച്ച് കൊടുത്തിട്ടുണ്ട്. എന്നാൽ 2022 ഫിബ്രവരി മാസത്തെ വാടക ഒടുക്കിയതായി കാണുന്നില്ല. കൂടാതെ മാർച്ച്/ഏപ്രിൽ മാസത്തെ വാടക ഒടുക്കുമ്പോൾ പിഴപലിശ കണക്കാക്കിയത് തെറ്റാണ്. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതുമാണ്.

## 1-32 താലൂക്ക് ആശുപത്രി ഗേറ്റും ചുറ്റുമതിൽ നിർമ്മാണവും - ഉത്തരവാദിയായവരിൽ നിന്ന് ചെലവ് തുക ഈടാക്കിയിട്ടില്ല.

ഫയൽ നമ്പർ - പി.ഡബ്ല്യു 1/3632/21

താലൂക്ക് ഹോസ്പിറ്റലിന്റെ മെയിൻ ഗേറ്റ് 13.03.21 ന് രാവിലെ 5.15 ന് ടി.എൻ.28ബി.വി.919 നമ്പർ ലോറി ഇടിച്ച് തകർത്തിരിക്കുന്നു എന്ന് സൂപ്രണ്ട് അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ഗേറ്റ് കേടുപാടുകൾ തീർക്കുന്നതിന് 37000/- രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. വാഹന ഉടമയിൽ നിന്ന് തുക ലഭ്യമാകുന്ന മുറയ്ക്ക് നഗരസഭ ഫണ്ടിലേക്ക് തിരിച്ചടയ്ക്കാം എന്നും സൂപ്രണ്ട് അറിയിച്ചിട്ടുണ്ട്. ഈ പ്രവൃത്തിക്കായി ക്വട്ടേഷൻ ക്ഷണിച്ചതിൽ സബീഷ് എന്നയാളെ പ്രവൃത്തി ഏൽപ്പിച്ചു നല്കിയിട്ടുണ്ട്. (16.03.22 ലെ 6-ാം നമ്പർ കൌൺസിൽ തീരുമാനം) 02.04.22 ന് പ്രവൃത്തി കരാറുകാരന് സൈറ്റ് ഹാൻഡ് ഓവർ ചെയ്തെങ്കിലും 6 മാസക്കാലയളവിനുള്ളിൽ അത് പൂർത്തിയാക്കിയതായി കാണുന്നില്ല. കൂടാതെ ലോറി ഉടമസ്ഥനിൽ നിന്ന് തുക തിരികെ ഈടാക്കാൻ നടപടിയും സ്വീകരിച്ചതായും കാണുന്നില്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. അപാകതകൾ പരിഹരിച്ച് രേഖകൾ സഹിതം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-33 തെരുവ് വിളക്ക് പരിപാലനം-എഎംസി പദ്ധതിനടത്തിപ്പിലെ അപാകതകൾ.

പ്രോജക്ട് നം-481/21-22

അടങ്കൽ -1025000 /-(ധനകാര്യകമ്മീഷൻ ഗ്രാന്റ് തുക)

ചെലവ് - 1025000 -*(ബിൽ നം-537 /25-3-22-98952/-,ബിൽ നം-538/25-03-22 498120/-,ബിൽ നം-565/26-3-22 427928/- )*

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പദ്ധതിചെലവ് പരിശോധിച്ചതിൽ ഓഡിറ്റ് വർഷം ആകെ 1025000/- രൂപ ചെലവുവന്നിട്ടുണ്ട്. നഗരസഭാ പരിധിയിലെ 250 എൽഇഡി

തെരുവുവിളക്കുകളുടെയും, 1500 സിഎഫ്എൽ തെരുവുവിളക്കുകളുടെയും വാർഷിക അറ്റകുറ്റപണികൾ നടത്തുന്നതിനായാണ് പദ്ധതി രൂപീകരിച്ചിട്ടുള്ളത്. ഇതിനായി ടെണ്ടർ നടപടി സ്വീകരിച്ചതിൽ കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത റേഡിയേറ്റോ എംബഡ്ഡഡ് സിസ്റ്റം സമർപ്പിച്ച ടെണ്ടർ പ്രകാരം LED വിളക്കുകൾക്ക് 176700 + GST എന്നനിരക്കും, CFL വിളക്കുകൾക്ക് 889500 + GST (ആകെ 1066200+GST) എന്ന നിരക്കും കൗൺസിൽ അംഗീകരിക്കുകയും 20-10-21 ന് ഇവരുമായി കരാറിൽ ഏർപ്പെടുകയും ചെയ്തു. റേഡിയേറ്റോ എംബഡ്ഡഡ് സിസ്റ്റവുമായി ഏർപ്പെട്ട കരാറിലെ എട്ടാമത്തെ വ്യവസ്ഥ പ്രകാരം കരാർതുക ത്രൈമാസ കാലയളവിൽ യഥാക്രമം 25% എന്ന രീതിയിൽ നിയമാനുസൃത നികുതികളിൽ കുറവ് വരുത്തിയാണ് കരാറുകാരന് അനുവദിക്കേണ്ടത്. കരാറിൽ ഏർപ്പെടുന്ന തീയതി മുതൽ ഒരു വർഷത്തേക്കാണ് കരാറുകാരൻ തെരുവു വിളക്കുകളുടെ പരിപാലനം നടത്തേണ്ടത്. 20-10-2021 നാണ് കരാറുകാരനുമായി കരാറിലേർപ്പെട്ടിട്ടുള്ളത് എന്നിരിക്കെ പ്രവൃത്തി പൂർത്തീകരിക്കുന്ന മുറക്ക് 20-01-22 ന് 266550 + GST മാത്രമാണ് ഓഡിറ്റ് വർഷം കരാറുകാരന് അനുവദിക്കാവുന്നത് എന്നാൽ കരാർ കാലാവധിയുടെ പകുതിയാവുന്നതിന് മുൻപ് തന്നെ പദ്ധതിപ്രകാരമുള്ള ഏകദേശം മുഴുവൻ തുകയും പദ്ധതിക്കായി ചെലവഴിച്ചതായി കാണുന്നു . ഫയൽ പരിശോധിച്ചതിൽ 6-3-22 ലെ സെക്രട്ടറിയുടെ കുറിപ്പിൽ റേഡിയേറ്റോ എംബഡ്ഡഡ് സിസ്റ്റം നഗരസഭയിൽ നാളിതുവരെയായി ഒരു റൗണ്ട് മാത്രമേ തെരുവ് വിളക്കുകൾ റിപ്പയർ ചെയ്തിട്ടുള്ളൂ എന്നു ഇപ്പോഴും 24-ാം വാർഡിലെ തെരുവുവിളക്കുകൾ റിപ്പയർ ചെയ്തിട്ടില്ല എന്നും രേഖപ്പെടുത്തിയതായി കാണുന്നു. കേടായികിടക്കുന്ന 500 ഓളം തെരുവുവിളക്കുകൾ നിലവിലും നഗരസഭയിൽ റിപ്പയർ ചെയ്യാനുണ്ട്,കരാർ ലംഘനം നടത്തിയ കമ്പനിക്കെതിരെ നിയമ നടപടികൾ സ്വീകരിക്കാതിരിക്കാൻ കാരണമുണ്ടെങ്കിൽ അറിയിക്കേണ്ടതാണ് എന്ന് അറിയിച്ച് നോട്ടീസ് നൽകാനായി നിർദ്ദേശിക്കുകയും 6-05-22 ലെ TPJ-6128/2021 നോട്ടീസ് പ്രകാരം മേൽ വിവരം കരാറുകാരനെ അറിയിക്കുന്നതിനായി നോട്ടീസ് നൽകിയിട്ടുമുണ്ട്. തുടർന്ന് കരാറുകാരനുമായി ബന്ധപ്പെടാൻ കഴിയാഞ്ഞതിനാൽ ഇയാളുമായുള്ള കരാർ അവസാനിപ്പിച്ച് 29-06-22 ലെ കൗൺസിലിന്റെ 11 -ാം നമ്പർ തീരുമാനപ്രകാരം ടെണ്ടറിൽ കുറഞ്ഞ നിരക്ക് ക്വട്ട് ചെയ്ത രണ്ടാമത്തെയാളായ ശിവാനന്ദൻ , പവർ പോയിന്റ് എന്നവരെ തെരുവുവിളക്കുകളുടെ വാർഷിക മെയിന്റനെൻസ് ഏൽപ്പിക്കുന്നതിനായി തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. ആകെ 1066200+GST /- ക്ക് ഒരുവർഷത്തേക്ക് കരാറേറ്റെടുത്ത ആദ്യകരാറുകാരന് പ്രവൃത്തി തൃപ്തികരമായി പൂർത്തിയാക്കുന്നമുറക്ക് ത്രൈമാസ കാലയളവിൽ കരാർ തുകയുടെ 25% എന്നനിരക്കിൽ നാലുഘട്ട ങ്ങളായേ തുകനൽകേണ്ടതുള്ളൂ എന്നിരിക്കെ പദ്ധതിപ്രകാരമുള്ള ഭൂരിഭാഗം തുകയും കരാറിലേർപ്പെട്ട് ആദ്യ 5 മാസത്തിനകം തന്നെ പദ്ധതിക്കായി ചെലവഴിച്ചതായി കാണുന്നു. പ്രവൃത്തി കരാറുകാരൻ ഉപേക്ഷിച്ച് പോയിട്ടും തെരുവുവിളക്ക് പരിപാലനം പദ്ധതിയിൽ ഓഡിറ്റ് വർഷം 726464 അധികം ചെലവഴിച്ചത് വിശദീകരിക്കേണ്ടതാണ്. ചെലവ് തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-34 പട്ടികജാതി വികസന ഓഫീസർ വിവിധ പദ്ധതികളിൽ വാങ്ങിയ സാധനങ്ങൾ മുഴുവനായും വിതരണം ചെയ്തില്ല.

ഓഡിറ്റ് വർഷം പട്ടികജാതി വികസന ഓഫീസർ രൂപീകരിച്ച് നടപ്പിലാക്കിയ പട്ടികജാതി വിദ്യാർത്ഥികൾക്ക് ഫർണിച്ചർ വിതരണം, വൃദ്ധർക്ക് കട്ടിൽ വിതരണം,സങ്കേതസ്വരം പദ്ധതികളിൽ വാങ്ങിയ ഉപകരണങ്ങളുടെ വിതരണം പരിശോധിച്ചതിൽ പദ്ധതിപ്രകാരം വാങ്ങിയ മുഴുവൻ സാധനങ്ങളും ഗുണഭോക്താക്കൾക്ക് നാളിതുവരെയായും പൂർണ്ണമായും വിതരണം ചെയ്തിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രോജക്ട് നം | പദ്ധതിയുടെ പേര് | അടങ്കൽ | ചെലവ് | ബിൽ നം, വാങ്ങിയ എണ്ണം | വിതരണം ചെയ്തവ | ബാക്കി |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 53/21-22 | പട്ടികജാതി വിദ്യാർത്ഥികൾക്ക് ഫർണിച്ചർ വാങ്ങൽ | 375000 | 375000 (ബിൽ നം-287/ 9-02-22) | ARTCO - NO-KKD 293 Dtd-29-1-22 എണ്ണം-75 | 68 | 7 |
| 55/21-22 | വൃദ്ധർക്ക് കട്ടിൽ | 100000 | 100000/- (ബിൽ നം-277/ 8-02-22) | ARTCO- N0-KKD-224 Dtd-11-01-22 എണ്ണം-23 | 19 | 4 |
| 49/21-22 | സങ്കേത സ്വരം | 100000 | 88218/- (ബിൽ നം-564/ 26-03-22) | സപ്തസ്വര മ്യൂസിക്കൽസ്, കോഴിക്കോട് (ഇൻവോയ്സ് നം- SM1462/25-3-22 65018/- ഇൻവോയ്സ് നം- SM1463/25-3-22) | വിവിധ തരം സംഗീത ഉപകരണങ്ങൾ | മുഴുവൻ ഉപകരണങ്ങളും ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാന്റെ മുറിയിൽ സൂക്ഷിച്ചിരിക്കുകയാണ്. |

മേൽ വിശദാംശങ്ങളിൽ സങ്കേത സ്വരം പദ്ധതി തെരഞ്ഞെടുത്ത ഗുണഭോക്തൃഗ്രൂപ്പുകൾക്കായി സംഗീത ഉപകരണങ്ങൾ വാങ്ങി വിതരണം നടത്തുന്നതിനായുള്ളതാണ്. പദ്ധതി നടത്തിപ്പിന്റെ ഭാഗമായി നിർവ്വഹണ ഉദ്യോഗസ്ഥൻ സപ്തസ്വര മ്യൂസിക്കൽസ് , കോഴിക്കോട് എന്ന സ്ഥാപനത്തിൽ നിന്നും 88218/-രൂപ വിലവരുന്ന 12 ഇനം സംഗീത ഉപകരണങ്ങൾ വാങ്ങിച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെയായും സംഗീത ഉപകരണങ്ങൾ ഗുണഭോക്താക്കളെ കണ്ടെത്തി വിതരണം നടത്തിയിട്ടില്ല. നിലവിൽ പ്രസ്തുത സംഗീത ഉപകരണങ്ങൾ എല്ലാം തന്നെ മുനിസിപ്പാലിറ്റിയിലെ ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാന്റെ മുറിയിൽ സൂക്ഷിച്ചിരിക്കുകയാണ്. പദ്ധതിക്കുള്ള ഗുണഭോക്താക്കളെ കണ്ടെത്താൻ കഴിയാതിരുന്നതിനാലാണ് സംഗീത ഉപകരണങ്ങൾ വിതരണം ചെയ്യാൻ കഴിയാതിരുന്നതെന്നാണ് സെക്ഷൻക്ളാർക്ക് അറിയിച്ചത്. ഇതിൽ നിന്നും പട്ടികജാതി ഗുണഭോക്താക്കൾക്കായി പദ്ധതികൾ രൂപീകരിച്ചിരിക്കുന്നതും സാധനങ്ങൾ വാങ്ങിയിരിക്കുന്നതും ഗുണഭോക്താക്കളുടെ എണ്ണത്തെകുറിച്ചുള്ള കൃത്യമായ ധാരണഇല്ലാതെയാണെന്ന് വ്യക്തമാകുന്നു. ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പിലോ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിലോ മേൽ പദ്ധതികൾ പൂർത്തിയാകാത്തത് സംബന്ധിച്ചോ പദ്ധതിക്കായി ആവശ്യത്തിന് ഗുണഭോക്താക്കളെ ലഭിക്കാത്തത് സംബന്ധിച്ചോ യാതൊരുപരാമർശങ്ങളും നടത്തിയതായി കാണുന്നില്ല. ഇതിൽ നിന്നും യഥാർത്ഥ ആവശ്യങ്ങളുടെ അടിസ്ഥാനത്തിലോ സ്റ്റാറ്റസ് റിപ്പോർട്ടിലെ മേഖലയിൽ നിലനിൽക്കുന്ന പ്രശ്നങ്ങളുടെ പരിഹാരമെന്ന നിലയിലോ അല്ലാതെ പദ്ധതികൾ രൂപീകരിക്കപ്പെട്ടതിനാലാണ് മേൽ പദ്ധതികൾ പൂർത്തിയാക്കാൻ കഴിയാതെ പോയത്. മേൽ പദ്ധതികളിലായി വാങ്ങിയ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യാത്ത സാധനങ്ങളുടെ വിലയായ 140609/- രൂപ (35000+17391+88218) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-35 മത്സ്യതൊഴിലാളികളുടെ മക്കൾക്ക് ഫർണിച്ചർ-സ്പെസിഫിക്കേഷൻ പ്രകാരമല്ലാത്ത കസേരകൾ വിതരണം നടത്തി.

അടങ്കൽ -256000.

ചെലവ് -256000/- (ബിൽ നം-243/19-01-22 256000/-)

നിർവ്വഹണം -ഫിഷറീസ് സബ്ഇൻസ്പെക്ടർ.

മത്സ്യതൊഴിലാളികളുടെ വിദ്യാർത്ഥികളായ മക്കൾക്ക് പഠനനിലവാരം മെച്ചപ്പെടുത്തുന്നതിനായി ഫർണിച്ചർ നൽകൽ പ്രോജ ക്റ്റിൻ്റ ഭാഗമായി നിർവ്വഹണ ഉദ്യോഗസ്ഥൻ ARTCO LTD ൽ നിന്നും മരത്തിൽ നിർമ്മിച്ച 32 മേശയും കസേരകളും വാങ്ങി ഗുണഭോക്താക്കൾക്ക് വിതരണം നടത്തിയിട്ടുണ്ട്.പദ്ധതി നിർവ്വഹണം പരിശോധിച്ചതിൽ ARTCO LTD ന്റെ 11-01-22 ലെ നം-KKD 242 ബിൽ പ്രകാരം 32-ഹാർഡ് വുഡ് സ്റ്റഡിടേബിളുകളുടെ വിലയായി 200543.36 രൂപയും . 32 ഹാർഡ് വുഡ് ആംമ്ഡ് ചെയറുകളുടെ വിലയായി 55456.64 രൂപയുമാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ ചെലവഴിച്ചിട്ടുള്ളത്. എന്നാൽ പദ്ധതിപ്രകാരം ഫർണിച്ചർ ലഭിച്ച രണ്ട് ഗുണഭോക്താക്കളെ ഫോണിൽ ബന്ധപ്പെട്ടതിൽ അവർക്ക് ലഭിച്ചത് കൈ ഇല്ലാത്ത മരകസേരകളാണ് എന്നാണ് അറിയിച്ചത്. 7-10-22 ന് നടത്തിയ പ്രാദേശിക പരിശോധനയിൽ ഫർണിച്ചർ ലഭിച്ച വൈഗശ്രീ D/O അജിഷ , നാരായണനിലയം, കുത്തംവള്ളി, വാർഡ്-41 എന്നവരെ നേരിൽ പരിശോധിച്ചതിൽ കൈഇല്ലാത്ത കസേരയാണ് പദ്ധതി പ്രകാരം ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തത് എന്ന് ഓഡിറ്റിന് ബോധ്യപ്പെടുകയും ചെയ്തിട്ടുണ്ട്. ഇതിൽ നിന്നും ARTCO ക്ക് കൈയ്യുള്ള കസേരകൾക്കുള്ള ഉയർന്ന വിലനൽകിയെങ്കിലും കൈയില്ലാത്ത കുറഞ്ഞനിരക്കുള്ള കസേരകളാണ് ARTCO ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതെന്ന് വ്യക്തമാകുന്നു. ആയതിന് വിശദീകരണം നൽകേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല. പദ്ധതി നിർവ്വഹണം മോണിറ്റർ ചെയ്യേണ്ട കൃഷിയും അനുബന്ധ മേഖലകളും വർക്കിംഗ് ഗ്രൂപ്പ് ARTCO യിൽ നിന്നും കൈയ്യുള്ള 32 കസേരകൾ തന്നെ മത്സ്യതൊഴിലാളികളുടെ വിദ്യാർത്ഥികളായ മക്കൾക്ക് ലഭ്യമാക്കുകയോ അല്ലാത്തപക്ഷം കയ്യില്ലാത്ത കസേരകളുടെ വിലകണക്കാക്കി അധികം നൽകിയ തുക ARTCO യിൽ നിന്നും തിരികെ ഈടാക്കി അറിയിക്കേണ്ടതുമാണ്. ചെലവ് തുക 55457 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-36 മത്സ്യതൊഴിലാളികളുടെ വിദ്യാർത്ഥികളായ മക്കൾക്ക് ലാപ്പ്ടോപ്പ് പദ്ധതി -നാളിതുവരെയായും ലാപ്പ്ടോപ്പുകൾ ലഭിച്ചില്ല.

പ്രോജക്റ്റ് നം-117/21-22

അടങ്കൽ -300000

ചെലവ് -281650/- (ബിൽ നം-78/15-10-21)

നിർവ്വഹണം-സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ്

പത്ത് മത്സ്യതൊഴിലാളികളുടെ വിദ്യാർത്ഥികളായ മക്കൾക്ക് 30000 രൂപ നിരക്കിലുള്ള ലാപ്പ്ടോപ്പുകൾ വാങ്ങി വിതരണം ചെയ്യുന്നതിനായാണ് പദ്ധതി രൂപീകരിച്ചിരുന്നത്. ഇതിനായി കെൽട്രോണിന്റെ 30-09-21തീയ്യതിയിലെ ഇൻവോയ്സ്-TVM/ITBG/PI/RC/30290/20-21 പ്രകാരം 28165 രൂപ നിരക്കിൽ പത്ത് ലാപ്പ് ടോപ്പുകളുടെ വിലയായി 281650രൂപ നിർവ്വഹണ ഉദ്യോഗസ്ഥൻ അഡ്വാൻസായി നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെയായും കെൽട്രോൺ മുനിസിപ്പാലിറ്റിക്ക് പദ്ധതി പ്രകാരമുള്ള ലാപ്പ്ടോപ്പുകൾ വിതരണം ചെയ്തിട്ടില്ല. ഇതു സംബന്ധിച്ച് 5-09-22 ലെ നിർവ്വഹണ ഉദ്യോഗസ്ഥന്റെ സെക്രട്ടറിക്കുള്ള കത്തിൽ പെർഫോർമ ഇൻവോയ്സ് ജനറേറ്റ് ചെയ്ത് 2021-22 സാമ്പത്തികവർഷം കെൽട്രോണിന് തുക നല്കിയെങ്കിലും പുതുക്കിയ പ്രൈസ് ലിസ്റ്റ് നിലവിൽ

വരാത്തതിനാൽ CPRCS വഴി വർക്ക് ഓർഡർ നൽകാൻ സാധ്യമായിട്ടില്ല. പുതുക്കിയ പ്രൈസ് ലിസ്റ്റ് 2022 ജൂലൈമാസം അവസാനത്തോ ടെയാണ് നിലവിൽ വന്നതെന്നതിനാൽ പദ്ധതി സ്പിൽ ഓവർ ആക്കേണ്ട സമയം കഴിഞ്ഞുപോയിരുന്നു. പുതുക്കിയ പ്രൈസ് ലിസ്റ്റിൽ ലാപ്പ്ടോപ്പുകൾക്ക് ഉയർന്ന വിലയായതിനാൽ പഴയതുകയ്ക്ക് 7 ലാപ്പ്ടോപ്പുകൾ മാത്രമേ ലഭ്യമാവുകയുള്ളൂ. ആയതിനാൽ പഴയ പദ്ധതിയിൽ ബാക്കിവന്ന തുകയായ 50751/-നോട് കൂടെ 56070/-രൂപ കൂടി വകയിരുത്തി പദ്ധതി സ്പിൽ ഓവർ ആക്കണമെന്ന് അപേക്ഷിച്ചിട്ടുണ്ട്. എന്നാൽ 2022-23 വർഷ പദ്ധതി രൂപീകരിച്ച് നിർവ്വഹണം ആരംഭിച്ചതിൽ മേൽ പ്രോജക്ട് സ്പിൽ ഓവറായി ഉൾപ്പെട്ടിട്ടില്ല. കെൽട്രോണിന്റെ പെർഫോർമാ ഇൻവോയ്സ് പ്രകാരമുള്ളനിരക്കിന് 5-08-22 മുതൽ 19-07-23 വരെ വാലിഡിറ്റി ഉണ്ടെന്നും, കൺഫേർമ്ഡ് ഓർഡർ ലഭിച്ച് 45 ദിവസത്തിനകം സാധനങ്ങൾ സപ്ലൈ ചെയ്യുന്നതാണ് എന്നും പെർഫോർമാ ഇൻവോയ്സിൽ വ്യക്തമാക്കിയിട്ടുണ്ട്. ഇതിൽ നിന്നും 10 ലാപ്പ്ടോപ്പുകളുടെ വില കെൽട്രോണിന് 15-10-21 ന് അഡ്വാൻസായി അടവാക്കിയിട്ടും അതിനൊപ്പം തന്നെ വർക്ക് ഓർഡർ നൽകാൻ വന്നകാലതാമസമാണ് ലാപ്പ് ടോപ്പുകൾ ലഭിക്കാതിരിക്കാനിടയാക്കിയതെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. മാത്രമല്ല ജൂലൈമാസം പുതിയ പ്രൈസ് ലിസ്റ്റ് നിലവിൽ വന്നതിനുശേഷം അഡ്വാൻസ് അടവാക്കിയ തുകയ്ക്ക് ലഭ്യമാകുമായിരുന്ന ലാപ് ടോപ്പുകൾക്ക് വർക്ക് ഓർഡർ നൽകി ആയത് മുൻഗണനാ അടിസ്ഥാനത്തിൽ ഗുണഭോക്താക്കൾക്ക് വിതരണം നടത്തിയതായും കാണുന്നില്ല. മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും കെൽട്രോണിൽ നിന്നും ലാപ് ടോപ്പുകൾ ലഭ്യമാക്കിയതിന്റെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. ചെലവ് തുക 281650/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-37 ഹോമിയോ ആശുപത്രിക്ക് മരുന്നും റീഏജന്റ്സും വാങ്ങൽ -മുഴവൻ മരുന്നും ലഭിച്ചില്ല.

പ്രോജക്ട്നം-20/21-22

അടങ്കൽ -800000/-

ചെലവ് -800000/-

കൊയിലാണ്ടി താലൂക്ക് ഹോമിയോ ആശുപത്രിക്കാവശ്യമായ മരുന്നുകളും റീ ഏജന്റുകളും വാങ്ങുന്നതിനായാണ് പദ്ധതി തയ്യാറാക്കിയിരുന്നത്. ഇതിൽ മരുന്നുകളുടെ വിലയായി കേരളാ സ്റ്റേറ്റ് ഹോമിയോപതിക്ക് കോഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡിന്റെ പെർഫോർമാ ഇൻവോയ്സ് നം-PF-328 തീയ്യതി 23-6-21പ്രകാരം 750000/-രൂപ (ബിൽനം-42/12-08-21) അഡ്വാൻസായി നൽകിയിട്ടുണ്ട്. എന്നാൽ ഹോംകോയിൽ നിന്നും നാളിതുവരെയായും താഴെപറയും പ്രകാരമുള്ള വിലക്കുള്ള മരുന്നുകളേ ആശുപത്രിക്ക് ലഭിച്ചിട്ടുള്ളൂ.

| ഇൻവോയ്സ് നം | തീയ്യതി | തുക |
|---|---|---|
| 2606 | 23-3-22 | 200897 |
| 281 | 6-7-22 | 170887 |
| 670 | 3-9-22 | 77626 |
| | ആകെ | 449410 |

350590/- രൂപയുടെ മരുന്നുകൾ നാളിതുവരെയായും സ്ഥാപനത്തിന് ലഭിച്ചിട്ടില്ല. ഹോംകോയിൽ നിന്നും അവശേഷിക്കുന്ന മരുന്നുകൾ ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. പൊതുജനാരോഗ്യകേന്ദ്രത്തിനാവശ്യമായ മരുന്നുകൾ സമയബന്ധിതമായി ലഭിച്ചാൽ മാത്രമേ പദ്ധതി നടപ്പിലാക്കുന്നത് കൊണ്ടുള്ള യഥാർത്ഥ പ്രയോജനം ലഭിക്കുകയുള്ളൂ. ലഭിക്കാനവശേഷിക്കുന്ന

മരുന്നുകളുടെ വിലയായ 350590/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-38 തെരുവുവിളക്ക് പരിപാലനം എ.എം.സി(സ്പിൽഓവർ) - കരാറുകാർക്ക് അർഹമായതിലും അധികം തുക നൽകി

പ്രോജക്ട്-220/21-22 (സ്പിൽ ഓവർ)

അടങ്കൽ-701281/-

ചെലവ് -701281/-

നിർവ്വഹണം -സെക്രട്ടറി.

ഓഡിറ്റ് വർഷം സ്പിൽ ഓവറായി നടപ്പിലാക്കിയ പ്രോജക്ടിൽ നഗരസഭാ പ്രദേശത്തെ തെരുവുവിളക്കുകളുടെ ആന്വൽ മെയിന്റെനൻസ് കോൺട്രാക്ട് ഏറ്റെടുത്ത രണ്ട് കരാറുകാർക്ക് മുൻവർഷം അവശേഷിക്കുന്ന തുക നൽകാനാണ് പദ്ധതി നടപ്പാക്കിയത്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| കരാറുകാരന്റെ പേര് | തെരുവുവിളക്കുകളുടെ എണ്ണം , ഇനം | ക്വാട്ട് ചെയ്ത നിരക്ക് | മുൻ വർഷം നൽകിയ തുക | ഓഡിറ്റ് വർഷം ചെലവഴിച്ച തുക |
|---|---|---|---|---|
| പവർപോയിന്റ് | 11 Watt CFL-2417<br>36Watt CFL-480 | 2417x555-1341435<br>480x600-288000<br>----------<br>1629435 | 480683<br>(ബിൽ നം-363/11-11-20)<br>951366<br>(ബിൽ നം-634/24-3-21)<br>763000<br>(ബിൽ നം-694/29-3-21) | 480683<br>(ബിൽ നം-390/ 5-3-22)<br>158836<br>(ബിൽ നം-497/ 22-3-22) |
| ക്വാളിറ്റി സർവ്വീസ് സിസ്റ്റം | 45 Watt LED-100<br>25 Watt LED-150 | 100x1320-13200<br>150x928-139200<br>----------<br>271200 | 67637<br>(ബിൽനം-507/26-2-21)<br>135275<br>(ബിൽ നം-700/29-3-21) | 61762<br>(ബിൽ നം-496/ 22-3-22) |
| | ആകെ | 1900635 | 2397961 | 701281 |

പദ്ധതിക്കായി മുൻ വർഷം ഇ-ടെണ്ടർ വിളിച്ചതിൽ CFL വിളക്കുകളുടെ ഒരുവർഷത്തേക്കുള്ള മെയിന്റനൻസ് കോൺട്രാക്ട് തുകയായി പവർപോയിന്റ് സമർപ്പിച്ച ടെണ്ടർ നിരക്ക് 1629435 രൂപയും LED വിളക്കുകളുടെ ഒരുവർഷത്തെ മെയിന്റനെൻസ് തുകയായി ക്വാളിറ്റി സർവ്വീസ് സിസ്റ്റംസ് സമർപ്പിച്ച

ടെണ്ടർ നിരക്ക് 271200 രൂപയുമാണ്. 31.01.20 ലെ 19/19 നമ്പർ തീരുമാനപ്രകാരം പവർപോയിന്റ് ഇലക്ട്രോണിക്സിന്റെ 1629435/- രൂപ നിരക്ക് അംഗീകരിക്കുകയും, ക്വാളിറ്റി സർവ്വീസ് സിസ്റ്റം ക്വാട്ടുചെയ്ത നിരക്കായ 271200 രൂപയിൽ നെഗോസിയേഷൻ നടത്തി 224300/-രൂപയായി അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. പവർപോയിന്റുമായി 10-02-20 നം, ക്വാളിറ്റി സർവ്വീസ് സിസ്റ്റവുമായി 27-02-20 നമാണ് കരാറിലേർപ്പെട്ടിട്ടുള്ളത്. ക്വാളിറ്റി സർവ്വീസസ് സമർപ്പിച്ച ഇ-ടെണ്ടർ രേഖകളിലെ BoQ പ്രകാരം സ്ഥാപനം ടാക്സ് ഉൾപ്പെടെയാണ് എ.എം.സി ഇനത്തിൽ 271200 രൂപ ക്വാട്ട് ചെയ്തിട്ടുള്ളതും പിന്നീട് 224300/- രൂപയായി നെഗോസിയേറ്റ് ചെയ്തിട്ടുള്ളതും. പവർപോയിന്റ് സമർപ്പിച്ച ടെണ്ടർ രേഖകളിലെ BoQ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. എന്നാൽ 31.01.20ലെ കൗൺസിൽ 19/19തീരുമാനപ്രകാരം അംഗീകരിച്ച പവർപോയിന്റിന്റെ നിരക്കായ 1629435 രൂപ ടാക്സ് ഉൾപ്പെടെയുള്ള തുകയാണ്. മേൽ വസ്തുതകൾ പരിഗണിക്കാതെ ടെണ്ടർ നിരക്കിനുപുറമേ 18% GST കൂടി ഉൾപ്പെടുത്തിയാണ് രണ്ട് കരാറുകാർക്കും തുക നൽകിയിരിക്കുന്നത്. എ.എം.സി യായി രണ്ട് കരാറുകാരും കൂടി സമർപ്പിച്ച ടെണ്ടർ തുക 1900635 രൂപയാണ് . എന്നാൽ മുൻവർഷത്തെ ചെലവ് ഉൾപ്പെടെ ആകെ 3099242/-രൂപ പദ്ധതിക്കായി കരാറുകാർക്ക് നൽകിയിട്ടുണ്ട്. മേൽ അപാകത കൾക്ക് വിശദീകരണം നൽകേണ്ടതാണ്. പദ്ധതിക്കായി ടെണ്ടർ നിരക്കിനേക്കാൾ അധികം ചെലവഴിച്ച 1198607 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. നികുതി ഇനത്തിൽ കരാറുകാരന് അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്.

## 1-39 പദ്ധതി ആസൂത്രണം കാര്യക്ഷമമല്ല – ആറു പ്രോജക്ടുകൾ രൂപീകരിച്ചിട്ടും പദ്ധതിലക്ഷ്യം കൈവരിച്ചില്ല

നഗരസഭയുടെ പരിധിയിൽ കൊല്ലം എന്ന സ്ഥലത്ത് മത്സ്യമാർക്കറ്റ് നിർമ്മാണത്തിനായി 2019-20 സാമ്പത്തിക വർഷം മുതൽ 2021-22 വർഷം വരെ വിവിധ പദ്ധതികൾ രൂപീകരിച്ചതായി കാണുന്നു. വിശദാംശം ചുവടെ കൊടുക്കുന്നു,

| ക്രമ.നം. | പ്രോജക്ട് പേര് | അടങ്കൽ | ഫണ്ടിനം | നാളിതുവരെ ചെലവ് | റിമാർക്സ് |
|---|---|---|---|---|---|
| 1 | കൊല്ലം മത്സ്യമാർക്കറ്റ് നിർമ്മാണം, 419/20 | 25,00,000/- | ധനകാര്യകമ്മീഷൻ ഗ്രാന്റ് | 19,20,157/- | 2020-21ൽ പൂർത്തീകരിച്ചു |
| 2 | കൊല്ലം മത്സ്യമാർക്കറ്റ് രണ്ടാംഘട്ടം, 636/21 | 20,00,000/- | വികസനഫണ്ട് ജനറൽ | 18,74,307/- | 2021-22ൽ പൂർത്തീകരിച്ചു |
| 3 | കൊല്ലം മാർക്കറ്റ് ടോയ് ലെറ്റ് കം വെയിസ്റ്റ് ട്രീറ്റ്മെന്റ് സിസ്റ്റം, 384/22 | 10,00,000/- | ധനകാര്യകമ്മീഷൻ ഗ്രാന്റ് | 6,73,813/- | 2021-22ൽ പാർട്ട് ബിൽ നൽകി. നിലവിലും പദ്ധതി തുടരുന്നു. |
| 4 | കൊല്ലം മത്സ്യമാർക്കറ്റ് പൂർത്തീകരണം, 129/22 | 12,00,000/- | തനതുഫണ്ട് | -- | 2022-23 ൽ സ്പിൽഓവർ ആയി തുടരുന്നു |
| 5 | കൊല്ലം മത്സ്യമാർക്കറ്റ് സാനിറ്റേഷൻ ഫെസിലിറ്റി, 190/22 | 5,00,000/- | ധനകാര്യകമ്മീഷൻ ഗ്രാന്റ് | 3,89,726/- | ചെലവ് 2022-23 വർഷത്തിൽ |
| 6 | കൊല്ലം മത്സ്യമാർക്കറ്റ് ഇലക്ട്രിഫിക്കേഷൻ, 130/22 | 5,00,000/- | ധനകാര്യകമ്മീഷൻ ഗ്രാന്റ് | 3,58,110/- | 2021-22ൽ പാർട്ട് ബിൽ നൽകി. നിലവിലും പദ്ധതി തുടരുന്നു. |

കഴിഞ്ഞ മൂന്നു വർഷമായി പദ്ധതി രൂപീകരണം നടത്തിയിട്ടും നാളിതുവരെ ഇവ പൂർത്തീകരിച്ച്

ഉപയോഗക്ഷമമായിട്ടില്ല. പദ്ധതി ഫയലുകൾ പരിശോധിച്ചതിൽ കണ്ട പൊതു അപാകതകൾ ചുവടെ കൊടുക്കുന്നു.

1. പദ്ധതി സമഗ്രമായി തയ്യാറാക്കിയില്ല

2019-20 വർഷത്തിൽ പദ്ധതി വിഭാവനം ചെയ്തപ്പോൾ കെട്ടിടത്തിന്റെ സ്ട്രക്ച്ചർ നിർമ്മാണം മാത്രമാണ് ഉൾപ്പെടുത്തിയത്. തുടർവർഷങ്ങളിൽ ഇതിന്റെ ഫിനിഷിംഗ് പ്രവൃത്തികൾക്കായി വീണ്ടും രണ്ടു പദ്ധതികൾ വിഭാവനം ചെയ്തു(ക്രമനം.2,4). മാർക്കറ്റിൽ ടോയ് ലെറ്റ് സംവിധാനമൊരുക്കാനും, വെയ്സ്റ്റ് വെള്ളം കൈകാര്യം ചെയ്യാനുമായിട്ടാണ് മൂന്നാമത്തേയും, അഞ്ചാമത്തേയും പ്രോജക്ടുകൾ രൂപീകരിച്ചത്. മേൽ പ്രോജക്ടുകളിൽ ആദ്യ നാലെണ്ണവും ഒരേ കരാറുകാരനാണ് ഏറ്റെടുത്തിട്ടുള്ളത്. ആദ്യ പ്രവൃത്തി ഇ-ടെണ്ടർ നടത്തിയപ്പോൾ വൻ പങ്കാളിത്തം ഉണ്ടായി. 22.5% കുറഞ്ഞ നിരക്കിൽ കരാറുകാരൻ പ്രവൃത്തി ഏറ്റെടുത്തു. എന്നാൽ രണ്ടാമത്തെയും, മൂന്നാമത്തേയും പ്രവൃത്തികൾക്ക് ശ്രീ.ബഷീറിന്റെ സിംഗിൾ ടെണ്ടർ മാത്രമാണ് ലഭ്യമായിരുന്നത്. ഇതിന്റെ നിരക്കുകൾ പരിശോധിച്ചാൽ യഥാക്രമം 5.5%, 0.1% കുറവ് മാത്രമാണ് കരാറുകാരൻ ക്വാട്ട് ചെയ്തതെന്ന് കാണാം. നാലാമത്തെ പ്രവൃത്തി എസ്റ്റിമേറ്റ് നിരക്കിലുമാണ് ഏറ്റെടുത്തത്.

ആദ്യ പദ്ധതി സമഗ്രമായി തയ്യാറാക്കി ടെണ്ടർ ചെയ്തിരുന്നെങ്കിൽ വളരെ കുറഞ്ഞ നിരക്കിൽ (22.5%) കരാറുകാരന്റെ സേവനം ലഭ്യമാകുകയും, നഗരസഭയ്ക്ക് സാമ്പത്തിക ലാഭം ഉറപ്പാക്കുകയും ചെയ്യാമായിരുന്നു.

2. എസ്റ്റിമേറ്റുകൾ യാഥാർത്ഥ്യ ബോധത്തോടെ തയ്യാറാക്കുന്നില്ല

മേൽ വിവരിച്ച ആദ്യ പ്രോജക്ടിൽ മാർക്കറ്റിന്റെ കോളം സ്ട്രക്ച്ചറും, റൂഫ് സ്ലാബും, തറ കോൺക്രീറ്റ്, അരമതിൽ നിർമ്മാണം എന്നിവയാണ് ഉൾപ്പെടുത്തിയത്. എന്നാൽ പ്രവൃത്തി സമയം ബലമില്ലാത്ത മണ്ണാണെന്ന് കണ്ടെത്തിയതിനെ തുടർന്ന് പ്ലിന്ത് ബീം ലെവൽ വരെ കരിങ്കല്ല് കെട്ടുന്നതിനും, കോൺക്രീറ്റിന്റെ അളവിലും, കമ്പിയുടെ അളവിലും ഉണ്ടായ വർധനവ് ഉൾപ്പെടുത്തുന്നതിനുമായും എസ്റ്റിമേറ്റ് പുതുക്കി. തയ്യാറാക്കിയ റിവൈസ്ഡ് എസ്റ്റിമേറ്റിൽ എക്സ്ട്രായിനമായി കോൺട്രാക്ടറുടെ മണ്ണ് ഉപയോഗിച്ചുള്ള ഫില്ലിംഗ് ഉൾപ്പെടുത്തുകയും, അളവു പുസ്തകത്തിൽ അളവ് രേഖപ്പെടുത്തുകയും (178/16-17,പേജ് 16) ചെയ്തിട്ടുണ്ട്. എന്നാൽ ബിൽ തയ്യാറാക്കിയപ്പോൾ ഈയിനത്തിന് തുക അനുവദിച്ചില്ല.

പിന്നീട് രണ്ടാമത്തെ പദ്ധതി തയ്യാറാക്കിയപ്പോൾ ഈയിനം വീണ്ടും ഉൾപ്പെടുത്തി തുക നൽകുകയാണുണ്ടായത്. ഈ പദ്ധതിയുടെ എസ്റ്റിമേറ്റും റിവൈസ് ചെയ്തു. റിവൈസ്ഡ് എസ്റ്റിമേറ്റ് റിപ്പോർട്ടിൽ രേഖപ്പെടുത്തിയത് പ്ലിന്ത് ഫില്ലിംഗ്, കരിങ്കല്ല് കെട്ട്, സോളിഡ് ബ്രിക്ക്, പ്ലാസ്റ്ററിംഗ്, ഗ്രിൽസ്, റോളിംഗ് ഷട്ടർ, മാർബിൾ വിരിക്കൽ, ചുമർ ടൈൽ പതിക്കൽ, സിമന്റ് പ്രൈമർ എന്നിവയുടെ അളവിൽ വർധനവുണ്ടായതിനാൽ പെയിന്റിംഗ് പ്രവൃത്തികൾ, യാർഡ് ഇന്റർലോക്ക് ചെയ്യൽ, പ്ലംബിംഗ് പ്രവൃത്തികൾ എന്നിവ എസ്റ്റിമേറ്റിൽ നിന്നും ഒഴിവാക്കുന്നുവെന്നും, ഇവ അവസാനഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തുന്നുവെന്നുമാണ്. കെട്ടിടത്തിന്റെ പൂർത്തീകരണത്തിനായി നാലാമത്തെ പ്രവൃത്തി രൂപീകരിച്ചുവെങ്കിലും നിലവിലും നിർവ്വഹണം നടന്നിട്ടില്ല.

എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നതിനെ സംബന്ധിച്ചും, വ്യാപകമായി പുതുക്കുന്നതു സംബന്ധിച്ചും 26.3.2021ലെ തദ്ദേശ സ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ DB1/10690/2020/CE/LID&EW നമ്പർ സർക്കുലർ ഇവിടെ പ്രസക്തമാണ്. ചീഫ് എഞ്ചിനീയറുടെ നിർദ്ദേശ പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. എസ്റ്റിമേറ്റുകൾ യഥാർത്ഥ ആവശ്യങ്ങൾ തിരിച്ചറിഞ്ഞ് കൃത്യമായ അളവിൽ തയ്യാറാക്കാൻ സാധിക്കാത്തത് സാങ്കേതിക വിഭാഗത്തിന്റെ പോരായ്മയായി ഓഡിറ്റ് വിലയിരുത്തുന്നു. എസ്റ്റിമേറ്റ് പുതുക്കി എക്സ്ട്രായിനമായി ഉൾപ്പെടുത്തി അളവു രേഖപ്പെടുത്തിയ ഇനം പിന്നീട് തുക നൽകുന്ന സമയം ഒഴിവാക്കാനുണ്ടായ സാഹചര്യം വിശദീകരിക്കേണ്ടതാണ്.

3. തെറ്റായ ഇനം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി

മേൽ പട്ടികയിലെ മൂന്നാമത്തെ പദ്ധതിയിൽ ലിക്വിഡ് വേസ്റ്റ് ടാങ്ക് നിർമ്മാണത്തിനായി ഉൾപ്പെടുത്തിയ ഇനം DARലെ ഐറ്റം 2.8.1 ആണ്. ഈയിനത്തിന്റെ വിവരണം പരിശോധിച്ചാൽ ഒന്നര മീറ്ററിൽ കുറവ് വീതിയിൽ ട്രഞ്ചസ് നിർമ്മിക്കുന്നതിന് മണ്ണ് നീക്കം ചെയ്യാൻ ഉപയോഗപ്പെടുത്താവുന്ന ഇനമാണെന്ന് വ്യക്തമാകുന്നു. അളവു പുസ്തകത്തിൽ (നം.82/21-22, പേജ്17) ഈ പ്രവൃത്തിയുടെ അളവുകൾ പരിശോധിച്ചാൽ 6 മീറ്റർ നീളത്തിലും, 3.2 മീറ്റർ വീതിയിലും 1.8 മീറ്റർ ആഴത്തിലുമാണ് പ്രവൃത്തി നടന്നിട്ടുള്ളത്. 3.2 മീറ്റർ വീതിയിൽ മണ്ണെടുക്കുന്ന മേൽ പ്രവൃത്തിയ്ക്ക് DAR ലെ ഐറ്റം 2.6.1 ഉൾപ്പെടുത്തി ചെയ്യേണ്ടതിനു പകരം തെറ്റായ ഇനം ഉൾപ്പെടുത്തിയതിനാൽ അധിക ചെലവ് നഗരസഭ ഫണ്ടിനുണ്ടായിട്ടുണ്ട്. തെറ്റായ ഇനം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയ സാഹചര്യം വിശദീകരിക്കേണ്ടതാണ്.

4. റെഡിമെയ്ഡ് സെപ്റ്റിക് ടാങ്ക് സ്ഥാപിക്കുന്നത് മണ്ണ് പ്രവൃത്തി പ്രത്യേകം നടത്തി

മൂന്നാമത്തെ പദ്ധതിയിൽ ടോയ് ലെറ്റ് നിർമ്മാണം, സോക്ക് പിറ്റ്, വേസ്റ്റ് പിറ്റ് എന്നിവയുടെ നിർമ്മാണത്തിനായി മണ്ണ് പ്രവൃത്തി എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്നു(ഐറ്റം 2.8.1). എന്നാൽ അളവു പുസ്തകത്തിൽ (നം.82/21-22, പേജ് 2) മേൽ നിർമ്മാണങ്ങൾക്കു പുറമേ സെപ്റ്റിക് ടാങ്കിനായി 3.5 X 1.5 X1.5 =15.75 എന്ന അളവിൽ രണ്ടു കുഴികളുടെ നിർമ്മാണം രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സെപ്റ്റിക് ടാങ്കിന്റെ തുടർപ്രവൃത്തികളൊന്നും ഈ പദ്ധതിയിൽ നടന്നതായി കാണുന്നില്ല. ക്രമ നം. അഞ്ചാമതായി രൂപീകരിച്ച പദ്ധതിയിൽ റെഡിമെയ്ഡ് സെപ്റ്റിക് ടാങ്ക് സ്ഥാപിച്ചയിനത്തിൽ (ഐറ്റം 51.19.ST4) തുക നൽകിയിട്ടുണ്ട്. റെഡിമെയ്ഡ് സെപ്റ്റിക് ടാങ്ക് സ്ഥാപിക്കുന്നതിന്റെ ഇനത്തിൽ മണ്ണെടുക്കുന്നതിനുള്ള തുക കൂടി ഉൾപ്പെടുന്നതിനാൽ ആദ്യ പദ്ധതിയിൽ കുഴിയെടുത്തയിനത്തിൽ കരാറുകാരന് തുക നൽകാനുണ്ടായ സാഹചര്യം വ്യക്തമല്ല. ആയത് വിശദീകരിക്കേണ്ടതാണ്.

മുകളിൽ വിവരിച്ച അപാകതകൾ ഉണ്ടാകാനുണ്ടായ സാഹചര്യവും, വർഷങ്ങൾ പിന്നിട്ടിട്ടും നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തന ക്ഷമമാക്കാത്തതും വിശദീകരിക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്. സെപ്റ്റിക് ടാങ്കിനായി കുഴിച്ച $15.75m^3$ മണ്ണിന്റെ ചെലവ് (215.9 രൂപ നിരക്കിൽ) 3400/-രൂപ ഓഡിറ്റ് അംഗീകരിക്കുന്നില്ല. തുക നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-40 സർക്കാർ നിർദ്ദേശം പാലിക്കാതെ പദ്ധതി ആസൂത്രണം/രൂപീകരണം - പദ്ധതികൾ നിർവ്വഹണം നടത്താതെ ഒഴിവാക്കുന്നു

സർക്കാർ ഉത്തരവ് (കൈ)നം.17/2018/ത.സ്വ.ഭ.വ., തിയ്യതി:2.2.2018 പ്രകാരം നഗരസഭകളിലെ പദ്ധതിരൂപീകരണം സംബന്ധിച്ച വിശദമായ നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചു. ഇതു പ്രകാരം പദ്ധതി രൂപീകരണത്തിന്റെ പ്രധാനപടികൾ താഴെ ചേർക്കുന്നവയാണ്.

വർക്കിംഗ് ഗ്രൂപ്പുകൾ കരട് പ്രോജക്ട് നിർദ്ദേശങ്ങൾ തയ്യാറാക്കി വാർഡ്സഭ/ഊരുകൂട്ട യോഗങ്ങളിൽ അവതരിപ്പിച്ച്, ആ വേദികളിലെ ചർച്ചകളുടേയും തീരുമാനങ്ങളുടേയും അടിസ്ഥാനത്തിൽ പ്രോജക്ട് നിർദ്ദേശങ്ങളുടെ മുൻഗണന നിശ്ചയിച്ച് ഭരണസമിതിയുടേയും തുടർന്ന് വികസന സെമിനാറിന്റേയും പരിഗണനയ്ക്ക് സമർപ്പിയ്ക്കണം. പശ്ചാത്തല സൗകര്യങ്ങളുടെ കാര്യത്തിൽ ആദ്യം വാർഡ് തല മുൻഗണന നിശ്ചയിച്ചശേഷം എല്ലാ വർഡുകളിലേയും നിർദ്ദേശങ്ങൾ ക്രോഡീകരിച്ച് നഗരസഭതല മുൻഗണനാ പട്ടിക തയ്യാറാക്കണം. വാർഡ്സഭ/ഊരുകൂട്ട യോഗങ്ങളിലേയും, വികസന സെമിനാറിലേയും ചർച്ചകളുടെ അടിസ്ഥാനത്തിൽ ആവിഷ്കരിക്കുന്ന നിർദ്ദേശങ്ങൾ രണ്ടായി തരം തിരിക്കണം. നഗരസഭയുടെ വാർഷിക പദ്ധതിയുടെ ഭാഗമായി പരിഹാരം കാണേണ്ടവയും, അല്ലാത്തവയും. ആദ്യ വിഭാഗത്തിൽപ്പെടുന്ന നിർദ്ദേശങ്ങൾ പ്രോജക്ട് റിപ്പോർട്ടുകളായി തയ്യാറാക്കുന്നതിന് ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകൾക്ക് നൽകുകയും അന്തിമ പദ്ധതി രേഖയുടെ ഭാഗമാക്കുകയും വേണം. ഓരോ പദ്ധതിയ്ക്കും വേണ്ടി വരുന്ന വിഭവം കണ്ടെത്തലാണ് അടുത്തപടി. വിഭവ പരിധികൾയ്ക്കുള്ളിൽ നിന്നുകൊണ്ട് മുൻഗണനാടിസ്ഥാനത്തിൽ പ്രോജക്ടുകൾ തെരെഞ്ഞെടുത്തു വേണം വാർഷിക പദ്ധതിയ്ക്ക്

അന്തിമരൂപം നൽകേണ്ടത്. സ്റ്റാന്റിംഗ് കമ്മിറ്റികൾ അന്തിമരൂപം നൽകിയ പദ്ധതിയും പ്രോജക്ടുകളും ഭരണസമിതി യോഗത്തിൽ അവതരിപ്പിക്കുകയും, ചർച്ചകളുടെ അടിസ്ഥാനത്തിൽ വാർഷിക പദ്ധതിയ്ക്കും പ്രോജക്ടിനും അംഗീകാരം നൽകുകയും ചെയ്യണം. ഭരണസമിതിയുടെ അംഗീകാരത്തിനു ശേഷം ആദ്യം അച്ചടിച്ച കരട് പദ്ധതി രേഖയിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി അന്തിമ പദ്ധതി രേഖ അച്ചടിച്ച് ജില്ലാ ആസൂത്രണ സമിതിയ്ക്കും ബന്ധപ്പെട്ട ഏജൻസികൾക്കും നൽകണം.

2021-22 വർഷത്തേയ്ക്ക് നഗരസഭ തയ്യാറാക്കി ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിച്ച അന്തിമ പദ്ധതി രേഖ പരിശോധിച്ചതിൽ പശ്ചാത്തല മേഖലയിലെ പ്രോജക്ടുകൾ തയ്യാറാക്കുന്നതിൽ സർക്കാർ നിർദ്ദേശങ്ങൾ തീർത്തും അവഗണിച്ചതായി കാണുന്നു(പ്രധാനമായും റോഡുകൾ, ഫുട്പാത്തുകൾ, ഡ്രൈനേജുകൾ എന്നിവയുടെ നിർമ്മാണ പ്രവൃത്തികൾ). ജില്ലാ ആസൂത്രണ സമിതിയുടെ ആദ്യ അംഗീകാരം ലഭിച്ച നഗരസഭയുടെ അന്തിമ പദ്ധതി രേഖയിൽ പശ്ചാത്തല മേഖലയിൽ പത്തിൽ താഴെ പ്രോജക്ടുകൾ മാത്രമാണുള്ളത്. എന്നാൽ വർഷാവസാനത്തിലെ ഐ.കെ.എം. ചെലവ് പത്രിക പ്രകാരം ഈ മേഖലയിൽ ഇരുനോറോളം പദ്ധതികൾ ആവിഷ്കരിച്ച് നിർവ്വഹണം നടത്തിയതായി കാണാം. അന്തിമ പദ്ധതിയിൽ സംരക്ഷണ ഗ്രാന്റ് റോഡ് വിനിയോഗിച്ച് മുഴുവൻ റോഡി പ്രവൃത്തികൾക്കുമായി പ്രോജക്ട് നമ്പർ 33ആയി 1,91,82,000/-രൂപ അടങ്കലിലുള്ള ഒരൊറ്റ പദ്ധതിയാണ് രൂപീകരിച്ചത്. ഇതിൽ നിന്നും വാർഷിക പദ്ധതി അന്തിമമാക്കി ആസൂത്രണ സമിതിയുടെ അംഗീകാരം വാങ്ങുന്ന സമയം ഏതൊക്കെ റോഡുകളുടെ പ്രവൃത്തികളാണ് വേണ്ടതെന്ന മുൻഗണാക്രമം തയ്യാറാക്കിയിരുന്നില്ലയെന്ന് വ്യക്തമാകുന്നു. തുടർന്ന് പല ഘട്ടങ്ങളിലായി നടന്ന പദ്ധതി പുതുക്കലിലൂടെയാണ് വിവിധ പ്രവൃത്തികൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയത്. ഇത്തരത്തിൽ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രവൃത്തികൾ/പ്രോജക്ടുകൾ മുകളിൽ വിവരിച്ച വിവിധ രൂപീകരണഘട്ടങ്ങളിലൂടെ വന്നിട്ടില്ലാത്തതിനാൽ പല പ്രോജക്ടുകളും നിർവ്വഹണ ഘട്ടങ്ങളിൽ നടപ്പാക്കാനാകാതെ ഒഴിവാക്കപ്പെട്ടിട്ടുണ്ട്. ആവശ്യകത നിർണ്ണയിക്കാതെ/നിർവ്വഹണ സാധ്യത പരിശോധിക്കാതെയാണ് ഇവ തയ്യാറാക്കിയിരുന്നതെന്ന് വ്യക്തമാകുന്നു. മുൻവർഷത്തിൽ രൂപീകരിച്ച് സ്പിൽഓവർ പദ്ധതികളായി തൻവർഷത്തിൽ ഉൾപ്പെടുത്തിയ പദ്ധതികൾ പോലും തുടർവർഷത്തിലും നിർവ്വഹണം ചെയ്യാൻ സാധിക്കാതെ ഒഴിവാക്കപ്പെടുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. ചില ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

<u>സ്പിൽഓവർ പദ്ധതികൾ</u>

2021-22 വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട സ്പിൽ ഓവർ പദ്ധതികളിൽ 36 പദ്ധതികൾക്ക് തൻവർഷവും ചെലവില്ല. ഈ പദ്ധതികളിൽ ഭൂരിഭാഗവും തുടർവർഷത്തേയ്ക്ക് (2022-23) സ്പിൽ ഓവർ ആയി ഉൾപ്പെടുത്തിയെങ്കിലും താഴെ ചേർക്കുന്ന പദ്ധതികൾ ഉൾപ്പെടുത്താതെ ഒഴിവാക്കിയതായി കാണുന്നു.

| പ്രോജക്ട് പേര് | പ്രോജക്ട് നമ്പർ |
|---|---|
| മനയേടത്ത് മേലേപറമ്പ് ഫുട്പാത്ത് നിർമ്മാണം, വാർഡ് 34 | 303/22 |
| കോഴിക്കൽ ഇല്ലത്ത് താഴ ഫുട്പാത്ത് നിർമ്മാണം, വാർഡ് 24 | 305/22 |
| ചോനാംകണ്ടി റോഡ്-കുളത്തിന് സമീപം കൾവെർട്ട്, വാർഡ് 25 | 331/22 |
| അണേലത്താഴകുനി ഫുട്പാത്ത് നവീകരണം, വാർഡ് 25 | 332/22 |

| | |
|---|---|
| സി.സി.ഫുട്പാത്ത് | 375/22 |
| നീലിക്കണ്ടി ഫുട്പാത്ത് | 376/22 |

മേൽ പ്രവൃത്തികൾ സ്ഥലലഭ്യത കുറവ്, പരിസരിവാസികളുടെ എതിർപ്പ്, മറ്റു വകുപ്പിൽ നിന്നും എൻ.ഒ.സി. ലഭിക്കാത്തത്, പ്രവൃത്തി പൂർത്തീകരിച്ചിട്ടും ശ്രദ്ധക്കുറവ് മൂലം സ്പിൽ ഓവറായി ഉൾപ്പെട്ടത് എന്നീ കാരണങ്ങളാലാണ് നടപ്പാക്കാതെ ഒഴിവാക്കിയത് എന്ന് മറുപടി നൽകുകയുണ്ടായി. നിർവ്വഹണ സാധ്യത പരിശോധിക്കാതെയാണ് മിക്ക പദ്ധതികളും രൂപീകരിച്ചതെന്ന് ഇതിൽ നിന്നും വ്യക്തമാണ്.

ടെണ്ടർ പൂർത്തീകരിച്ച് പ്രവൃത്തി ഏൽപ്പിച്ച ശേഷം പദ്ധതി ഒഴിവാക്കി

മുനിസിപ്പൽ എഞ്ചിനീയർ നിർവ്വഹണം നടത്താനായി രൂപീകരിച്ചതാണ് പ്രോജക്റ്റ് നമ്പർ 278/22, ഖാദിരിയ ഇടവഴി വാർഡ് 39. വികസനഫണ്ട് ജനറൽ 3,50,000/- രൂപ അടങ്കലിൽ തയ്യാറാക്കിയ ഈ പദ്ധതിയുടെ എസ്റ്റിമേറ്റിന് 27.12.2021ന് സാങ്കേതികാനുമതി ലഭിച്ചതിനെ തുടർന്ന് ടെണ്ടർ നടപടികൾ സ്വീകരിക്കുകയും മത്സരാധിഷ്ഠിത ടെണ്ടറിൽ ഏറ്റവും കുറഞ്ഞ നിരക്ക് (22.3% കുറവ്) ക്വാട്ട് ചെയ്ത ശ്രീകുമാർ.സി.പി. എന്ന കരാറുകാരന്റെ ടെണ്ടർ 13.1.21ലെ കൗൺസിൽ തീരുമാനം 7 പ്രകാരം അംഗീകരിച്ചിട്ടുണ്ട്. 17.1.22ന് കരാറുകാരന് വർക്ക് ഓർഡർ നൽകി. എന്നാൽ ഇദ്ദേഹവുമായി കരാർ ചമച്ചതായി കാണുന്നില്ല. വർക്ക് ഓർഡർ നൽകിയ ശേഷം കരാറുകാരൻ 31.1.2022ന് ഒരപേക്ഷ നൽകിയതായി ഫയലിൽ കാണുന്നു. ഇതിൽ "താൻ സൈറ്റിൽ ചെന്നപ്പോൾ പ്രസ്തുത സ്ഥലം സ്വകാര്യ വ്യക്തിയുടേതാണെന്ന് മനസ്സിലാകുന്നുവെന്നും, അദ്ദേഹത്തിന്റെ അനുമതിയില്ലാതെ പ്രവൃത്തി ആരംഭിക്കാൻ നിർവ്വാഹമില്ലെന്നും, പ്രവൃത്തി തുടങ്ങുന്നതിനുള്ള സാഹചര്യം ലഭ്യമാക്കുകയോ അല്ലെങ്കിൽ തന്നെ ഈ പ്രവൃത്തിയിൽ നിന്നും ഒഴിവാക്കി തരണമെന്നും" അപേക്ഷിച്ചിരിക്കുന്നു.

മേൽ പ്രവൃത്തി നടത്താൻ പ്രായോഗിക ബുദ്ധിമുട്ടുള്ളതിനാൽ പദ്ധതി റിവൈസ് ചെയ്ത് കാരക്കാട്ടു വളപ്പിൽ ഇടവഴി ഇന്റർലോക്ക് എന്ന പ്രവൃത്തി ചെയ്യാൻ അനുമതി നൽകുവാൻ ബന്ധപ്പെട്ട വാർഡ് കൗൺസിലർ 20.2.22ന് നഗരസഭ സെക്രട്ടറിയ്ക്ക് കത്ത് നൽകിയിരിക്കുന്നതും ഫയലിൽ കാണുന്നു. തുടർന്ന് 16.3.2022 ലെ കൗൺസിൽ യോഗത്തിൽ തീരുമാനം 7ആയി പ്രവൃത്തിയുടെ സ്ഥലം ലഭ്യമായിട്ടില്ലാത്തതിനാൽ വാർഷിക പദ്ധതിയിൽ നിന്നും ഒഴിവാക്കി.

മുകളിൽ വിവരിച്ച രീതിയിൽ നഗരസഭയുടെ ഉടമസ്ഥതയിലല്ലാത്ത സ്ഥലത്ത് ഫുട്പാത്ത് നിർമ്മിക്കാൻ പദ്ധതി രൂപീകരിച്ച് നിർവ്വഹണ നടപടികൾ സ്വീകരിക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കാനും, ഈ പദ്ധതിയുടെ രൂപീകരണവുമായി ബന്ധപ്പെട്ട പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് ചർച്ചകൾ(മിനുട്സ്), അന്തിമ പദ്ധതിരേഖ വിശദാംശംങ്ങൾ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കാനും ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും സർക്കാർ നിർദ്ദേശങ്ങൾ പരിഗണിക്കാതെ വാർഷിക പദ്ധതികൾ രൂപീകരിക്കാനുണ്ടായ സാഹചര്യം വിശദീകരിക്കേണ്ടതും, സർക്കാർ നിർദ്ദേശങ്ങൾ അവഗണിച്ചുള്ള രൂപീകരണ പ്രക്രിയ ഭാവിയിൽ ഒഴിവാക്കേണ്ടതുമാണ്.

## 1-41 ഡെപ്പോസിറ്റ് പ്രവൃത്തിയ്ക്ക് നൽകിയ തുക തിരികെ ലഭിച്ചത് തനതുഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നു

2021-22 വർഷത്തിൽ മുനിസിപ്പൽ എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായ രണ്ടു വ്യത്യസ്ത പ്രോജക്ടുകളിൽ 25,00,000/-രൂപ വീതം ആകെ 50,00,000/-രൂപ(ധനകാര്യ കമ്മീഷൻ ഗ്രാന്റ്) കേരള

വാട്ടർ അതോറിറ്റി എക്സി.എഞ്ചിനീയർക്ക് നിക്ഷേപ പ്രവൃത്തിയ്ക്കായി കൈമാറിയിരുന്നു. വിശദാംശം ചുവടെ കൊടുക്കുന്നു,

| പ്രോജക്ട് പേര്/നം. | ഫണ്ടിനം | തുക | ബിൽ നം./തിയ്യതി |
|---|---|---|---|
| മത്സ്യഗ്രാമം കുടിവെള്ള പൈപ്പ് ലൈൻ, 145/22 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 25,00,000 | 501/22.03.22 PFMSവഴി |
| പെരുങ്കുനി കോളനി കുടിവെള്ള പദ്ധതി, 147/22 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 25,00,000 | 568/26.03.22 ട്രഷറി വഴി |

കൊയിലാണ്ടി മുനിസിപ്പാലിറ്റിയിലെ മുഴുവൻ പ്രദേശത്തേയ്ക്കും ആവശ്യമായ വിതരണ ശൃഖലയ്ക്ക് കിഫ്ബി പദ്ധതിയിലും, അമൃത് -2 പദ്ധതിയിലും അനുമതി ലഭിച്ച സാഹചര്യത്തിൽ ഈ തുകകൾ തുടർവർഷത്തിൽ വാട്ടർ അതോറിറ്റി തിരികെ നൽകി. ഈ തുകകൾ 27.6.22, 12.8.22 തിയ്യതികളിൽ രസീതിയായി സ്വീകരിച്ച് തനതുഫണ്ട് സൂക്ഷിക്കുന്ന പഞ്ചാബ് നാഷണൽ ബാങ്കിൽ (അക്കൗ.നം.4343001100000019) സൂക്ഷിച്ചിരിക്കുന്നു. 31.8.22 ൽ നടന്ന കൗൺസിൽ യോഗത്തിൽ തീരുമാനം 6 ആയി ഈ തുക പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് വാലിഡേഷൻ ലഭ്യമാക്കുന്നതിനായി സർക്കാരിലേയ്ക്ക് അപേക്ഷിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ തൽസ്ഥിതി വിവരം ലഭ്യമല്ല. ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ വിനിയോഗത്തിനായി നിലവിൽ പഞ്ചാബ് നാഷണൽ ബാങ്കിൽ അക്കൗണ്ട് (അക്കൗ.നം.4343000100097500) ലഭ്യമായിരിക്കെ ഈ തുക നിലവിലും തനതുഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നതിന്റെ സാങ്കേതികത്വവും വ്യക്തമല്ല. മേൽ വിവരങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല.

മേൽ തുകയ്ക്കുള്ള പദ്ധതികൾ രൂപീകരിക്കാൻ സർക്കാരിലേയ്ക്ക് അപേക്ഷിച്ചതിന്റെ വിവരവും, ഇതിനടിസ്ഥാനപ്പെടുത്തി രൂപീകരിച്ച പദ്ധതി വിശദാംശവും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. ധനകാര്യ കമ്മീഷൻ ഗ്രാന്റ് ടൈഡ് വിഭാഗത്തിൽപെട്ട മേൽ തുക അനുവദനീയമായ മേഖലയിൽ തന്നെ ഉപയോഗപ്പെടുത്തുന്നുവെന്ന് ഉറപ്പാക്കേണ്ടതാണ്.

## 1-42 ഇന്ധന ചെലവുകൾ - യന്ത്രങ്ങളുടെ ഇന്ധനക്ഷമത ഉറപ്പ് വരുത്താതെ തുക അനുവദിക്കുന്നു

നഗരസഭയുടെ ഉടമസ്ഥതയിലുള്ള വിവിധ യന്ത്രസാമഗ്രികളായ ടൗൺ ഹാൾ ജനറേറ്റർ, ബ്രഷ് കട്ടർ എന്നിവയുടെ പ്രവർത്തനത്തിനായി ഉപയോഗിക്കുന്ന ഇന്ധനത്തിന്റെ ചെലവുകൾ വിവിധ ഫയലുകളിലൂടെ നടക്കുന്നു. ഓഡിറ്റ് വർഷത്തെ ചിലയിനങ്ങളുടെ ചെലവു വിശദാംശം ചുവടെ കൊടുക്കുന്നു,

| ഫയൽ നം.H1-158/22,<br>ടൗൺഹാൾ ജനറേറ്റർ | ഫയൽ നം.H1-1123/96,<br>ബ്രഷ് കട്ടർ ഫ്യൂൽ |
|---|---|
| 20879/-, വൗ.നം.22101130/29.2.22 | 41784/-, വൗ.നം.22101127/29.1.22 |
| 34165/-, വൗ.നം.221001177/10.2.22 | 94113/-, വൗ.നം.22101240/22.2.22 |

മേൽ വിവരിച്ച ഫയലുകൾ പരിശോധിച്ചതിൽ ഇന്ധനത്തിന്റെ തുക അനുവദിക്കുന്നതല്ലാതെ

ബന്ധപ്പെട്ട സാമഗ്രികളുടെ/യന്ത്രത്തിന്റെ ഇന്ധനക്ഷമത ഉറപ്പു വരുത്തുന്നില്ലെന്നും, ഇന്ധന ബില്ലുകൾ നൽകുന്നതിൽ കാലതാമസവും ശ്രദ്ധയിൽ പെട്ടു.

1. ബ്രഷ് കട്ടറിന്റെ ഉപയോഗവുമായി ബന്ധപ്പെട്ട രജിസ്റ്റർ പരിശോധിച്ചതിൽ സാധാരണയായി 6 അല്ലെങ്കിൽ 3ലിറ്റർ പെട്രോൾ ഉപയോഗിച്ചാണ് ദിവസേന പ്രവൃത്തി നടത്തുന്നതായി കാണുന്നത്. ബന്ധപ്പെട്ട ബില്ലുകളും ഇതേ വിധം 6 അല്ലെങ്കിൽ 3ലിറ്റർ ഇന്ധനത്തിന്റേതാണ്. എന്നാൽ ഇവയുടെ പ്രവർത്തന സമയം ദിവസേന5മണിക്കൂർ എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ആറു ലിറ്റർ ഉപയോഗിക്കുമ്പോഴും, മൂന്നു ലിറ്റർ ഉപയോഗിക്കുമ്പോഴും ഒരേ രീതിയിൽ 5 മണിക്കൂർ പ്രവർത്തിക്കുന്നുവെന്നത് യന്ത്രത്തിന്റെ ഇന്ധന ക്ഷമതയുടെ കൃത്യതയില്ലായ്മ/ക്ഷമത പരിശോധിക്കാതെയാണ് ചെലവു തുക നൽകുന്നതെന്ന് വ്യക്തമാക്കുന്നു. കൂടാതെ പ്രസ്തുത സ്ഥലത്ത് നിശ്ചിത സമയം യന്ത്രമുപയോഗിച്ചുവെന്നതിന് ആരും മേൽനോട്ടം വഹിച്ചതായി കാണുന്നില്ല. ബന്ധപ്പെട്ട തൊഴിലാളികൾ ബ്രഷ് കട്ടർ ഉപയോഗിക്കുന്ന ദിവസങ്ങളിൽ ശരിയാംവിധം ഉപയോഗം നടന്നിട്ടുണ്ടെന്ന് എപ്രകാരം ഉറപ്പാക്കുന്നുവെന്ന് വ്യക്തമല്ല.
2. ബ്രഷ് കട്ടറിന്റെ ഇന്ധനതുക 41784/-രൂപ എന്നത് 2020 ജനുവരി മുതൽ നവംബർ മാസം വരെയുള്ളതാണ്. ബില്ലുകൾ നൽകുന്നതിലെ കാലതാമസം ഒഴിവാക്കേണ്ടതാണ്. ചെലവിനടിസ്ഥാനമായ വൗച്ചറുകൾ പരിശോധിച്ചതിൽ ഇന്ധനത്തിന്റെ ബില്ലുകൾ തിയ്യതി അടിസ്ഥാനത്തിൽ ക്രമപ്പെടുത്തി സൂക്ഷിച്ചിട്ടില്ലെന്ന് കണ്ടു. അതു കൊണ്ടുതന്നെ ഈയിനത്തിൽ നൽകിയ തുകയുടെ കൃത്യത ഓഡിറ്റിന് പരിശോധിച്ചുറപ്പാക്കാൻ സാധിച്ചില്ല. ചെലവിലുൾപ്പെടുത്താത്ത വിവിധ തിയ്യതികളിലെ ബില്ലുകൾ വൗച്ചറിനൊപ്പം കാണുകയും ചെയ്യുന്നു. ഉദാഹരണമായി, വൗ.നം.22101240/22.2.22 പ്രകാരം നൽകിയ 94113/-രൂപയുടെ ചെലവ് 2020 ഡിസംബർ മുതൽ 2021 ഡിസംബർ വരെയുള്ള ബ്രഷ് കട്ടറിന്റെ ഇന്ധന ചെലവാണ്. ഈ ചെലവിൽ ക്ലെയിം ചെയ്യാത്ത 10.3.21, 12.2.21, 15.3.21, 19.3.21 എന്നീ തിയ്യതികളിലെ ബില്ലുകളും അനുബന്ധ രേഖയായി വൗച്ചറിനൊപ്പം കാണുന്നു. ഇതെല്ലാം ഇന്ധന ചെലവിലെ കൃത്യതയില്ലായ്മ കാണിക്കുന്നു.
3. ജനറേറ്റർ ഇന്ധനത്തിന്റെ 20879/-രൂപയുടെ ചെലവ് 2020ജനുവരി മുതൽ മാർച്ച് വരെയുള്ളതാണ്. ഈ തുക നൽകാൻ രണ്ടു വർഷത്തോളം കാലതാമസമുണ്ടായതിന്റെ കാരണം വ്യക്തമല്ല.
4. ജനറേറ്റർ ഉപയോഗവുമായി ബന്ധപ്പെട്ട് ടൗൺഹാൾ ചുമതലയുള്ള സാനിറ്റേഷൻ വർക്കർ ഹാജരാക്കിയ രജിസ്റ്ററിൽ 2021 ഏപ്രിൽ മാസം മുതലുള്ള വിവരങ്ങളേ ഉൾപ്പെട്ടിട്ടുള്ളൂ. അതുകൊണ്ടു തന്നെ 2020ജനുവരി മുതൽ 2021മാർച്ച് വരെയുള്ള ഇന്ധനചെലവിന്റെ വിശദാംശം പരിശോധിക്കാനായില്ല.
5. ജനറേറ്ററിന്റെ ഇന്ധനക്ഷമത പരിശോധിക്കപ്പെട്ടതായി കാണുന്നില്ല. എന്തടിസ്ഥാനത്തിലാണ് ഇന്ധന ഉപയോഗത്തിന്റെ കൃത്യത പരിശോധിക്കപ്പെടുന്നതെന്ന് വ്യക്തമല്ല.
6. 2021ജനുവരി മാസത്തിൽ ആകെ 180 (150 + 30 Lr) ലിറ്റർ ഇന്ധനം വാങ്ങിയതിന്റെ ചെലവ് 14553.9/-രൂപ വൗ.നം.221001177/10.2.22 പ്രകാരം നല്കിയിട്ടുണ്ട്. ഈ മാസത്തിൽ ഒരു ദിവസം മാത്രമാണ് (11.1.2021) ടൗൺ ഹാളിൽ പരിപാടി നടന്നിട്ടുള്ളൂ (ടൗൺഹാൾ റിസർവേഷൻ രജിസ്റ്റർ പ്രകാരം). മേൽ വിവരിച്ച 180 ലിറ്റർ ഇന്ധനത്തിന്റെ വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്.

മേൽ വിവരിച്ച പ്രകാരം യന്ത്രങ്ങളുടെ ഇന്ധനക്ഷമത ഉറപ്പാക്കാതെ ചെലവുകൾ നടത്തുന്നത് വിശദീകരിക്കാനും, ചെലവു രേഖകൾ ക്രമപ്പെടുത്തി പരിശോധനയ്ക്ക് ഹാജരാക്കാനും ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചില്ല. യന്ത്രങ്ങളുടെ ഇന്ധനക്ഷമത പരിശോധിച്ച് വിവരം അറിയിക്കേണ്ടതും, മേൽ അപാകതകൾ വിശദീകരിച്ച് ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

## 1-43 ടേക്ക് എ ബ്രേക്ക് - പ്രവൃത്തി പൂർത്തീകരിച്ചിട്ടും സ്ഥലം ആർജ്ജിച്ചില്ല/ ലീസിനെടുത്തില്ല

2020-21 വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ടേക്ക് എ ബ്രേക്ക് വിശ്രമ കേന്ദ്രങ്ങൾ

നിർമ്മിക്കാൻ 27.7.20ലെ സർക്കാർ ഉത്തരവ് (സാധാ)1401/2020 ത.സ്വ.ഭ.വ. പ്രകാരം നിർദ്ദേശിച്ചതനുസരിച്ച് കൊയിലാണ്ടി നഗരസഭയും പദ്ധതി വിഭാവനം ചെയ്തു. ഇതിനായി സ്ഥലം ലഭ്യമായത് പന്തലായനി വില്ലേജിലെ റീസർവ്വേ നമ്പർ 26ൽ പെട്ട നാഷണൽ ഹൈവേയുടെ ഉടമസ്ഥതയിലുള്ള മൂന്ന സെന്റ് സ്ഥലമാണ്. കോഴിക്കോട് ജില്ലാ കലക്ടറുടെ 2.11.2020ലെ DCKKD/572 /2020-L1 നമ്പർ നടപടിക്രമത്തിലൂടെ ഈ സ്ഥലത്ത് വിശ്രമ കേന്ദ്രം സ്ഥാപിക്കാൻ താല്ക്കാലിക ഉപയോഗാനുമതി നൽകിയിട്ടുണ്ട്. ഈ നടപടിക്രമത്തിൽ പദ്ധതിയുടെ അടിയന്തിര പ്രാധാന്യം കണക്കിലെടുത്താണ് ഈ അനുമതി നൽകിയതെന്നും, ഈ ഭൂമി ആറു മാസത്തിനകം ലീസിലൂടെയോ/വാങ്ങൽ നടപടികളിലൂടെയോ റവന്യൂ വകുപ്പിലെ നിലവിലെ ഉത്തരവുകൾ പ്രകാരം ക്രമവത്കരിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

നിലവിൽ ടേക്ക് എ ബ്രേക്കിന്റെ നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തനക്ഷമമായിട്ടുണ്ട്. ഇതിലുള്ള കഫ്റ്റീരിയ ലേലം ചെയ്ത് നഗരസഭ വരുമാനം ആർജ്ജിക്കുന്നുമുണ്ട്. എന്നാൽ ഈ ഭൂമി നഗരസഭയുടെ ഉടമസ്ഥതയിലാക്കിയതിന്റെ വിവരം ലഭ്യമല്ല. ഈ വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല. നിലവിൽ നഗരസഭയുടേതല്ലാത്ത സ്ഥലത്താണ് ടേക്ക് എ ബ്രേക്ക് സ്ഥിതി ചെയ്യുന്നത്. ഇതു മൂലം ഭാവിയിൽ പല നിയമ കുരുക്കുകൾക്കുമുള്ള സാധ്യത നിലനിൽക്കുന്നു. പ്രസ്തുത സ്ഥലം നഗരസഭയുടെ ആസ്തിയിൽ ഉൾപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കേണ്ടതും, അസ്തിയിലുൾപ്പെടുത്തിയതിന്റെ വിവരം അറിയിക്കേണ്ടതുമാണ്.

## 1-44 ടൗൺ ഹാൾ ട്രാൻസ്ഫോർമർ റിപ്പയർ - തുടർച്ചയായ ചെലവുകൾ - എ.എം.സി. നടപടി സ്വീകരിച്ചില്ല

ഫയൽ നം.PW1/7402/21

2021-22 വർഷത്തിൽ ടൗൺ ഹാളിലെ ട്രാസ്ഫോർമറിന്റെ അറ്റകുറ്റ പണികൾക്കായി രണ്ടു തവണയായി 1,02,070/-(30090/- + 71980/-)രൂപ ചെലവഴിച്ചിട്ടുണ്ട്. 2021 സെപ്റ്റംബർ മാസത്തിൽ ട്രാസ്ഫോർമറിന്റെ പ്രവർത്തനം നിലച്ചതിനെ തുടർന്ന് ട്രാൻസ്ഫോർമർ സ്ഥാപിച്ച "Resitech Electricals, Aluva"എന്ന സ്ഥാപനത്തിനോട് അറ്റകുറ്റ പണികൾ നടത്താൻ അടിയന്തിര സാഹചര്യത്തിൽ ആവശ്യപ്പെട്ടു. ആ സമയം ചെലവഴിച്ചതാണ് 30090/-രൂപ. അറ്റകുറ്റ പണിയുടെ സമയത്തു തന്നെ പ്രസ്തുത സ്ഥാപനം ട്രാസ്ഫോർമറിന്റെ മുഴുവൻ മൾട്ടിപാനലുകളും, ട്രാൻസ്ഫോർമറും സർവ്വീസ് ചെയ്യേണ്ടതിന്റെ ആവശ്യം അറിയിക്കുകയും ഇതിനായി 37,760/-രൂപയുടെ ക്വട്ടേഷൻ നൽകുകയും ചെയ്തു. ഇതു പ്രകാരം ഈ സ്ഥാപനത്തിന് വർക്ക് ഓർഡർ നൽകുകയും, സർവ്വീസ് സമയം മാറ്റിയ വിവിധ സ്പെയർ പാർട്ടുകളുടെ വിലയടക്കം ആകെ 71980/-രൂപ സ്ഥാപനത്തിന് നൽകുകയും ചെയ്തു.

21.10.2021ലെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മീറ്റിംഗിൽ ട്രാസ്ഫോർമറിനായി എ.എം.സി. വയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ ബന്ധപ്പെട്ട സെക്ഷനോട് നിർദ്ദേശം നൽകികൊണ്ടുള്ള സൂപ്രണ്ടിന്റെ കുറിപ്പ് ഫയലിലുണ്ട്. എന്നാൽ എ.എം.സി. വയ്ക്കുന്നതിന് തുടർനടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. മേൽ വിവരിച്ച പ്രകാരം ട്രാസ്ഫോർമറിന്റെയും, മുഴവൻ പാനലുകളുടേയും സർവ്വീസ് നടത്തി ആവശ്യമായ പാർട്സുകളെല്ലാം മാറ്റി സ്ഥാപിച്ച് ആറു മാസം (മെയ് 2022)പിന്നിടുമ്പോഴേക്കും വീണ്ടും ട്രാസ്ഫോർമറിന്റെ പ്രവർത്തനം നിലച്ചതായി ഫയലിൽ വ്യക്തമാകുന്നു. വീണ്ടും അറ്റകുറ്റപണികൾക്കും, പാർട്സിനുമായി 47,200/-രൂപ ചെലവഴിക്കേണ്ടി വന്നു. ഒക്ടോബർ മാസം സർവ്വീസ് നടത്തി മാറ്റി സ്ഥാപിച്ച വിവിധ പാർട്സുകൾ തന്നെയാണ് (Spout, Insulator, Arm Set തുടങ്ങിയവ)വീണ്ടും മാറ്റിയതായി കാണുന്നത്.

മുകളിൽ വിവരിച്ച വിധം വൻതുക അറ്റകുറ്റപണികൾക്കായി വേണ്ടി വരുന്ന സാഹചര്യത്തിലും, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ നിർദ്ദേശമുണ്ടായിട്ടും ഈ സ്ഥാപനവുമായോ, സമാന സ്ഥാപനങ്ങളുമായോ മെയിന്റനൻസ് കോൺട്രാക്റ്റ് ഉണ്ടാക്കുന്നതിനെ സംബന്ധിച്ച് നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. മേൽ സ്ഥാപനം റിപ്പയറുകൾ നടത്തിയ സമയം ക്ഷമതയുള്ള

ഉദ്യോഗസ്ഥരാരും പ്രവൃത്തി പരിശോധിച്ചുറപ്പു വരുത്തിയതായി കാണുന്നില്ല. റിപ്പയർ പ്രവൃത്തികൾ പരിശോധിക്കപ്പെടാതെ തുക നൽകുവാനുണ്ടായ സാഹചര്യം വിശദീകരിക്കാനും, എ.എം.സി. വിഷയത്തിലെടുത്ത നടപടി വിവരം അറിയിക്കാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ഈ വിഷയത്തിലെടുത്ത നടപടി വിവരം അറിയിക്കേണ്ടതും, അപാകതകൾക്ക് വിശദീകരണം നൽകേണ്ടതുമാണ്.

## ഭാഗം -2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 തറ നിർമ്മിതിയുടെ അടിസ്ഥാനത്തിൽ വർദ്ധനവ് വരുത്താത്തതിനാൽ തനത് ഫണ്ട് നഷ്ടപ്പെടുന്നു.

1994 – ലെ കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 230, 2011 – ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും, സേവന ഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങളിൽ അതതു നഗരസഭാ പ്രദേശത്തുള്ള കെട്ടിടങ്ങൾക്ക് വസ്തുനികുതി ചുമത്തുന്നതിനെ കുറിച്ച് പ്രതിപാദിക്കുന്നു. പ്രസ്തുത ചട്ടപ്രകാരം തറവിസ്തീർണം അടിസ്ഥാനമാക്കിയാണ് വസ്തുനികുതി കണക്കാക്കുന്നത്. ഇതിലെ ചട്ടം 2 (എഫ്) പ്രകാരം തറവിസ്തീർണം എന്നാൽ ഒരു കെട്ടിടത്തിന്റെ ഓരോ നിലയുടെയും മേൽക്കൂരയുള്ള ഭാഗത്തിന്റെ ചുമർ ഉൾപ്പെടെയുള്ള തറനിരപ്പിന്റെ ആകെ വിസ്തീർണം ആകുന്നു. പ്രസ്തുത ചട്ടങ്ങളിലെ പട്ടിക 6 കെട്ടിടത്തിന്റെ തറ നിർമ്മിതിയുടെ അടിസ്ഥാനത്തിലുള്ള നികുതി ഇളവ്/വർദ്ധനവിനെ കുറിച്ചാണ്. ഇതിൽ തറ നിർമ്മിതിയുടെ അടിസ്ഥാനത്തിൽ മേൽത്തരം തടി, ഇറ്റാലിയൻ മാർബിൾ, ഗ്രാനൈറ്റ് തുടങ്ങിയവയ്ക്ക് 15% വർദ്ധനവുണ്ട്. സഞ്ചയയിൽ നിന്ന് ലഭ്യമായ ഫോറം 6 പ്രകാരം ഒരു ഉടമസ്ഥന്റെ ഒരേ ഉപയോഗത്തിന് ഉപയോഗിക്കുന്ന ഒരു കെട്ടിടത്തെ വ്യത്യസ്ത നമ്പർ നൽകി നികുതി നിർണ്ണയിക്കപ്പെട്ടതിനാലും, സഞ്ചയ സോഫ്റ്റ് വെയറിൽ 250 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് മാത്രമേ ഇത്തരത്തിലുള്ള വർദ്ധനവ് ബാധകമാവുകയുള്ളൂ എന്നതിനാലും തറ നിർമ്മിതിയുടെ അടിസ്ഥാനത്തിൽ 15% നികുതി വർദ്ധനവ് വരുത്തിയതായി കാണുന്നില്ല. മേൽ കാരണത്താൽ 2021-22 സാമ്പത്തിക വർഷം നികുതി നഷ്ടം സംഭവിച്ച കെട്ടിടത്തിന്റെ ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട ഉടമയുടെ പേര് | കെട്ടിട നം | കെട്ടിടത്തിന്റെ വിസ്തീർണ്ണം | ഉപയോഗ ക്രമം | തറ നിർമ്മിതിയുടെ നികുതി വർദ്ധനവ് 15% |
|---|---|---|---|---|
| സായൂജ്,സിയൂഷ് ഇറ്റൻചേരി ചെങ്ങോട്ട്കാവ് | 32/323, 32/324 32/325 | 520.41ച.മീ | ലോഡ്ജ് | 520.41X50+15% = 3903 വസ്തുനികുതി = |

| | | | | |
|---|---|---|---|---|
| കൊയിലാണ്ടി | 32/326<br>32/326 A<br>32/326 B | | | 3903<br>ഗ്രന്ഥാശാലാവരി = 195 |
| പ്രമോദ് പി.വി പുതിയ വളപ്പിൽ തിക്കോടി | 10/127 A,B,C,D | 537.28 ച.മീ | വാണിജ്യാവശ്യത്തിനുള്ള 100 ച.മീ മുകളിൽ ഉള്ള കെട്ടിടം | 537.28X70+15% =<br>വസ്തുനികുതി = 5642<br>ഗ്രന്ഥാശാലാവരി = 282 |
| അബ്ദുൾ റഷീദ് അൽതൗഫ | 39/210 C മുതൽ T വരെ | 413.35ച.മീ | വാണിജ്യാവശ്യത്തിനുള്ള 100 ച.മീ മുകളിൽ ഉള്ള കെട്ടിടം | 413.35X70+15% =<br>വസ്തുനികുതി = 4340<br>ഗ്രന്ഥാശാലാവരി = 217 |
| ആകെ നഷ്ടം | | | | വസ്തുനികുതി = 13885<br>ഗ്രന്ഥാശാലാവരി = 694 |

വസ്തുനികുതി നിർണ്ണയം സംബന്ധിച്ചുള്ള സെക്രട്ടറിയുടെ ചുമതലകളിൽ (ചട്ടം 12) ഏതൊരു കെട്ടിടത്തെ സംബന്ധിച്ചും ബന്ധപ്പെട്ട സ്ഥലത്ത് പോയി വിവരങ്ങൾ ശേഖരിച്ച് അന്വേഷണം നടത്തുവാൻ സെക്രട്ടറി ഒരു ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തേണ്ടതാണ്. കൂടാതെ ചട്ടങ്ങൾക്ക് അനുസൃതമായി വസ്തുനികുതി നിർണ്ണയം നടത്തേണ്ടത് സെക്രട്ടറിയുടെ ചുമതലയാണ്.

250 ചതുരശ്ര മീറ്ററിനു മുകളിലുള്ള കെട്ടിടങ്ങൾ വാണിജ്യാവശ്യം/പാർപ്പിടാവശ്യം ഉൾപ്പെടെ പരിശോധിച്ച് തറ നിർമ്മിതി സാധാരണ തറയാണോ എന്ന് ഉറപ്പ് വരുത്തേണ്ടതാണ്. അല്ലാത്ത പക്ഷം തറ നിർമ്മിതിയുടെ അടിസ്ഥാനത്തിൽ മേൽത്തരം തടി/ ഇറ്റാലിയൻ മാർബിൾ/ ഗ്രാനൈറ്റ്/ തുടങ്ങിയവയ്ക്ക് ചുമത്താവുന്ന 15% വർദ്ധനവ് ചുമത്തി നികുതി നിർണ്ണയിച്ച് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരി ക്കേണ്ടതാണ്. കൂടാതെ ഒരു ഉടമസ്ഥന്റെ കെട്ടിടത്തിന് വ്യത്യസ്ത ഉപയോഗ ത്തിനല്ലാത്ത പക്ഷവും, വ്യക്തമായ കാരണം ഇല്ലാതെയും ഓരോ മുറികൾക്ക് പ്രത്യേകം നമ്പർ നൽകി നികുതി നിർണ്ണയിക്കുന്നത് ശരിയായ നടപടിയല്ല. തനത് ഫണ്ടിന് നഷ്ടം സംഭവിക്കുന്നതിനുള്ള സാഹചര്യം വരുന്നതിനും, മേൽ അപാകതയ്ക്കും മറുപടി ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി ( നം 6/21 – 22 / തീയതി - 30.09.2022) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

വസ്തുനികുതിയിനത്തിൽ മേൽ ഡിമാന്റുകളിൽ 2021-22 വർഷത്തിൽ നഷ്ടം വന്ന 13855/-രൂപയും, ഗ്രന്ഥാശാലാവരിയിനത്തിൽ നിന്ന് നഷ്ടം വന്ന 694/-രൂപയും നാളിതുവരെയുള്ളത് ഉത്തരവാദികളിൽ നിന്ന് ഈടാക്കി തനത് ഫണ്ടിൽ അടവാക്കേണ്ടതാണ്. നികുതി അസസ്മെന്റിലെ അപാകത പരിഹരിച്ചു. കൂടാതെ തനത് ഫണ്ട് ചോർച്ച സംഭവിക്കാനിടയുള്ള സാഹചര്യങ്ങൾ കൃത്യമായ സ്ഥലപരിശോധന നടത്തി ഒഴിവാക്കേണ്ടതാണ്.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 തെരുവുവിളക്ക് പരിപാലനം എ.എം.സി(സ്പിൽഓവർ) - കരാറുകാർക്ക് അർഹമായതിലും അധികം തുക നൽകി

പ്രോജക്ട്-220/21-22 (സ്പിൽ ഓവർ)

അടങ്കൽ-701281/-

ചെലവ് -701281/-

നിർവ്വഹണം -സെക്രട്ടറി.

ഓഡിറ്റ് വർഷം സ്പിൽ ഓവറായി നടപ്പിലാക്കിയ പ്രോജക്ടിൽ നഗരസഭാ പ്രദേശത്തെ തെരുവുവിളക്കുകളുടെ ആന്വൽ മെയിന്റെ നൻസ് കോൺട്രാക്ട് ഏറ്റെടുത്ത രണ്ട് കരാറുകാർക്ക് മുൻവർഷം അവശേഷിക്കുന്ന തുക നൽകാനാണ് പദ്ധതി നടപ്പാക്കിയത്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| കരാറുകാരന്റെപേര് | തെരുവുവിളക്കുകളുടെ എണ്ണം ,ഇനം | ക്വാട്ട് ചെയ്ത നിരക്ക് | മുൻ വർഷം നൽകിയ തുക | ഓഡിറ്റ് വർഷം ചെലവഴിച്ചതുക |
|---|---|---|---|---|
| പവർപോയിന്റ് | 11 Watt CFL-2417<br>36Watt CFL-480 | 2417x555-1341435<br>480x600-288000<br>----------<br>1629435 | 480683<br>(ബിൽ നം-363/11-11-20)<br>951366<br>(ബിൽ നം-634/24-3-21)<br>763000<br>(ബിൽ നം-694/29-3-21) | 480683<br>(ബിൽ നം-390/5-3-22)<br>158836<br>(ബിൽ നം-497/22-3-22) |
| ക്വാളിറ്റി സർവ്വീസ് സിസ്റ്റം | 45 Watt LED-100<br>25 Watt LED-150 | 100x1320-13200<br>150x928-139200<br>----------<br>271200 | 67637<br>(ബിൽനം-507/26-2-21)<br>135275<br>(ബിൽ നം-700/29-3-21) | 61762<br>(ബിൽ നം-496/22-3-22) |
| | ആകെ | 1900635 | 2397961 | 701281 |

പദ്ധതിക്കായി മുൻ വർഷം ഇ-ടെണ്ടർ വിളിച്ചതിൽ CFL വിളക്കുകളുടെ ഒരുവർഷത്തേക്കുള്ള മെയിന്റനൻസ് കോൺട്രാക്ട് തുകയായി പവർപോയിന്റ് സമർപ്പിച്ചത് 1629435 രൂപയും LED

വിളക്കുകളുടെ ഒരുവർഷത്തെ മെയിന്റനെൻസ് തുകയായി ക്വാളിറ്റി സർവ്വീസ് സിസ്റ്റംസ് സമർപ്പിച്ച ടെണ്ടർ നിരക്ക് 271200 രൂപയുമാണ്. 31.01.20 ലെ 19/19 നമ്പർ തീരുമാനപ്രകാരം പവർപോയിന്റ് ഇലക്ട്രോണിക്സിന്റെ 1629435/- രൂപ നിരക്ക് അംഗീകരിക്കുകയും, ക്വാളിറ്റി സർവ്വീസ് സിസ്റ്റം ക്വാട്ടചെയ്ത നിരക്കായ 271200 രൂപയിൽ നെഗോസിയേഷൻ നടത്തി 224300/-രൂപയായി അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. പവർപോയിന്റുമായി 10-02-20 നും, ക്വാളിറ്റി സർവ്വീസ് സിസ്റ്റവുമായി 27-02-20 നുമാണ് കരാറിലേർപ്പെട്ടിട്ടുള്ളത്. ക്വാളിറ്റി സർവ്വീസസ് സമർപ്പിച്ച ഇ-ടെണ്ടർ രേഖകളിലെ BoQ പ്രകാരം സ്ഥാപനം ടാക്സ് ഉൾപ്പെടെയാണ് എ.എം.സി ഇനത്തിൽ 271200 രൂപ ക്വാട്ട് ചെയ്തിട്ടുള്ളതും പിന്നീട് 224300/-രൂപയായി നെഗോസിയേറ്റ് ചെയ്തിട്ടുള്ളതും. പവർപോയിന്റ് സമർപ്പിച്ച ടെണ്ടർ രേഖകളിലെ BoQ ഓഡിറ്റിന് ലഭ്യമാക്കി യിട്ടില്ല.എന്നാൽ 31.01.20ലെ കൗൺസിൽ 19/19തീരുമാനപ്രകാരം അംഗീകരിച്ച പവർപോയിന്റിന്റെ നിരക്കായ 1629435 രൂപ ടാക്സ് ഉൾപ്പെടെയുള്ള തുകയാണ് . മേൽ വസ്തുതകൾ പരിഗണിക്കാതെ ടെണ്ടർ നിരക്കിനുപുറമേ 18% GST കൂടി ഉൾപ്പെടുത്തിയാണ് രണ്ട് കരാറുകാർക്കും തുക നൽകിയിരിക്കുന്നത്. എ.എം.സി യായി രണ്ട് കരാറുകാരും കൂടി സമർപ്പിച്ച ടെണ്ടർ തുക 1900635 രൂപയാണ് . എന്നാൽ മുൻവർഷത്തെ ചെലവ് ഉൾപ്പെടെ ആകെ 3090242/-രൂപ പദ്ധതിക്കായി കരാറുകാർക്ക് നൽകിയിട്ടുണ്ട്. മേൽ അപാകത കൾക്ക് വിശദീകരണം നൽകേണ്ടതാണ്. പദ്ധതിക്കായി ടെണ്ടർ നിരക്കിനേക്കാൾ അധികം ചെലവഴിച്ച 1198607/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

## 3-2 കുടിവെള്ള വിതരണം - ടെണ്ടർ നടപടികളിൽ സുതാര്യതയില്ലായ്മയും മറ്റപാകതകളും

വരൾച്ചാ ദുരിതാശ്വാസത്തിന്റെ ഭാഗമായി കുടിവെള്ളക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ കുടിവെള്ള വിതരണത്തിനായി 15.2.2021 ലെ സർക്കാർ ഉത്തരവ്(സാധാ)446/2021/ത.സ്വ.ഭ.വ. പ്രകാരം 2021 വർഷത്തിൽ മാർച്ച് മാസം മുതൽ മെയ് മാസം വരെ കുടിവെള്ള വിതരണത്തിനായി സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ നഗരസഭാ പരിധിയിൽ ടെണ്ടർ നടപടികളിലൂടെ വരൾച്ചാ ദുരിതാശ്വാസത്തിന്റെ ഭാഗമായി കുടിവെള്ളം വിതരണം ചെയ്തതിന് 18,73,500/- രൂപ ഹെൽത്ത് ഇൻസ്പെക്ടർ നിർവ്വഹണോദ്യോഗസ്ഥനായി ധനകാര്യകമ്മീഷൻ ഗ്രാന്റിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. (ആകെ 7085000 ലിറ്റർ വെള്ളം വിതരണം ചെയ്തതിന് 27 പൈസ നിരക്കിൽ 1912950/-രൂപ കരാറുകാരൻ ആവശ്യപ്പെട്ടിരുന്നെങ്കിലും അടങ്കൽ തുകയിൽ പരിമിതപ്പെടുത്തിയാണ് തുക നൽകിയത്) പദ്ധതി ഫയൽ പരിശോധിച്ചതിൽ ടെണ്ടർ നടപടികളിൽ സുതാര്യതയില്ലായ്മയും, മറ്റും ശ്രദ്ധയിൽപെട്ടു. വിശദാംശം ചുവടെ കൊടുക്കുന്നു,

ഈ പദ്ധതിയ്ക്കു വേണ്ടി ഇ-ടെണ്ടർ നടപടി സ്വീകരിക്കുന്നതിനായി 14.2.21ന് ഹെൽത്ത് ഇൻസ്പെക്ടർ നിർദ്ദേശിച്ചതിനെ തുടർന്ന് 17.2.21ന് ബന്ധപ്പെട്ട സെക്ഷൻ(H1) ടെണ്ടർ നോട്ടീസ് തയ്യാറാക്കി സമർപ്പിച്ചത് ഹെൽത്ത് ഇൻസ്പെക്ടർ അന്നു തന്നെ അംഗീകരിച്ചിട്ടുണ്ട്. ടെണ്ടർ നോട്ടീസ് പ്രസിദ്ധീകരിക്കുന്നതിനായി ജനയുഗം ദിനപത്രം പത്രാധിപർക്ക് അന്നുതന്നെ നൽകിയ കത്തിന്റെ (സെക്രട്ടറി ഒപ്പിട്ടത്)പകർപ്പ് ഫയലിൽ ലഭ്യമാണ്. ഇത് പത്രാധിപർക്ക് നൽകിയിരുന്നോയെന്ന് വ്യക്തമല്ല. ഇ-മെയിൽ മുഖാന്തിരമാണ് നൽകിയതെന്ന് ബന്ധപ്പെട്ട സെക്ഷൻ അറിയിച്ചുവെങ്കിലും ആയതിന്റെ പകർപ്പ് ആവശ്യപ്പെട്ടിട്ടും ലഭ്യമാക്കിയില്ല. ടെണ്ടർ പരസ്യം പ്രസിദ്ധപ്പെടുത്തിയ പത്രവും പരിശോധനയ്ക്ക് ലഭിച്ചില്ല.

ഇ-ടെണ്ടർ പോർട്ടലിൽ നിന്നും 17.2.2021-ന് പ്രിന്റെടുത്ത ടെണ്ടർ ഡിറ്റെയിൽസ് റിപ്പോർട്ട് ഫയലിൽ ലഭ്യമാണ്. 2021_UAD_416141_1നമ്പർ ടെണ്ടർ ഐ.ഡി.യിലുള്ള ഈ ടെണ്ടറിന്റെ വിശദാംശങ്ങൾ താഴെ പറയും വിധമാണ്.

| | |
|---|---|
| പബ്ലിഷ് ഡേറ്റ് | 18.2.21 , 11 AM |
| ഡോക്യുമെന്റ് ഡൗൺലോഡ്/സെയിൽ സ്റ്റാർട്ട് ഡേറ്റ് | 18.2.21 , 11 AM |

| | |
|---|---|
| ബിഡ് ഓപ്പനിംഗ് ഡേറ്റ് | 26.2.2021, 3.05PM |
| ഡോക്യുമെന്റ് ഡൗൺലോഡ്/സെയിൽ എൻഡ് ഡേറ്റ് | 25.2.2021, 3.00PM |
| ബിഡ് സബ്മിഷൻ എൻഡ് ഡേറ്റ് | 25.2.2021, 3.00PM |

26.2.21 ന് സെക്ഷൻ തയ്യാറാക്കിയ കുറിപ്പിൽ മൂന്ന ടെണ്ടറുകൾ ലഭ്യമായ വിവരം അറിയിച്ചു കൊണ്ട് ഹെൽത്ത് ഇൻസ്പെക്ടർക്ക് ഫയൽ സമർപ്പിച്ചു. ടെണ്ടറുകൾ ടാബുലേറ്റ് ചെയ്ത് സമർപ്പിക്കാൻ നിർദ്ദേശിച്ചതനുസരിച്ച് അന്നുതന്നെ സെക്ഷൻ വിവരം തയ്യാറാക്കി സമർപ്പിച്ചു. ഇതു പ്രകാരം ടെണ്ടറിൽ പങ്കെടുത്തവരുടെ വിശദാംശം ചുവടെ കൊടുക്കുന്നു,

| ക്ര.നം | കരാറുകാരന്റെ പേര് | ക്വാട്ട് ചെയ്ത നിരക്ക് |
|---|---|---|
| 1 | അഭിലാഷ് പി.പി. | 27 Paise/litre |
| 2 | ബിജേഷ് പി.പി. | 19 Paise/litre |
| 3 | ബാലൻനായർ | 31 Paise/litre |

മേൽ പട്ടികയിലെ ക്രമ നമ്പർ 1,3 എന്നിവർ മാത്രമേ മതിയായ രേഖകൾ സമർപ്പിച്ചിട്ടുള്ളൂവെന്ന് കുറിപ്പു ഫയലിൽ സെക്ഷൻ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഏതൊക്കെ രേഖകളാണ് ലഭ്യമല്ലാത്തതെന്ന് വ്യക്തമാക്കിയിട്ടില്ല. ഫയലിൽ ലഭ്യമായ കരട് ടെണ്ടർ നോട്ടീസിൽ ഇത്തരത്തിൽ ടെണ്ടറിനൊപ്പം സമർപ്പിക്കേണ്ട രേഖകളെ കുറിച്ച് പരാമർശിച്ചിട്ടില്ല. ടെണ്ടർ സംബന്ധിച്ച കൂടുതൽ വിവരങ്ങൾ വെബ്സൈറ്റിൽ ലഭ്യമാണെന്ന് കരട് ടെണ്ടർ നോട്ടീസിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഇവയുടെ പകർപ്പുകളൊന്നും ഫയലിൽ ലഭ്യമല്ല. ഈ വിഷയവുമായി ബന്ധപ്പെട്ട ഓഡിറ്റ് എൻക്വയറിയിലും ആയത് ആവശ്യപ്പെട്ടെങ്കിലും പരിശോധനയ്ക്ക് ലഭിച്ചില്ല.

മാനദണ്ഡങ്ങൾ പാലിച്ച് കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ക്രമ നമ്പർ ഒന്ന് കരാറുകാരനുമായി നെഗോസിയേഷൻ നടത്താൻ കത്ത് തയ്യാറാക്കാൻ ഹെൽത്ത് ഇൻസ്പെക്ടർ നിർദ്ദേശിച്ചതിനെ തുടർന്ന് സെക്ഷൻ കത്ത് തയ്യാറാക്കിയതും, കരാറുകാരൻ തനിക്ക് നിരക്ക് കുറക്കാൻ നിർവ്വഹമില്ലെന്ന് കാണിച്ച് നൽകിയ മറുപടിയും ഫയലിലുണ്ട്. ഇതെല്ലാം ഒരേ ദിവസം തന്നെയാണ് നടന്നിട്ടുള്ളത്(26.2.21ന്). കരാറുകാരൻ നൽകിയ മറുപടിയിൽ 26.2.21ന് 2 PM ന് ചെയർപേഴ്സന്റെ ചേമ്പറിൽ വച്ച് നെഗോസിയേഷൻ നടന്നതായി രണ്ടിടത്ത് രേഖപ്പെടുത്തിയിട്ടുണ്ട്. നെഗോസിയേഷന് ശേഷം അഭിലാഷ് പി.പി. എന്നയാൾക്ക് ടെണ്ടർ അനുവദിച്ച് വർക്ക് ഓർഡർ നൽകി (കുടിവെള്ള വിതരണം അടിയന്തിരമായി ചെയ്യേണ്ടതിനാൽ ചെയർപേഴ്സന്റെ മുൻകൂർ അനുമതി വാങ്ങി 4.3.21 നാണ് വർക്ക് ഓർഡർ നൽകിയത്).

ടെണ്ടർ നടപടികളുമായി ബന്ധപ്പെട്ട മേൽ വിവരിച്ച രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കാൻ ഓഡിറ്റ് എൻക്വയറിയിലൂടെ ആവശ്യപ്പെട്ടതിന് ഹെൽത്ത് ഇൻസ്പെക്ടർ നൽകിയ മറുപടി ടെണ്ടർ പരസ്യം പത്രത്തിൽ പരസ്യപ്പെടുത്തിയിരുന്നുവെന്നും, 26.2.21 ന് നിയമസഭാ തെരെഞ്ഞെടുപ്പ് വിജ്ഞാപനം വരാൻ സാധ്യതയുണ്ടെന്ന് അറിഞ്ഞതിനാലാണ് ടെണ്ടർ നടപടികൾ അന്നു തന്നെ പൂർത്തീകരിച്ചതെന്നും, തൊട്ടടുത്ത ദിവസം തന്നെ കുടിവെള്ള വിതരണം തുടങ്ങിയെന്നും, നെഗോസിയേഷൻ നടന്ന സമയം തെറ്റായി 2 PM എന്ന് രേഖപ്പെടുത്തിപ്പോയതാണെന്നുമാണ്. കുടിവെള്ളം പരിശോധിച്ച രേഖ, പ്രഥമിക എഗ്രിമെന്റ് എന്നിവ ബിജേഷ് എന്നയാൾ സമർപ്പിക്കാതിരുന്നതിനാലും, പ്രസ്തുത രേഖകൾ അന്നു തന്നെ സമർപ്പിക്കാൻ സാധിക്കില്ലെന്ന് ഇയാൾ അറിച്ചതിനാലുമാണ് ഇദ്ദേഹത്തെ പരിഗണിക്കാതിരുന്നതെന്നും മറുപടിയിൽ വിശദീകരിക്കുന്നു. മേൽ രേഖകൾ ടെണ്ടറിനൊപ്പം സമർപ്പിക്കണമെന്ന നിബന്ധന ടെണ്ടർ നോട്ടീസിൽ ഉണ്ടായിരുന്നോയെന്നു പരിശോധിക്കുന്നതിനും, ടെണ്ടർ പരസ്യം ചെയ്തതിനും സംബന്ധിച്ച രേഖകൾ മറുപടിക്കൊപ്പം ഹാജരാക്കാത്തതിനാൽ മേൽ മറുപടി പരിഗണിക്കാൻ സാധ്യമല്ല. കൂടാതെ ടെണ്ടറിനൊപ്പം അഭിലാഷ് എന്നവർ സമർപ്പിച്ച കുടിവെള്ള പരിശോധനാഫലം ഒരു മാസത്തിലധികം പഴക്കമുള്ളതും, ആയത് പാർട്ടി തന്നെ നേരിട്ട് പരിശോധിപ്പിച്ച സാമ്പിളുമാണ്. വെള്ളത്തിന്റെ സ്രോതസ്സിനെ സംബന്ധിച്ചും

ആയതിൽ പരാമർശിച്ചിട്ടില്ല. കുടിവെള്ളം പരിശോധിക്കുന്നതിന് വ്യക്തമായ മാനദണ്ഡം നിശ്ചയിക്കാതെ വെള്ളത്തിന്റെ ഗുണമേന്മ എപ്രകാരം ഉറപ്പുവരുത്തിയെന്നും, മേൽ വിധത്തിൽ ടെണ്ടറിൽ പങ്കെടുത്തയാളുടെ പരിശോധനാഫലം അംഗീകരിക്കുകയും ചെയ്തത് എന്തടിസ്ഥാനത്തിലാണെന്ന് വ്യക്തമല്ല. ടെണ്ടർ നടപടികളിൽ കൃത്യതയും, സൂക്ഷ്മതയും പുലർത്തേണ്ട നിർവ്വഹണോദ്യോഗസ്ഥൻ നെഗോസിയേഷൻ കത്തിൽ സമയം തെറ്റായി എഴുതിപ്പോയതാണെന്ന് വിശദീകരിച്ചത് അംഗീകരിക്കാവുന്നതല്ല. ധൃതി പിടിച്ച ടെണ്ടർ നടപടി സ്വീകരിച്ചിട്ടും കുടിവെള്ള വിതരണം ആരംഭിക്കുന്നത് മൂന്നാഴ്ചകൾക്ക് ശേഷമാണെന്ന് ഫയലിൽ വ്യക്തമാണ്. അതുകൊണ്ട് കുടിവെള്ള വിതരണത്തിന് അടിയന്തിരാവസ്ഥയില്ലായിരുന്നെന്ന് വ്യക്തമാണ്.

ടെണ്ടർ നടപടികളുമായി ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാലും, ഇ-ടെണ്ടർ ഓപ്പനിംഗ് സമയത്തിനു മുമ്പേ നടന്ന ടെണ്ടർ ഉറപ്പിക്കൽ നടപടികളിൽ നിന്നും താഴെ ചേർക്കുന്ന നിഗമനങ്ങളിൽ ഓഡിറ്റ് എത്തുന്നു.

- 18.2.2021 ന് ഇ-ടെണ്ടർ പോർട്ടലിൽ ടെണ്ടർ പരസ്യം ഓപ്പനാവുകയും, അന്നു മുതൽ ഡോക്യുമെന്റ് ഡൗൺലോഡ്/സെയിൽ തുടങ്ങുകയും ചെയ്യും. 17.2.21നു പത്രാധിപർക്ക് പരസ്യം പ്രസിദ്ധപ്പെടുത്താൻ അറിയിപ്പു നൽകിയാൽ തന്നെ 18.2.21നോ അതിനു ശേഷമുള്ള ഏതെങ്കിലും ദിവസമായിരിക്കും അതു പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടാവുക. അതു കൊണ്ടുതന്നെ ടെണ്ടർ അറിയിപ്പിന് വേണ്ടത്ര സമയം അനുവദിച്ചിട്ടില്ല. ഇതിൽ നിന്നും ഇ-ടെണ്ടർ പരസ്യം പ്രസിദ്ധപ്പെടുത്തിയിരുന്നില്ല അല്ലെങ്കിൽ യഥാസമയം പത്രത്തിൽ പരസ്യപ്പെടുത്തിയിരുന്നില്ല എന്ന നിഗമനത്തിലെത്തുന്നു.
- മുൻവർഷം ബിജേഷ് ആണ് നഗരസഭയിൽ കുടിവെള്ള വിതരണം നടത്തിയിട്ടുള്ളത്. മുൻവർഷത്തിൽ പരാതികളില്ലാതെ പ്രവൃത്തി നടത്തിയ വ്യക്തിയായിരുന്നിട്ടും ആവശ്യമായ രേഖകൾ സമർപ്പിക്കാൻ പ്രസ്തുത വ്യക്തിയെ അറിയിക്കുകയോ, അവസരം നൽകുകയോ ചെയ്തതിന് ഫയലിൽ രേഖകളില്ല. മേൽ രേഖകൾ സമർപ്പിക്കേണ്ടതാണെന്ന് ടെണ്ടർ നിബന്ധനയിലുണ്ടായിരുന്നെങ്കിൽ, മുൻവർഷം കുടിവെള്ള വിതരണം നടത്തിയ ആളായതു കൊണ്ടുതന്നെ ആയത് സമർപ്പിക്കാൻ അദ്ദേഹം പ്രത്യേകം ശ്രദ്ധിക്കുമായിരുന്നു. മേൽ വിവരിച്ച വിധം ധൃതി പിടിച്ച് 26.2.21നു തന്നെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചത് അദ്ദേഹം ക്വാട്ട് ചെയ്ത കുറഞ്ഞ നിരക്ക് പരിഗണിക്കാതിരിക്കാനാണെന്ന് വ്യക്തമാണ്.
- ടെണ്ടറിൽ പങ്കെടുത്ത ബിജേഷ്.പി.പി, അഭിലാഷ്.പി.പി. എന്നിവർ അടുത്ത ബന്ധുക്കളാണ്. (വിലാസം-പാറപ്പുറത്ത് വീട്, മുചുകുന്ന്, കൊയിലാണ്ടി)അടുത്ത ബന്ധുക്കളായതിനാൽ തന്നെ ഇവർ തമ്മിലും, നിർവ്വഹണോദ്യോഗസ്ഥനുമായും ആരോഗ്യകരമല്ലാത്ത ഇടപെടൽ നടന്നിട്ടുണ്ടെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. മുൻവർഷം കുടിവെള്ള വിതരണം നടത്തിയത് 28 Paise/lr എന്ന നിരക്കിലാണ്. അതുകൊണ്ടു ബന്ധുക്കളായ ഇവരിൽ ഒരാൾ തൊട്ടടുത്ത കുറഞ്ഞ നിരക്ക് (27 Paise)ക്വാട്ട് ചെയ്യുകയും, ഇവർക്കു പുറമെ മറ്റൊരാൾ ഇതിലും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്യുകയാണെങ്കിൽ അതിനു തടയിടാനെന്ന വിധം രണ്ടാമത്തെയാൾ വളരെ കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്യുകയും ചെയ്തു. മൂന്നാമതായി പങ്കെടുത്തയാൾ 31 Paise ക്വാട്ട് ചെയ്തതിനാൽ കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ടെണ്ടർ മതിയായ രേഖകളില്ലെന്ന വ്യാജേന പരിഗണിക്കാതിരിക്കുകയും, 27 പൈസ ക്വാട്ട് ചെയ്ത അഭിലാഷിന് ടെണ്ടർ ഉറപ്പിക്കുകയും ചെയ്തു.
- ഇ-ടെണ്ടർ പോർട്ടലിൽ നിന്നും 17.2.21നും ഓഡിറ്റ് സമയവും പ്രിന്റെടുത്ത ടെണ്ടർ ഡിറ്റെയിൽസിൽ ബിഡ് ഓപ്പനിംഗ് സമയം 26.2.21 ന് 3.05 PMനാണ്. എന്നാൽ ടെണ്ടർ നടപടികളെല്ലാം ആ സമയത്തിനു മുമ്പേ ഫയൽ പ്രകാരം നടന്നിട്ടുണ്ട്. ടെണ്ടർ അനുവദിച്ച കരാറുകാരനുമായി നെഗോസിയേഷൻ നടന്നതും അതേ ദിവസം 2 PM നാണ്. ഇതിൽ നിന്നും ഇ-ടെണ്ടർ നടപടി വെറും പ്രഹസനമായിരുന്നെന്നും, ടെണ്ടർ അഭിലാഷിനു നൽകുന്നതിന് ബോധപൂർവ്വമായ ശ്രമങ്ങൾ നിർവ്വഹണോദ്യഗസ്ഥന്റെ ഭാഗത്തു നിന്നുണ്ടായിട്ടുണ്ടെന്നും ഓഡിറ്റ് വിലയിരുത്തുന്നു.

മേൽ വിവരിച്ച പ്രകാരമുള്ള തെറ്റായ നടപടികൾ മൂലം 19 Paise നിരക്കിൽ ലഭ്യമാക്കാമായിരുന്ന

കുടിവെള്ളത്തിന് വൻതുക അധികം കണ്ടെത്തേണ്ടി വന്നു. 19 പൈസ നിരക്കിൽ വേണ്ടി വരുമായിരുന്ന 13,46,150/- രൂപയ്ക്ക് പകരം അധികം ചെലവഴിച്ച 5,27,350/- (1873500 – 1346150) രൂപ ഓഡിറ്റ് അംഗീകരിക്കുന്നില്ല. ഈ തുക മന:പൂർവ്വമായി ടെണ്ടർ നടപടികളിൽ കൃത്രിമം കാണിച്ച ഹെൽത്ത് ഇൻസ്പെക്ടറിൽ നിന്നും ഈടാക്കേണ്ടതാണ്. കുടിവെള്ള വിതരണവുമായി ബന്ധപ്പെട്ട മറ്റപാകതകൾ ചുവടെ ചേർക്കുന്നു,

1)കുടിവെള്ളം വിതരണം നടത്തിയ കരാറുകാരനിൽ നിന്നും ജി.എസ്.ടി. ഈടാക്കിയില്ല

കുടിവെള്ള വിതരണത്തിന്റെ തുക കരാറുകാരന് അനുവദിച്ചപ്പോൾ ഇൻകം ടാക്സ് ഈടാക്കിയെങ്കിലും ജി.എസ്.ടി. ഇനത്തിൽ തുക ഈടാക്കിയില്ല. വൻതുകയ്ക്കുള്ള സേവനം കരാറുകാരൻ ലഭ്യമാക്കിയ സാഹചര്യത്തിലും കരാറുകാരന് ജി.എസ്.ടി. രജിസ്ട്രേഷൻ ഉണ്ടായിരുന്നോയെന്ന് നിർവ്വഹണോദ്യോഗസ്ഥൻ ഉറപ്പ് വരുത്തിയതായി കാണുന്നില്ല. സേവന ദാതാവിൽ നിന്നും ജി.എസ്.ടി. ഇനത്തിൽ തുക ഈടാക്കാതിരുന്നത് വിശദീകരിക്കേണ്ടതും, കരാറുകാരന്റെ ജി.എസ്.ടി. രജിസ്ട്രേഷൻ വിശദാംശം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

2) സർക്കാർ നിർദ്ദേശിച്ചതിലും കൂടുതൽ തുക ചെലവഴിച്ചു

മേൽ ഉത്തരവ് പ്രകാരം മാർച്ച് 31 വരെ 11ലക്ഷം രൂപയും ഏപ്രിൽ മാസം മുതൽ മെയ് മാസം വരെ 16.5ലക്ഷം രൂപയും വരൾച്ച പ്രഖ്യാപിച്ച പ്രദേശങ്ങളിൽ കുടിവെള്ള വിതരണത്തിനായി ചെലവഴിക്കുന്നതിനാണ് സർക്കാർ അനുമതി നൽകിയിട്ടുള്ളത്. നിശ്ചയിച്ചിട്ടുള്ള പരമാവധി തുക അധികരിക്കുന്ന രീതിയിലുള്ള കുടിവെള്ള വിതരണ പ്രവർത്തനങ്ങൾ യാതൊരു കാരണവശാലും ഏറ്റെടുക്കാൻ പാടില്ല എന്ന വ്യവസ്ഥ യോടെയാണ് കുടിവെള്ള ക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ ജലവിതരണം നടത്തുന്നതിന് സർക്കാർ അനുവാദം നൽകിയിട്ടുള്ളത്. എന്നാൽ ഉത്തരവിലെ ഈ വ്യവസ്ഥ ലംഘിച്ചുകൊണ്ട് അനുവദനീയമായതിലും അധികം തുക ഇതിനായി നൽകിയിട്ടുണ്ട്. 2021 ഏപ്രിൽ മുതൽ മെയ് 31വരെ ഈയിനത്തിൽ വിനിയോഗിക്കാവുന്ന പരമാവധി തുക 16.5ലക്ഷം രൂപയാണെന്നിരിക്കെ 17,60,400/-രൂപ ചെലവഴിച്ചു.

3) കുടിവെള്ള വിതരണത്തിന്റെ ചെലവ് തുക ദുരന്ത നിവാരണ നിധിയിൽ നിന്ന് തിരികെ ലഭിയ്ക്കാൻ നടപടി സ്വീകരിച്ചില്ല

കേരള നിസിപ്പാലിറ്റി നിയമം 30(1):ാം വകുപ്പ് ഒന്നാം പട്ടിക പ്രകാരം പരമ്പരാഗത കുടിവെള്ള സ്രോതസ്സുകൾ സംരക്ഷിക്കുക, കുളങ്ങളും മറ്റ് ജലസംഭരണികളും സംരക്ഷിക്കുക എന്നത് നഗരസഭയുടെ അനിവാര്യ ചുമതലയും ജലവിതരണ പദ്ധതി സംവിധാനമുണ്ടാക്കലും, അവയുടെ നടത്തിപ്പും മേഖലാടിസ്ഥാനത്തിലുള്ള ചുമതലയുമാണ്. വരൾച്ചാ കാലത്ത് കുടിവെള്ള വിതരണം എന്നത് നഗരസഭയുടെ ചുമതലയിൽ ഉള്ള കാര്യമല്ല. 23.12.2017 ലെ (സാധാ) 787/2017/ത.സ്വ.ഭ.വ. നം. ഉത്തരവ് പ്രകാരം റവന്യൂ വകുപ്പിൽ നിക്ഷിപ്തമായിട്ടുള്ള ഉത്തരവാദിത്തമാണ് ഇത്. 20.06.2019 ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഡിനേഷൻ കമ്മിറ്റിയുടെ യോഗതീരുമാനം നം 3.12 പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾ വരൾച്ച മുതലായ അടിയന്തിര സാഹചര്യങ്ങളിൽ കുടിവെള്ള വിതരണം നടത്തുമ്പോൾ അതിന്റെ ബിൽ തുക ജില്ല കളക്ടർമാർക്ക് നൽകി റീക്കൂപ്പ് ചെയ്ത് കിട്ടുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ചെലവായ തുക ലഭ്യമാക്കാനുള്ള നടപടികളൊന്നും നഗരസഭ കൈക്കൊണ്ടിട്ടില്ല.

കുടിവെള്ള വിതരണത്തിന് തടസ്സമുണ്ടാകരുത് എന്ന കാരണത്താലാണ് കുടിവെള്ള വിതരണത്തിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വികസന/തനത് ഫണ്ട് ചെലവഴിക്കാൻ സർക്കാർ യഥേഷ്ടാനുമതി നൽകുന്നത്. ഈ തുക ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

4) ജി.പി.എസ് ഘടിപ്പിച്ച ടാങ്കറുകളിൽ കുടിവെള്ള വിതരണം നടത്തണമെന്ന നിബന്ധന പാലിച്ചില്ല

ജില്ലാതല റവന്യൂ അധികാരികൾക്ക് കുടിവെള്ള വിതരണം സംബന്ധിച്ച് മോണിറ്ററിങ്

നടത്തുന്നതിന് GPS ട്രാക്കിങ്ങിനുള്ള സംവിധാനം നിർബന്ധമായും തദ്ദേശ മേധാവികൾ ഏർപ്പെടുത്തണം . GPS ലോഗും വാഹന ലോഗും പരിശോധന നടത്തി സുതാര്യത ഉറപ്പുവരുത്തിയാണ് തദ്ദേശ സ്വയംഭരണ അധികാരികൾ തുക വിനിയോഗിക്കേണ്ടത്. വാഹനങ്ങളിൽ ജി.പി.എസ്. ഘടിപ്പിക്കാനുള്ള നടപടിക്കായി സെക്രട്ടറി കത്ത് നൽകിയത് ഫയലിലുണ്ടെങ്കിലും തുക നൽകുന്നതിനായി ജി.പി.എസ്. ലോഗ് പരിശോധിച്ചതായി കാണുന്നില്ല. വാഹനങ്ങളുടെ ജി.പി.എസ്. ലോഗ് ഫയലിൽ ലഭ്യമല്ല.

5). ജലവിതരണത്തിനുള്ള നിരക്ക് നിശ്ചയിച്ചത് സർക്കാർ നിർദ്ദേശ പ്രകാരമല്ല

23.02.2017ലെ (സാധാ) 787/2017/എൽ.എസ്.ജി.ഡി നമ്പർ സർക്കാർ ഉത്തരവ് ഖണ്ഡിക.4(g) പ്രകാരം ജല വിതരണത്തിന് കിലോമീറ്റർ അടിസ്ഥാനത്തിലാണ് റേറ്റ് നിർണ്ണയിക്കേണ്ടതെന്നും ജില്ലാകലക്ടർ നിർണ്ണയിക്കുന്ന നിരക്കിനേക്കാളും കുറഞ്ഞ നിരക്കിൽ ആണ് തദ്ദേശ സ്ഥാപനഹങ്ങൾ ജലവിതരണം നടത്തേണ്ടത് എന്നും നിർദ്ദേശിക്കുന്നുണ്ട്. എന്നാൽ മേൽ സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ചല്ല ദർഘാസ് പരസ്യം നൽകിയത്. ടെണ്ടറിൽ പെങ്കടുത്തവർ അവർക്ക് അനുയോജ്യമായ നിരക്കാണ് രേഖപ്പെടുത്തിയത്.

6).വിതരണം ചെയ്ത കുടിവെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പു വരുത്തിയില്ല.

2006 ലെ ഫുഡ് സേഫ്റ്റി & സ്റ്റാൻഡേർഡ് നിയമം വകുപ്പ് 3 (ജെ) പ്രകാരം കുടിവെള്ളം ആഹാരത്തിന്റെ നിർവ്വചനത്തിൽ ഉൾപ്പടുന്നതാണ്. ടാങ്കർ ലോറികളിലും മറ്റ് വാഹനങ്ങളിൽ ഘടിപ്പിച്ചിട്ടുള്ള വാട്ടർ ടാങ്കിലും കുടിവള്ളം വിതരണം ചെയ്യുന്നവർ ഫുഡ് സേഫ്റ്റി & സ്റ്റാൻഡേർഡ് (ലൈസൻസിംഗ് & രജിസ്ട്രേഷൻ) റഗുലേഷൻ നിയമം 2011 പ്രകാരം എഫ്.ബി.ഒ. (FBO- Food Business Operator) ലൈസൻസ് എടുക്കണം. ഇത്തരം ലൈസൻസുള്ള ടാങ്കർ ലോറികളിൽ/ടാങ്കുകളിൽ മാത്രമേ സംസ്ഥാനത്ത് കുടിവള്ളം വിതരണം /വിൽപ്പന നടത്താൻ പാടുള്ളൂ. കുടിവള്ള വിതരണത്തിനായി ഏതെങ്കിലും വ്യക്തി ഒന്നിൽ കൂടുതൽ വാഹനങ്ങൾ ഉപയോഗിക്കുന്നുണ്ടെങ്കിൽ ഈ വാഹനങ്ങളുടെ രജിസ്ട്രേഷൻ നമ്പറുകളെ ലൈസൻസിൽ രേഖപ്പെടുത്തി പ്രത്യേകം ലൈസൻസ് എടുത്തിരിക്കണം. കുടിവള്ളം വിതരണം ചെയ്യുന്ന ടാങ്കർ ലോറികളിലും മറ്റു വാഹനങ്ങളിൽ ഘടിപ്പിച്ചിട്ടുള്ള വാട്ടർ ടാങ്കിലും എഫ്.ബി.ഒ. ലൈസൻസ് നമ്പർ രേഖപ്പെടുത്തണം.

എന്നാൽ കുടിവള്ളം വിതരണം നടത്തിയ വാഹനങ്ങൾക്ക് എഫ്.ബി.ഒ. ലൈസൻസ് എടുത്തതിന്റെ വിശദാംശങ്ങൾ നഗരസഭയിൽ നിന്നും ആവശ്യപ്പെടുകയോ, കരാറുകാർ ഹാജരാക്കുകയോ ചെയ്തിട്ടില്ല. കരാറുകാരൻ കുടിവെള്ള വിതരണം നടത്തുന്നതിനായി മൂന്നു വാഹനങ്ങൾ ഉപേയാഗിച്ചിട്ടുണ്ട്. ഫുഡ് സേഫ്റ്റി & സ്റ്റാൻഡേർഡ് നിയമം പ്രകാരം കുടിവള്ളം ശേഖരിക്കുന്ന ടാങ്കറുകളുടെ ഉൾവശം ബിറ്റുമിനാസ്റ്റിക്ക് കോട്ടിങ്ങോ മറ്റ് അനുവദേനീയ കോട്ടിങ്ങോ ഉള്ളവയായിരിക്കണം. ആയത് സംബന്ധിച്ച പരിശാധന റിപ്പോർട്ടുകൾ ഫയലിൽ ലഭ്യമാക്കിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടതിന് അധികമായി തുക ചെലവിട്ടതിന് സർക്കാർ അംഗീകാരം ലഭ്യമാക്കുന്നതാണെന്നും, കുടിവെള്ള വിതരണത്തിന് ചെലവഴിച്ച തുക ദുരന്ത നിവാരണ നിധിയിൽ നിന്നും ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമെന്നുമാണ്. മറുപടി ലഭ്യമാക്കിയത് ജി.പി.എസ്. ലോഗ് ഫയലിൽ ഉണ്ടായിരുന്നുവെന്ന് മറുപടിയിൽ പറയുന്നുണ്ടെങ്കിലും ആയത് ഓഡിറ്റ് സമയം പരിശോധനയ്ക്ക് ലഭിച്ചിട്ടില്ല. കുടിവെള്ളം അനുവദനീയമായ ടാങ്കറുകളിലാണ് വിതരണം നടത്തിയതെന്ന് ഉറപ്പാക്കിയിട്ടുണ്ടെന്ന് മറുപടിയിൽ വിവരിക്കുന്നുവെങ്കിലും എപ്രകാരം ഉറപ്പാക്കിയെന്നും, ഇതു സംബന്ധിച്ച രേഖകളും സമർപ്പിച്ചിട്ടില്ല. വിതരണത്തിന്റെ നിരക്ക് സർക്കാർ നിർദ്ദേശപ്രകാരം നത്താൻ ഭാവിയിൽ ശ്രദ്ധിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്.

മറുപടിയിൽ വിശദീകരിക്കുന്ന കാര്യങ്ങൾ അംഗീകരിക്കുന്നതിന് ബന്ധപ്പെട്ട രേഖകൾ ഹാജരാക്കേണ്ടതാണ്. ടെണ്ടർ നടപടികളിലെ അപാകത മൂലമുണ്ടായ 527350 രൂപയുടെ അധിക ചെലവ് നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതുമാണ്.

## 3-3 ആറു പ്രോജക്ടുകൾ രൂപീകരിച്ചിട്ടും പദ്ധതിലക്ഷ്യം കൈവരിച്ചില്ല-അനാവശ്യ ഇനത്തിന് തുക നൽകിയതു മൂലം അധിക ചെലവ്

നഗരസഭയുടെ പരിധിയിൽ കൊല്ലം എന്ന സ്ഥലത്ത് മത്സ്യമാർക്കറ്റ് നിർമ്മാണത്തിനായി 2019-20സാമ്പത്തിക വർഷം മുതൽ 2021-22 വർഷം വരെ വിവിധ പദ്ധതികൾ രൂപീകരിച്ചതായി കാണുന്നു. വിശദാംശം ചുവടെ കൊടുക്കുന്നു,

| ക്രമ.നം. | പ്രോജക്ട് പേര് | അടങ്കൽ | ഫണ്ടിനം | നാളിതുവരെ ചെലവ് | റിമാർക്സ് |
|---|---|---|---|---|---|
| 1 | കൊല്ലം മത്സ്യമാർക്കറ്റ് നിർമ്മാണം, 419/20 | 25,00,000/- | ധനകാര്യകമ്മീഷൻ ഗ്രാന്റ് | 19,20,157/- | 2020-21ൽ പൂർത്തീകരിച്ചു |
| 2 | കൊല്ലം മത്സ്യമാർക്കറ്റ് രണ്ടാംഘട്ടം, 636/21 | 20,00,000/- | വികസനഫണ്ട് ജനറൽ | 18,74,307/- | 2021-22ൽ പൂർത്തീകരിച്ചു |
| 3 | കൊല്ലം മാർക്കറ്റ് ടോയ് ലെറ്റ് കം വെയിസ്റ്റ് ട്രീറ്റ്മെന്റ് സിസ്റ്റം, 384/22 | 10,00,000/- | ധനകാര്യകമ്മീഷൻ ഗ്രാന്റ് | 6,73,813/- | 2021-22ൽ പാർട്ട് ബിൽ നൽകി. നിലവിലും പദ്ധതി തുടരുന്നു. |
| 4 | കൊല്ലം മത്സ്യമാർക്കറ്റ് പൂർത്തീകരണം, 129/22 | 12,00,000/- | തനതുഫണ്ട് | -- | 2022-23 ൽ സ്പിൽഓവർ ആയി തുടരുന്നു |
| 5 | കൊല്ലം മത്സ്യമാർക്കറ്റ് സാനിറ്റേഷൻ ഫെസിലിറ്റി, 190/22 | 5,00,000/- | ധനകാര്യകമ്മീഷൻ ഗ്രാന്റ് | 3,89,726/- | ചെലവ് 2022-23 വർഷത്തിൽ |
| 6 | കൊല്ലം മത്സ്യമാർക്കറ്റ് ഇലക്ട്രിഫിക്കേഷൻ, 130/22 | 5,00,000/- | ധനകാര്യകമ്മീഷൻ ഗ്രാന്റ് | 3,58,110/- | 2021-22ൽ പാർട്ട് ബിൽ നൽകി. നിലവിലും പദ്ധതി തുടരുന്നു. |

കഴിഞ്ഞ മൂന്നു വർഷമായി പദ്ധതി രൂപീകരണം നടത്തിയിട്ടും നാളിതുവരെ ഇവ പൂർത്തീകരിച്ച് ഉപയോഗക്ഷമമായിട്ടില്ല. പദ്ധതി ഫയലുകൾ പരിശോധിച്ചതിൽ കണ്ട പൊതു അപാകതകൾ ചുവടെ കൊടുക്കുന്നു.

1. പദ്ധതി സമഗ്രമായി തയ്യാറാക്കിയില്ല

2019-20വർഷത്തിൽ പദ്ധതി വിഭാവനം ചെയ്തപ്പോൾ കെട്ടിടത്തിന്റെ സ്ട്രക്ച്ചർ നിർമ്മാണം മാത്രമാണ് ഉൾപ്പെടുത്തിയത്. തുടർവർഷങ്ങളിൽ ഇതിന്റെ ഫിനിഷിംഗ് പ്രവൃത്തികൾക്കായി വീണ്ടും രണ്ടു പദ്ധതികൾ വിഭാവനം ചെയ്തു(ക്രമനം.2,4). മാർക്കറ്റിൽ ടോയ് ലെറ്റ് സംവിധാനമൊരുക്കാനും,

വെയ്സ്റ്റ് വെള്ളം കൈകാര്യം ചെയ്യാനുമായിട്ടാണ് മൂന്നാമത്തേയും, അഞ്ചാമത്തേയും പ്രോജക്കുകൾ രൂപീകരിച്ചത്. മേൽ പ്രോജക്കുകളിൽ ആദ്യ നാലെണ്ണവും ഒരേ കരാറുകാരനാണ് ഏറ്റെടുത്തിട്ടുള്ളത്. ആദ്യ പ്രവൃത്തി ഇ-ടെണ്ടർ നടത്തിയപ്പോൾ വൻ പങ്കാളിത്തം ഉണ്ടാകുകയും 22.5% കുറഞ്ഞ നിരക്കിൽ കരാറുകാരൻ പ്രവൃത്തി ഏറ്റെടുത്തു. എന്നാൽ രണ്ടാമത്തെയും, മൂന്നാമത്തേയും പ്രവൃത്തികൾക്ക് ബഷീറിന്റെ സിംഗിൾ ടെണ്ടർ മാത്രമാണ് ലഭ്യമായിരുന്നത്. ഇതിന്റെ നിരക്കുകൾ പരിശോധിച്ചാൽ യഥാക്രമം 5.5%, 0.1% കുറവ് മാത്രമാണ് കരാറുകാരൻ ക്വാട്ട് ചെയ്തതെന്ന് കാണാം. നാലാമത്തെ പ്രവൃത്തി എസ്റ്റിമേറ്റ് നിരക്കിലുമാണ് ഏറ്റെടുത്തത്.

ആദ്യ പദ്ധതി സമഗ്രമായി തയ്യാറാക്കി ടെണ്ടർ ചെയ്തിരുന്നെങ്കിൽ വളരെ കുറഞ്ഞ നിരക്കിൽ(22.5%) കരാറുകാരന്റെ സേവനം ലഭ്യമാകുകയും, നഗരസഭയ്ക്ക് സാമ്പത്തിക ലാഭം ഉറപ്പാക്കുകയും ചെയ്യാമായിരുന്നു.

2. എസ്റ്റിമേറ്റുകൾ യാഥാർത്ഥ്യ ബോധത്തോടെ തയ്യാറാക്കുന്നില്ല

മേൽ വിവരിച്ച ആദ്യ പ്രോജക്ടിൽ മാർക്കറ്റിന്റെ കോളം സ്ട്രക്ച്ചറും, റൂഫ് സ്ലാബും, തറ കോൺക്രീറ്റ്, അരമതിൽ നിർമ്മാണം എന്നിവയാണ് ഉൾപ്പെടുത്തിയത്. എന്നാൽ പ്രവൃത്തി സമയം ബലമില്ലാത്ത മണ്ണാണെന്ന് കണ്ടെത്തിയതിനെ തുടർന്ന് പ്ലിന്ത് ബീം ലെവൽ വരെ കരിങ്കല്ല് കെട്ടുന്നതിനും, കോൺക്രീറ്റിന്റെ അളവിലും, കമ്പിയുടെ അളവിലും ഉണ്ടായ വർധനവ് ഉൾപ്പെടുത്തുന്നതിനുമായും എസ്റ്റിമേറ്റ് പുതുക്കി. തയ്യാറാക്കിയ റിവൈസ്ഡ് എസ്റ്റിമേറ്റിൽ എക്സ്ട്രായിനമായി കോൺട്രാക്ടറുടെ മണ്ണ് ഉപയോഗിച്ചുള്ള ഫില്ലിംഗ് ഉൾപ്പെടുത്തുകയും, അളവു പുസ്തകത്തിൽ അളവ് രേഖപ്പെടുത്തുകയും(178/16-17,പേജ് 16)ചെയ്തിട്ടുണ്ട്. എന്നാൽ ബിൽ തയ്യാറാക്കിയപ്പോൾ ഈയിനത്തിന് തുക അനുവദിച്ചില്ല.

പിന്നീട് രണ്ടാമത്തെ പദ്ധതി തയ്യാറാക്കിയപ്പോൾ ഈയിനം വീണ്ടും ഉൾപ്പെടുത്തി തുക നൽകുകയാണുണ്ടായത്. ഈ പദ്ധതിയുടെ എസ്റ്റിമേറ്റും റിവൈസ് ചെയ്തു. റിവൈസ്ഡ് എസ്റ്റിമേറ്റ് റിപ്പോർട്ടിൽ രേഖപ്പെടുത്തിയത് പ്ലിന്ത് ഫില്ലിംഗ്, കരിങ്കല്ല് കെട്ട്, സോളിഡ് ബ്രിക്ക്, പ്ലാസ്റ്ററിംഗ്, ഗ്രിൽസ്, റോളിംഗ് ഷട്ടർ, മാർബിൾ വിരിക്കൽ, ചുമർ ടൈൽ പതിക്കൽ, സിമന്റ് പ്രൈമർ എന്നിവയുടെ അളവിൽ വർധനവുണ്ടായതിനാൽ പെയിന്റിംഗ് പ്രവൃത്തികൾ, യാർഡ് ഇന്റർലോക്ക് ചെയ്യൽ, പ്ലംബിംഗ് പ്രവൃത്തികൾ എന്നിവ എസ്റ്റിമേറ്റിൽ നിന്നും ഒഴിവാക്കുന്നുവെന്നും, ഇവ അവസാനഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തുന്നുവെന്നുമാണ്. കെട്ടിടത്തിന്റെ പൂർത്തീകരണത്തിനായി നാലാമത്തെ പ്രവൃത്തി രൂപീകരിച്ചുവെങ്കിലും നിലവിലും നിർവ്വഹണം നടന്നിട്ടില്ല.

എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നതിനെ സംബന്ധിച്ചും, വ്യാപകമായി പുതുക്കുന്നതു സംബന്ധിച്ചും 26.3.2021ലെ തദ്ദേശ സ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ DB1/10690/2020/CE/LID&EW നമ്പർ സർക്കുലർ ഇവിടെ പ്രസക്തമാണ്. ചീഫ് എഞ്ചിനീയറുടെ നിർദ്ദേശ പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. എസ്റ്റിമേറ്റുകൾ യഥാർത്ഥ ആവശ്യങ്ങൾ തിരിച്ചറിഞ്ഞ് കൃത്യമായ അളവിൽ തയ്യാറാക്കാൻ സാധിക്കാത്തത് സാങ്കേതിക വിഭാഗത്തിന്റെ പോരായ്മയായി ഓഡിറ്റ് വിലയിരുത്തുന്നു. എസ്റ്റിമേറ്റ് പുതുക്കി എക്സ്ട്രായിനമായി ഉൾപ്പെടുത്തി അളവു രേഖപ്പെടുത്തിയ ഇനം പിന്നീട് തുക നൽകുന്ന സമയം ഒഴിവാക്കാനുണ്ടായ സാഹചര്യം വിശദീകരിക്കേണ്ടതാണ്.

3. തെറ്റായ ഇനം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി

മേൽ പട്ടികയിലെ മൂന്നാമത്തെ പദ്ധതിയിൽ ലിക്വിഡ് വേസ്റ്റ് ടാങ്ക് നിർമ്മാണത്തിനായി ഉൾപ്പെടുത്തിയ ഇനം DARലെ ഐറ്റം 2.8.1 ആണ്. ഈയിനത്തിന്റെ വിവരണം പരിശോധിച്ചാൽ ഒന്നര മീറ്ററിൽ കുറവ് വീതിയിൽ ട്രഞ്ചസ് നിർമ്മിക്കുന്നതിന് മണ്ണ് നീക്കം ചെയ്യാൻ ഉപയോഗപ്പെടുത്താവുന്ന ഇനമാണെന്ന് വ്യക്തമാകുന്നു. അളവു പുസ്തകത്തിൽ (നം.82/21-22, പേജ്17) ഈ പ്രവൃത്തിയുടെ അളവുകൾ പരിശോധിച്ചാൽ 6 മീറ്റർ നീളത്തിലും, 3.2 മീറ്റർ വീതിയിലും 1.8 മീറ്റർ ആഴത്തിലുമാണ് പ്രവൃത്തി നടന്നിട്ടുള്ളത്. 3.2 മീറ്റർ വീതിയിൽ മണ്ണെടുക്കുന്ന മേൽ പ്രവൃത്തിയ്ക്ക് DAR ലെ ഐറ്റം 2.6.1 ഉൾപ്പെടുത്തി ചെയ്യേണ്ടതിനു പകരം തെറ്റായ ഇനം ഉൾപ്പെടുത്തിയതിനാൽ അധിക ചെലവ് നഗരസഭ

ഫണ്ടിനുണ്ടായിട്ടുണ്ട്. തെറ്റായ ഇനം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയ സാഹചര്യം വിശദീകരിക്കേണ്ടതാണ്.

4. റെഡിമെയ്ഡ് സെപ്റ്റിക് ടാങ്ക് സ്ഥാപിക്കുന്നത് മണ്ണ് പ്രവൃത്തി പ്രത്യേകം നടത്തി

മൂന്നാമത്തെ പദ്ധതിയിൽ ടോയ് ലെറ്റ് നിർമ്മാണം, സോക്ക് പിറ്റ്, വേസ്റ്റ് പിറ്റ് എന്നിവയുടെ നിർമ്മാണത്തിനായി മണ്ണ് പ്രവൃത്തി എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്നു(ഐറ്റം 2.8.1). എന്നാൽ അളവു പുസ്തകത്തിൽ (നം.82/21-22, പേജ് 2) മേൽ നിർമ്മാണങ്ങൾക്കു പുറമേ സെപ്റ്റിക് ടാങ്കിനായി 3.5 X 1.5 X1.5 =15.75 എന്ന അളവിൽ രണ്ടു കുഴികളുടെ നിർമ്മാണം രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സെപ്റ്റിക് ടാങ്കിന്റെ തുടർപ്രവൃത്തികളൊന്നും ഈ പദ്ധതിയിൽ നടന്നതായി കാണുന്നില്ല. ക്രമ നം. അഞ്ചാമതായി രൂപീകരിച്ച പദ്ധതിയിൽ റെഡിമെയ്ഡ് സെപ്റ്റിക് ടാങ്ക് സ്ഥാപിച്ചയിനത്തിൽ (ഐറ്റം 51.19.ST4) തുക നൽകിയിട്ടുണ്ട്. റെഡിമെയ്ഡ് സെപ്റ്റിക് ടാങ്ക് സ്ഥാപനത്തിന്റെ ഇനത്തിൽ മണ്ണെടുക്കുന്നതിനുള്ള തുക കൂടി ഉൾപ്പെടുന്നതിനാൽ ആദ്യ പദ്ധതിയിൽ കുഴിയെടുത്തയിനത്തിൽ കരാറുകാരന് തുക നൽകാനുണ്ടായ സാഹചര്യം വ്യക്തമല്ല. ആയത് വിശദീകരിക്കേണ്ടതാണ്.

മുകളിൽ വിവരിച്ച അപാകതകൾ ഉണ്ടാകാനുണ്ടായ സാഹചര്യവും, വർഷങ്ങൾ പിന്നിട്ടിട്ടും നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തന ക്ഷമമാക്കാത്തതും വിശദീകരിക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്. സെപ്റ്റിക് ടാങ്കിനായി കുഴിച്ച 15.75$m^3$ മണ്ണിന്റെ ചെലവ് (215.9 രൂപ നിരക്കിൽ) 3400/-രൂപ ഓഡിറ്റ് അംഗീകരിക്കുന്നില്ല. തുക നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

3-4 മാലിന്യം നീക്കം ചെയ്യൽ-അളവ് ക്രമാതീതം-മറ്റ് അപാകതകൾ

പ്രൊജക്ട് നം-517/22-റിജക്ട് മാലിന്യം നീക്കം ചെയ്യൽ

വകയിരുത്തിയ തുക-2738969/-(ധനകാര്യ കമ്മീഷൻ ഗ്രാന്റ് )

ചെലവ് തുക-2738969/-രൂപ(ബിൽ റഫ. നമ്പർ-ബില്ലിൽ രേഖപ്പെടുത്തിയിട്ടില്ല/19.1.22)

നിർവ്വഹണ ഉദ്യോഗസ്ഥൻ-ഹെൽത്ത് ഇൻസ്പെക്ടർ

ഓഡിറ്റ് വർഷം 23.4.21 മുതൽ 11.9.21 വരെയുള്ള കാലയളവിൽ 59 ലോഡുകളിലായി 225835കിലോ റിജക്ടഡ് മാലിന്യം നീക്കം ചെയ്ത വകയിൽ ക്ലീൻ കേരള കമ്പനിക്ക് പ്രൊജക്ട് പ്രകാരം 2738969/-രൂപ അനുവദിച്ചിട്ടുണ്ട്. 2020-21വർഷത്തിലും ഇതേ ഇനത്തിന് 48245 കിലോ കയറ്റി അയച്ചതിന് 574116/- രൂപയുടെ ബിൽ ക്ലീൻ കേരള കമ്പനി നല്കുകയും അതിൽ 5ലക്ഷം രൂപ നഗരസഭ അനുവദിക്കുകയും ചെയ്തിരുന്നു. ഇതിൽ അവശേഷിച്ച തുകയായ 74116/- രൂപ കൂടി ഉൾപ്പെട്ട തുകയാണ് ഓഡിറ്റ് വർഷം അനുവദിച്ചത്. സർക്കാർ നിശ്ചയിച്ച പരമാവധി നിരക്കായ കിലോയ്ക്ക് 10/-രൂപയും 18% ജി എസ് ടിയും ഉൾപ്പടെയാണ് മേൽ തുകകൾ നല്കിയിരിക്കുന്നത്. ഇരു വർഷങ്ങളുലുമായി ക്രമാതീതമായ അളവിൽ റിജക്ടഡ് മാലിന്യം കൈയ്യൊഴിഞ്ഞതിലെ അസ്വാഭാവികത മൂലം പ്രൊജക്ട് ഫയൽ വിശദമായി പരിശോധിച്ചു. കൂടാതെ മാലിന്യ ശേഖരണത്തിന് ഉത്തരവാദപ്പെട്ട ഹരിതകർമ്മ സേനയുടെ സെക്രട്ടറി,പ്രസിഡന്റ് ,ഹെൽത്ത് വിഭാഗം ഉദ്യോഗസ്ഥർ എന്നിവരെ നേരിൽ കേൾക്കുകയും ചെയ്തു.മേൽ പരിശോധനയുടേയും കൂടിക്കാഴ്ചയുടേയും അടിസ്ഥാനത്തിൽ താഴെ കൊടുത്ത കാര്യങ്ങൾ ഓഡിറ്റിന് ബോധ്യപ്പെട്ടിട്ടുണ്ട്.

1) 225.83 ടൺ മാലിന്യത്തിന്റെ ഉറവിടം വ്യക്തമല്ല

1) ഓഡിറ്റ് വർഷം കയറ്റി അയച്ച 59 ലോഡുകളുടെ ഭാരപരിശോധന നടത്തിയിരിക്കുന്നത് കൊയിലാണ്ടി ഉൾപ്പടെ താഴെ കൊടുത്ത വിവിധ സ്ഥലങ്ങളിലെ വെയിങ്ങ് ബ്രിഡ്ജുകളിൽ നിന്നാണ്. കൂടാതെ ഭാരപരിശോധനാ രേഖ ഇല്ലാത്തതും, ബില്ലിനൊപ്പം വച്ച പരിശോധനാ രേഖ വ്യക്തമല്ലാത്തതും താഴെ കൊടുത്തപ്രകാരമുണ്ട്.

| ക്രമ | ഭാരപരിശോധന നടത്തിയ | ലോഡുകളുടെ | ആകെ |
|---|---|---|---|

| നം | സ്ഥാപനം | എണ്ണം | ഭാരം |
|---|---|---|---|
| 1 | കൊയിലാണ്ടി | 18 | 57600 |
| 2 | വെസ്റ്റ് ഹിൽ | 4 | 13110 |
| 3 | പന്തലായനി | 4 | 14505 |
| 4 | കുറ്റ്യാടി | 1 | 1700 |
| 5 | രേഖയില്ലാത്തത് | 1 | 5680 |
| 6 | രേഖകൾ വ്യക്തമല്ലാത്തത് | 31 | 133240 |
| ആകെ | | 59 | 225835 |

18 ലോഡുകൾ മാത്രമാണ് കൊയിലാണ്ടിയിൽ വച്ച് ഭാരപരിശോധനയ്ക്ക് വിധേയമായിട്ടുള്ളൂ. മറ്റുള്ള കേന്ദ്രങ്ങൾ മാലിന്യശേഖരണ കേന്ദ്രത്തിൽ നിന്നും വിദൂരത്തിലാണെന്നതും, രേഖകളില്ലാത്തതും, രേഖകളിൽ വ്യക്തയില്ലാത്തതുമായ ലോഡുകൾ ബില്ലിൽ ഉൾപ്പെടുത്തിയെന്നതും, ബില്ലിൽ ക്ലയിം ചെയ്ത അളവിൽ മാലിന്യം നഗരസഭയിൽ നിന്നും കയറ്റി അയച്ചിട്ടില്ലെന്നതിന് തെളിവായി കാണാം.

2) മാലിന്യശേഖരണ പ്രവർത്തനങ്ങൾ മനസ്സിലാക്കുന്നതിനും വൻതുക റിജക്റ്റഡ് മാലിന്യം കൈയ്യൊഴിഞ്ഞതിന് ചെലവഴിക്കേണ്ടി വന്നത് സംബന്ധിച്ച വിവരങ്ങൾ ആരായുന്നതിനും 29.9.2022 തീയതിയിൽ ഹരിതകർമ്മ സേനയുടെ പ്രസിഡന്റ്, സെക്രട്ടറി എന്നിവരെ ഹെൽത്ത് ഇൻസ്പെക്ടറുടെ സാന്നിധ്യത്തിൽ നേരിൽ കേട്ടു. 2020 മാർച്ച് മാസത്തിൽ കോവിഡ് ലോക് ഡൌൺ പ്രഖ്യാപിച്ചതിനുശേഷം 2021 ജൂലായ് മാസത്തിലാണ് വീടുകളിൽ നിന്നും മറ്റ് സ്ഥാപനങ്ങളിൽ നിന്നും മാലിന്യം ശേഖരണം പുനരാരംഭിച്ചതെന്നും , ശേഖരിച്ച മാലിന്യങ്ങൾ അതാതുവാർഡുകളിലും തൊട്ടടുത്ത വാർഡുകളിലുമാണ് സൂക്ഷിച്ച് വച്ചിരുന്നതെന്നും ഇവർ വ്യക്തമാക്കിയിട്ടുണ്ട്. 2021 ജൂലായ് 10 മുതൽ ആഗസ്റ്റ് 5 വരെയുള്ള കാലയളവിൽ 23 ലോഡുകളായി ഇവ കയറ്റി അയച്ചെന്നും, 2021 ജൂലായ് മാസം മുതൽ നിയമിതരായ ഏക് സാത് എന്ന ഹരിതസഹായ സ്ഥാപനത്തിന്റെ നിർദ്ദേശപ്രകാരം ലോഡുകളുടെ എണ്ണവും കയറ്റി അയച്ച തീയതിയും കൃത്യമായി രേഖപ്പെടുത്തി വച്ചിട്ടുണ്ടെന്നും ഇവർ വിശദമാക്കി. ഈ രേഖ പരിശോധിച്ചതിൽ താഴെ പറയും പ്രകാരം ലോഡുകൾ പോയതായി കാണുന്നു.

| ക്രമ നം | തീയതി | വാർഡുകൾ | ലോഡുകളുടെ എണ്ണം |
|---|---|---|---|
| 1 | 10.7.21 | 25 | 1 |
| 2 | 11.7.21 | 1,2 | 1 |
| 3 | 12.7.21 | 26 | 1 |
| 4 | 13.7.21 | 3 | 1 |
| 5 | 14.7.21 | 27 | 1 |
| 7 | 18.7.21 | 4,5,6,28 | 3 |
| 8 | 19.7.21 | 7,8,29 | 3 |
| 9 | 23.7.21 | 30,31 | 1 |
| 10 | 24.7.21 | 32,37 | 1 |
| 11 | 25.7.21 | 8,13 | 2 |

| | | | |
|---|---|---|---|
| 12 | 28.7.21 | 17 | 1 |
| 13 | 30.7.21 | 19 | 1 |
| 14 | 31.7.21 | 14,15 | 2 |
| 15 | 2.8.21 | 19,2 | 2 |
| 16 | 5.8.21 | 43,44 | 2 |
| | ആകെ ലോഡുകൾ | | 23 |

എല്ലാ വാർഡുകളിൽ നിന്നും ശേഖരിക്കപ്പെട്ട മാലിന്യങ്ങൾ ചില വാർഡുകളിലെ നിശ്ചിത കേന്ദ്രങ്ങളിൽ ശേഖരിച്ചു കൊണ്ടാണ് ചില വാർഡുകളിൽ നിന്നുമാത്രം ലോഡ് പോയതായി രേഖപ്പെടുത്തിയതെന്ന് സേനാംഗങ്ങൾ വ്യക്തമാക്കിയിട്ടുണ്ട്. ഇതേ കാലയളവിൽ 24 ലോഡുകൾ കയറ്റി അയച്ചതായി (ആകെയുള്ള 59 ലോഡുകളിൽ) പ്രൊജക്ട് ഫയലിലെ വിശദാംശങ്ങൾ വ്യക്തമാക്കുന്നു. ഇതിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം | തീയതി | വാഹന നം | കി.ഗ്രാം |
|---|---|---|---|
| 1 | 10.7.21 | KL12C8375 | 3990 |
| 2 | 11.7.21 | KL12C8375 | 4610 |
| 3 | 11.7.21 | KL11V1879 | 4840 |
| 4 | 12.7.21 | KL11V1537 | 4780 |
| 5 | 13.7.21 | KL11V1287 | 4440 |
| 6 | 13.7.21 | KL11V1879 | 4900 |
| 7 | 14.7.21 | KL57E4460 | 4570 |
| 8 | 18.7.21 | KL57E4460 | 4600 |
| 9 | 18.7.21 | KL11V1879 | 4880 |
| 10 | 18.7.21 | KL11N1287 | 4490 |
| 11 | 19.7.21 | KL11V1879 | 4870 |
| 12 | 19.7.21 | KL11N1287 | 4550 |
| 13 | 19.7.21 | KL12C8375 | 4860 |
| 14 | 23.7.21 | KL11N1287 | 4530 |
| 15 | 24.8.21 | KL11N1287 | 4300 |
| 16 | 25.7.21 | KL12C8375 | 4960 |
| 17 | 25.7.21 | KL11N1287 | 4390 |

| | | | |
|---|---|---|---|
| 18 | 28.7.21 | KL11V1537 | 4930 |
| 19 | 31.7.21 | KL39J373 | 2540 |
| 20 | 31.7.21 | KL57E5913 | 2480 |
| 21 | 2.8.21 | KL57E5913 | 2530 |
| 22 | 2.8.21 | KL57H964 | 2650 |
| 23 | 5.8.21 | KL07CT4128 | 2830 |
| ആകെ | | | 96520 |

അവസാനത്തെ ലോഡ് ഒഴിവാക്കി (സേനയുടെ കണക്കുമായി പൊരുത്തപ്പെടുത്താൻ) കണക്കാക്കുമ്പോൾ ആകെ 96520 കി.ഗ്രാം മാലിന്യം മാത്രമാണ് കയറ്റി അയച്ചതെന്ന് കണക്കാക്കാവുന്നതാണ്. കൂടാതെ താഴെ കൊടുത്ത വസ്തുതകൾ ഈ കണക്ക് ശരിയായിരിക്കുമെന്നത് സാക്ഷ്യപ്പെടുത്തുന്നു.

എ) ഹെൽത്ത് ഓഫീസർ നല്കിയ തുകയ്ക്ക് തുല്യമായ മാലിന്യം കയറ്റി അയച്ചെന്ന് സ്റ്റാന്റിംഗ് കമ്മിറ്റികളോ, വർക്കിംഗ് ഗ്രൂപ്പോ, വാർഡ് സഭകളോ മറ്റേതെങ്കിലും സംവിധാനങ്ങളൊ സാക്ഷ്യപ്പെടുത്തിയിട്ടില്ല. കൂടാതെ തൂക്കം നോക്കിയതിലെ അപാകതമൂലം (ക്രമ നം.1കാണുക ) രേഖാപരമായും ഇത് സാക്ഷ്യപ്പെടുത്തപ്പെടുന്നില്ല

ബി) കോവിഡിനു മുമ്പ് ശേഖരിക്കപ്പെട്ട റിജക്റ്റഡ് മാലിന്യം 2020-21വർഷത്തിൽ പൂർണ്ണമായും നീക്കം ചെയ്ത് 574116/-രൂപ ക്ലീൻ കേരള കമ്പനിക്ക് നല്കിയിട്ടുണ്ട്. ഇതു കൊണ്ട് തന്നെ 2021 ജൂലായ് മാസം മുതൽ ഹരിതകർമ്മസേന ശേഖരിച്ച മാലിന്യം മാത്രമേ ഓഡിറ്റ് വർഷത്തിൽ കയറ്റി അയക്കാനുണ്ടായിരുന്നുള്ളൂ. ഇത് 23 ലോഡ് മാത്രമാണെന്ന് ഹരിതകർമ്മസേന വ്യക്തമാക്കിയിട്ടുണ്ട്.

സി) അന്തിമ വാർഷിക പദ്ധതിയിൽ ഈ പ്രൊജക്റ്റ് ഉൾപ്പെട്ടിരുന്നില്ല. 21.12.21 ൽ പദ്ധതി ഭേദഗതി വരുത്തിയപ്പോഴാണ് വാർഷിക പദ്ധതിയിൽ ഇത് ഉൾപ്പെട്ടതെന്ന് കാണാം. അതായത് 23.4.21 മുതൽ 11.9.21 വരെയുള്ള കാലയളവിൽ 59 ലോഡുകളായി മാലിന്യം കയറ്റി അയച്ചെന്ന് വരുത്തിയിതിനു ശേഷമാണ് ഇത്രയും തുകയ്ക്ക് പ്രജക്റ്റ് തയ്യാറാക്കി അംഗീകാരം വാങ്ങിയതെന്ന് വ്യക്തമാകുന്നു. ഇത് കൊണ്ട് തന്നെ വർഷാരംഭത്തിൽ സ്ഥാപനത്തിൽ മാലിന്യം ശേഖരിക്കപ്പെട്ടിരുന്നില്ലെന്ന് കാണാം.

മേല്പറഞ്ഞ കാര്യങ്ങളിൽ നിന്നും സ്ഥാപനത്തിൽ നിന്നും കയറ്റി അയച്ച അളവിൽ മാലിന്യം സൃഷ്ടിക്കപ്പെടാനുള്ള സാധ്യതയില്ലെന്ന് കാണാം ഇക്കാര്യത്തിൽ വിശദീകരണം അടിയന്തിരമായി ലഭ്യമാക്കേണ്ടതുണ്ട്.

2) പുനരുപയോഗ അജൈവ മാലിന്യങ്ങളിൽ നിന്നുള്ള വരുമാനം അക്കൌണ്ട് ചെയ്യപ്പെട്ടിട്ടില്ല

ഹരിതകർമ്മസേന പ്രവർത്തകരെ നേരിൽ കേട്ടതിൽ 2021 ഫെബ്രുവരി മാർച്ച് മാസങ്ങളിൽ ഏകദേശം 46 ദിവസത്തോളം നാല്പതോളം ഹരിതസേനാംഗങ്ങളെ മാർക്കറ്റിലെ കെട്ടിടത്തിനു മുകളിൽ തയ്യാറാക്കിയ MCFൽ സൂക്ഷിച്ചിരുന്ന മാലിന്യങ്ങളിൽ നിന്നും പുനരുപയോഗ സാധ്യതയുള്ളവ തരം തിരിക്കുന്നതിന് നിയോഗിച്ചിരുന്നെന്ന് വ്യക്തമാക്കിയിട്ടുണ്ട് .HI, JHIപ്രസാദ്, ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കാൻ അക്കാലയളവിൽ നിയോഗിക്കപ്പെട്ട താല്ക്കാലിക ജീവനക്കാരനായ ചന്ദ്രൻ എന്നിവർ മാലിന്യ എപ്രകാരം തരംതിരിക്കണമെന്ന് കാണിച്ചു കൊടുക്കുകയും അപ്രകാരം അവർ ജോലി നിർവ്വഹിച്ചെന്നും അവർ വ്യക്തമാക്കിയിട്ടുണ്ട്. ആകെ മാലിന്യത്തിന്റെ ഏകദേശം 40 ശതമാനത്തോളം പുനരുപയോഗ സാധ്യതയുള്ളവ വേർതിരിച്ചെന്നും എന്നാൽ ഇവ എപ്രകാരം കൈയ്യൊഴിഞ്ഞെന്ന് തങ്ങൾക്ക് വ്യക്തമല്ലെന്നും അവർ വിശദമാക്കിയിട്ടുണ്ട്. കൂടാതെ ഉപയോഗയോഗ്യമായവ വിറ്റ വകയിൽ ലഭിച്ച വരുമാനമോ, ജോലി ചെയ്ത ദിവസങ്ങളിലെ കൂലിയിനത്തിലോ യാതൊരു തുകയും തങ്ങൾക്കിതുവരെ ലഭിച്ചിട്ടില്ലെന്നും അവർ പരാതിപ്പെട്ടിട്ടുണ്ട്. തികച്ചും പ്രതികൂല സാഹചര്യങ്ങളിൽ കടുത്ത ചൂടിലും പ്രവർത്തിച്ചിട്ടും വരുമാനം ലഭിക്കാത്തതിന്റെ ദു:ഖവും അമർഷവും അവർ രേഖപ്പെടുത്തിയിട്ടുണ്ട്. ഇക്കാര്യത്തിൽ വിശദീകരണം ആവശ്യപ്പെട്ടപ്പോൾ

ഈ കാര്യങ്ങൾ കൈകാര്യം ചെയ്തത് JHI പ്രസാദ് ആണെന്നും തനിക്ക് കാര്യങ്ങൾ അറിയില്ലെന്നും ഹെൽത്ത് ഇൻസ്പെക്ടർ വ്യക്തമാക്കിട്ടുണ്ട്. തുടർന്ന് 3.10.22ന് JHIപ്രസാദിനെ നേരിൽ കേട്ടതിൽ മാലിന്യങ്ങൾ സേനാംഗങ്ങൾ വേർതിരിച്ചതിൽ അപാകതയുള്ളതിനാൽ മുഴുവൻ മാലിന്യവും റിജക്ടഡ് എന്ന നിലക്കാണ് കയറ്റി അയച്ചതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ നാല് ചാക്കിൽ അധികം നേരിട്ട് ഉപയോഗിക്കാവുന്ന കളിക്കോപ്പുകൾ അവിടെ വേർതിരിച്ച് വച്ചിരുന്നെന്ന് സേനാംഗങ്ങൾ നേരത്തെ വ്യക്തമായിരുന്നെന്നത് ഇവിടെ പ്രസക്തമാണ്. കൂടാതെ പുനരുപയോഗ മാലിന്യം മൂന്നിനങ്ങളായാണ് തരം തിരിച്ചതെന്നും ഏഴിനങ്ങളായി തരം തിരിക്കാത്തതു കൊണ്ടാണ് ക്ലീൻ കേരള കമ്പനി ഇവ റിജക്ടഡായി സ്വീകരിച്ചതെന്നും JHI വ്യക്തമാക്കിയിട്ടുണ്ട്. മൂന്നായി തരം തിരിക്കപ്പെട്ടവ പുനരുപയോഗ യോഗ്യമല്ലേയെന്ന കാര്യത്തിൽ വ്യക്തതവരുത്തേണ്ടതുമുണ്ട്.

2020-21 വർഷത്തിൽ സ്ഥാപിക്കപ്പെട്ട 100 ബോട്ടിൽ കളക്ഷൻ യൂണിറ്റുകളിൽ നിന്നും വരുമാനം ലഭിക്കുന്ന പുനരുപയോഗ പ്ലാസ്റ്റിക് ബോട്ടിലുകൾ ശേഖരിക്കാൻ ഹരിതകർമ്മസേനയ്ക്ക് ഇവ ഏല്പിച്ച് നല്കിയരുന്നില്ലെന്നും സേനാംഗങ്ങൾ വ്യക്തമാക്കിയിട്ടുണ്ട്. ഇതും ഹെൽത്ത് വിഭാഗം നേരിട്ട് കൈകാര്യം ചെയ്തെന്ന് വ്യക്തമാണ്. അവസാനമായി ഈ യൂണിറ്റുകകൾ സേനയ്ക്ക് കൈമാറിയപ്പോൾ കുറഞ്ഞ യൂണിറ്റുകളിൽ നിന്ന മാത്രം ഒരു പ്രാവശ്യം ബോട്ടിലുകൾ സ്വീകരിച്ചപ്പോൾ 25000/-രൂപയിലധികം വരുമാനം ലഭിച്ചതായി സേനാംഗങ്ങൾ വ്യക്തമാക്കിയിട്ടുണ്ട്. ഈ നിരക്കില്, യൂണിറ്റുകൾ ഹെൽത്ത് വിഭാഗം നേരിട്ട് കൈകാര്യം ചെയ്തപ്പോൾ ലഭിച്ച വരുമാനം എവിടെ അക്കൌണ്ട് ചെയ്തെന്ന കാര്യത്തിലും വ്യക്തത വരേണ്ടതുണ്ട്.

3) ഹരിതസേനയ്ക്ക് പുറമേ മറ്റൊരു സംവിധാനം പ്രവർത്തിക്കുന്നു

നഗരസഭയിൽ ഹരിതസേനയ്ക്ക് പുറമേ മാലിന്യ സംസ്കരണത്തിനായി മറ്റൊരു സംവിധാനം പ്രവർത്തിക്കുന്നുണ്ടെന്ന് മേൽ കുടിക്കാഴ്ചയിൽ വ്യക്തമാക്കപ്പെട്ടിട്ടുണ്ട്. ധനശ്രീ എന്ന പേരിൽ പ്രവർത്തിക്കുന്ന ഈ സംവിധാനം വർഷങ്ങളായി ടൌണിലെ ഷോപ്പുകളിൽ നിന്നും മറ്റും ദിനം പ്രതി ജൈവ അജൈവ മാലിന്യങ്ങൾ നിശ്ചിത നിരക്കിൽ ഫീസ് വാങ്ങി ശേഖരിക്കുകയും കൈയ്യൊഴിയുകയും ചെയ്യുന്നതായി വിശദമാക്കപ്പെട്ടു. (ഈ സംവിധാനത്തിനും സുരക്ഷാ ഉപകരണങ്ങൾ സ്ഥാപനം വാങ്ങി നല്കിയിട്ടുണ്ട്) 2017 മുതൽ ഹരിതകേരളം മിഷന്റെ ഭാഗമായി ഹരിത കർമ്മസേന രൂപീകരിച്ച് പ്രവർത്തിക്കുന്ന സാഹചര്യത്തിൽ ഇത്തരത്തിൽ ഒരു സംവിധാനം നഗരസഭാ സഹായത്തോടെ നിലനിർത്തുന്നതിന്റെ സാംഗത്യം വിശദമാക്കേണ്ടതാണ്. മുൻകാലത്ത് തന്നെ രൂപീകരിച്ച സാഹചര്യത്തിൽ ഹരിതകർമ്മസേന രൂപീകരിക്കുമ്പോൾ ഈ സംവിധാനത്തിലെ അംഗങ്ങളെ സേനയുടെ ഭാഗമാക്കേണ്ടതായിരുന്നു. ഇവരുടെ പ്രവർത്തനം , വരുമാനം, ദൈനംദിന കണക്കുകൾ എന്നിവ സംബന്ധിച്ചും ജോലി സാഹചര്യം, ശേഖരിക്കുന്ന മാലിന്യം കൈകാര്യം ചെയ്യുന്ന രീതി എന്നിവ സംബന്ധിച്ച് വിശദവിവരം ലഭ്യമാക്കേണ്ടതുമാണ്.

4) മുൻകാലങ്ങളിലുള്ള ഹരിതകർമ്മസേനയുടെ വരുമാനവും അക്കൌണ്ട് ചെയ്യപ്പെട്ടിട്ടില്ല

ഹരിതകർമ്മസേന രൂപവൽക്കരിച്ചതു മുതൽ സേനയുടെ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്നതിനായി താല്ക്കാലികാടിസ്ഥാനത്തിൽ ചന്ദ്രൻ എന്നയാളെ നിയമിച്ചിരുന്നെന്നും 2021 ജൂൺ മാസം വരെ സേനയ്ക്ക് ലഭിക്കുന്ന വരുമാനം ഇയാളെ ഏല്പിക്കുകയും, ഏല്പിച്ച തുകയുടെ 20%കഴിച്ചുള്ള തുക ഇയാൾ സേനാംഗങ്ങൾക്ക് വിതരണം ചെയ്യുകയാണ് ചെയ്തതെന്നും സേനയുടെ പ്രതിനിധികൾ വ്യക്തമാക്കിയിട്ടുണ്ട്. ലഭിക്കുന്ന തുക ചന്ദ്രൻ നഗരസഭാ ഫണ്ടിൽ ഒടുക്കിയോയെന്ന കാര്യത്തിൽ വ്യക്തതയില്ലെന്നും, ഇവർക്ക് ലഭിച്ച തുക തന്നെ ചിലപ്പോൾ മാസങ്ങൾ കഴിഞ്ഞ്, പരാതിപ്പെട്ടാൽ മാത്രമാണ് ലഭിച്ചിരുന്നതന്നും അവർ വ്യക്തമാക്കിയിട്ടുണ്ട്. പിരിച്ചെടുത്തതും ചന്ദ്രന് കൈമാറിയതുമായ തുകകളുടെ കണക്കുകൾ രേഖപ്പെടുത്തിയ പുസ്തകങ്ങളും രേഖകളുമെല്ലാം ഇയാൾ കൈപ്പറ്റിയെന്നും അവർ വിശദമാക്കിയിട്ടുണ്ട്. ഇക്കാര്യത്തിൽ നേരിൽ കേൾക്കുന്നതിന് ചന്ദ്രനെ ഫോൺ വഴിബന്ധപ്പെടുകയും മെയിൽ വഴി റിക്വസിഷൻ നല്കുകയും ചെയ്തിട്ടും ഇയാൾ ഓഡിറ്റിന് മുമ്പിൽ ഹാജരായിട്ടില്ല. മേല്പറഞ്ഞ കാര്യങ്ങൾ പരിശോധിച്ച്, സേനാംഗങ്ങൾ കൈപ്പറ്റിയ തുക യഥാസമയം നഗരസഭാ ഫണ്ടിൽ

ഒടുക്കിയോയെന്നും കണക്കുകളിൽ സുതാര്യതയുണ്ടെയെന്നും ഉറപ്പുവരുത്തേണ്ടതുണ്ട്.

5) ബോട്ടിൽ ബൂത്തുകൾ ഹരിതകർമ്മസേനയെ ഏല്പിച്ചില്ല

നഗരസഭയിൽ ഇരുവർഷങ്ങളിലായി സ്ഥാപിച്ച 200 ബോട്ടിൽ ബൂത്തുകളിലെ (നേരിൽ പരിശോധിച്ചതിൽ നൂറ്റമ്പതോളം മാത്രമാണ് കാണാനായത്. ഇത് സംബന്ധിച്ച പ്രത്യേക ഖണ്ഡിക കാണുക) ബോട്ടിലുകൾ ശേഖരിക്കുന്നതിനുള്ള അധികാരം പൂർണ്ണമായും ഹരിതകർമ്മസേനയ്ക്ക് നാളിതുവരെ കൈമാറിയിട്ടില്ല. ആദ്യവർഷം സ്ഥാപിച്ച 100 എണ്ണത്തിന് പൂട്ടുകൾ വാങ്ങാൻ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രവർത്തിച്ചതിൽ ഏകദേശം എൺപതോളം എണ്ണം മാത്രമാണ് കണ്ടെത്താൻ കഴിഞ്ഞതെന്ന് സേനാ പ്രതിനിധികൾ വ്യക്തമാക്കിയിട്ടുണ്ട്.

6) ഹരിതകർമ്മസേനയെ ശക്തിപ്പെടുത്തുന്നതിൽ പരാജയം

റിജക്ടഡ് മാലിന്യം കൈയ്യൊഴിയുന്നതിന് നഗരസഭയ്ക്ക് 27.39 ലക്ഷം രൂപ വിനിയോഗിക്കേണ്ടി വന്നത് ഹരിതകേരള മിഷൻ നിലവിൽ വന്ന സാഹചര്യത്തിൽ അംഗീകരിക്കാവുന്നതല്ല. മാലിന്യത്തിൽ നിന്നുള്ള വരവിൽ നിന്നു തന്നെയാണ് റിജക്ടഡ് മാലിന്യം കൈയ്യൊഴിയാനുള്ള ചെലവും വഹിക്കേണ്ടതെന്ന് സർക്കാർ നിർദ്ദേശങ്ങളിൽ നിന്നും വ്യക്തമാണ്. വി ജി എഫ്, വളരെ അപകടകരമായ മാലിന്യങ്ങൾ നീക്കുന്നതിനുള്ള ചെലവ്, പ്രതിമാസ ഫീസ് ഹരിത കർമ്മ സേനയ്ക്ക് നല്കാൻ ശേഷിയില്ലാത്ത അതിദരിദ്രർ, അഗതികൾ തുടങ്ങിയവരുടെ വരിസംഖ്യ, വാർഡുകളിൽ നിന്നും ശേഖരിക്കുന്ന മാലിന്യം എം സി എഫിലേക്ക് മാറ്റുന്നതിനുള്ള വാഹന ചെലവ്, എന്നീ ഇനങ്ങളിൽ മാത്രമാണ് നഗരസഭയ്ക്ക് ചെലവ് വരേണ്ടത്. കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന സർക്കാർ മാർഗ്ഗരേഖകളിൽ പ്രതിപാദിക്കും വിധം ഹരിതകർമ്മ സേനയെ ശക്തിപ്പെടുത്താൻ സ്ഥാപനത്തിന് കഴിയാത്തതാണ് ഈ ഇനത്തിൽ വൻ ചെലവിന് കാരണമായതെന്ന് കാണാം.മാലിന്യശേഖരണം, കൈയ്യൊഴിയൽ എന്നിവയിലൂടെ ആർജ്ജിക്കുന്ന മുഴുവൻ വരുമാനവും സേനയ്ക്ക് ഉള്ളതാണെന്നിരിക്കെ വരുമാനത്തിന്റെ ഒരു ഭാഗം മറ്റുവിധത്തിൽ നഷ്ടപ്പെടുന്നെന്ന് കാണാവുന്നതാണ്. ഇത് നഗരസഭാ ഫണ്ടിലേക്കാണോ അതോ വ്യക്തികളുടെ കൈകളിലേക്കാണോ പോയതെന്ന കാര്യത്തിൽ വ്യക്തതയില്ല. സേനയുടെ എല്ലാ കണക്കുകളും, വരുമാനവുമായി ബന്ധപ്പെട്ട ബേങ്ക് അക്കൌണ്ട് ഉൾപ്പടെ അവരുടെ ഉത്തരവാദിത്വത്തിലായിരിക്കണമെന്നിരിക്കെ നഗരസഭയിൽ ആ സ്ഥിതിവിശേഷമുണ്ടായിട്ടില്ല. കൃത്യമായ വരുമാനമില്ലാതെ പ്രവർത്തിക്കേണ്ടി വന്ന സാഹചര്യത്തിൽ പ്രചോദനം നഷ്ടപ്പെട്ട അവസ്ഥയിലാണ് സംവിധാനമുള്ളത്. മാലിന്യം,അവ സൃഷ്ടിക്കുന്നവരുടെ ഉത്തരവാദിത്വമാണെന്ന മുദ്രാവാക്യവുമായി സൃഷ്ടിക്കപ്പെട്ട മിഷന്റെ ഭാഗമാണ് സേനയെന്നിരിക്കെ , പരിമിതമായ ഫീസ് ഈടാക്കിയാണ് വൻതോതിൽ മാലിന്യം വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കപ്പെട്ടിട്ടുണ്ട്. റിജക്ടഡ് മാലിന്യത്തിന് അത് ശേഖരിക്കുന്നതിനും കൈയ്യൊഴിയുന്നതിനും (കിലോയക്ക് 10/-രൂപ നിരക്കും 5% നികുതിയും) ചെലവാകുന്ന തുക കണക്കാക്കി വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും വാങ്ങേണ്ടതുണ്ട്. അല്ലാത്തപക്ഷം ഇത് ഹരിതകർമ്മസേനയുടേയും നഗരസഭയുടേയും ബാധ്യതയായി തുടരുന്നതാണെന്ന കാര്യം ശ്രദ്ധയിൽ പെടുത്തുന്നു.

7) അമിതനിരക്കിൽ ജി എസ് ടി ഈടാക്കി

പ്ലാസ്റ്റിക് ഉൾപ്പടെയുള്ള മാലിന്യങ്ങൾ ശേഖരിക്കുന്ന സേവനത്തിന് 5% മാത്രമാണ് ജി എസ് ടി നിരക്ക് . എന്നാൽ ക്ലീൻ കേരള കമ്പനി 18% നിരക്കിലാണ് നികുതി ഈടാക്കിയിരിക്കുന്നത്. 225835 കിലോ മാലിന്യത്തിന് 10/-രൂപ നിരക്കിൽ 2258350/-രൂപയും 18% നിരക്കിൽ 406503/-രൂപ ജി എസ് ടിയും ചേർത്താണ് 2664853/-രൂപ അനുവദിച്ചിരിക്കുന്നത്. ഇത് കൊണ്ട് തന്നെ നികുതിയിനത്തിൽ 293586/- രൂപ അധികം നല്കിയതായി കാണാം.

8). മാലിന്യങ്ങൾ കയറ്റിക്കൊണ്ടുപോയ ക്ലീൻ കേരള കമ്പനി അവ ശാസ്ത്രീയമായാണ് കൈയ്യൊഴിഞ്ഞത് എന്ന് കാണിക്കുന്ന സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

മേൽ പരാമർശിച്ച കാര്യങ്ങളിൽ മറുപടി നല്കാൻ ആവശ്യപ്പെട്ട് നല്കിയ

എൻക്വയറിക്ക്(നമ്പർ40/11.10.22) മറുപടി നല്കിയിട്ടില്ല. അപാകതകളുടെ അടിസ്ഥാനത്തിൽ ഹരിത കർമ്മസേന സാക്ഷ്യപ്പെടുത്തിയ ലോഡുകൾ മാത്രമാണ് സ്ഥാപനത്തിൽ നിന്നും കയറ്റി അയച്ചതായി കണക്കാക്കുന്നുള്ളൂ. അവർ സാക്ഷ്യപ്പെടുത്തിയ തീയതികളിൽ ക്രമനം 1(2) വിശദാമാക്കിയ 96520 കി.ഗ്രാം മാലിന്യത്തിന് ചെലവഴിച്ച തുക മാത്രമാണ് ഓഡിറ്റ് അംഗീകരിക്കുന്നത്. 5% ജി എസ് ടി നിരക്കിൽ 96520 കി.ഗ്രാം മാലിന്യത്തിന് ആകെ ചെലവായ 1013460/-രൂപ കഴിച്ച് 1651393/-(2664853- 1013460) രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ഈ തുക ഉത്തരവാദിയായ ഹെൽത്ത് ഇൻസ്പെക്ടർ ശ്രീ കെ പി രമേശനിൽ നിന്നും ഈടാക്കേണ്ടതാണ്. കൂടാതെ ക്രമ നം.2ൽ പ്രതിപാദിച്ച, വേർതിരിക്കപ്പെട്ട മാലിന്യവും ബോട്ടിൽ യൂണിറ്റുകളിൽ നിന്നും ശേഖരിച്ച ബോട്ടിലുകളും എപ്രകാരം കൈയ്യൊഴിഞ്ഞു എന്ന കാര്യത്തിൽ വിശദമായ അന്വേഷണം പ്രത്യേക സമിതിയെക്കൊണ്ട് നടത്തി, ക്രമക്കേട് കണ്ടെത്തേണ്ടതാണ്. കൂടാതെ ഹരിതകർമ്മ സേന വെളിവാക്കിയ കാര്യങ്ങളിൽ ബന്ധപ്പെട്ട HI,JHI എന്നീ ഉദ്യോഗസ്ഥർക്കെതിരെ അന്വേഷണം നടത്തി നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ ജി എസ് ടി ഇനത്തിൽ കഴിഞ്ഞ വർഷവും ഈടാക്കിയ അധിക നിരക്ക് കണക്കാക്കി തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-5 സമഗ്ര മാലിന്യ പരിപാലനം-വാങ്ങലുകൾ ആവശ്യത്തിലധികം-മറ്റ് അപാകതകൾ

നിർവ്വഹണം - ഹെൽത്ത് ഇൻസ്പെക്ടർ
പ്രൊജക്ട് നം . 222/22-സമഗ്ര മാലിന്യ പരിപാലനം
പ്രൊജക്ട് അടങ്കൽ-12 ലക്ഷം രൂപ (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)
ചെലവ് തുക- 674277/-( Bill Ref No. 211604470010011 8977/14.2.22)

നിലവിലുള്ള തുമ്പൂർ മുഴി യൂണിറ്റിലേക്ക് ചോപ്പിംഗ് മെഷീൻ വാങ്ങിക്കൽ,മാലിന്യ സംസ്കരണം, അണുനശീകരണം ഉൾപ്പടെയുള്ള പ്രവർത്തനങ്ങൾക്ക് ഉപകരണങ്ങൾ വാങ്ങിക്കൽ, ഹരിത കർമ്മ സേനയ്ക്ക് സുരക്ഷാ ഉപകരണങ്ങൾ വാങ്ങൽ എന്നീ ആവശ്യങ്ങൾക്കായി വിഭാവനം ചെയ്തതാണ് ഈ പ്രൊജക്ട്. 2020-21 വർഷത്തിൽ വിഭാവനം ചെയ്ത പ്രൊജക്ട് ഓഡിറ്റ് വർഷത്തിൽ സ്പിൽ ഓവറായി നിർവ്വഹിക്കുകയായിരുന്നു. വിവിധ ഘടകങ്ങൾ ഉൾപ്പെട്ട ഈ പ്രൊജക്ടിൽ പൂർണ്ണമായും സാധനങ്ങളുടെ/ഉപകരണങ്ങളുടെ വാങ്ങൽ പ്രക്രിയ മാത്രമാണ് ഉൾപ്പെട്ടിരിക്കുന്നത്. പ്രൊജക്ട് ആസൂത്രണത്തിലും നിർവ്വഹണത്തിലുമായി താഴെ പറയുന്ന അപാകതകൾ സംഭവിച്ചതായി ബോധ്യപ്പെട്ടിട്ടുണ്ട്. ഇതിന്റെ വിശദാംശവും ഓരോ ഘടകത്തിന്റെ ചെലവ് വിവരവും താഴെ കൊടുക്കുന്നു.

1) ഹരിത കർമ്മ സേനയ്ക്ക് സുരക്ഷാ ഉപകരണങ്ങൾ വാങ്ങിക്കൽ
വകയിരുത്തിയത്-2 ലക്ഷം രൂപ
ചെലവഴിച്ചത്- 180000/-( Bill Ref No. 211604470010010 45322/2.2.22)
താഴെ കൊടുത്ത സാധനങ്ങൾ/ഉപകരണങ്ങൾ വാങ്ങി നല്കിയ ഇനത്തിനാണ് തുക വിനിയോഗിച്ചത്.

| ഇനം | നിരക്ക് |
|---|---|
| ഓവർകോട്ട് | 600/- |

| | |
|---|---|
| ചുരിദാർ<br>24435/-രൂപ | 800/- |
| റബ്ബർ ഗ്ലൌസ് | 130/- |
| ക്യാപ് | 120/- |
| I D കാർഡ് | 60/- |
| ഷൂസ് | 290/- |

മേൽ പറഞ്ഞ ഇനങ്ങൾ 90 സെറ്റ് വാങ്ങിയ ഇനത്തിലാണ് 180000/-രൂപ വിനിയോഗിച്ചത്. Ags ക്ലിറ്റിംഗ് യൂണിറ്റ് എന്ന സ്ഥാപനത്തെയാണ് ടെണ്ടറിലൂടെ തെരെഞ്ഞെടുത്തത്. നഗരസഭയിൽ ഹരിതകർമ്മ സേനയ്ക്ക് പുറമേ ടൗണിലെ കടകളിൽ നിന്നും ഖര,ജൈവ മാലിന്യങ്ങൾ ശേഖരിക്കുന്നതിന് ധനശ്രീ എന്ന പേരിൽ 10 പേരടങ്ങുന്ന ഒരു യൂണിറ്റ്പ്രവർത്തിക്കുന്നുണ്ടെന്നും 10 വർഷത്തിലേറെയായി പ്രവർത്തിക്കുന്ന ഈ സംഘം ഹരിതകർമ്മ സേനയുടെ ഭാഗമല്ലെന്നും ഇവർക്കും സുരക്ഷാ ഉപകരണങ്ങൾ നല്കിയെന്നും 29.9.22 ന് ഹെൽത്ത് ഇൻസ്പെക്ടറെ നേരിൽ കേട്ടപ്പോൾ വ്യക്തമാക്കിയിട്ടുണ്ട്. ഹെൽത്ത് ഇൻസ്പെക്ടറുടെ സാന്നിധ്യത്തിൽ ഇതേ ദിവസം തന്നെ ഹരിതകർമ്മസേന സെക്രട്ടറി, പ്രസിഡന്റ് എന്നിവരെ നേരിൽ കേട്ടതിൽ, അവരുടെ അംഗങ്ങളായ 61 പേർക്ക് യൂണിഫോം ലഭിച്ചെന്നും 44 പേർക്ക് മാത്രമാണ് Id കാർഡ് ലഭിച്ചതെന്നും ഷൂസുകൾ ഗുണനിലവാരമില്ലാത്തവയാകയാൽ മിക്കവരും അവ ടൌൺഹാൾ പരിസരത്ത് ഉപേക്ഷിച്ചെന്നും വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ ഗ്ലൗസുകൾ ഒറ്റത്തവണ ഉപയോഗിക്കുന്നത് മാത്രമായിരുന്നെന്നും വ്യക്തമാക്കിയിട്ടുണ്ട്. മേല്പറഞ്ഞതിൽ നിന്നും താഴെ പറയുന്ന കാര്യങ്ങളിൽ വ്യക്തത വരുത്താനാവശ്യപ്പെട്ട് സ്ഥാപനത്തിന് എൻക്വയറി നല്കിയിരുന്നു.

എ) ഹരിതകർമ്മ സേന പ്രവർത്തനസജ്ജമായ സാഹചര്യത്തിൽ നഗരസഭയിൽ മറ്റൊരു സംഘം പ്രവർത്തിക്കുന്നതെങ്ങിനെ? കൂടാതെ ഇവർക്ക് നഗരസഭ ഉപകരണങ്ങൾ വാങ്ങി നൽകുന്നതിന്റെ സാംഗത്യമെന്ത്? ഇവരുടെ സംഘാടനം പ്രവർത്തനം എന്നീ കാര്യങ്ങളിൽ നഗരസഭയുടെ ഇടപെടൽ എങ്ങിനെയാണ്? ഹരിതകർമ്മ സേനയ്ക്കുള്ള ഉപകരണങ്ങൾ ഇവർക്ക് കൂടി നല്കിയത് എപ്രകാരം?

ബി) ഇവർക്ക് നല്കിയ ഉപകരണങ്ങൾ കൂടി പരിഗണിച്ചാൽ യൂണിഫോം സെറ്റ് 71 ഉം (61+10) Id കാർഡ് 54 (44+10) എണ്ണവും മാത്രമാണ് വിതരണം ചെയ്തിരിക്കുന്നത്. വിതരണം ചെയ്യാത്തവയ്ക്ക് തുക നല്കിയത് എപ്രകാരമാണ്.

സി)തരം താണ ഷൂസ്, ഒറ്റത്തവണ ഉപയോഗിക്കുന്ന ഗ്ലൗസ് എന്നിവയ്ക്ക് വളരെ ഉയർന്ന നിരക്ക് നല്കിയതെങ്ങിനെ?

ഡി) വിതരണം ചെയ്ത ചുരിദാർ പോളിസ്റ്റർ മെറ്റീരിയലിൽ നിർമ്മിച്ചതായിരുന്നെന്ന് ഹരിതകർമ്മ സേന സെക്രട്ടറി,പ്രസിഡന്റ് എന്നിവർ വ്യക്തമാക്കിയിട്ടുണ്ട്. വിതരണം ചെയ്ത സാധനങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തിയിട്ടില്ലേ?

ഈ എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ ധനശ്രീ യൂണിറ്റ് 15 വർഷത്തോളമായി കൊയിലാണ്ടി ടൗണിൽ നിന്നും ജൈവ, അജൈവമാലിന്യങ്ങൾ ശേഖരിച്ചുവരുന്നെന്നും, കൊറോണ പശ്ചാത്തലത്തിൽ വരുമാനം കുറഞ്ഞ സാഹചര്യത്തിൽ അവർക്കു കൂടി സുരക്ഷാ ഉപകരണങ്ങൾ നല്കുകയായിരുന്നെന്നും വ്യക്തമാക്കിയിട്ടുണ്ട്. ഹരിത കർമ്മ സേന രൂപീകരിച്ചപ്പോൾ ഇവരെ എന്തുകൊണ്ട് സേനയുടെ ഭാഗമാക്കിയില്ലെന്നതിന് മറുപടി നല്കിയിട്ടില്ല. കൂടാതെ പ്രൊജക്റ്റിൽ ഈ യൂണിറ്റിനെ പരാമർശിച്ചിട്ടില്ലെന്നതും പ്രൊജക്റ്റിൽ പ്രതിപാദിക്കാത്ത യൂണിറ്റിന് ഉപകരണങ്ങൾ നല്കിയതും അംഗീകരിക്കാവുന്നതല്ല. കൂടാതെ ഇവ എപ്രകാരം പ്രവർത്തിക്കുന്നു എന്നും നഗരസഭയുമായുള്ള ബന്ധമെന്തെന്നും മറുപടിയിൽ വ്യക്തമാക്കിയിട്ടില്ല. ഈ അപാകതകൾക്ക് വിശദീകരണം ഹാജരാക്കേണ്ടതാണ്.

എല്ലാ സേനാംഗങ്ങളും വാങ്ങാത്തതിനാലാണ് യൂണിഫോം ബാക്കിയതെന്ന് മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. കുറേ കാലമായി അറുപതോളം പേർ മാത്രമാണ് സേനയിൽ പ്രവർക്കുന്നതെന്ന് ഇതിന്റെ പ്രതിനിധികൾ ഹെൽത്ത് ഇൻസ്പെക്ടർ മുമ്പാകെ ഓഡിറ്റിന് വെളിപ്പെടുത്തിയതാണ്. തന്റെ

പ്രവർത്തനപരിധിയിലുള്ള സംവിധാനത്തെ കുറിച്ചുള്ള ഡാറ്റാ ഇല്ലാതെ, അനാവശ്യ വാങ്ങൽ നടത്തിയിരിക്കുന്നതിനാൽ അധികം വാങ്ങിയ യൂണിഫോമിന്റെ വില 39020/-രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.വിശദാംശം താഴെ കൊടുക്കുന്നു.

| ഇനം | ബാക്കിയായവ | നിരക്ക് | അനാവശ്യ ചെലവ് |
|---|---|---|---|
| ഓവർകോട്ട് | 19 | 600/- | 11400 |
| ചുരിദാർ | 19 | 800/- | 15200 |
| റബ്ബർ ഗ്ലൌസ് | 19 | 130/- | 2470 |
| ക്യാപ് | 19 | 120/- | 2280 |
| I D കാർഡ് | 36 | 60/- | 2160 |
| ഷൂസ് | 19 | 290/- | 5510 |
| ആകെ | | | 39020/- |

യൂണിഫോമുകൾ ഗുണനിലവാരമില്ലാത്ത കാര്യത്തിൽ നഗരസഭ വിശദമായ അന്വേഷണം നടത്തി വസ്തുത പരിശോധിക്കേണ്ടതും റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

2)മാലിന്യം സംസ്കരണം അണുനശീകരണം ഉൾപ്പടെയുള്ള പ്രവർത്തനങ്ങൾക്ക് ഉപകരണങ്ങൾ വാങ്ങിക്കൽ

വകയിരുത്തിയത്-5 ലക്ഷം രൂപ

ചെലവ്-1) 147600/-( Bill Ref No. 21160447001001492726/27.3.22)ഡ്രീം ഹോം ഫർണ്ണിച്ചർ

29520/-രൂപ നിരക്കിൽ 5 സ്പ്രെയർ, ടെണ്ടർ ലഭിച്ച ഡ്രീം ഹോം ഫർണ്ണിച്ചർ എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ നികുതികൾ ഉൾപ്പടെ 24633/-രൂപയാണ് മേൽ സ്ഥാപനം ഉപകരണത്തിന് ക്വോട്ട് ചെയ്തതെന്ന് കാണുന്നു. അതായത് ബിൽ തുക നൽകിയപ്പോൾ ഒരെണ്ണത്തിന് 4887/-രൂപ അധികം നല്കിയിട്ടുണ്ട്. ഇതേ തീയതിയിൽ ഈ മോഡൽ ഉപകരണത്തിന്റെ വില വെബ് സൈറ്റിൽ പരിശോധിച്ചതിൽ 25000/- രൂപയെന്നാണ് കാണുന്നത്. കൂടാതെ 11.10.22 ന് നേരിൽ പരിശോധിച്ചതിൽ 2 എണ്ണം മാത്രമാണ് നാളിതുവരെ ഉപയോഗിച്ചതായി കാണുന്നുള്ളൂ. ബാക്കി 3 എണ്ണം പായ്ക്കറ്റ് പൊളിക്കാത്ത നിലയിൽ സൂക്ഷിച്ചിട്ടുണ്ട്.

2).199000/- ( Bill Ref No. 2116044700100186065/23.2.22) സാൻസ് കോർപ്പ് ഇൻഡ്യ പ്രൈവറ്റ് ലിമിറ്റഡ് താഴെ പറയുന്ന ഉപകരണങ്ങൾ വാങ്ങിയാണ് തുക നൽകിയത്.

ഇതിൽ ക്രമ നം 9 പ്രകാരമുള്ള വീൽ ബാരോ 2 എണ്ണവും ക്രമനം 10 പ്രകാരമുള്ളത് 3 എണ്ണവും നഗരസഭാ ഓഫീസിലും ക്രമ നം 11 പ്രകാരമുള്ളത് നാളിതുവരെ ഉപയോഗിക്കാതെ സൂക്ഷിച്ചിരിക്കുകയാണ്. ബാക്കിയുള്ളവയിൽ ഭൂരിഭാഗവും ഉപയോഗിക്കാതെ നഗരസഭയിൽ സൂക്ഷിച്ചിരിക്കുകയാണ്.

3) 147677/-( Bill Ref No. 21160447001001312608/14.3.22) ഷിബു ഡിസ്ട്രിബ്യൂട്ടേഴ്സ് താഴെ കൊടുത്ത ഉപകരണങ്ങൾ വാങ്ങിയ ഇനത്തിലാണ് തുക ചെലവഴിച്ചത്.

| ക്രമ നം | ഇനം | എണ്ണം | നിരക്ക് |
|---|---|---|---|
| 1 | അണുനശീകരണത്തിനുള്ള രാസവസ്തുക്കൾ | - | 98179 |
| 2 | പവർസ്പ്രെയര് | 5 | 24500 |
| 3 | സാനിറ്റൈസർ ഫോഗിംഗ് മെഷീന് | 5 | 25000 |

മേല്പറഞ്ഞതിൽ പവർസ്പ്രെയർ സാനിറ്റൈസർ ഫോഗിംഗ് മെഷീൻ എന്നിവ നാളിതുവരെ ഉപയോഗിക്കാതെ സൂക്ഷിച്ചിരിക്കുന്നു. ആവശ്യകത കണക്കാക്കാതെ സാധനങ്ങൾ /ഉപകരണങ്ങൾ വാങ്ങിക്കൂട്ടുന്ന പ്രവണതയാണ് ഇത്തരത്തിൽ നിഷ്ക്രിയ ആസ്തികൾ സൃഷ്ടിക്കാൻ കാരണമെന്ന് കാണാം. പ്രൊജക്ടുകളിലൊന്നും തന്നെ ആവശ്യകതയ്ക്ക് അടിസ്ഥാനമാക്കിയ ഡാറ്റാ ലഭ്യമല്ല എന്നത് ശ്രദ്ധേയമാണ്. മുൻകാലങ്ങളിൽ ഇത്തരം ഉപകരണങ്ങൾ വാങ്ങിയതിന്റെ നിലവിലെ അവസ്ഥയും വ്യക്തമല്ല.

മേൽ വാങ്ങലുകൾക്ക്, വിതരണം ചെയ്ത സ്ഥാപനങ്ങളുമായി കരാർ വയ്ക്കാത്തതും, ഉപകരണങ്ങൾ സ്ഥാപനത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്താത്തതും മറ്റ് അപാകതകളാണ്. കൂടാതെ പ്രൊക്വർമെന്റ് മാന്വലിലെ നിർദ്ദേശങ്ങൾ ഈ വാങ്ങലുകളിലും പാലിച്ചിട്ടില്ല.

മേൽ പറഞ്ഞ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ എൻക്വയറിക്ക് ക്രമ നം 1 ൽ പ്രതിപാദിച്ച സ്പ്രെയറിന്(ഒരെണ്ണത്തിന്) 4887/- രൂപ അധികം നല്കിയ കാര്യത്തിൽ ഒരു മറുപടിയും ഹെൽത്ത് ഇൻസ്പെക്ടർ നല്കിയിട്ടില്ല. 5 എണ്ണത്തിന് ആകെ നല്കിയ 24435/-രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. മുൻവർഷത്തിലും തയ്യിൽ മെഷീൻ വാങ്ങിയപ്പോൾ ഏറ്റവും കുറഞ്ഞനിരക്ക് ക്വോട്ട് ചെയ്ത് ടെണ്ടർ ലഭിച്ചയാൾക്ക് ക്വോട്ട് ചെയ്യപ്പെട്ട ഏറ്റവും ഉയർന്ന നിരക്ക് നല്കിയ കാര്യം പരാമർശിച്ചിട്ടുണ്ട്. ഈ വസ്തുതകൾ ബോധപൂർവ്വമായ ക്രമക്കേട് വാങ്ങലുകളിൽ നടത്തിയതിന് തെളിവായി ഓഡിറ്റ് വിലയിരുത്തുന്നു. ഇക്കാര്യത്തിലും വിശദമായ അന്വേഷണം സ്ഥാപനം നടത്തേണ്ടതാണ്.

കോവിഡ് പോലുള്ള സാഹചര്യങ്ങൾ ഒഴിവാക്കുന്നതിനാണ് വൻതുക ചെലവഴിച്ച് ഉപകരണങ്ങൾ വാങ്ങിയതെന്ന് ക്രമനമ്പർ 2ലെ മറ്റ് അപാകതകൾക്ക് മറുപടി നല്കിയിട്ടുണ്ട്. ഇത് അംഗീകരിക്കാവുന്നതല്ല. ദീർഘകാലം ഉപയോഗിക്കാത്ത ഉപകരണങ്ങൾ നശിക്കുമെന്ന വസ്തുത പരിഗണിക്കാതെ അനാവശ്യമായി ഉപകരണങ്ങൾ വാങ്ങിക്കൂട്ടിയത് നഗരസഭാ ഫണ്ടിൽ നിന്നുള്ള അനാവശ്യചെലവായി ഓഡിറ്റ് കാണുന്നു. ഇത്തരത്തിൽ മുൻകാലങ്ങളിൽ വാങ്ങിക്കൂട്ടിയ പല ഉപകരണങ്ങളും നഗരസഭാ ഓഫീസിലും ടൗൺഹാളിലും കെട്ടിക്കിടക്കുന്നതായി സ്ഥലപരിശോധനയിൽ ബോധ്യപ്പെട്ട കാര്യം ഇവിടെ പ്രസക്തമാണ്. ആവശ്യങ്ങൾ മുൻഗണന നല്കി പ്രൊജക്ടുകൾ രൂപീകരിക്കുന്നതിന് പകരം ഇത്തരത്തിൽ ഉപകരണങ്ങൾ വാങ്ങിക്കൂട്ടി നഗരസഭാഫണ്ടിൽ നിന്നും അനാവശ്യ ചെലവ് നടത്തിയതിനും ഉപകരണങ്ങൾ ഉപയോഗപ്പെടുത്താത്ത കാര്യത്തിലും വിശദീകരണം നല്കേണ്ടതാണ്.

അപാകതകളുടെ അടിസ്ഥാനത്തിൽ നിരാകരിച്ച 63455/-രൂപ (39020+24435) കിഴിച്ചുള്ള 610822/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-6 കോടതിവിധി നടപ്പിലാക്കുന്നതിന് കാലതാമസം - കോടതി അലക്ഷ്യ നടപടിയ്ക്ക് വക്കീൽ ഫീസ് നൽകേണ്ടി വന്നു.

നഗരസഭയിലെ ബീച്ച്, ചുങ്കം റോഡ് പ്രവൃത്തിയുടെ ഭാഗമായി കോൺട്രാക്ടർ രാമകൃഷ്ണൻ കെ.പി എന്നവർ നഗരസഭ സെക്രട്ടറിയെ എതിർകക്ഷിയാക്കി W.P(c) 25908/21 നമ്പർ കേസ് ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുണ്ട്. 22.12.2021 ലെ ഈ കേസിന്റെ വിധി പ്രകാരം പരാതിക്കാരൻ ഒരു റിവൈസ്ഡ് ബിൽ എസ്റ്റിമേറ്റ് സഹിതം എതിർകക്ഷിയ്ക്ക് രണ്ടാഴ്ചക്കകം നൽകുകയും, അത് ലഭിച്ച് ഒരു മാസത്തിനകം ബിൽ പരിശോധിച്ച് പേമെന്റ് നൽകാൻ സെക്രട്ടറിയോട് ഉത്തരവായി.

കരാറുകാരന് പണം ലഭിക്കാത്തതിനാൽ 08.03.2022 ന് കോടതി അലക്ഷ്യത്തിന് കേസ് ഫയൽ ചെയ്യുകയും (സി.ഒ.സി നമ്പർ 610/2020, W.P(c) No.25908/21), ഇതിന്റെ അടിസ്ഥാനത്തിൽ കരാറുകാരന് തുക അനുവദിക്കുകയും ചെയ്തു. ഇത് കൺടംപ്റ്റ് ഓഫ് കോർട്ടിൽ കേസിനായി ചെക്ക് നമ്പർ 31372/23.3.22 പ്രകാരം 15000 രൂപ വക്കീലിന് നൽകി.

യഥാസമയം കരാറുകാരന് അതായത് 22.12.2021 ലെ വിധി വന്നതിന് ശേഷം, അപ്പീൽ സ്കോപ്പ് ഉണ്ടോ എന്ന് വക്കീലിനോട് ആരാഞ്ഞ് കോടതി നിർദ്ദേശിച്ച സമയത്തിനുള്ളിൽ അതായത് 22.12.21 ന് ശേഷം 45 ദിവസത്തിനുള്ളിൽ (04.02.22 നകം) തുക കരാറുകാരന് നൽകിയെങ്കിൽ, ഒരു കോടതി അലക്ഷ്യ നടപടി ഒഴിവാക്കാമായിരുന്നു. ഒപ്പം വക്കീൽ ഫീസ് നൽകുന്നത് (15000/-)

ഒഴിവാക്കാമായിരുന്നു. തുക അനുവദിക്കേണ്ടി വന്നത് യഥാസമയം നടപടി സ്വീകരിക്കാത്ത തിനാലാണ്. തുക ഉത്തരവാദിയായവരിൽ നിന്ന് തിരികെ ഈടാക്കി മുനിസിപ്പൽ ഫണ്ടിൽ തിരിച്ചടക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തിയ്യതി | സർട്ടിഫിക്കറ്റ് നം./ തിയ്യതി |
|---|---|---|
| 2021-22 | ഓഡിറ്റ് കാലയളവ് | ഇതേ നമ്പർ സർട്ടിഫിക്കറ്റ് |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കെ.എസ്.ഇ.ബി | ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 162642 | 162642 | 0 |
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് ലൈറ്റ് ലൈൻ വലിക്കൽ | 131324 | 131324 | 0 |
| കെ.ഡബ്ല്യൂ.എ | മത്സ്യഗ്രാമം- കുടിവെള്ള പൈപ്പ് ലൈൻ | 2500000 | 2500000 | 0 |
| കെ.ഡബ്ല്യൂ.എ | പെരുങ്കുനി കോളനി കുടിവെള്ള പദ്ധതി | 2500000 | 2500000 | 0 |
| കെ.ഡബ്ല്യൂ.എ | കൊയിലാണ്ടി താലൂക്ക് ആശുപത്രിയിലേക്കും ജി.ബി.എച്ച്.എസ്.എസ് ലേക്കും ജലം എത്തിക്കൽ | 4000000 | 4000000 | 0 |
| ഭൂജല വകുപ്പ് | അങ്കണവാടി കുഴൽ കിണർ | 85140 | 85140 | 0 |

### 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

### 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | തൻവർഷം എടുത്ത വായ്പ തുക | വർഷാരംഭ ത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി യുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| കെ.യു.ആർ.ഡി. എഫ്.സി | | | 6413048 | 2232384 | 575961 | 4180664 |
| പി.എം.എ.വൈ ഹഡ്കോ | | 7200000 | 109773333 | 9013333 | - | 107960000 |

## 4-6 സ്ഥിരനിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 16000 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 16000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 16000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/പോസ്റ്റ് ഓഫീസ്) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | KURDFC ഷെയർ സർട്ടിഫിക്കറ്റ് (നമ്പർ : 263) | - | - | 15000 | - |
| 2 | മലപ്പുറം കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽ ഷെയർ സർട്ടിഫിക്കറ്റ് (നമ്പർ :87) | - | - | 1000 | - |
| | ആകെ | | | 16000 | |

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

നഗരസഭയുടെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് | ഖണ്ഡിക | സമാഹൃത | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ |
|---|---|---|---|---|---|

| വർഷം | | റിപ്പോർട്ട് വർഷം | | | അവസ്ഥ |
|---|---|---|---|---|---|
| 1997-98 | 28 | 1998 | VIII.2(8) | കരാറുകാരന് അനധികൃതമായി മുൻകൂർ പണം നൽകി | (2004-06 , 16-ാമത് റിപ്പോർട്ട്) ഭാവിയിൽ ഇത്തരം കാര്യ ങ്ങളിൽ കൂടുതൽ ശ്രദ്ധ്ക്കാന്തി പുലർത്തണം |
| 1997-98 ചെലവ് | 15 | 1999 | IV9(a) | പട്ടിക ജാതിക്കാർക്ക് സി.എഫ്. ലാമ്പ് വിതരണം നടത്തിയതിലെ അപാകത | (2004-06, 16-ാമത് റിപ്പോർട്ട്) വകുപ്പ്തലനടപടി സ്വീകരിക്കണം |
| -ടി- | 14(3) | 1999 | IV 9 (B) | കൈതോലകൃഷി പരാജയം | ടി |
| -ടി- | 14(4) | 1999 | IV 9(c) | മത്സ്യത്തൊഴി ലാളികൾക്ക് വള്ളം, വല എന്നിവ വിതരണം ചെയ്തതിൽ ക്രമക്കേട് | (2004-06 , 16-ാമത് റിപ്പോർട്ട്) 1)രേഖകൾ LFA യ്ക്ക് നൽകണം 2)LFA വിവരം സമിതിയ്ക്ക് നൽകണം 3)വകുപ്പ്തലനടപടി |
| 1998-99 | 13 | 1999-00 | നഗരപാലികാ സ്ഥാപനങ്ങൾ V-13-(A) | വാഴകൃഷി വികസനം | (2004-06 , 16-ാമത് റിപ്പോർട്ട്) വകുപ്പ്തല നടപടി |
| -ടി- | 15 | 1999-00 | നഗരപാലികാ സ്ഥാപനങ്ങൾ V-13-(B) | കോതമംഗലം ജി.എൽ. പി.എസ്. അറ്റകുറ്റപ്പണി | 04-06 , 16-ാമത് റിപ്പോർട്ട്)(20 1)മുനിസിപ്പൽ എഞ്ചിനീയറിൽ നിന്നും വിശദീകരണം വേണം 2)NLC നൽകിയവർ ക്കെതിരെ നടപടി 3)വകുപ്പ്തല നടപടി |
| 1998-99 | | 2000-01 | V-14(a) | മുനിസിപ്പൽ മാർക്കറ്റ് നിർമ്മാണം - ദുർവിനിയോഗം മൂലമുണ്ടായ നഷ്ടം | (2004-06, 16-ാമത് റിപ്പോർട്ട്) 1)രേഖകൾ 2 ആഴ്ചയ്ക്കുള്ളിൽ ലഭ്യമാക്കണം 2)വകുപ്പ്തല നടപടി |

| | | | | | |
|---|---|---|---|---|---|
| 2000-01 | 15 | 2004-05 | 4.II.10.1 | ഷ്രിങ്കേജ് കുറച്ചില്ല. 1.3 ലക്ഷം നഷ്ടം. | (2014-16 , 34-ാമത് റിപ്പോർട്ട്) 68334 രൂപ ഈടാക്കുവാൻ R.R നടപടി ത്വരിതപ്പെടുത്തണം |
| 1997-98 മുതൽ 2001-02 വരെ കുടുംബശ്രീ ദാരിദ്ര്യ നിർമ്മാർ ജ്ജന പദ്ധതി ഓഡിറ്റ് റിപ്പോർട്ട്. | 11(1),11(2) | 2005-06 | 20.1 | ചേരി പരിഷ്കരണ പദ്ധതിയിൽ കരാർ പണി. | (2014-16 , 34-ാമത് റിപ്പോർട്ട്) DPC അനുമതി ലഭിച്ചതിനാലും മറ്റ് പരാതികളില്ലാ ത്തതിനാലും ഒഴിവാക്കുവാൻ ശുപാർശ |
| | 12 | 2005-06 | 20.2 | ചേരിപരിഷ്കരണ ഫണ്ട് - അനുപാതം ലംഘിച്ചു. | (2014-16, 34-ാമത് റിപ്പോർട്ട്) കൗൺസിലിന്റെ അപേക്ഷയിന്മേൽ സർക്കാർ തീരുമാനമെടുത്ത് റിപ്പോർട്ട് നൽകാൻ ശുപാർശ |
| | 20 | 2005-06 | 20.3 | എൻ.എസ്. ഡി.പി. ഭവനവായ്പ 5.8 ലക്ഷം കുടിശ്ശിക | (2014-16 , 34-ാമത് റിപ്പോർട്ട്) കൗൺസിലിന്റെ അപേക്ഷയിൻമേൽ സർക്കാർ തീരുമാനമെടുത്ത് റിപ്പോർട്ട് നൽകാൻ ശുപാർശ |
| 1997-98 | 17 | 2005-06 | 2.70.3.3(69) | കമ്പ്യൂട്ടർ പരിശീലനം | പരാമർശം തുടരുന്നു |
| 1997-98 | 17 | 2005-06 | 2.70.3.3(69) | ബ്യൂട്ടീഷൻ പരിശീലനം | പരാമർശം തുടരുന്നു |
| 2000-01 | 28 | 2005-06 | 2.70.10.8 (75) | വെള്ളക്കരം വസ്തു കൈമാറ്റ തീരുവ. | പരാമർശം തുടരുന്നു |
| 2007-08 | 3-5 | 2010-11 | 2.14 (52) | ഡെപ്പോസിറ്റ് വർക്ക്- കാലതാമസം | പരാമർശം തുടരുന്നു |
| - | - | 2013-14 | 6.2.3(185) | ലൈസൻസ് ഫീ കുടിശ്ശിക. | |
| 2012-13 | - | 2014-15 | 2.1.11(10) | ഓ.റി. ചർച്ച ചെയ്യുന്നില്ല. | പരാമർശം തുടരുന്നു |
| 2012-13 | - | 2014-15 | 2.2.13/11 | ഓ.റി. പ്രഥമ മറുപടി സമർപ്പിക്കു ന്നതിൽ | പരാമർശം തുടരുന്നു |

| | | | | | |
|---|---|---|---|---|---|
| | | | | വീഴ്ച | |
| സ്പെഷ്യൽ ഓഡിറ്റ് റിപ്പോർട്ട് | | 2017-18 | 2.6.4 അനുബന്ധം-3 | ഡെപ്പോസിറ്റ് പ്രവൃത്തികൾ | പരാമർശം തുടരുന്നു |
| സ്പെഷ്യൽ ഓഡിറ്റ് റിപ്പോർട്ട് | | 2017-18 | 2.6.4 അനുബന്ധം-5 | ഡെപ്പോസിറ്റ് പ്രവൃത്തികൾ | പരാമർശം തുടരുന്നു |
| സ്പെഷ്യൽ ഓഡിറ്റ് റിപ്പോർട്ട് | | 2017-18 | 2.6.4 അനുബന്ധം-6 | ഡെപ്പോസിറ്റ് പ്രവൃത്തികൾ | പരാമർശം തുടരുന്നു |
| 2017-18 | 3-8 | 2018-19 | | റിംങ്ങ് കമ്പോസ്റ്റ്-പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ | പരാമർശം തുടരുന്നു |

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

വിവരം ലഭ്യമല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖ. നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| 1 | 1996-97 | 14 | ശ്രീ.ജോണി സെബാസ്റ്റ്യൻ സെക്രട്ടറി | എൽ.എഫ് 4144/സ്പെ. സെൽ/ എസ്. സി4/ 2000/ 22.04.02, 14.05.02 | 2368/- | | - | - | - | - | - | ബഹു. കോഴിക്കോട് ജില്ലാ കോടതിയുടെ 221/ 2002 തി. 28.03.06 വിധി പ്രകാരം റദ്ദാക്കി |

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| 2 | 2000-01 | 21 | ശ്രീ.ഇ.സി ജോർജ് | എൽ. എഫ് 14289/ സ്പെ. സെൽ/ എസ്. സി4/06/ 13.01.09 | 8470/- | 8470/- (100416/ 23.04.18) | | | | | | |
| 3 | 2008-09 | 3-25 | ശ്രീ.രാമകൃഷ്ണൻ എം.ഇ | എൽ.എഫ് 14264/സ്പെ. സെൽ/ എസ്. സി/സി. എസ്സ്.സി/ എ2/2012/ 23.09.2014 | 27863/- | 27863/- (100480/ 25.04.18) | | | | | | |

## 4-10 ഓഡിറ്റ് പ്രത്യവവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 339328572 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 340710442 |
| വരവിനങ്ങളിലുള്ള നഷ്ടം | 13855 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 3459205 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 5801660 |

(ബി) മുനിസിപ്പൽ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 13855 | - | ശ്രീ.സുരേഷ് കുമാർ.എൻ, സെക്രട്ടറി |
| 3-1 | - | 1198607 | ശ്രീ.സുരേഷ് കുമാർ.എൻ, സെക്രട്ടറി |
| 3-2 | - | 527350 | ശ്രീ.രമേശൻ കെ പി ,ഹെൽത്ത് ഓഫീസർ |
| 3-3 | - | 3400 | ശ്രീ.അരവിന്ദൻ.എൻ.ടി,അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-4 | - | 1651393 | ശ്രീ.രമേശൻ കെ പി ,ഹെൽത്ത് ഓഫീസർ |
| 3-5 | - | 39020<br>24435 | ശ്രീ.രമേശൻ കെ പി ,ഹെൽത്ത് ഓഫീസർ |
| 3-6 | . | 15000 | ശ്രീ.സുരേഷ് കുമാർ.എൻ, സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 111805 | ശ്രീ.സുരേഷ് കുമാർ.എൻ, സെക്രട്ടറി |
| 1-17 | 1733400 | ശ്രീ.രമേശൻ കെ പി ,ഹെൽത്ത് ഓഫീസർ |
| 1-18 | 443100 | ശ്രീ.രമേശൻ കെ പി ,ഹെൽത്ത് ഓഫീസർ |
| 1-19 | 143580 | ശ്രീ.രമേശൻ കെ പി ,ഹെൽത്ത് ഓഫീസർ |
| 1-22 | 610822 | ശ്രീ.രമേശൻ കെ പി ,ഹെൽത്ത് ഓഫീസർ |
| 1-23 | 992664 | ശ്രീ.രമേശൻ കെ പി ,ഹെൽത്ത് ഓഫീസർ |
| 1-24 | 172500 | ശ്രീ.രമേശൻ കെ പി ,ഹെൽത്ത് ഓഫീസർ |
| 1-33 | 726464 | ശ്രീ.സുരേഷ് കുമാർ.എൻ, സെക്രട്ടറി |
| 1-34 | 140609 | ശ്രീമതി.വിചിത്ര.എൻ.ഇ,പട്ടികജാതി വികസന ഓഫീസർ |
| 1-35 | 55457 | ശ്രീമതി.ദിൽന.ഡി.എസ്, സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് |
| 1-36 | 281650 | ശ്രീമതി.ദിൽന.ഡി.എസ്, സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് |
| 1-37 | 350590 | ഡോ.ആനി.ടി.എ ,ഹോമിയോ മെഡിക്കൽ ഓഫീസർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

2-1 ഗ്രന്ഥശാലാവരി -694

(ഡി)നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| സുരേഷ്കുമാർ.എൻ,<br>സെക്രട്ടറി | സെക്രട്ടറി,<br>കൊയിലാണ്ടി നഗരസഭ | നിരയിലാത്ത്,<br>തിനൂർ,<br>പി.ഒ.കക്കട്ട്,<br>ഫോൺ- 9074538131 |
| ശ്രീ.രമേശൻ.കെ.പി,<br>ഹെൽത്ത് ഓഫീസർ | ഹെൽത്ത് ഓഫീസർ,<br>കൊയിലാണ്ടി നഗരസഭ | കുനിയിൽ പറമ്പിൽ ഹൗസ്,<br>പി.ഒ-പേരാമ്പ്ര,<br>കോഴിക്കോട് |
| ശ്രീ.അരവിന്ദൻ.എൻ.ടി | മുനിസിപ്പൽ എഞ്ചിനീയർ,<br>കൊയിലാണ്ടി നഗരസഭ | ദേവരാഗം, പൈതോത്ത് റോഡ്,പേരാമ്പ്ര -673525 |
| ശ്രീമതി.വിചിത്ര.എൻ.ഇ | പട്ടികജാതി വികസന ഓഫീസർ,കൊയിലാണ്ടി നഗരസഭ | തണൽ,38/90 E,<br>വെസ്റ്റ്ഹിൽ.പി.ഒ, |

| | | |
|---|---|---|
| | | ചുങ്കം,കോഴിക്കോട്-5 |
| ഡോ.ആനി.ടി.എ | സൂപ്രണ്ട്, താലൂക്ക് ഹോമിയോ ഹോസ്പിറ്റൽ, കൊയിലാണ്ടി | മുരിങ്ങോഴിയിൽ, ആനപ്പാറ ജംഗ്ഷൻ, കുന്ദമംഗലം |
| ദിൽന.ഡി.എസ് | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | പാർവ്വണം, കിഴക്കയിൽ പഴങ്കാവ്, വടകര |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1971-72 | എൽ.എഫ്.കെ.കെ.ഡി.പി4/630 /87/20.5.1987 | 9 |
| 1972-73 | എൽ.എഫ്.കെ.കെ.ഡി.പി4/631/ 87/20.5.1987 | 7 |
| 1974-75, 75-76 | എൽ.എഫ്.കെ.കെ.ഡി.പി4/632/ 87/20.5.1987 | 7 |
| 1976-77 | എൽ.എഫ്.കെ.കെ.ഡി.പി4/633/ 87/20.5.1987 | 4 |
| 1977-78, 79-80 | എൽ.എഫ്.കെ.കെ.ഡി.പി4/635/ 87/20.5.1987 | 13 |
| 1980-81 | എൽ.എഫ്.കെ.കെ.ഡി.പി4/636/ | 24 |

| | | |
|---|---|---|
| | 87/20.5.1987 | |
| 1981-82 | എൽ.എഫ്.കെ.കെ.ഡി.പി4/638/ 87/ 20.5.1987 | 20 |
| 1982-83 | എൽ.എഫ്.കെ.കെ.ഡി.പി1/92/ 97/ 3.1.1997 | 5 |
| 1983-84 | എൽ.എഫ്.കെ.കെ.ഡി.പി1/304/ 97/ 23.12.1998 | 38 |
| 1984-85 | എൽ.എഫ്.കെ.കെ.ഡി.പി6/1451/ 89/ 1.6.1990 | 38 |
| 1985-86 | എൽ.എഫ്.കെ.കെ.ഡി.പി4/352/ 92/ 13.7.1993 | 19 |
| 1987-88 | എൽ.എഫ്.കെ.കെ.ഡി.പി4/351/ 92/13.7.1993 | 15 |
| 1988-89 | എൽ.എഫ്.കെ.കെ.ഡി.എസ്.2/2701/94/ 10.10.1994 | 17 |
| 1989-90 | എൽ.എഫ്.കെ.കെ.ഡി.എസ്.2/2704/94/ 10.10.1994 | 27 |
| 1990-91 | എൽ.എഫ്.കെ.കെ.ഡി.എസ്.2/341/95/ 6.1.1995 | 27 |
| 1991-92, 92-93 | എൽ.എഫ്.കെ.കെ.ഡി.എസ്.2/142/96/ 3.4.1996 | 41 |
| 1993-94, 94-95 | എൽ.എഫ്.കെ.കെ.ഡി.എം.1/2/98/ 7.6.1999 | 10 |
| 1995-96 | എൽ.എഫ്.കെ.കെ.ഡി.എം.1/360/00/ 16.6.2000 | 22 |
| 1996-97 | എൽ.എഫ്.കെ.കെ.ഡി.എം.1/152/97/ 7.8.1999 | 5 |
| 1997-98 | എൽ.എഫ്.കെ.കെ.ഡി.എം.1/806/00/ 9.3.2001 | 12 |
| 1998-99ഖണ്ഡിക | എൽ.എഫ്.കെ.കെ.ഡി.എം.1/806/00/ 9.3.2001 | 5 |
| 1999-2000 ചെലവ് | എൽ.എഫ്.കെ.കെ.ഡി.എം.1/808/00/ 9.3.2001 | 18 |
| 1999-00 ഡി.സി.ബി. | എൽ.എഫ്.കെ.കെ.ഡി.എം.1/940/01/ 13.11.2001 | 8 |
| 2000-01 | എൽ.എഫ്.കെ.കെ.ഡി.പി8/1513/13 തീ.26.8.2014 | 13 |
| 2000-01 (ചെലവ്) | എൽ.എഫ്.കെ.കെ.ഡി.പി8/1513/13 തീ.26.8.2014 | 12 |

| | | |
|---|---|---|
| 1997-98 മുതൽ 2001-02 വരെ കുടുംബശ്രീ. | എൽ.എഫ്.കെ.കെ.ഡി.എം.1/1441/05 13.4.2005 | 2 |
| 2001-02 | എൽ.എഫ്.കെ.കെ.ഡി.പി8/1682/12 തീ.24.5.2013 | 2 |
| 2001-02 | എൽ.എഫ്.കെ.കെ.ഡി.പി8/1682/12 തീ.24.5.2013 | 2 |
| 2002-03 | എൽ.എഫ്.കെ.കെ.ഡി.പി8/1513/ 13(2)തീ.26.8.2014 | 8 |
| 2003-04 | എൽ.എഫ്.കെ.കെ.ഡി.പി8/1513/ 13(3)തീ.26.8.2014 | 24 |
| 2004-05 | എൽ.എഫ്.കെ.കെ.ഡി.പി8/1513/ 13(4)തീ.26.8.2014 | 19 |
| 2005-06 | എൽ.എഫ്.കെ.കെ.ഡി.പി8/1513/ 13(5)തീ.26.8.2014 | 7 |
| 2006-07 | എൽ.എഫ്.കെ.കെ.ഡി.പി8/1513/ 13(6)തീ.26.8.2014 | 19 |
| 2007-08 | എൽ.എഫ്.കെ.കെ.ഡി.പി8/1513/ 13(7)തീ.26.8.2014 | 58 |
| 2008-09 | എൽ.എഫ്.കെ.കെ.ഡി.പി8/1513/ 13(8)തീ.26.8.2014 | 33 |
| 2010-11 | എൽ.എഫ്.കെ.കെ.ഡി.പി8/168/ 13(7)തീ.26.10.2013 | 47 |
| 2011-12 | എൽ.എഫ്.കെ.കെ.ഡി.പി8/1682/ 13(7)തീ.16.8.2014 | 37 |
| 2012-13 | എൽ.എഫ്.കെ.കെ.ഡി.പി8/1085/15 / 20.7.2015 | 34 |
| 2013-14 | കെ .എസ്. എ. കെ.കെ.ഡി. പി.8/ 949/ 2016 | 50 |
| 2014-15 | കെ എസ് എ കെകെഡി പി.8/949/2016 | 22 |
| 2015-16 | നം.കെ.എസ്.എ കെ.കെ.ഡി/പി8/118/17 | 42 |
| 2016-17 | നം.കെ.എസ്.എ കെ.കെ.ഡി/പി14/ 2080/17 തീ.04.06.2018 | 2-1, 2-2,2-3, 2-4,2-5, 2-6, 2-7,2-8, 2-9, 2-10,2-11, 2-12,3-1, 3-2, 3-3, 3-4, 3-5,3-6, 3-7, 3-8, 3-9, 3-10, 3-11, 3-12, 3-13, 3-14, 3-15, 3-16, 3-17, 3-18, 3-19, 3-20, 3-21, 3-22,3-23, 3-24, 3-25 |

| | | |
|---|---|---|
| 2017-18 | നം.കെ.എസ്.എ.കെ.കെ.ഡി/പി14/734/2019 തീ.16.05.2019 | 2-1, 2-2, 2-3, 2-4, 2-5, 2-6,2-7, 2-8, 2-9, 2-10, 2-11, 3-1, 3-2,3-3, 3-4, 3-5, 3-6, 3-7, 3-8, 3-9,3-10,3-11, 3-12, 3-13, 3-14 |
| 2018-19 | നം.കെ.എസ്.എ.കെ.കെ.ഡി/പി9/1322/2021 തീ.6.04.2022 | 1-1 മുതൽ 1-6 വരെ,1-7(1),(2),(3),(5),1-9,1-10,1-11, 1-12,1-13,1-17,1-18,1-22, 1-24,1-27,1-28,1-29,1-31, 1-33,1-36,1-37,1-38,1-39, 1-40,2-1,3-1,3-2,4-5,4-11 |
| 2019-20 | നം.കെ.എസ്.എ.കെ.കെ.ഡി/പി9/18/2021 തീ.27.05.2022 | 1-1-1,1-1-2,1-1-3,1-1-4, 1-1-5,1-3,1-4,1-4-1,1-5 (എ),(ബി),(സി),(ഡി), (ഇ),1-6,1-7,1-8,1-9,1-10, 1-11,1-12 മുതൽ 1-38 വരെ,2-1,2-2, 3-1, 3-2,4-11 |
| 2020-21 | നം.കെ.എസ്.എ.കെ.കെ.ഡി/പി9 /1517/2022 തീ.27.08.2022 | 1-1 മുതൽ 1-49 വരെ, 2-1,3-1,3-2,3-3,3-4,-5,4-11 |

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള മുനിസിപ്പൽ ആക്ടിന്റെ 295-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് നഗരപാലികാ സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി മുനിസിപ്പാലിറ്റിയുടെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി മുനിസിപ്പാലിറ്റിയുടെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്